ഹിന്ദുമതഗ്രന്ഥശാലാ ഗ്രന്ഥാവലി നമ്പർ 13.

ശ്രീകൃഷ്ണവിലാസംകാവ്യം.



തിരുവിതാംകൂർ ദേവസ്വം ബോർഡ്
പ്രസിദ്ധപ്പെടുത്തുന്നതു്.

294.5

[വില അണാ .

ശ്രീകൃഷ്ണവിലാസം കാവ്യം

(സവ്യാഖ്യാനം.)

(ഒന്നാം രണ്ടും മൂന്നാം സർഗ്ഗങ്ങളും)

1359

വ്യാഖ്യാതാ

പണ്ഡിതമഹോപാദ്ധ്യായശിരോമണി

കെ. ബാലരാമപ്പണിക്കർ, ബി. ഏ.

Head of the Vedantha Department, Sanskrit College.

Trivandrum.

pc Library & Research Center

പബ്ലിക്കേഷൻ കമ്മിറ്റി

1. പി. ബാലകൃഷ്ണപിള്ള, എം. ഏ.

2. ഡാക്ടർ. പി. കെ. നാരായണപിള്ള, എം. ഏ, പി.എച്ച്.ഡി.

3. പി. ശേഷാദ്രി അയ്യർ, ബി. ഏ., എം. എൽ.

4. കെ. ബാലരാമപ്പണിക്കർ, ബി. ഏ.

294.5

പ്രസ്താവന.

ശ്രീകൃഷ്ണവിലാസം, കാവ്യത്തിന്റെ ആദ്യത്തെ മൂന്നു സർഗ്ഗങ്ങൾക്കു് മലയാളത്തിലുള്ള ഒരു ലളിതവ്യാഖ്യാനമാണു് ഈ കൃതി. മതപാഠശാലകൾക്കായി നിർദ്ദേശിച്ചിട്ടുള്ള പാഠ്യഗ്രന്ഥങ്ങളിൽ ഇതു് ഉൾപ്പെടുന്നു. ഹിന്ദുമതഗ്രന്ഥങ്ങൾ സൂക്ഷ്മമായി ധരിക്കുവാൻ സംസ്കൃതഭാഷാവിജ്ഞാനം ആവശ്യമായതുകൊണ്ടു് മതപാഠശാലകളിൽ സംസ്കൃതംകൂടി പഠിപ്പിക്കണമെന്നു് നിർബ്ബന്ധമുണ്ടു്. അതിലേക്കുള്ള പ്രാഥമികഗ്രന്ഥമായ സംസ്കൃതപ്രവേശിക പ്രസിദ്ധംചെയ്തുകഴിഞ്ഞു. തുടർന്നുള്ള കാവ്യപാഠങ്ങളിൽ ശ്രീകൃഷ്ണവിലാസത്തിന്റെ ഈ മൂന്നുസർഗ്ഗങ്ങളും പഠിപ്പിക്കണമെന്നാണു് വ്യവസ്ഥ. ഭാഷാവ്യുത്പത്തിയോടുകൂടി ഭഗവത്കഥകളും ആസ്വദിക്കുവാനും ധർമ്മാധർമ്മവിവേകം സമ്പാദിക്കുവാനും ഈ സത്കാവ്യപഠനം സഹായകമായിരിക്കും. ശുഭപ്രതീക്ഷകളോടുകൂടി ഈ ഗ്രന്ഥം മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
24-4-1955.

എന്നു്,
പബ്ലിക്കേഷൻ കമ്മിറ്റി.

ശ്രീകൃഷ്ണവിലാസംകാവ്യം

ഒന്നാം സർഗ്ഗം

1. അസ്തി ശ്രിയഃ സദ്മ സുമേരുനാമാ
സമസ്തകല്യാണനിധിർഗിരീന്ദ്രഃ
തിഷ്ഠന്നിദം വിശ്വമനുപ്രവിശ്യ
സേവനാത്മനാ വിഷ്ണുരിവോജ്ജിതേന.

ശ്രിയഃ = സൗന്ദര്യത്തിനു്. സദ്മ = ഇരിപ്പിടമായി. സമസ്തകല്യാണനിധിഃ = എല്ലാ മംഗലവസ്തുക്കൾക്കും ആവാസമായി. ഊജ്ജിതേന = ബലവത്തായ. സേവന = സ്വന്തം. ആത്മനാ = ശരീരംകൊണ്ടു്. ഇദം = ഈ. വിശ്വം = ലോകം മുഴുവൻ. അനുപ്രവിശ്യ = വ്യാപിച്ചു്. വിഷ്ണുഃ ഇവ = വിഷ്ണുവിനെപ്പോലെ. തിഷ്ഠൻ = സ്ഥിതിചെയ്യുന്ന. സുമേരുനാമാ = സുമേരു എന്ന പേരിൽ പ്രസിദ്ധനായ. ഗിരീന്ദ്രഃ = ഒരു പർവ്വതശ്രേഷ്ഠൻ. അസ്തി = ഉണ്ടു്.

സാരം:— സുമേരു എന്ന പേരിൽ പ്രസിദ്ധനായ ഒരു പർവ്വതം ഉണ്ടു്. (മേരു, ഹേമാദ്രി, രത്നസാനു, സുരാലയം, മഹാമേരു എന്നീ പേരുകളിലും ഇതു് അറിയപ്പെടുന്നു.) ഈ പർവ്വതം പർവ്വതങ്ങളുടെ കൂട്ടത്തിൽ പ്രമുഖ

നാണ്. സകല സമ്പത്തുകൾക്കും സൗന്ദര്യത്തിനും ഇത് ആവാസരങ്ഗമാണ്. എല്ലാ മങ്ഗല വസ്തുക്കൾക്കും ഇത് ഇരിപ്പിടമായി പ്രശോഭിക്കുന്നു. ബലമേറിയ സ്വന്തം ശരീരംകൊണ്ട് ലോകത്തിൽ എങ്ങും വ്യാപിച്ചു നിലനില്ക്കുന്ന ഈ പർവ്വതത്തിനു് ഈ അംശത്തിൽ സർവ്വവ്യാപിയായ വിഷ്ണുഭഗവാനോട് തുല്യതയുണ്ട്.

2. മിഥസ്തിരോഭാവവിലോകനാഭ്യാം
സംക്രീഡമാനാവിവ ബാലകൗ ദ്വൗ
പാശ്ചാത്യ, യസ്യാശ്ച പരിഭ്രമന്തൗ
ചന്ദ്രാംശുമന്തൗ നയതോ ദിനാനി.

ചന്ദ്രാംശുമന്തൗ = ചന്ദ്രസൂര്യന്മാർ. മിഥഃ = അന്യോന്യം. തിരോഭാവവിലോകനാഭ്യാം = അന്തർധാനം ദർശനം എന്നിവ കൊണ്ട്. സംക്രീഡമാനൗ = കളിച്ചുകൊണ്ടിരിക്കുന്ന. ദ്വൗ = രണ്ട്. ബാലകൗ ഇവ = കുട്ടികളെപ്പോലെ. യസ്യ = യാതൊരുമഹാമേരുവിന്റെ. പാശ്ചാത്യ = പ്രാന്ത പ്രദേശങ്ങളിൽ. അപി = പെട്ടെന്നു. പരിഭ്രമന്തൗ = ചുറ്റിസ്സഞ്ചരിക്കുന്നവരായി. ദിനാനി = ദിവസങ്ങളെ. നയതഃ = കഴിച്ചുകൂട്ടുന്നു.

സാരം:—ഈ മഹാമേരുപർവ്വതത്തിന്റെ നാലുപാടുമുള്ള പ്രദേശങ്ങളിൽ ചുറ്റിസ്സഞ്ചരിച്ചാണു ചന്ദ്രസൂര്യ

ന്മാർ ദിനരാത്രങ്ങളെ നയിക്കുന്നത്. ഈ വ്യാപാരത്തിൽപ്പെട്ടിരിക്കുന്ന അവർ മഹാമേരുവിനെ ചുറ്റും സഞ്ചരിച്ച് ഒളിച്ചും പ്രത്യക്ഷപ്പെട്ടും കളിക്കുന്ന (ഒളിച്ചുകളിക്കുന്ന) രണ്ടു കുട്ടികളെപ്പോലെ ശോഭിക്കുന്നു.

3. ഉച്ചൈസ്തിഖഃ കാഞ്ചനഗൗരവർണ്ണ-
സ്ത്വമോ നിഗ്രഹ്ണൻ മഹസാ നിജേന,
ദീപസ്ത്രയാണാമിവ വിഷ്ടപാനാം
യോ ഭാതി പര്യന്തചരത്പതങ്ഗഃ.

ഉച്ചൈസ്തിഖഃ = ഉയരമുള്ള ശിഖരങ്ങളോടുകൂടിയവനും (ഉയരം വ്യാപിക്കുന്ന ജ്വാലകളോടുകൂടിയവനും). കാഞ്ചനഗൗരവർണ്ണഃ = സ്വർണ്ണംകൊണ്ടു പീതനിറത്തോടുകൂടിയവനും (സ്വർണ്ണംപോലെ മഞ്ഞ നിറത്തോടുകൂടിയവനും). നിജേന = സ്വന്തമായ. മഹസാ = തേജസ്സുകൊണ്ട്. തമഃ = ഇരുട്ടിനെ. നിഗ്രഹ്ണൻ = ഇല്ലാതാക്കുന്നവനും. പര്യന്തചരത്പതങ്ഗഃ = സമീപത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സൂര്യനോടു കൂടിയവനുമായ (അടുത്തു ചുറ്റും പറന്നുകൊണ്ടിരിക്കുന്ന ഈയ്യാം പാറ്റകളോടു കൂടിയവനുമായ). യഃ = യാതൊരു മഹാമേരു പർവ്വതം. ത്രയാണാം = മൂന്ന്. വിഷ്ടപാനാം = ലോകങ്ങൾക്ക്. ദീപഃ ഇവ = വിളക്കെന്നപോലെ. ഭാതി = ശോഭിക്കുന്നു.

സാരം:— ഉന്നതങ്ങളായ ശിഖരങ്ങളോടുകൂടിയവനും സുവർണ്ണംകൊണ്ടു് മഞ്ഞനിറം കലർന്നവനും സ്വന്ത തേജസ്സുകൊണ്ടു് അന്ധകാരത്തെ നശിപ്പിക്കുന്നവനും ചുറ്റുപാടും സഞ്ചരിക്കുന്ന സൂര്യനോടുകൂടിയവനുമായ മഹാമേരുപർവ്വതം മൂന്നു ലോകങ്ങൾക്കു വേണ്ടിയും കൊളുത്തിവച്ചതും ഉയർന്ന ജ്വാലകളോടുകൂടിയതും സുവർണ്ണംപോലെ മഞ്ഞനിറം കലർന്നതും തന്നിൽ നിന്നു വഴിയുന്ന പ്രകാശധോരണികൊണ്ടു് ഇരുട്ടിനെ നശിപ്പിക്കുന്നതും ചുറ്റും സഞ്ചരിക്കുന്ന ഇരുപതുപാറകളോടുകൂടിയതുമായ ഒരു വിളക്കെന്നപോലെ ശോഭിക്കുന്നു.

4. യസ്യാഃ പതിത്വേ വിഹിതാഭിലാഷഃ
കരോതി തീവ്രാണി തപാംസി ലോകഃ
ഖിദ്യത്തി രത്നാകരമേഖലാം താ-
മങ്കേന പുത്രീമിവ യോ ധരിത്രീം.

ലോകഃ = ജനങ്ങളും. യസ്യാഃ = യാതൊരു ഭൂമിയുടെ. പതിത്വേ = ആധിപത്യത്തിൽ. വിഹിതാഭിലാഷഃ = ആഗ്രഹമുള്ളവരായിട്ടു്. തീവ്രാണി = കഠിനങ്ങളായ. തപാംസി = തപസ്സുകളെ. കരോതി = അനുഷ്ഠിക്കുന്നുവോ. രത്നാകരമേഖലാം = സമുദ്രമാകുന്ന അരഞ്ഞാണോടുകൂടിയ. താം = അ. ധരിത്രീം = ഭൂമിയെ. പുത്രീം ഇവ = സ്വന്തം മകളെപ്പോലെ. യഃ = യാതൊരുശൈലേന്ദ്രൻ. അങ്കേന = ഉത്സംഗം കൊണ്ടു്. ഖിദ്യതി = വഹിക്കുന്നു.

സാരം:— ലോകർ ഏതൊന്നിന്റെ ആധിപത്യത്തിനുവേണ്ടി ഉഗ്രതപസ്സുകൾ ചെയ്യുന്നുവോ ആ സമുദ്രമേഖലയായ ഭൂമിയെ മഹാമേരുപർവ്വതം സ്വന്തം പുത്രിയെപോലെ ഉത്സംഗത്തിൽ വഹിക്കുകയാണു്. ഈ ഭൂമി മുഴുവൻ മഹാമേരുപർവ്വതത്തിന്റെ സാനുപ്രദേശം മാത്രമാണെന്നു സാരം.

5. മഹാന്തി ദാനാനി മഖാനുദഗ്രാൻ
പരാഞ്ചി പാനാശനയോസ്തപാംസി
ശരീരിണഃ ശാന്തമലൈർമനോഭിഃ
കരോതി യച്ഛൃംഗനിവാസകാമാഃ

യച്ഛൃംഗനിവാസകാമാഃ = യാതൊരു മഹാമേരുപർവ്വതത്തിന്റെ കൊടുമുടികളിൽ താമസിക്കാൻ ആഗ്രഹിക്കുന്നവരായ. ശരീരിണഃ = ജീവികൾ. ശാന്തമലൈഃ = ദുരിതമറ്റ. മനോഭിഃ = മനസ്സുകളോട്ടു കൂടിയവരായിട്ടു്. മഹാന്തി = മഹത്തുക്കളായ. ദാനാനി = ദാനങ്ങളെയും. ഉദഗ്രാൻ = ഉത്കൃഷ്ടങ്ങളായ. മഖാൻ = യാഗങ്ങളെയും. പാനാശനയോഃ = പാനീയത്തിലും ഭക്ഷണത്തിലും. പരാഞ്ചി = വിമുഖങ്ങളായ. തപാംസി = തപസ്സുകളെയും. കരോതി = ചെയ്യുന്നു.

സാരം:— മഹാമേരുപർവ്വതത്തിന്റെ ശൃംഗങ്ങളിൽ വസിക്കുവാൻ കൊതിപൂണ്ട ദേഹികൾ ആ അവ

കാരം ലഭിക്കുന്നതിനായി മനസ്സിനു നൈർമല്യം നേടിയിട്ട് വലിയ ദാനങ്ങളും ഉത്കൃഷ്ടങ്ങളായ യാഗങ്ങളും ചാനാശനങ്ങളുംക്രൂരത കൊടുംതപസ്സുകളും ചെയ്തപോരുന്നു. മഹാമേരുവിന്റെ ശൃങ്ഗങ്ങളാണ് ഉൽകൃഷ്ടങ്ങളായ സപ്തലോകങ്ങളെന്നു സാരം.

6. സുരാ യുഗാന്തേഷു സഹ പ്രിയാഭിർ-
നിഷേദിവാംസോ യദധിത്യകാസു
ഉദന്വതാമൈക്യമുപാഗതാനാം
പശ്യന്തി കല്ലോലശതപ്രചാരാൻ.

സുരാഃ = ദേവന്മാർ. യുഗാന്തേഷു = പ്രളയകാലങ്ങളിൽ. പ്രിയാഭിഃ സഹ = പ്രേയസികളോടൊന്നിച്ച്. യദധിത്യകാസു = യാതൊരു മഹാമേരുവിന്റെ മുകൾപ്പരപ്പുകളിൽ. നിഷേദിവാംസഃ = ഇരുന്നുകൊണ്ട്. ഐക്യം ഉപാഗതാനാം = ഒന്നായിത്തീർന്ന. ഉദന്വതാം = സമുദ്രങ്ങളുടെ. കല്ലോലശതപ്രചാരാൻ = തിരമാലകളുടെ ചലനങ്ങളെ. പശ്യന്തി = നോക്കുന്നു.

സാരം:— പ്രളയകാലങ്ങളിൽ ദേവന്മാർ പ്രിയജനങ്ങളോടൊത്തു് മഹാമേരുപർവ്വതത്തിന്റെ മുകൾപ്പരപ്പിൽ ഇരുന്നുകൊണ്ടാണ് ഒന്നായിചേർന്ന സമുദ്രങ്ങളിലെ തിരമാലകളുടെ ചലനങ്ങളെ വീക്ഷിക്കുന്നതു്.

അത്യന്നതങ്ങളായ മഹാമേരുശൃങ്ഗങ്ങൾക്ക് പ്രളയകാലത്തും നാശം ഏറ്റെറ്റുന്നില്ല എന്നു സാരം.

7. പുഷ്പാണി ശയ്യാസ്സുരപാദപാനാം
ക്രീഡാഗൃഹാഃ കാഞ്ചനഗഹ്വരാണി
ഭവന്തി ച സ്വർഗ്ഗവിലാസിനീനാം
രത്നാങ്കുരാ യത്ര രതിപ്രദീപാഃ.

യത്ര = യാതൊരു സുമേരുപർവ്വതത്തിൽ. സ്വർഗ്ഗവിലാസിനീനാം = സ്വർല്ലോകസുന്ദരിമാർക്ക്. സുരപാദപാനാം = കല്പവൃക്ഷങ്ങളുടെ. പുഷ്പാണി = പൂക്കൾ. ശയ്യാഃ = കിടക്കകളായും. കാഞ്ചനഗഹ്വരാണി = സ്വർണ്ണമയങ്ങളായ ഗുഹകൾ. ക്രീഡാഗൃഹാഃ = ക്രീഡാഭവനങ്ങളായും. രത്നാങ്കുരാഃ = രത്നപ്പൊടിപ്പുകൾ. രതിപ്രദീപാഃ ച = ക്രീഡാസമയത്തുള്ള വിളക്കുകളായും. ഭവന്തി = തീരുന്നു.

സാരം:— മഹാമേരുപർവ്വതത്തിൽ വസിക്കുന്ന സ്വർഗ്ഗസുന്ദരിമാർക്ക് അവിടെയുള്ള കല്പവൃക്ഷങ്ങളുടെ പൂക്കൾ കിടക്കകളായും സ്വർണ്ണമയങ്ങളായ ഗുഹാപ്രദേശങ്ങൾ ക്രീഡാഭവനങ്ങളായും രത്നങ്ങളുടെ അങ്കുരങ്ങൾ സംഭോഗകാലത്ത് ഉപയോഗിക്കപ്പെടുന്ന വിളക്കുകളായും തീരുന്നു. സ്വർഗ്ഗസുന്ദരിമാർക്ക് വിഹാരരംഗങ്ങളാക്കത്തക്കവണ്ണമുള്ള വിഭവസമൃദ്ധിയും സൗന്ദര്യോത്തികവും മഹാമേരുപർവ്വതത്തിനുണ്ട് എന്നു സാരം.

8. സ്വർഗ്ഗൗകസസ്സുവർണ്ണമഹീഷു പീതാ-
ശ്ശ്വേതതവിഷോ രൂപ്യമയീഷു ഭൂഷു
നീലാശ്ച നീലോപലമേദിനീഷു
ജ്ഞാതും മിഥോ യത്ര ന ശക്നുവന്തി.

യത്ര = യാതൊരു മേരുപർവ്വതത്തിൽ. സ്വർഗ്ഗൗകസഃ = ദേവന്മാർ. സുവർണ്ണമഹീഷു = കനകഭൂമികളിൽ. പീതാഃ = മഞ്ഞനിറമുള്ളവരായും. രൂപ്യമയീഷു = വെള്ളിയായിട്ടുള്ള. ഭൂഷു = സ്ഥലങ്ങളിൽ. ശ്വേതതവിഷഃ = ധവളവർണ്ണമുള്ളവരായും. നീലോപലമേദിനീഷു = ഇന്ദ്രനീലസ്ഥലികളിൽ നീലാഃ = കറുപ്പുനിറമുള്ളവരായും തീരുന്നതുകൊണ്ട്. മിഥഃ = അന്യോന്യം. ജ്ഞാതും = തിരിച്ചറിയുന്നതിന്. ന ശക്നുവന്തി = ശക്തന്മാരായി ഭവിക്കുന്നില്ല.

സാരം:—മഹാമേരുപർവ്വതത്തിൽ സുവർണ്ണഭൂമികളും രൂപ്യഭൂമികളും നീലോപലഭൂമികളും ഉണ്ട്. സുവർണ്ണഭൂമികളിൽ വസിക്കുമ്പോൾ സുവർണ്ണനിറവും രൂപ്യഭൂമിയിൽ വസിക്കുമ്പോൾ വെളുത്തനിറവും നീലോപലഭൂമികളിൽ വസിക്കുമ്പോൾ കറുത്തനിറവും സംഭവിയ്ക്കയാൽ ദേവന്മാർക്ക് അന്യോന്യം തിരിച്ചറിയുവാൻ കഴിയുന്നില്ല.

9. ദരീഗൃഹോത്സങ്ഗതേരനൂരോഃ
കശാഭിഘാതധ്വനിഭിസ്സകമ്പാഃ
സദ്യഃപ്രിയാനുജ്ഝിതമാനദോഷാ-
സ്സുരാങ്ഗനാ യത്ര പരിഷ്വജന്തേ.

യത്ര = യാതൊരു മേരുമലയിൽ. സുരാങ്ഗനാഃ = ദേവസ്ത്രീകൾ. ദരീഗൃഹോത്സങ്ഗതേഗഃ = ഗുഹാസങ്കേതത്തിന്റെ സമീപത്തിൽക്കൂടി പോകുന്ന. അനൂരോഃ = അനൂരുവിന്റെ. കശാഭിഘാതധ്വനിഭിഃ = ചമ്മട്ടിപ്രഹരശബ്ദംകൊണ്ട്, സകമ്പാഃ = ഭയന്നു വിറച്ചുവരായി. സദ്യഃ = പെട്ടെന്ന്. ഉജ്ഝിതമാനദോഷാഃ = പ്രണയകലഹത്തെ ഉപേക്ഷിച്ചുവരായിട്ട. പ്രിയാൻ = വല്ലഭന്മാരെ. പരിഷ്വജന്തേ = ആലിങ്ഗനം ചെയ്യുന്നു.

സാരം:— മഹാമേരുപർവ്വതത്തിന്റെ ഗുഹാഗൃഹങ്ങളിൽ വസിക്കുന്ന ദേവാങ്ഗനകൾ ആ ഗുഹാപ്രദേശത്തിനടുത്തുകൂടി പോകുന്ന സൂര്യസാരഥിയായ അനൂരുവിന്റെ ചമ്മട്ടിപ്രയോഗം കൊണ്ടുണ്ടാകുന്ന ശബ്ദം കേട്ട് പേടിച്ചുവിറച്ച് പെട്ടെന്നു പ്രണയകലഹം ഉപേക്ഷിച്ച് സ്വവല്ലഭന്മാരെ ആലിങ്ഗനം ചെയ്യുപോകുന്നുണ്ട്.

10. നേതും ത്രപാനമ്രമുഖീരനീശാഃ
സ്ഥാനി യത്സപർണ്ണഗുഹാന്തരാണി
സിദ്ധാഃ പ്രയത്നേന വിനാ നവോഢാഃ
നയന്തി നീലോപലഗർഹ്യരാണി.

ത്രപാനമുഖീഃ = ലജ്ജകൊണ്ടു കുനിഞ്ഞ മുഖത്തോടുകൂടിയവരായ. നവോഢാഃ = പുതുതായി വിവാഹം കഴിഞ്ഞ സ്ത്രീകളെ. സ്ഫുടാനി = പ്രകാശമുള്ള. യത്സപർണ്ണഗ്രഹാന്തരാണി = മഹാമേരുവിന്റെ സപർണ്ണമയങ്ങളായ ഗ്രഹകളുടെ ഉള്ളിലേക്ക്. നേതും = കൊണ്ടുപോകുവാൻ. അനീശാഃ = അസമർത്ഥന്മാരായ. സിദ്ധാഃ = സിദ്ധന്മാർ. പ്രയത്നേന വിനാ = യാതൊരു പ്രയാസവും കൂടാതെ. നീലോപലഗൃഹാന്തരാണി = ഇന്ദ്രനീലഗൃഹകളിലേക്കു. നയന്തി = കൂട്ടിക്കൊണ്ടുപോകുന്നു.

സാരം:— സിദ്ധന്മാർ എന്നറിയപ്പെട്ടുന്ന ഒരു കൂട്ടം ദേവന്മാരും മഹാമേരുവിന്റെ ശിഖരങ്ങളിൽ പാർക്കുന്നുണ്ടു്. അവരും പ്രിയജനങ്ങളുമായി അവിടെ വിഹരിച്ചുകഴിയുന്നു. വെളിച്ചംവീശുന്ന സ്വർണ്ണഗൃഹകളുടെ ഉള്ളിലേക്കു് നവോഢകളെ നയിക്കുവാൻ പ്രയാസപ്പെടുന്ന അവർക്കു് നീലോപലഗൃഹകളിൽ അക്കാര്യം സുകരമായിത്തീരുന്നുണ്ടു്.

11. യത്രോദ്യതാനാം കുസുമാപചായേ
കാന്താസു കല്പദ്രുമവാടികാസു
വിഭാന്തി സൂത്രാമയിലാസിനീനാം
പദാനി ലാക്ഷാരസപാടലാനി.

യത്ര = യാതൊരു മേരുപർവ്വതത്തിൽ. കാന്താസു = മനോഹരങ്ങളായ. കല്പദ്രുമവാടികാസു = കല്പവൃക്ഷപൂന്തോട്ടങ്ങളിൽ.

കുസുമാപചായേ = പൂവിറുക്കാൻ. ഉദ്യാനം = തോട്ടം. സുരാമവിലാസിനീനാം = സ്വർല്ലോകസുന്ദരികളുടെ. ലാക്ഷാരസപാടലാനി = ചെമ്പഞ്ഞിച്ചാറുകൊണ്ടു പാടല വർണ്ണങ്ങളായിട്ടുള്ള. പദാനി = കാലടികൾ. വിഭാന്തി = വിശേഷമായി ശോഭിക്കുന്നു.

സാരം:— മഹാമേരുപർവ്വതത്തിൽ മനോഹരങ്ങളായ കല്പവൃക്ഷങ്ങളും നിറഞ്ഞ പൂന്തോട്ടങ്ങളും ഉണ്ടു്. അവിടെ പൂവിറുത്തുവിഹരിക്കുന്ന സ്വർല്ലോകസുന്ദരിമാരുടെ ചെമ്പഞ്ഞിച്ചാറുകൊണ്ടു ചുവന്ന കാലടികളും സവിശേഷം ശോഭിക്കുന്നു.

12. പയോദമാർഗ്ഗവ്യതിലംഘിനീഷു
ഹംസാശ്ചിരംപുഷ്കരിണീഷു യസ്യ
വർഷാഗമേഽപ്യുത്തമേഘനാദാ
ന കുർവ്വതേ മാനസദീർഘയാത്രാം.

പയോദമാർഗ്ഗവ്യതിലംഘിനീഷു = മേഘമാർഗ്ഗത്തെ അതിലംഘിക്കുന്ന. യസ്യ = യാതൊരു മേരുവിന്റെ. ചിരം പുഷ്കരിണീഷു = അഗ്രഭാഗത്തുള്ള താമരപ്പൊയ്കകളിലെ ഹംസാഃ = അരയന്നങ്ങൾ. വർഷാഗമേ അപി = വർഷാരംഭത്തിലും. അശ്രുതമേഘനാദാഃ = മേഘനാദം കേൾക്കാത്തവരായിട്ടു്. മാനസദീർഘയാത്രാം = മാനസസരസ്സിലേക്കുള്ള ദീർഘയാത്രയെ. ന കുർവ്വതേ = ചെയ്യുന്നില്ല.

സാരം:— അവിടവിടെ താമരപ്പൊയ്കകളിൽ ജീവിക്കുന്ന അരയന്നങ്ങൾ വർഷകാലാരംഭത്തിൽ വർഷകാലോചിതവങ്കൽ തീണ്ടാത്ത മാനസസരസ്സിലേക്കു പൊയ്പ്പോകുമെന്നാണു് പ്രസിദ്ധി. എന്നാൽ മഹാമേരുപർവ്വതത്തിന്റെ മേഘമണ്ഡലവും കടന്നു നില്ക്കുന്ന ശിഖരങ്ങളിലുള്ള താമരപ്പൊയ്കകളിൽ വസിക്കുന്ന അരയന്നങ്ങളാകട്ടെ വർഷകാലാരംഭത്തിൽപ്പോലും മേഘഗർജ്ജനം കേൾക്കാൻ കഴിവില്ലാത്തവരായിട്ടു് മാനസസരസ്സിലേക്കുള്ള ദിഗ്വിസഞ്ചാരം ചെയ്യാറില്ല. (മഹാമേരുവിന്റെ ശിഖരങ്ങൾ ഔന്നത്യംകൊണ്ടു് മേഘമാർഗ്ഗങ്ങളേയും അതിക്രമിച്ചുനില്ക്കുന്നു എന്നു സാരം.)

13. ക്ഷന്നേഷു യസ്മിൻ കനകോജ്ജ്വലാഭി-
രാമൂലചൂഡം നവമഞ്ജരീഭിഃ
ഗന്ധേന വിജ്ഞായ പതന്തി ഭൃംഗാഃ
ശൃങ്ഗാന്തരാരഗ്രധപാദപേഷു.

യസ്മിൻ = യാതൊരു മഹാമേരു പർവ്വതത്തിൽ. കനകോജ്ജ്വലാഭിഃ = സ്വർണ്ണംപോലെ പ്രകാശിക്കുന്ന. നവമഞ്ജരീഭിഃ = പുതിയ പൂങ്കുലകൊണ്ടു്. ആമൂലചൂഡം = അടിമുതൽ മുടിവരെ. ക്ഷന്നേഷു = മറയ്ക്കപ്പെട്ട. ശൃങ്ഗാന്തരാരഗ്രധപാദപേഷു = ശിഖരങ്ങളുടെ ഇടയിലുള്ള കൊന്നമരങ്ങളിൽ. ഭൃംഗാഃ = വണ്ടുകൾ. ഗന്ധേന = മണംകൊണ്ടു്. വിജ്ഞായ = തിരിച്ചറിഞ്ഞു്. പതന്തി = ചെന്നെത്തുന്നു.

സാരം:— മഹാമേരുപർവ്വതത്തിന്റെ ശിഖരങ്ങളിൽ അടിമുതൽ മുടിവരെ സ്വർണ്ണനിറംകലർന്ന ശോഭിക്കുന്ന പൂത്തുപുഷ്പങ്ങളാൽ കൊന്നമരങ്ങൾ നിലകൊള്ളുന്നുണ്ട്. തേൻ കുടിക്കാനെത്തുന്ന വണ്ടുകൾ മണമറിഞ്ഞു മാത്രമാണ് അവയിൽ ചെന്നുചേരുന്നത്. പൂത്തുനിലകൊള്ളുന്ന കൊന്ന മരങ്ങളും സ്വർണ്ണമയങ്ങളായ മേരുശൃങ്ഗങ്ങളും നിറം കൊണ്ട് അഭിന്നങ്ങളാണെന്നു സാരം.

14. മന്ദാകിനീ യച്ഛിഖരേ വഹന്തീ
കല്യൈപഥാഭ്യന്തരസംപ്രവിഷ്ടാ
ബാലേവ തദ്രക്ഷണസംപ്രവൃത്താ
ദിനേ ദിനേ സിഞ്ചതി പുഷ്പവാടീം.

യച്ഛിഖരേ = യാതൊരു മഹാമേരുവിന്റെ കൊടുമുടിയിൽ ക്രൂടി. വഹന്തീ = ഒഴുകുന്ന. മന്ദാകിനീ = ഗംഗാനദി. കല്യൈപഥാഭ്യന്തരസംപ്രവിഷ്ടാ = കൈത്തോട്ടവഴി അകത്തു പ്രവേശിച്ച്. പുഷ്പവാടീം = പൂന്തോട്ടത്തെ. തദ്രക്ഷണ–സംപ്രവൃത്താ = ആ തോട്ടത്തിന്റെ പരിപാലനത്തിൽപ്രവർത്തിച്ചു കൊണ്ടിരിക്കുന്ന. ബാലാ ഇവ = ഒരു ബാലികയെന്നപോലെ. ദിനേ ദിനേ = ദിവസം തോറും സിഞ്ചതി = നനയ്ക്കുന്നു.

സാരം:— മഹാമേരുപർവ്വതത്തിന്റെ കൊടുമുടികളിൽക്കൂടി ഒഴുകുന്ന ഗംഗാനദി കൈത്തോട്ടകൾ വഴ

ഉള്ളിൽ കടന്നു് അവിടെയുള്ള പൂന്തോട്ടങ്ങളെ അവയുടെ രക്ഷണകൃത്യം നിർവ്വഹിച്ചുപോരുന്ന ഒരു കന്യകയെപോലെ ദിവസം തോറും നനയ്ക്കാറുണ്ടു്.

15. ശ്രിയാഭിരാമശ്ശരണം സുരാണാ-
മലംഘനീയോ മഹതാ മഹിമ്നാ
വിരാജമാനോ വനമാലയാ ച
യശ്ശാർങ്ഗധന്വാനമനുപ്രയാതി.

ശ്രിയാ = സൗന്ദര്യം കൊണ്ടു് (ലക്ഷ്മീദേവിയോടുകൂടി). അഭിരാമഃ = മനോഹരനും (രമിക്കുന്നവനും). സുരാണാം = ദേവന്മാർക്കു്. ശരണം = ആലംബവും. മഹതാ = അത്യന്തം. മഹിമ്നാ = മഹത്തം കൊണ്ടു്. അലങ്ഘനീയഃ = അതിക്രമിക്കപ്പെടുവാൻ കഴിയാത്തവനും. വനമാലയാ = വനസമൂഹംകൊണ്ടു് (വനമാലകൊണ്ടു്). വിരാജമാനഃ ച = ശോഭിക്കുന്നവനുമായ, യഃ = യാതൊരു. മഹാമേരുപർവ്വതം. ശാർങ്ഗധന്വാനം = മഹാവിഷ്ണുവിനെ. അനുപ്രയാതി = അനുകരിയ്ക്കുന്നു.

സാരം:— ശ്രീകൊണ്ടു് അഭിരാമനായി ദേവന്മാർക്കു് ആശ്രയമായി അതിമഹത്തംകൊണ്ടു് അലംഘനീയനായി വനമാലകൊണ്ടു് മനോഹരനായി ശോഭിക്കുന്ന മഹാമേരുപർവ്വതം എല്ലാപ്രകാരത്തിലും വിഷ്ണുവിനെ അനുകരിക്കുന്നു.

16. പുരാ പുരാണാം ത്രിതയം ദിധക്ഷോ-
രുമാപതേഃ കാർമുകതാം പ്രപന്നഃ
മധ്യേന വജ്രാങ്കുശമത്സ്യചിഹ്നം
യോഽദ്യാപി തന്മുഷ്ടിപദം ദധാതി.

പുരാ = പണ്ട്. പുരാണാം ത്രിതയം = ത്രിപുരങ്ങളെ (മൂന്നു രാജധാനികളെ). ദിധക്ഷോഃ = മഹിപ്പിക്കാനായി ഹിച്ചു. ഉമാപതേഃ = പരമശിവന്റെ. കാർമുകതാം പ്രപന്നഃ = വില്ലായിത്തീർന്ന. യഃ = യാതൊരു മഹാമേരു പർവ്വതം. മധ്യേന = മധ്യഭാഗംകൊണ്ട്. വജ്രാങ്കുശ-മത്സ്യചിഹ്നം = വജ്രരേഖ, അങ്കുശരേഖ, മത്സ്യരേഖ എന്നീ അടയാളങ്ങളോടു കൂടിയ. തന്മുഷ്ടിപദം = ആ പരമശിവന്റെ മുഷ്ടിസ്ഥാനത്തെ. അദ്യാപി = ഇന്നും. ദധാതി = ധരിക്കുന്നുണ്ട്.

സാരം:— മഹാമേരുപർവ്വതം പണ്ട് പുരത്രയത്തെ മഹിപ്പിക്കുവാൻ ആഗ്രഹിച്ച പരമശിവനും വില്ലായിത്തീർന്നിട്ടുണ്ട്. ഈ പർവ്വതത്തിന്റെ മദ്ധ്യഭാഗത്തു പരമശിവന്റെ വജ്രം അങ്കുശം മത്സ്യം ഇവയുടെ അടയാളമുള്ള മുഷ്ടിയുടെ പാട് ഇപ്പോഴും ഉണ്ട്.

17. ശൃങ്ഗാഗ്രഭാജാം സുരസുന്ദരീണാം
മുഖാനി പശ്യന്നമലാനി ചന്ദ്രഃ
നിഗ്രഹിതും ഭൃശമുത്സുകഃ കളങ്കം
ഹ്രിയേവ യത്സാനുഷു ലീനോ യാതി.

തുങ്ഗായഭോരാം = കൊട്ടമുടിയുടെ മുകളിൽ സ്ഥിതിചെയ്യുന്ന. സുരസുന്ദരീണാം = സ്വർല്ലോകനതാങ്ഗികളുടെ. അമലാനി= നിർമ്മലങ്ങളായ. മുഖാനി = വദനങ്ങളേ. പശ്യൻ=കാണുന്ന. ചന്ദ്രഃ = ചന്ദ്രൻ. ഹ്രിയാ ഇവ = ലജ്ജകൊണ്ടോ എന്ന തോന്നുമാറ്. ഉരഃകളങ്കം = മാറിടത്തിലെ ലാഞ്ഛനത്തെ. നിഗൂഹിതും = മറയ്ക്കുന്നതിനായിട്ട്. ഋനം = തന്നെ. യത്സാനുപ്രഥന = യാതൊരു മഹാമേരുപർവ്വതത്തിന്റെതാഴ് വരയിൽ ക്രുടി. യാതി = പോകുന്നു.

സാരം:— മഹാമേരുപർവ്വതത്തിന്റെ സാനുപ്രദേശങ്ങളിലൂടെയാണു ചന്ദ്രൻ സഞ്ചരിക്കുന്നതു്. മേരുശിഖരങ്ങളുടെ അഗ്രഭാഗങ്ങളിൽ പാർക്കുന്ന സുരസുന്ദരിമാരുടെ നിർമ്മലങ്ങളായ മുഖങ്ങളെ കണ്ടിട്ടു് ലജ്ജിതനായിത്തീർന്ന ചന്ദ്രൻ സ്വന്തം മാറിടത്തിലുള്ള കറുത്ത അടയാളം മറയ്ക്കാനായിട്ടായിരിക്കാം അങ്ങനെ കളിച്ചുസഞ്ചരിക്കുന്നതെന്നു് കവി ഉത്പ്രേക്ഷിക്കുന്നു.

18. മനോഹിരാമേ ശിഖരേ തഭീയേ
സഹോപവിഷ്ടം സുരസിദ്ധസങ്ഘൈഃ
അവോചദാഗത്യ കൃതപ്രണാമാ
കദാചിദുർവ്വീ കമലാധിവാസം.

മനോഹിരാമേ = മനോഹരമായ. തഭീയേ=മഹാമേരുവിന്റെ. ശിഖരേ = കൊട്ടമുടിയിൽ. സുരസിദ്ധസങ്ഘൈഃ സഹ = ദേവന്മാരുടേയും ഉപദേവന്മാരുടേയും സമൂഹത്തോടൊന്നിച്ചു്

ഉപവിഷ്ടം = ഇരുന്നരുളുന്ന. കമലാധിവാസം = ബ്രഹ്മാവി
നോട്ട്. ഉർവ്വീ = ഭൂമിദേവി. കദാചിത് = ഒരിക്കൽ.
ആഗത്യ = ചെന്ന്. കൃതപ്രണാമാ = നമസ്കാരപൂർവ്വം.
അവോചത് = പറഞ്ഞു.

സാരം:— ആ മഹാമേരുപർവ്വതത്തിന്റെ മനോ
ഹരമായ കൊടുമുടിയിൽ ദേവന്മാരുടേയും ഉപദേവന്മാരു
ടേയും സമൂഹത്തോടുകൂടി ഇരുന്നരുളുന്ന ബ്രഹ്മാവിന്റെ
അടുക്കൽ ഒരിക്കൽ ഭൂമിദേവി ചെന്ന് നമസ്കരിച്ചിട്ട്
പറഞ്ഞു.

19. പുമാനിവാഹം ഭവതഃ പുരസ്താദ്
ബ്രുവിമി കിഞ്ചിത് പ്രതിപദ്യ ധൈര്യം
പീഡാ മദീയാ പരമത്ര ഹേതു-
ന്നിർല്ലജ്ജതാ നനു സഖിലോപഹാസ്യാ.

അഹം = ഞാൻ. ഭവതഃ = അങ്ങയുടെ. പുരസ്താത് = മുൻപിൽ.
പുമാൻ ഇവ = പുരുഷനെപ്പോലെ. ധൈര്യം = ധീരതയെ.
പ്രതിപദ്യ = അവലംബിച്ച്. കിഞ്ചിത് = ഒരു കാര്യം.
ബ്രുവീമി = പറയാൻ പോകുന്നു. അത്ര = ഇക്കാര്യത്തിൽ.
മദീയാ = എനിക്കുനേരിട്ട. പീഡാ പരം = ഉപദ്രവം മാത്രമാണ.
ഹേതുഃ = കാരണം. നിർല്ലജ്ജതാ = ലജ്ജയില്ലായ്മ. അഖിലോ-
പഹാസ്യാ നനു! = എല്ലാവർക്കും പരിഹസിക്കത്തക്കതാണല്ലോ.

സാരം:— ഞാൻ അവിടുത്തെ മുൻപിൽ പുരുഷനെപ്പോലെ യൈയ്യും അവലംബിച്ചു് ഒരു കാര്യം പറയാൻ തുടങ്ങുകയാണു്. എനിക്കു സംഭവിച്ചിരിക്കുന്ന ദുഃഖംമാത്രമാണു് അതിനു കാരണം. സ്ത്രീജനങ്ങളുടെ ലജ്ജയില്ലായ്മയെ എല്ലാവരും പരിഹസിക്കുമെന്നതു് തീച്ചയാണു്.

20. സൃഷ്ടാംസ്ത്വയാ ദത്തവരാശ്ച ദൈത്യാ
ഭാരേണ മാം സമ്പ്രതി പീഡയന്തി
ബലേ പ്രമാണേ ച ഭവന്തി യേഷാം
നൈവോപമാനം കുലഭട്ടതോഽപി.

ത്വയാ = അങ്ങയാൽ. സൃഷ്ടാഃ = സൃഷ്ടിക്കപ്പെട്ടവരും. ദത്തവരാഃ ച = വരം കൊടുക്കപ്പെട്ടവരുമായ. ദൈത്യാഃ = അസുരന്മാർ. സംപ്രതി = ഇപ്പോൾ. ഭാരേണ = ഭാരംകൊണ്ടു്. മാം = എന്നെ. പീഡയന്തി = ഉപദ്രവിക്കുന്നു. യേഷാം = ഈ ദൈത്യന്മാരുടെ ബലേ = ശക്തിയിലും. പ്രമാണേ ച = വലുപ്പത്തിലും. കുലഭട്ടതഃ അപി = കുലപർവ്വതങ്ങൾപോലും. ഉപമാനം ന ഏവ = സദൃശവസ്തുവായി ഭവിക്കുന്നില്ല.

സാരം:— നിന്തിരുവടിയാൽ സൃഷ്ടിക്കപ്പെട്ടവരും വരം കൊടുക്കപ്പെട്ടവരുമായ ദൈത്യന്മാരുടെ ഭാരം ഇപ്പോൾ എന്നെ ദുഃഖിപ്പിക്കുന്നുണ്ടു്. ബലത്തിലും ആകൃതിയിലും കുലപർവ്വതങ്ങൾപോലും അവരോടു തുല്യരല്ല.

21. സ്വവിക്രമോന്മൂലിതരാജകാനാം
ജയൈഷിണാമദ്യ പരസ്പരേണ
തേഷാം രണക്ഷോണിഷു സിംഹനാദൈർ-
നിർഘാതഘോരൈർഗിരയഃ സ്ഫുടന്തി.

സ്വവിക്രമോന്മൂലിതരാജകാനാം = തങ്ങളുടെ പരാക്രമംകൊണ്ടു രാജാക്കന്മാരുടെ സമൂഹത്തെ നശിപ്പിച്ചവരും. അദ്യ = ഇപ്പോൾ. പരസ്പരേണ = അന്യോന്യം. ജയൈഷിണാം = ജയിക്കാൻ ആഗ്രഹിക്കുന്നവരുമായ. തേഷാം = ആ അസുരന്മാരുടെ. രണക്ഷോണിഷു = പോർക്കളങ്ങളിൽ. നിർഘാത-ഘോരൈഃ = ഇടിനാദംപോലെ ഭയങ്കരങ്ങളായ. സിംഹ-നാദൈഃ = സിംഹഗർജ്ജനങ്ങളാൽകൊണ്ട്. ഗിരയഃ = പർവ്വതങ്ങളും. സ്ഫുടന്തി = പൊട്ടിപ്പോകുന്നു.

സാരം:— സ്വന്തം പരാക്രമംകൊണ്ട് രാജസമൂഹത്തെ ഒന്നാകെ ഉന്മൂലനം ചെയ്ത ആ ദൈത്യന്മാർ ഇപ്പോൾ പരസ്പരം ജയിപ്പാനായി യുദ്ധം ചെയ്യുകയാണ്. പോർക്കളങ്ങളിൽനിന്നു് ഉയരുന്ന അവരുടെ ഇടിനാദംപോലെ ഭയങ്കരങ്ങളായ സിംഹഗർജ്ജനങ്ങളാൽകൊണ്ട് പർവ്വതങ്ങളും പോലും പൊട്ടിപ്പോകുന്നു.

22. മുഹുർബലാദുന്നമയത്യഹീന്ദ്രേ
മദ്ഭാരഭഗ്നം ഫണചക്രവാളം
മമ പ്രകമ്പാശ്ചലിതാബ്ധിശൈലാ
ദിഗ്ദന്തിനോ ഫന്ത കദർത്ഥയന്തി.

അഹീന്ദ്രേ = അനന്തൻ. മദ്ഭാരഭഗ്നം = എന്റെ ഭാരംകൊണ്ടു കുനിഞ്ഞുപോയ. ഫണചക്രവാളം = ഫണസമൂഹത്തെ. മുഹുഃ = ക്രൂടെക്കൂടെ. ബലാത് = പാട്ടുപെട്ട്. ഉന്നമയതി = ഉയർത്തുമ്പോൾ. ചലിതാബ്ധിശൈലാഃ = സമുദ്രങ്ങളേയും പർവ്വതങ്ങളേയും ചലിപ്പിക്കുന്ന. മമ = എന്റെ. പ്രകമ്പാഃ = ഞെട്ടലുകൾ. ദിഗ്ദന്തിനഃ = ദിഗ്ഗജങ്ങളെ. കദർത്ഥയന്തി = ദുഃഖിപ്പിക്കുന്നു. ഹന്ത = കഷ്ടം.

സാരം:— എന്നെ ധരിക്കുന്ന അനന്തൻ എന്റെ ഭാരംകൊണ്ടു വളഞ്ഞുപോകുന്ന ഫണസമൂഹത്തെ പൊക്കുമ്പോൾ സമുദ്രങ്ങൾക്കും പർവ്വതങ്ങൾക്കും ഇളക്കമുണ്ടാകുന്നു. എനിക്കുണ്ടാകുന്ന ചലനങ്ങൾ ദിഗ്ഗജങ്ങളെ ദുഃഖിപ്പിക്കുന്നു.

23. ആശാമുഖേഷു ഭ്രമതാമജസ്രം
തേഷാം ചമൂഭിഃ പരിസർപ്പിണീഭിഃ
തിരോഹിതാം മോഹമതോ മയൂഖാ
ന കദാചി മാം സന്ത്യജതി സംസ്പൃശന്തി.

അജസ്രം = എല്ലായ്പോഴും. ആശാമുഖേഷു = ദിങ്മുഖങ്ങളിൽ. ഭ്രമതാം = സഞ്ചരിക്കുന്ന. തേഷാം = ആ ദൈത്യന്മാരുടെ. പരിസർപ്പിണീഭിഃ = എങ്ങും വ്യാപിച്ചുകിടക്കുന്ന. ചമൂഭിഃ = സേനകളാൽ. തിരോഹിതാം = മറയ്ക്കപ്പെട്ട. മാം = എന്നെ

സംപ്രതി = ഇപ്പോൾ, ഭാനുമതഃ = സൂര്യന്റെ. മയൂഖാഃ = രശ്മികൾ. കദാപി = ഒരിടത്തും, ന സംസ്പൃശന്തി = വേണ്ടപോലെ തൊടുന്നില്ല.

സാരം:— എല്ലാ സമയങ്ങളിലും എല്ലാ ദിക്കുകളിലും ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആ ദൈന്യന്മാരുടെ എങ്ങുംപരന്ന വൻപടക്കൂട്ടത്താൽ മറയ്ക്കപ്പെട്ട എന്റെ മേൽ സൂര്യകിരണങ്ങളും ഒരിടത്തും സ്പർശിക്കുന്നില്ല. അത്ര ഏറെ സൈന്യങ്ങളും ആ അസുരന്മാർക്ക് ഉണ്ട്.

24. സന്നാഹ്മി ദൈതേയഭരേണ സാഹം
ഫണീശ്വരസ്സീദതി മദ്ഭരേണ
തദ്ഭാരശീർണ്ണനിജകപ്പരസ്യ
ധിക് താമവസ്ഥാം കമഠേശ്വരസ്യ.

സാ = അങ്ങനെയുള്ള, അഹം = ഞാൻ. ദൈതേയഭരേണ = അസുരന്മാരുടെ ഭാരംകൊണ്ട്. സന്നാ = തളർന്നവൾ. അസ്മി = ആണ്. ഫണീശ്വരഃ = അനന്തൻ. മദ്ഭരേണ = എന്റെ ഭാരംകൊണ്ട്. സീദതി = തളരുന്നു. തദ്ഭാരശീർണ്ണനിജകപ്പരസ്യ = ആ അനന്തന്റെ ഭാരംകൊണ്ട് തകർന്ന സ്വന്തം പൃഷ്ഠാസ്ഥിയോടുകൂടിയ. കമഠേശ്വരസ്യ = ആമയിക്കുമ്മത്തിന്റെ. താം അവസ്ഥാം = ആ നിലയെ, ധിക് = നിന്ദിക്കുന്നു.

സാരം:— ആ ഞാൻ ദൈത്യന്മാരുടെ ഭാരംകൊണ്ടു് ഇങ്ങനെ തളർന്നു കഴിഞ്ഞിരിക്കുന്നു. എന്നെ താങ്ങുന്ന അനന്തൻ എന്റെ ഭാരംകൊണ്ടും തളർന്നിരിക്കുന്നു. ആ അനന്തനെ ചുമക്കുന്ന ആദികൂർമ്മത്തിന്റെ പൃഷ്ഠാസ്ഥി അനന്തന്റെ ഭാരംകൊണ്ടു് തകർന്നുപോയിരിക്കുന്നു. ആ അവസ്ഥ എത്ര ശോചനീയമാണു്.

25. ഭാരാവസീദത്ഫണമണ്ഡലസ്യ
ഫണീശ്വരസ്യോപരി ദുഃസ്ഥിതോഹം
ആസന്നപാതാസ്മി തടീവ നദ്യാഃ
പ്രവാഹവേഗേന വിലുപ്തമൂലാ.

ഭാരാവസീദത്ഫണമണ്ഡലസ്യ = ഭാരംകൊണ്ടു തളർന്ന ഫണസമൂഹത്തോടുകൂടിയ. ഫണീശ്വരസ്യ = അനന്തന്റെ. ഉപരി = മുകളിൽ. ദുഃസ്ഥിതാ = പാടുപെട്ടു കഴിയുന്ന. അഹം = ഞാൻ. പ്രവാഹവേഗേന = ഒഴുക്കിന്റെ ശക്തികൊണ്ടു്. വിലുപ്തമൂലാ = അടിതകർന്ന. നദ്യാഃ തടീ ഇവ = പുഴവക്കുപോലെ. ആസന്നപാതാ = പതനം അടുത്തവൾ. അസ്മി = ആകുന്നു.

സാരം:— എന്റെ ഭാരംകൊണ്ടു് തളർന്നുപോയ അനന്തന്റെ ഉപരിഭാഗത്തിൽ കഷ്ടപ്പെട്ടുകഴിയുന്ന ഞാൻ ഒഴുക്കിന്റെ ശക്തികൊണ്ടു് അടിതകർന്ന പുഴവക്കുപോലെ ആസന്നപതനയായി കഴിയുകയാണു്.

26. നിവേദിതാ ദേവ മയാ ദശേയ-
മനകൃതിദോഷോ മയി നോപപാദ്യഃ
നിവേദ്യതേ രക്ഷ്യജനേന ദുഃഖം
തതഃ പരസ്താത് പ്രഭവഃ പ്രമാണം.

ഹേദേവ! = അല്ലയോ ദേവ. മയാ = എന്നാൽ. ഇയം = ഈ ദശാ = അവസ്ഥ. നിവേദിതാ = ഉണത്തിക്കപ്പെട്ടു. അനകൃതിദോഷഃ = പറഞ്ഞില്ല എന്ന കുറ്റം. മയി = എന്നിൽ. ന ഉപപാദ്യഃ = സ്ഥാപിക്കരുതു്. രക്ഷ്യജനേന = പാലിക്കപ്പെടേണ്ടവരാൽ. ദുഃഖം = ദുഃഖം. നിവേദ്യതേ = അറിയിക്കപ്പെട്ടതും. തതഃ പരസ്താത് = അതിനുശേഷമുള്ള കാര്യത്തിൽ പ്രഭവഃ = പ്രഭുക്കളാണു്. പ്രമാണം = പ്രമാണം.

സാരം:— അല്ലയോ ദേവ! ഈ അവസ്ഥ ഉള്ളവണ്ണം ഞാൻ ഇതാ ഇവിടെ അറിയിച്ചു കഴിഞ്ഞു. പറഞ്ഞില്ല എന്നുള്ള കുറ്റം എന്റെമേൽ ഇനി സ്ഥാപിക്കുവാൻ സാധ്യമല്ല. രക്ഷ്യജനങ്ങൾ ദുഃഖം അറിയിച്ചു കഴിഞ്ഞാൽ പിന്നെ മേലിൽവേണ്ടകാര്യങ്ങൾക്കു പ്രഭുജനങ്ങളാണു് പ്രമാണം.

27. ഇത്യുക്തവത്യാമുചിതം പൃഥിവ്യാം
ചിന്താബലേന സ്ഥിമിതോ മുഹൂർത്തം
മുഖാനി പശ്യന്നമൂതാശനാനാം
ദേവഃ പ്രജാനാം പതിരിത്യുവാച.

ഇതി = ഇപ്രകാരം. ഉചിതം = യോഗ്യമാംവണ്ണം. പൃഥിവ്യാം = ഭൂമിദേവി. ഉക്തവത്യാം = പറഞ്ഞപ്പോൾ. പ്രജാനാം പതിഃ ദേവഃ = ബ്രഹ്മദേവൻ. മുഹൂർത്തം = അല്പസമയം, ചിന്താബലേന = വിചാരശക്തികൊണ്ട്. സ്തിമിതഃ = നിശ്ചലനായിരുന്നിട്ട്. അമൃതാശനാനാം = ദേവന്മാരുടെ. മുഖാനി പശ്യൻ = മുഖത്തുനോക്കി. ഇതി = ഇങ്ങനെ ഉവാച = പറഞ്ഞു.

സാരം:— ഇപ്രകാരം വേണ്ടവണ്ണം ഭൂമിദേവി കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ ബ്രഹ്മദേവൻ കുറച്ചു നേരം വിചാരശക്തികൊണ്ടു നിശ്ചലനായിരുന്നിട്ട് ദേവന്മാരുടെ മുഖത്തുനോക്കി ഇങ്ങനെ പറഞ്ഞു.

28. നാസത്യമേതദ്വൃദവോചദുർവീ
സ്വകർമ്മണസ്സാധു ഫലം മയാപ്തം;
മദ്വർജിതാ മാമവമന്യ ദൈത്യാ
ബലാദുപപ്ലവന്തി ജഗന്തി യത്തേ.

ഉർവീ = ഭൂമിദേവി. യത് = യാതൊന്നു. അവോചത് = പറഞ്ഞുവോ. ഏതത് = ഇതു്. അസത്യം = കള്ളം. ന വേതി = അല്ല. സ്വകർമ്മണഃ = സ്വന്തം പ്രവൃത്തിയുടെ. ഫലം = ഫലം. സാധു = വേണ്ടുംവണ്ണം. മയാ അവ്പ്തം =

എനിക്കുകിട്ടി. യത് = എന്തുകൊണ്ടെന്നാൽ. മച്ചർദ്ധിതാഃ = ഞാൻ വളർത്തിയ ദൈത്യാഃ = അസുരന്മാർ. മാം = എന്നെ. അവമത്യ = അവമാനിച്ചിട്ട്. ബലാത് = ബലാല്ക്കാരമായി. ജഗന്തി = ലോകങ്ങളെ. ഉപപ്ലവന്തി = നശിപ്പിക്കുന്നു.

സാരം: — ഭൂമിദേവി പറഞ്ഞതു് അസത്യമല്ല. സ്വകർമ്മഫലം എനിക്കിപ്പോൾ വേണ്ടവണ്ണം കിട്ടി. എന്തുകൊണ്ടെന്നാൽ ഞാൻ വരം കൊടുത്തു വലിയവരാക്കിത്തീർത്ത ആ ദൈത്യന്മാർ എന്നെ അവമാനിച്ചിട്ടു് ബലാല്കാരേണ ലോകങ്ങളെ നശിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

29. അതീതകായ്യാനുശയേന കിം സ്യാ-
ദശേഷവിദ്വജ്ജനഗർഹിതേന
സുരാസ്സമുന്മൂലനമാശു തേഷാം
കർത്തും യതദ്ധ്വം ജഗതാം ഹിതായ.

അശേഷവിദ്വജ്ജനഗർഹിതേന = വിദ്വാന്മാരെല്ലാം നിന്ദിക്കുന്നതായ. അതീതകായ്യാനുശയേന = കഴിഞ്ഞ കായ്യത്തെക്കുറിച്ചുള്ള പശ്ചാത്താപംകൊണ്ടു്. കിം സ്യാത് = എന്തു പ്രയോജനമാണു്. ഹേ സുരാഃ = അല്ലയോ ദേവന്മാരെ. യൂയം = നിങ്ങളും. ജഗതാം = ലോകത്തിന്റെ. ഹിതായ = നന്മയ്ക്കുവേണ്ടി. തേഷാം = ആ ദൈത്യന്മാരുടെ. സമുന്മൂലനം = സമൂലനാശം. ആശു =

പെട്ടെന്ന്. കർത്തും = ചെയ്യുന്നതിനായിട്ട്. യത്നാഭ്യാം = പ്രയത്നിച്ചാലും.

സാരം:— കഴിഞ്ഞകാര്യത്തെക്കുറിച്ചു പശ്ചാത്തപിക്കുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. അങ്ങനെയുള്ള പശ്ചാത്താപത്തെ സകലവിദ്വാന്മാരും നിന്ദിച്ചിട്ടുണ്ടു്. അല്ലയോ ദേവന്മാരെ! നിങ്ങടം ലോകഹിതത്തിനായി ആ ദൈത്യന്മാരെ വേരോടെ നശിപ്പിക്കുവാൻ യത്നിച്ചാലും.

30. സദ്യസ്സമുത്തിഷ്ഠത ചിന്തയാലം
ചിന്താ ഹി കാര്യപ്രതിബന്ധഹേതുഃ
യാമഃ പൃഥിവ്യാ സഹ തത്ര തത്ര
നാരായണോ ദാനവകാളരാത്രിഃ.

ഹേ ദേവാഃ = അല്ലയോ ദേവന്മാരെ. യൂയം = നിങ്ങടം. സദ്യഃ = ഉടൻ തന്നെ. സമുത്തിഷ്ഠത = എഴുന്നേല്ക്കുക. ചിന്തയാ അലം = വിചാരംകൊണ്ടു ഫലമില്ല. ചിന്താ = വിചാരം, കാര്യപ്രതിബന്ധഹേതുഃ ഹി = കാര്യപ്രതിബന്ധത്തിനു കാരണമാണല്ലോ. ദാനവകാളരാത്രിഃ = അസുരന്മാക്ക് കാളരാത്രിയായ (മരണത്തിന്റെ തലേന്നാളായ) നാരായണഃ = ഭഗവാൻ വിഷ്ണു. യത്ര തത്ര = യാതൊരിടത്താണോ അവിടേക്കു്. വയം = നാം. പൃഥിവ്യാ സഹ = ഭൂമിദേവിയോടൊന്നിച്ചു. യാമഃ = പോകാം.

സാരം:— അല്ലയോ ദേവന്മാരെ! നിങ്ങളും ഇപ്പോൾ തന്നെ എഴുന്നേറ്റാലും. ചിന്തിച്ചിരുന്നതുകൊണ്ടു് ഫലമില്ല. ചിന്ത കാര്യത്തിനു തടസ്സമുണ്ടാക്കുമെന്നാണു് പ്രസിദ്ധി. ദൈത്യാരിയായ ഭഗവാൻ ശ്രീ നാരായണൻ വസിക്കുന്ന സ്ഥലത്തേക്കു ഭൂമിദേവിയോടുകൂടി നമുക്കു പുറപ്പെടാം.

31. അസ്ത്വേവമിത്യാദരപൂർവ്വമേവ
സ സ്വീകൃതോകൃതിസുരസിദ്ധസംഘൈഃ
സരോജജന്മാ സഹ തൈഃ പ്രതസ്ഥേ
വിഹായസാ വിശ്വപതേസ്സകാശം.

ഏവം = ഇങ്ങനെ. അസ്തു = ആകട്ടെ. ഇതി = എന്നു്. ആദരപൂർവ്വം ഏവ = ബഹുമാനത്തോടുകൂടെത്തന്നെ. സുരസിദ്ധസംഘൈഃ = ദേവന്മാരുടെയും സിദ്ധന്മാരുടെയും കൂട്ടത്താൽ. സ്വീകൃതോകൃതിഃ = സ്വീകരിക്കപ്പെട്ട അഭിപ്രായത്തോടുകൂടിയ. സഃ = അ. സരോജജന്മാ = കമലോദ്ഭവൻ. തൈഃ സഹ = അവരോടൊന്നിച്ചു്. വിഹായസാ = ആകാശത്തിലൂടെ. വിശ്വപതേഃ = വിഷ്ണുഭഗവാന്റെ. സകാശം = സമീപത്തിലേക്കു്. പ്രതസ്ഥേ = പുറപ്പെട്ടു.

സാരം:— അങ്ങനെയാകട്ടെ എന്നു് ആദരപൂർവ്വം ദേവന്മാരുടേയും ഉപദേവന്മാരുടേയും ആ സംഘം

ബ്രഹ്മാവിവൻറെ അഭിപ്രായത്തെ സ്വീകരിച്ചു. ബ്രഹ്മാവു് അവരോടുകൂടെ അപ്പോൾത്തന്നെ ആകാശമാർഗ്ഗമായി ലോകനാഥനായ വിഷ്ണുവിൻറെ അടുക്കലേക്കു പുറപ്പെട്ടു.

32. ഏലാപരിഷച്ഛൈലസത്തമാലം
വേലാധിരൂഢസംഖലട്ടുമ്മിമാലം
ദദർശ ധാതാ മനസോഽനുകൂലം
പയഃ പയോധേരചിരേണ കൂലം.

ധാതാ = ബ്രഹ്മാവു്. അചിരേണ = അല്പസമയംകൊണ്ടു്. ഏലാപരിഷച്ഛൈല സത്തമാലം = ഏല ലതകളുടെ സമാശ്ലേഷംകൊണ്ടു ശോഭിക്കുന്ന പച്ചിലമരങ്ങളോടു കൂടിയതും. വേലാധിരൂഢസംഖലട്ടുമ്മിമാലം = തീരത്തിലേക്കു് ആഞ്ഞടിച്ചു കയറിയിട്ടു തെറ്റി ഒഴുകുന്ന തിരമാലകളോടു കൂടിയതും. മനസഃ = ചേതസ്സിനു്. അനുകൂലം = ആനന്ദകരവുമായ. പയഃ പയോധേഃ = പാലാഴിയുടെ. കൂലം = തീരത്തെ. ദദർശ = കണ്ടു.

സാരം:- അങ്ങനെ പുറപ്പെട്ട ബ്രഹ്മാവിനു് പാലാഴിയുടെ മനോഹരമായ തീരദേശം ദർശനവിഷയമായി. ഏലവള്ളികളുടെ ആലിംഗനംകൊണ്ടു ശോഭിക്കുന്ന പച്ചിലമരങ്ങളോടുകൂടിയതും തീരദേശത്തിലടിച്ചു കയറി തെറ്റിയൊഴുകുന്ന തിരമാലകളോടുകൂടിയതുമായിരുന്ന ആ ക്ഷീരാബ്ധിതീരം.

33. ദദർശ ക്ഷീരമയം സമുദ്രം
കൈലാസശൃങ്ഗോന്നതഫേനകൂടം
പുണ്യം പയഃകേളിസമുത്സുകാനാം
ശ്രിയഃ സഖീനാമവഗാഹനേന.

ധാതാ = ബ്രഹ്മാവു്. കൈലാസശൃങ്ഗോന്നതഫേനകൂടം = കൈലാസപർവ്വതത്തിൻറെ കൊടുമുടികൾപോലെ ഉയരംകൂടിയ നുരപ്പിണ്ഡങ്ങളോടു കൂടിയതും. പയഃകേളിസമുത്സുകാനാം = ജലക്രീഡാതത്പരരായ. ശ്രിയഃ = ലക്ഷ്മീദേവിയുടെ. സഖീനാം = തോഴിമാരുടെ. അവഗാഹനേന = മുങ്ങിക്കുളികൊണ്ടു്. പുണ്യം = സുകൃതകരവുമായ. ക്ഷീരമയം സമുദ്രം = പാലാഴിയെ. ദദർശ = കണ്ടു.

സാരം:— ബ്രഹ്മാവു് വെള്ളിമാമലയുടെ ശിഖരങ്ങൾപോലെ ഉയർന്ന നുരക്കൂട്ടങ്ങളോടുകൂടിയതും ലക്ഷ്മീദേവിയുടെ ജലക്രീഡാതത്പരരായ തോഴിമാരുടെ മുങ്ങിക്കുളികൊണ്ടു് സുകൃതകരമായ ജലത്തോടുകൂടിയതുമായ പാലാഴിയെക്കണ്ടു.

34. ആനന്ദയാമാസ ദിവൗകസസ്ഥാ-
നാഘ്രാതശേഷോ മുനിമണ്ഡലേന
പ്രകാമപുണ്യഃ പവനോഽനിലോ
യൈകണ്വവക്ഷസ്ഥളസീസുഗന്ധഃ.

മുനിമണ്ഡലേന = മഹർഷിമാരുടെ സമൂഹത്താൽ. ആഘ്രാ-
തശേഷഃ = ഘ്രാണേന്ദ്രിയംകൊണ്ട് ആസ്വദിക്കപ്പെട്ടതിന്റെ അവ
ശിഷ്ടമായി. പ്രകാമപുണ്യഃ = ഏറ്റവും സുകൃതകരമായി. പവ-
നോപനീതഃ = വായുവിനാൽ സമീപത്തു കൊണ്ടുവരപ്പെട്ടതുമായ
ദേവകണ്ഠവക്ഷസ്ഥലസീസുഗന്ധഃ = ശ്രീവിഷ്ണുവിന്റെ മാറിടത്തിലണി
ഞ്ഞിരിക്കുന്ന തുളസിമാലയുടെസൗരഭ്യം. താൻ ദിവൗ-
കസഃ = ആ ദേവന്മാരെ. ആനന്ദയാമാസ = സന്തോഷിപ്പിച്ചു.

സാരം:— ക്ഷീരാബ്ധിതീരത്തിലെത്തിയ ആ ദേവ
ന്മാരെ മഹാവിഷ്ണുവിന്റെ വക്ഷഃപ്രദേശത്തിലണി
ഞ്ഞിരിക്കുന്ന തുളസിമാലയുടെ സൗരഭ്യം ആനന്ദിപ്പിച്ചു.
ഭഗവാന്റെ ഭക്തജനങ്ങളായ നാരദാദിമഹർഷിമാരാൽ
ഘ്രാണേന്ദ്രിയംകൊണ്ട് അനുഭവിച്ചതിന്റെ ശിഷ്ടവും
അത്യന്തം പുണ്യകരമായിട്ടുള്ളതും കാറ്റടിച്ചു. അവിടേക്കു
കൊണ്ടുവരപ്പെട്ടതുമായിരുന്ന ആ സുഗന്ധം.

35. ഗന്ധാനുസാരേണ യിസൃഷ്ടനേതൃർ-
ഹിരണ്യഗർഭപ്രമുഖൈരമർത്ത്യൈഃ

നവാർക്കകല്പദ്ദുമേ മുരാരേ-
വൃക്ഷസ്ഥലീകൗസ്തുഭതാധാമ.

ഗന്ധാനന്ത്യാരേണ = സൗരഭ്യത്തെ തുടർന്ന്. വിസൃഷ്ടനേത്രൈഃ = നോക്കിയ. ഹിരണ്യഗർഭപ്രമുഖൈഃ = ബ്രഹ്മാവുതുടങ്ങിയ. അമരൈഃ = ദേവന്മാരാൽ. നവാർക്കലക്ഷ്മം = ബാലാദിത്യസദൃശമായ മുരാരേഃ = മഹാവിഷ്ണുവിന്റെ. വക്ഷഃസ്ഥലീകൗസ്തുഭരത്നധാമ = മാറിടത്തിലണിഞ്ഞിരിക്കുന്ന കൗസ്തുഭരത്നത്തിന്റെ തേജസ്സ്. ദൃശേ = കാണപ്പെട്ടു.

സാരം: — ഗന്ധം പുറപ്പെട്ട സ്ഥലത്തേക്കു നോക്കിയ ബ്രഹ്മാവുതുടങ്ങിയ ദേവന്മാർ മഹാവിഷ്ണുവിന്റെ വക്ഷസ്സ്ഥലത്തിലണിഞ്ഞിരിക്കുന്ന കൗസ്തുഭരത്നത്തിന്റെ ഉദിച്ചുയരുന്ന സൂര്യനെപ്പോലെ ഉജ്ജ്വലമായ ശോഭയെ കണ്ടു.

36. അപഹ്നുതാശേഷമനോവികാരം
ദിവി സ്പൃശാ തൂര്യരവേണ മിശ്രം
ആകർണ്യ വൈകുണ്ഠവിലാസിനീനാം
ഗീതധ്വനിം ഹർഷമയാസിഷുസ്തേ.

തേ = ആ ദേവന്മാർ. അപഹ്നുതാശേഷമനോവികാരം = മാനസികമായ സകലവികാരങ്ങളേയും മറയ്ക്കുന്നതും ദിവി സ്പൃശാ = ആകാശത്തിൽ വ്യാപിക്കുന്ന. തൂര്യരവേണമിശ്രം = വാദ്യവിശേഷങ്ങളുടെ ശബ്ദത്തോടു കലർന്നതുമായ.

ലോകണ്ണാവിലാസിനീനാം = വിഷ്ണുലോകത്തിലെ സുന്ദരിമാരുടെ. ഗീതധ്വനിം = സംഗീതനാദത്തെ. ആകർണ്യ= കേട്ടിട്ട്. ഹർഷം = ആനന്ദത്തെ. അയാസിഷുഃ = പ്രാപിച്ചു.

സാരം:— ആ ദേവന്മാർ സകലമനോവികാരങ്ങളെയും മറയ്ക്കുന്നതും വാദ്യവിശേഷങ്ങളുടെ ആകാശവ്യാപിയായ ശബ്ദത്തോടുകൂടിയതുമായ ആ വിഷ്ണുലോകസുന്ദരിമാരുടെ ഗീതധ്വനി കേട്ടിട്ട് സന്തുഷ്ടരായിത്തീർന്നു.

37. ആസത്തിമാലക്ഷ്യ വിനീതവേഷാഃ
സപ്രശ്രയം വിന്യസ്തകരാഃ സുരാസ്തേ
ആലോകയാമാസുരശേഷനാഥം
സവിഗ്രഹം പുണ്യമിവ പ്രജാനാം.

തേ സുരാഃ = ആ ദേവന്മാർ. ആസത്തിം = (വിഷ്ണുഭഗവാന്റെ) സാമീപ്യത്തെ. ആലക്ഷ്യ = മനസ്സിലാക്കി. വിനീതവേഷാഃ = ഒതുങ്ങിയവേഷത്തോടുകൂടി. സപ്രശ്രയം വിന്യസ്തകരാഃ = കൂപ്പുകൈകളോടുകൂടിയവരായിട്ട്. പ്രജാനാം = ജനങ്ങളുടെ. സവിഗ്രഹം പുണ്യം ഇവ = ശരീരംപൂണ്ട സുകൃതമാണോ എന്നു തോന്നുമാറു സ്ഥിതിചെയ്യുന്ന. അശേഷനാഥം= സർവ്വലോകേശ്വരനായ ശ്രീനാരായണനെ. ആലോകയാമാസുഃ = കണ്ടു.

സാരം:— ആ ദേവന്മാർ ഭഗവാന്റെ സാന്നിധ്യത്തെ പ്പറ്റി മനസ്സിലാക്കിയിട്ട് വിനയത്തെ സൂചിപ്പിക്കുന്ന

വേഷത്തോടും ശിരസ്സിൽവച്ച കൈകളോടുംകൂടി ആകൃതിപൂണ്ട ലോകസൃഷ്ടാവുപോലെ വിലസുന്ന സർവ്വേശ്വരനായ ശ്രീനാരായണനെ ദർശിച്ചു.

38. പ്രവ്യൂഢഹേമാഭരണപ്രകാശം
തമാലനീലം ജലധൗ ശയാനം
തടില്ലതാഢ്യം പയസോഽതിപാനാ-
ദനീശമുദ്ഗന്തുമിവാംബുവാഹം.

തേ സുരാഃ = ആ ദേവന്മാർ. പ്രവ്യൂഢഹേമാഭരണപ്രകാശം = ഏറ്റവും വർദ്ധിച്ചതായ സ്വർണ്ണാലങ്കാരങ്ങളുടെ പ്രകാശത്തോടുകൂടിയവനും. തമാലനീലം = പച്ചിലമരംപോലെ കറുപ്പുനിറത്തോടുകൂടിയവനും. ജലധൗ = സമുദ്രത്തിൽ. ശയാനം = പള്ളികൊള്ളുന്നവനുമായ (ശ്രീനാരായണനെ) പയസഃ = ജലത്തിന്റെ. അതിപാനാത് = അമിതപാനംകൊണ്ട്. ഉദ്ഗന്തും = ഉയരുന്നതിനു. അനീശം = കഴിവില്ലാത്തതും. തടില്ലതാഢ്യം = വിദ്യുല്ലതയോടുകൂടിയതുമായ. അംബുവാഹം ഇവ സ്ഥിതം = മേഘമെന്നപോലെ സ്ഥിതിചെയ്യുന്നവനുമായ. (അശേഷനാഥം = സർവ്വേശ്വരനായ വിഷ്ണുഭഗവാനെ. ആലോകയാമാസുഃ = കണ്ടു).

സാരം:— സ്വർണ്ണാഭരണങ്ങളുടെ വർദ്ധിച്ചകാന്തിപൂരത്തോടുകൂടിയവനും പച്ചിലമരംപോലെ നീലനിറം പൂണ്ടവനും സമുദ്രത്തിൽ പള്ളികൊള്ളുന്നവനും അമിത

മായ ജലപാനംകൊണ്ടു് ഉയർന്നുപോകുവാൻ കഴിവില്ലാത്തതും മിന്നൽ പിണരോടുകൂടിയതുമായ മേഘംപോലെ സ്ഥിതിചെയ്യുന്നവനുമായ ആ വിഷ്ണുവിനെ ദേവന്മാർ കണ്ടു.

39. തരങ്ഗവാതേന പയഃപയോധേ-
രാപൂര്യമാണം കരപാഞ്ചജന്യം
വാമേന തിര്യഗ്വലതാ സലീലം
സംഭാവയന്തം മുഹുരീക്ഷണേന.

തേ ദേവാഃ = ആ ദേവന്മാർ. പയഃപയോധേഃ = പാലാഴിയുടെ. തരങ്ഗവാതേന = തിരമാലകളിൽ തട്ടിവരുന്ന കാറ്റുകൊണ്ടു്. ആപൂര്യമാണം = നിറയുന്നതായ. കരപാഞ്ചജന്യം = കയ്യിലിരിക്കുന്ന പാഞ്ചജന്യം എന്ന പ്രസിദ്ധമായ ശംഖത്തെ. തിര്യക് = വിലങ്ങത്തിൽ. വലതാ = അങ്ങോട്ടുമിങ്ങോട്ടും ചരിക്കുന്നതും. വാമേന = ഇടത്തേതുമായ. ഈക്ഷണേന = കണ്ണുകൊണ്ടു്. മുഹുഃ = ക്രമേണ. സലീലം = ലീലാരസത്തോടുകൂടെ. സംഭാവയന്തം = മാനിക്കുന്നവനായ. (അശേഷനാഥം = സർവ്വേശ്വരനായ (ശ്രീനാരായണനെ). ആലോകയാമാസുഃ = കണ്ടു).

സാരം:— പാലാഴിയുടെ തിരമാലകളിൽ തട്ടിവരുന്ന കാറ്റേറ്റു നിറഞ്ഞു ശബ്ദംപുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന സ്വന്തം കയ്യിലെ പാഞ്ചജന്യമെന്ന പ്രസിദ്ധമായ ശംഖിനെ വിലങ്ങനെ ചലിക്കുന്ന ഇടത്തുകണ്ണുകൊണ്ടു്

ലീലാരസത്തോടുകൂടി ബഹുമാനപൂർവ്വം വീണ്ടും വീണ്ടും നോക്കുന്നവനായ ഭഗവാൻ ശ്രീനാരായണനെ ദേവന്മാർ കണ്ടു.

40. പ്രതിക്ഷണം പ്രേമവിശേഷജാഭി-
സ്സംഭാവനാഭിഃ കമലാസനായാഃ
പുരാത്മനാ കല്പിതമംബുരാശേഃ
പ്രമാർജ്ജയന്തം മഥനാവമാനം.

തേ = ആ ദേവന്മാർ. പ്രതിക്ഷണം = ക്ഷണംതോറും (എല്ലായ്പോഴും). പ്രേമവിശേഷജാഭിഃ = സ്നേഹാതിശയത്തോടുകൂടിയുള്ള. കമലാസനായാഃ = ലക്ഷ്മീദേവിയുടെ. സംഭാവനാഭിഃ = സത്കാരങ്ങൾകൊണ്ടു. പുരാ = പണ്ടു. ആത്മനാ = തന്നാൽ. കല്പിതം = ചെയ്യപ്പെട്ട. അംബുരാശേഃ = പാലാഴിയുടെ. മഥനാവമാനം = മന്ഥനം കൊണ്ടുള്ള അവമാനത്തെ. പ്രമാർജ്ജയന്തം = നശിപ്പിക്കുന്നവനായ. (തം അശേഷനാഥം = ആ വിഷ്ണുഭഗവാനെ. അലോകയൻ = കണ്ടു).

സാരം:— ലക്ഷ്മീദേവിയുടെ നിമിഷംതോറുമുള്ള സ്നേഹപൂർവ്വകമായ സത്കാരങ്ങൾകൊണ്ടു ക്ഷീരസമുദ്രത്തിനു മഥനം മൂലം താൻ വരുത്തിക്കൂട്ടിയതായ അവക്ഷേപത്തെ നിർമാർജ്ജനം ചെയ്തുകൊണ്ടിരിക്കുന്ന ആ ശ്രീനാരായണനെ ദേവന്മാർ കണ്ടു.

41. പയ്യായതഃ പാണിധൃതം സരോജം
വിന്യസ്യ വിന്യസ്യ ദൃശോഃ പദവ്യാം
നിദ്രാം പ്രബോധഞ്ച മുഹുർനയന്തീം
പദ്മാസനാം സസ്മിതമീക്ഷമാണം.

തേ ദേവാഃ = ആ ദേവന്മാർ. പാണിധൃതം = കയ്യിലിരിക്കുന്ന. സരോജം = താമരപ്പൂവിനെ. ദൃശോഃ = നേത്രങ്ങളുടെ. പദവ്യാം = നേരെ (മാർഗ്ഗത്തിൽ). പയ്യായതഃ = മറയ്ക്കും. വിന്യസ്യ വിന്യസ്യ = വച്ചു വച്ചു. നിദ്രാം = ഉറക്കത്തെയും പ്രബോധം ച = ഉണർവിനേയും. മുഹുഃ = വീണ്ടും വീണ്ടും. നയന്തീം = നയിക്കുന്നവളായ. പദ്മാസനാം = ലക്ഷ്മീദേവിയെ. സസ്മിതം = മന്ദഹാസത്തോടുകൂടെ. ഈക്ഷമാണം = നോക്കിക്കൊണ്ടിരിക്കുന്ന. (അശേഷനാഥം = വിഷ്ണുഭഗവാനെ ആലോകയാമാസുഃ = കണ്ടു).

സാരം:— കയ്യിലിരിക്കുന്ന താമരപ്പൂവിനെ ചന്ദ്രസൂര്യന്മാരാകുന്ന ഭഗവന്നേത്രങ്ങളിൽ മാറി മാറി വച്ചു സങ്കോചവികാസങ്ങളെ വീണ്ടും വീണ്ടുമുണ്ടാക്കി വിനോദിച്ചുകൊണ്ടിരിക്കുന്ന ലക്ഷ്മീദേവിയെ പുഞ്ചിരിയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്ന ഭഗവാൻ ശ്രീനാരായണനെ ദേവന്മാർ കണ്ടു.

42. സപ്തച്ഛദപ്രതിബിംബിതേന
ഫണാശു ജാലേന ഫണീശ്വരസ്യ
ഭാസ്വത്ഫലസ്യേവ നിരന്തരസ്യ
വഹന്തമാദ്യം വടപാദപസ്യ.

തേ ദേവാഃ = ആ ദേവന്മാർ. സച്ചിദാനന്ദരൂപപ്രതിബിംബിതേന = നിർമ്മലമായ തന്റെ ശരീരത്തിൽ പ്രതിഫലിക്കുന്നതായ. ഫണീശ്വരസ്യ = അനന്തന്റെ. ഫണാമണ്ഡലാനേന = പത്തികളിലുള്ള രത്നസമൂഹംകൊണ്ട്. ഭാസ്വത്ഫലസ്തോമനിരന്തരസ്യ = കാന്തിയേറിയ ഫലജാലത്താൽ പൂർണ്ണമായ. വടപാദപസ്യ = പേരാൽമരത്തിന്റെ. ആദ്യം = ശോഭയെ, വഹന്തം = വഹിക്കുന്നവനാകുന്ന. തം അശേഷനാഥം = ആ ലോകനാഥനെ. ആലോകയാമാസുഃ = കണ്ടു).

സാരം:-നിർമലമായസ്വന്തംശരീരത്തിൽ അനന്തന്റെ ഫണാമണ്ഡലങ്ങളിലെ രത്നജാലങ്ങൾ പ്രതിബിംബിച്ചപ്പോൾ മനോഹരങ്ങളായ കായ്കളും നിറഞ്ഞ ഒരു വടവൃക്ഷത്തിന്റെ ശോഭ ഭഗവാനണിഞ്ഞായി. അപ്രകാരം ശോഭിക്കുന്ന ശ്രീനാരായണനെ ദേവന്മാർ കണ്ടു.

43. അജസ്രമാസീനരഥാങ്ഗശംഖ-
മതിപ്രസന്നം കമലാധിവാസം
സന്താപവിച്ഛേദകരം പ്രജാനാം
ഹൃദം മഹീയാംസമിവാഭിഗമ്യം.

അജസ്രം = എല്ലായ്പോഴും. ആസീനരഥാങ്ഗശംഖം = അടുത്തിരിക്കുന്ന ചക്രത്തോടും (ചക്രവാകപ്പക്ഷിയോടും) ശംഖത്തോടും കൂടിയവനായി. അതിപ്രസന്നം = ഏറ്റവും സന്തുഷ്ടനായി (തെളിഞ്ഞവനായി). കമലാധിവാസം = ലക്ഷ്മീദേവിക്ക് (താമരകൾക്ക്) ആശ്രയമായി. പ്രജാനാം = ജനങ്ങ

ഉടെ. ആപവിഷ്ടകേരം = ഉഖത്തിനെ (ചൂടിനെ) ശാന്തി വരുത്തുന്നവനായി. അഭിഗമ്യം = പ്രാപിക്കാൻ (മുങ്ങാൻ) യോഗ്യനായി. മഹീയാംസം = ഏറ്റവും മഹാനായിരിക്കുന്ന. (വലുതായ). ഹ്രദം ഇവ സ്ഥിതം = ആഴമേറിയ ജലാശയം പോലെയിരിക്കുന്ന. (അശേഷനാഥം = വിഷ്ണുവിനെ. ആലോകയാമാസുഃ = കണ്ടു).

സാരം:— എല്ലായ്പോഴും സ്വസമീപത്തിലിരിക്കുന്ന ചക്രത്തോടും ശംഖത്തോടും ക്രൂടിയവനും അത്യന്താ പ്രസന്നനും ലക്ഷ്മീദേവിക്കു് അധിവാസസ്ഥാനമായിട്ടുള്ളവനും ജനങ്ങളുടെ ദുഃഖത്തെ നശിപ്പിക്കുന്നവനും ഭക്തജനങ്ങൾക്കു് സമീപിക്കത്തക്കവണ്ണം ശാന്തനും മഹാനുമായ ശ്രീനാരായണൻ ചക്രവാകപക്ഷിയോടും ശംഖത്തോടും ക്രൂടിയതും അത്യന്തം നിർമ്മലമായിട്ടുള്ളതും താമരകൾക്കു് ആവാസസ്ഥാനമായിട്ടുള്ളതും ജനങ്ങളുടെ ചൂടിനെ കളയുന്നതും മുങ്ങിക്കുളിക്കുവാൻ പറ്റിയതു് മഹത്തുമായ ഒരു കയം പോലെ നിലകൊണ്ടിരുന്നു. അദ്ദേഹത്തെ ആ ദേവന്മാർ കണ്ടു.

44. വക്ത്രം മിഥോ രാഹ്വവിചേഷ്ടിതാനി
കർണ്ണേയാഭ്യർണ്ണുപേയിവാംസൗ
അലബ്ധകാലാവിവ ഭാനുചന്ദ്രൗ
രഥാങ്ഗശംഖൗ ദധതം കരാഭ്യാം.

തേ = അവർ. മിഥഃ = ഏകാന്തത്തിൽ. രാഹ്വവിചേഷ്ടിതാനി = സൈംഹികേയന്റെ വിശേഷപ്പെട്ട ചെയ്തികളെ

വക്തും = പറയുന്നതിന്. കർണ്ണപ്രാന്തദ്വയേ = രണ്ടു ചെവികളുടെയും സമീപത്തു. ഉപേയിവാംസഃ = വന്നു ചേർന്നവരും. അലബ്ധകാലഃ = സമയം കിട്ടാത്തവരുമായ. ഭാനുചന്ദ്രൗ ഇവ = സൂര്യചന്ദ്രന്മാരെപ്പോലെ. രഥാങ്ഗ-ശംഖൗ = ചക്രത്തെയും ശംഖത്തെയും. കരാഭ്യാം = രണ്ടു കൈകൊണ്ടും. ദധതം = ധരിച്ചിരിക്കുന്ന. (തം അശേഷ നാഥം = വിഷ്ണുവിനെ. ആലോകയാമാസുഃ = കണ്ടു).

സാരം:— ഭഗവാൻ രണ്ടു കയ്യിലും ശംഖചക്രങ്ങളെ ധരിച്ചിരുന്നു. ഏകാന്തത്തിൽ രാഹുവിന്റെ ചേഷ്ടിതങ്ങളെപ്പററി പറയുവാൻ ചെവികളുടെ അടുക്കൽ വന്നു നില്ക്കുന്നവരും എന്നാൽ പറയുന്നതിനുള്ള സമയം കിട്ടാത്തവരുമായ സൂര്യനും ചന്ദ്രനുമാണോ എന്നു തോന്നുമാറാണ് ആ ചക്രവും ശംഖും കാണപ്പെട്ടതു്. അങ്ങനെയുള്ള ഭഗവാൻ ശ്രീനാരായണനെ ആ ദേവന്മാർ കണ്ടു.

45. ദ്വാരസ്ഥസേനാപതിചോദിതേന
നിവാരിതാഃ കഞ്ചുകിമണ്ഡലേന
സുരാഃ പ്രമോദസ്ഖലിതൈരുചോഭിഃ
സ്ഥിതൈരവ തേ വ്യോമനി തുഷ്ടുവുസ്തം

ദ്വാരസ്ഥസേനാപതിചോദിതേന = വാതലിൽ നില്ക്കുന്ന സേനാനായകനാൽ നിയോഗിക്കപ്പെട്ട. കഞ്ചുകിമണ്ഡലേന = കാവല്ക്കാരുടെ സമൂഹത്താൽ. നിവാരിതാഃ = തടുക്കപ്പെട്ട.

തേ സുരാഃ = ആ ദേവന്മാർ. വ്യോമനി ഏവ = ആകാശത്തിൽ തന്നെ. സ്ഥിതാഃ = നിന്നുകൊണ്ട്. പ്രമോദസംഭ്രമിതൈഃ = സന്തോഷത്താൽ അവ്യക്തങ്ങളായ. വചോഭിഃ = വാക്കുകൾകൊണ്ട്. തം = ആ വിഷ്ണുഭഗവാനെ. ഉഷ്ടുവുഃ = സ്തുതിച്ചു.

സാരം:— ദ്വാരദേശത്തു കാവൽനിന്നിരുന്ന സേനാനായകന്റെ പ്രേരണയനുസരിച്ചു കാവൽക്കാർ ആ ദേവസമൂഹത്തെ അകത്തുകടത്താതെ തടഞ്ഞു. അവർ ആകാശത്തുതന്നെ നിന്നുകൊണ്ടു് സന്തോഷംകൊണ്ടു് ഇടറിയ വാക്കുകളോടുകൂടി ആ ഭഗവാനെ സ്തുതിച്ചു.

46. നമഃ പരസ്മൈ പുരുഷായ തുഭ്യം
ഗിരാം ധിയാമപ്യുപഥി സ്ഥിതായ
അസ്മാൻ പുനസ്ത്രാതുമധ്രഗോഹാൻ
കൃപാബലാത് കല്പിതവിഗ്രഹായ.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനെ. ഗിരാം = വാക്കുകളുടെയും. ധിയാം അപി = മനോവ്യാപാരങ്ങളുടെയും. അപഥി സ്ഥിതായ = വഴിയിൽ വന്നിക്കാത്തവനായി. അധ്രഗോഹാൻ = ഏറ്റവും അജ്ഞാനികളായ. അസ്മാൻ = ഞങ്ങളെ. ത്രാതും = രക്ഷിക്കുന്നതിനുവേണ്ടി. കൃപാബലാത് = കാരുണ്യാതിരേകംകൊണ്ടു. പുനഃ = വീണ്ടും.

കല്പിതവിഗ്രഹായ = ശരീരം കൈക്കൊണ്ടവനായി. പരസ്മൈ പുരുഷായ = പരം പുരുഷനായിരിക്കുന്ന. തുഭ്യം = അങ്ങേക്ക്. നമഃ = നമസ്കാരം.

സാരം:— അല്ലയോ ഭഗവാനെ! വാക്കുകൊണ്ടും മനോവ്യാപാരങ്ങൾകൊണ്ടും അവിഷയനായി അജ്ഞാനികളായ ഞങ്ങളെ രക്ഷിക്കാനായി കാരുണ്യംകൊണ്ട് ശരീരം സ്വീകരിച്ചവനായി പരമാത്മാവായിരിക്കുന്ന അങ്ങേയ്ക്ക് നമസ്കാരം.

47. ഭാഗീരഥീ പാദകുശേശയാതേ
വിനിർഗതാ വിശ്വമിദം പുനീതേ
കസ്ത്വാം പുനർഭാവയതോ ജനസ്യ
ശുദ്ധിം പരിച്ഛേത്തുമലം മനീഷീ.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. ഭാഗീരഥീ = ഗംഗാനദി. തേ = അങ്ങയുടെ. പാദകുശേശയാത് = പാദപദ്മത്തിൽനിന്നും. വിനിർഗ്ഗതാ = പുറപ്പെട്ട്. ഇദം വിശ്വം = ഈ ലോകത്തെ. പുനീതേ = പരിശുദ്ധമാക്കുന്നു. ത്വാം = അങ്ങയെ. ഭാവയതഃ = സേവിക്കുന്ന. ജനസ്യ = ജീവിയുടെ. ശുദ്ധിം = പരിശുദ്ധിയെ. പരിച്ഛേത്തും =

ഇത്രയെന്നുകണക്കാക്കുന്നതിനു്. പുനഃ = പിന്നെ. കഃ മനീഷഃ = ഏതുബുദ്ധിമാൻ. അലം = സമർത്ഥനാകും.

സാരം:— അല്ലയോ ഭഗവാനേ! ജഗത്പാവനിയായ ഗംഗാനദിതന്നെ അങ്ങയുടെ പാദപത്മത്തിൽനിന്നു പുറപ്പെട്ടതാണു് ഈ വിശ്വത്തെ പരിശുദ്ധമാക്കുന്നതു്. ആ സ്ഥിതിക്കു് അങ്ങയെ സർവ്വദാ ധ്യാനിച്ചു താദാത്മ്യം കൊള്ളുന്ന ജനത്തിന്റെ പരിശുദ്ധി എത്രയെന്നു പരിച്ഛേദിക്കുവാൻ ഒരു ബുദ്ധിമാനും സമർത്ഥനാകുന്നതല്ല.

48. അനന്തശക്തേരപവിക്രിയസ്യ
തിസ്രസ്ത്രിലോകീശ്വരശക്തയസ്തേ
വിതന്വതേ സ്ഥാവരജങ്ഗമാനാ-
മുത്പാദനക്ഷേമവിലോപനാനി.

ഹേ ത്രിലോകീശ്വര! = മൂന്നുലോകത്തിനും നാഥനായ അല്ലയോ ഭഗവാനേ. അനന്തശക്തേഃ = അവസാനമറ്റ ഐശ്വര്യത്തോടുകൂടിയവനും. അപവിക്രിയസ്യ = വികാരരഹിതനുമായ. തേ = അങ്ങയുടെ. തിസ്രഃ ശക്തയഃ = സത്വരജസ്തമസ്സുകളായ മൂന്നുശക്തികളും. സ്ഥാവരജങ്ഗമാനാം = അചരങ്ങളുടെയും ചരങ്ങളുടെയും. ഉത്പാദനക്ഷേമവിലോപനാനി = സൃഷ്ടിയേയും രക്ഷയേയും സംഹാര(നാശ)ത്തേയും. വിതന്വതേ = ചെയ്യുന്നു.

സാരം: — അല്ലയോ ത്രിലോകനാഥ! അനുതിയില്ലാത്ത ശക്തികളോടുകൂടിയവനും വികാരങ്ങളേതും ഇല്ലാത്തവനുമായ അങ്ങയുടെ സത്വരജസ്തമോരൂപങ്ങളായ മൂന്നു ശക്തികളാണു് സ്ഥാവരജംഗമാത്മകമായ ഈ ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളും ചെയ്യപ്പോരുന്നതു്.

49. കടാക്ഷമാത്രേണ ഭവാംബുരാശേഃ
പാരംപരം പ്രാപയിതുസ്ത്രിലോകീം
സകൃന്നമസ്യാ പരമാതരസ്യേ
യത്നാനരൂപാ ഹി ഫലം ക്രിയാണാം.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. കടാക്ഷമാത്രേണ = കടക്കണ്ണുകൊണ്ടുള്ള നോട്ടത്താൽമാത്രം. ത്രിലോകീം = മൂന്നു ലോകത്തെയും. ഭവാംബുരാശേഃ = സംസാരസാഗരത്തിന്റെ. പാരം പാരം = മറുകര. പ്രാപയിതുഃ തേ = കടത്തുന്ന അങ്ങേക്കു്. ആതരഃ = കടത്തുകുലി. സകൃൽ = ഒരു പ്രാവശ്യത്തെ. നമസ്യാ പരം = നമസ്കാരം മാത്രമാണു്. ക്രിയാണാം = പ്രവൃത്തികളുടെ. ഫലം = ഫലം. യത്നാനരൂപം ഹി = പ്രയത്നത്തിനനുസരിച്ചാണല്ലൊ.

സാരം: — അല്ലയോ ഭഗവാനേ! മൂന്നുലോകത്തെയും കടാക്ഷമാത്രംകൊണ്ടു സംസാരസമുദ്രത്തിന്റെ മറുകര എത്തിക്കുന്ന അങ്ങേയ്ക്കു് അതിനു കടത്തുകുലിയായി

ആവശ്യമുള്ളതു്. ഒരു പ്രാരംഭം അപ്പിക്കപ്പെട്ടന്ന നമസ്കാരം മാത്രമാണ്. പ്രവൃത്തികളുടെ ഫലം പ്രയത്നത്തിനനുസരിച്ചിരിക്കുമെന്നു ലോകപ്രസിദ്ധമാണ്. ലോകരെ കടാക്ഷംകൊണ്ടുമാത്രം സംസാരസമുദ്രത്തിന്റെ മറുകര എത്തിക്കുക എന്ന പ്രവൃത്തിയിൽ പ്രയത്നം അല്പം മാത്രമായിരിക്കുന്നതിനാൽ പ്രതിഫലം ഒറ്റ നമസ്കാരം മാത്രമായിത്തീന്നിരിക്കുന്നു. ഒരുകോടി നമസ്കരിക്കുന്നവനെപ്പോലും കരുണാശാലിയായ ഭഗവാൻ സംസാരവിനിർമുക്തനാക്കിത്തീർക്കുന്നു എന്നാണിതിന്റെ താത്പര്യം.

59. തപം ജ്യോതിരാപസ്തപമസി തപമുർവീ
തപം വ്യോമ വൈശ്വാനരസാരഥിസ്തപം
തപം ജീവഭൂഃ പരമസ്തപമാത്മാ
യന്നാസി കിന്നാമ ജഗത്പതേ തത്.

ഹേ ജഗത്പതേ! = അല്ലയോ ലോകനാഥ, തപം ജ്യോതിരസി = അങ്ങ് തേജസ്സാകുന്നു. തപം ആപ അസി = അങ്ങ് ജലമാകുന്നു. തപം ഉർവീ അസി = അങ്ങ് ഭൂമിയാകുന്നു. തപം വ്യോമ അസി = അങ്ങു ആകാശമാകുന്നു. തപം വൈശ്വാനരസാരഥിഃ അസി = അങ്ങു അഗ്നിയുടെ തേരാളിയായ വായുവാകുന്നു. തപം ജീവഭൂഃ അസി = അങ്ങ് ജീവാത്മസമൂഹമാകുന്നു. തപം പരമഃ ആത്മാ അസി = അങ്ങ് പരമാത്മാവാകുന്നു. തപം യത് ന അസി = അങ്ങ് യാതൊന്നായി

ഭവിക്കുന്നില്ലയോ. തത് കിം നാമ = അതു് എന്താണ്. (അങ്ങയിൽ നിന്നന്യമായിയാതൊന്നുമില്ല).

സാരം:— അല്ലയോ ജഗത്പതേ! തേജസ്സും ജലവും ഭൂമിയും ആകാശവും വായുവും അങ്ങുതന്നെ. ജീവാത്മാക്കളും പരമാത്മാവും അങ്ങുതന്നെ. അങ്ങല്ലാത്തതായ ഒരു വസ്തുവുമില്ല. അങ്ങു് സച്ചിദാത്മകനാകുന്നു എന്നു താത്പര്യം.

51. നവാഭ്രവർണ്ണം നളിനായതാക്ഷം
പീതാംബരം ഹാരകിരീടിനം തവാം
വയം തു സേവേമഹി വീക്ഷമാണാ-
സ്സായുജ്യമനിച്ഛതി കസ്സുഖാർത്ഥീ.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനെ. നവാഭ്രവർണ്ണം = പുതുമേഘത്തിന്റെ നിറംപോലെയുള്ള നിറത്തോടുകൂടിയവനും. നളിനായതാക്ഷം = താമരപൂവുപോലെ നീണ്ടനേത്രങ്ങളോടുകൂടിയവനും. പീതാംബരം = മഞ്ഞപട്ടുള്ളവനും. ഹാരകിരീടിനം = മുത്തുമാലയും കിരീടവും അണിഞ്ഞവനുമായ. തവാം = അങ്ങയെ. വയം തു = ഞങ്ങളാകട്ടെ. വീക്ഷമാണാഃ = അനവരതം കണ്ടുംകൊണ്ടു്. സേവേമഹി = ആരാധിക്കാൻ ഇടവരണമേ. സുഖാർത്ഥീ കഃ = സുഖം ആഗ്രഹിക്കുന്ന ഏവൻ. സായുജ്യം = മോക്ഷത്തെ. അനിച്ഛതി = അനിഷ്ടപ്പെടുന്നു.

സാരം:- അല്ലയോ ഭഗവാനേ! പുതുമേഘത്തിന്റെ നിറമുള്ള വണ്ണം താമരപ്പൂപോലെ നീണ്ട കണ്ണുകളുള്ള വണ്ണം മഞ്ഞപ്പട്ടാട ഉടുത്തു മുത്തുമാലയും കിരീടവും ധരിച്ചു വിലസുന്നവണ്ണമായ ഭഗവാനേ ഇങ്ങനെ കണ്ടുകൊണ്ടു സാലോക്യവും സാമീപ്യവുമാൻ സേവിക്കുവാൻ ഇടവരേണമേ. സുഖം വേണമെന്നു് ആഗ്രഹിക്കുന്ന ആരു് മാക്ഷത്തെ കൊതിക്കുന്നതല്ല.

52. അലം ന നിർദ്ദേഷ്ടുമിയത്തയാ ത്വാ-
മശേഷനാഥ! ശ്രുതിരപ്യുമാപി
സ ഏവ സാക്ഷാത് ക്രിയസേ പുനസ്ത്വ-
മഹോജിത് നസ്സുകൃതൈരനല്പൈഃ.

ഹേ അശേഷനാഥ! = സർവ്വജഗത്തിനും നാഥനായ അല്ലയോ ഭഗവാനേ അഗ്രിമാ ശ്രുതിഃ അപി = ഉപനിഷത്തും. ത്വാം = അങ്ങയെ ഇയത്തയാ = ഇത്രമാത്രമുള്ളവൻ എന്നു. നിർദ്ദേഷ്ടും = പറയുവാൻ. ന അലം = ശക്തമല്ല അസ്മാദൃശഃ പുനഃ ഞങ്ങളാലാകട്ടെ. സഃ ത്വം ഏവ = ആ നിന്തിരുവടിതന്നെ. സാക്ഷാത് ക്രിയസേ = നേരിൽ കാണപ്പെടുന്നു. അനല്പൈഃ = അതിമഹത്തരങ്ങളായ. നഃ = ഞങ്ങളുടെ. സുകൃതൈഃ = പുണ്യപൂരങ്ങളാൽ. ജിതം = ജയിപ്പു എന്നുള്ളതുണ്ടായി. അഹോ = അത്ഭുതം.

സാരം:- അല്ലയോ സർവ്വേശ്വര! ഉപനിഷത്തുപോലും അങ്ങയുടെ സ്വരൂപമെന്തെന്നു് സൂക്ഷ്മമായി നിർദ്ദേശിക്കുവാൻ പര്യാപ്തമാകുന്നില്ല. അപ്രകാരമുള്ള അവിടുത്തെ സാക്ഷാത്കരിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിരിക്കുന്നു. ഇതു് ഞങ്ങളുടെ അനല്പമായ ഭാഗ്യത്തിന്റെ വിജയം തന്നെയാണു്.

53. തൂണായ മത്പാ നിഖിലാനി ശാർങ്ഗിൻ
പദാനി വൈധേയമനോഹരാണി
ആവൃത്തിശൂന്യം പരമം പദം തേ
വാഞ്ഛന്തി വൈരാഗ്യധനാ മഹാന്തഃ.

ഹേ ശാർങ്ഗിൻ! = അല്ലയോ വിഷ്ണുശേവാരനേ. വൈരാഗ്യധനാഃ = വിരക്തിയാകുന്ന സമ്പത്തുള്ള. മഹാന്തഃ = മഹാന്മാർ. വൈധേയമനോഹരാണി = മൂഢന്മാക്കു ചേതോഹരങ്ങളായ. നിഖിലാനി = സമസ്ത. പദാനി = സ്ഥാനങ്ങളെയും. തൂണായ മത്പാ = പുല്ലിനു കരുതിയിട്ടു്. ആവൃത്തിശൂന്യം = പുനരാവൃത്തിരഹിതമായി. പരമം = ശ്രേഷ്ഠമായിരിക്കുന്ന. തേ = അങ്ങയുടെ. പദം = സ്ഥാനത്തെ (വിഷ്ണുലോകത്തെ). വാഞ്ഛന്തി = ആഗ്രഹിക്കുന്നു.

സാരം:- അല്ലയോ വിഷ്ണോ! ക്ഷണികങ്ങളായ ലൗകിക ഭോഗങ്ങളിൽ വിരക്തിപൂണ്ട മഹാന്മാർ മൂഢജനങ്ങളെ

മാത്രം ആകഷ്ടിക്കുവാൻ ചോരുന്ന സപ്തഭൂമിസ്ഥാനങ്ങളെ തുണവൽ ഗണിച്ചിട്ട് പുനരാവൃത്തിശൂന്യമായ വൈകുണ്ഠലോകത്തെ പ്രാപിക്കുവാനാഗ്രഹിക്കുന്നു.

54. ഇതി സ്തുതോ ദേവഗണേന ദേവോ
ദയാനിധിർഭൂനവകാളരാത്രിഃ
നൃഷ്ടിദുത്ഥായ ഭരാവളഗ്നേ
ളജങ്ഗതല്പേ ഭുവനൈകനാഥഃ.

ഇതി = ഇപ്രകാരം. ദേവഗണേന = സുരസമൂഹത്താൽ. സ്തുതഃ = വാഴ്ത്തപ്പെട്ടവനായി. ദയാനിധിഃ = ദയയ്ക്കിരിപ്പിടമായി. ഭാനവകാളരാത്രിഃ = അസുരന്മാർക്ക് നാശഹേതുവായി. ഭുവനൈകനാഥഃ = ലോകങ്ങൾക്ക് മുഖ്യരക്ഷകനായിരിക്കുന്ന. ദേവഃ = വിഷ്ണുദേവൻ. ഉത്ഥായ = എഴുന്നേറ്റ്. ഭരാവളഗ്നേ = ഭാരംകൊണ്ടു കുനിഞ്ഞ. ളജംഗതല്പേ = സർപ്പശയ്യയിൽ. നൃഷ്ടിദുത് = ഇരുന്നു.

സാരം:- ഇപ്രകാരം ദേവസമൂഹത്താൽ സ്തുതിക്കപ്പെട്ട ദയാലുവും ദൈത്യശത്രുവും ഭുവനൈകനാഥനുമായ മഹാവിഷ്ണു എഴുന്നേറ്റ് ഭാരംകൊണ്ടു വളഞ്ഞ ആ സർപ്പശയ്യയിൽ ഇരുന്നു.

55. വിക്ഷ്വക്കൾ സ വൈഷ്ണവിലാസിനീനാം
സലീലമാന്ദോളിതചാമരാണാം
നിവാരയന്നഗ്രകരാരവിന്ദൈഃ
കോലാഹലം കാഞ്ചനകങ്കണോത്ഥം.

56. പ്രസാദവത്യാ കമലാസനാദിൻ
സുരാനശേഷാനനുഗൃഹ്യ ദൃഷ്ട്യാ
ഉവാച വാചാ ദശനാംശുപൂരൈ-
സ്സമേധയൻ ദിഗ്വലയം പയോധിം.

സഃ = ആ വിഷ്ണുഭഗവാൻ. വിക്ഷ്വക്കൾ = ചുറ്റും. സലീലം = വിലാസത്തോടുകൂടെ. ആന്ദോളിതചാമരാണാം = വെൺചാമരം വീശുന്ന. വൈഷ്ണവിലാസിനീനാം = വിഷ്ണുലോകത്തിലെ സുന്ദരിമാരുടെ. കാഞ്ചനകങ്കണോത്ഥം = സുവർണ്ണവളകളിൽ നിന്നുപുറപ്പെടുന്ന. കോലാഹലം = ശിഞ്ജിതത്തെ. അഗ്രകരാരവിന്ദൈഃ = താമരപ്പൂപോലെയിരിക്കുന്ന അഗ്രഹസ്തങ്ങൾകൊണ്ട്. നിവാരയൻ = തടസ്സപ്പെടുത്തിയിട്ട്. കമലാസനാദിൻ = ബ്രഹ്മാവുമുതലായ. അശേഷാൻ സുരാൻ = എല്ലാ ദേവന്മാരേയും. പ്രസാദവത്യാ ദൃഷ്ട്യാ = തെളിവേറിയ നേത്രംകൊണ്ട്. അനുഗൃഹ്യ = അനുഗ്രഹിച്ചിട്ട്. ദശനാംശുപൂരൈഃ = മന്ദഹാസത്തോടെ പ്രവാഹങ്ങൾകൊണ്ട്. ദിഗ്വലയം പയോധിം = പാലാഴിയെ.

സമേധയൻ = വർദ്ധിപ്പിക്കുന്നവനായിട്ട്. വാചം = വാക്കിനെ. ഉവാച = പറഞ്ഞു.

സാരം:- ആ വിഷ്ണുഭഗവാൻ ചുറ്റും നിന്നു ലീലാരസത്തോടുകൂടി വെൺചാമരം വീശുന്ന വൈകുണ്ഠവിലാസിനിമാരുടെ സ്പർശ്ശവളകളിൽ നിന്നും ഉയരുന്ന കോലാഹലത്തെ കൈത്തലംപൊക്കിത്തടഞ്ഞിട്ട് ബ്രഹ്മാവു തുടങ്ങിയ എല്ലാദേവന്മാരെയും പ്രസാദംസ്ഫുരിക്കുന്ന ദൃഷ്ടികൊണ്ട് അനുഗ്രഹിച്ചിട്ട് പുഞ്ചിരി പൂനിലാവു പൊഴിച്ച് ആ ക്ഷീരാബ്ധിയെ വർദ്ധിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു.

57. അധിജ്യകോദണ്ഡധരോ നിഷങ്ഗീ
സന്നാഹവാൻ പാണിധൃതൈകബാണഃ
അയം സമാജോ ഭവതാന്ദ്വിഷദ്ഭ്യോ
ഭയം സമാവേദയതി സ്ഫുടം മേ.

അധിജ്യകോദണ്ഡധരഃ = ഞാൺവലിച്ചുകെട്ടിയ വില്ലിനെ ധരിക്കുന്നതും. നിഷംഗീ = ആവനാഴിയോടുകൂടിയതും. സന്നാഹവാൻ = കവചബന്ധമുള്ളതും. പാണിധൃതൈകബാണഃ = ഒരു ശരം കയ്യിൽ എടുത്തിട്ടുള്ളതുമായ. അയം = ഈ. ഭവതാം = നിങ്ങളുടെ. സമാജഃ = സമൂഹം (കൂട്ടം). ദ്വിഷദ്ഭ്യഃ = ശത്രുക്കളിൽനിന്നുള്ള. ഭയം = ഭീതിയെ സ്ഫുടം = സ്പഷ്ടമായി. മേ = എന്നെ. നിവേദയതി = അറിയിക്കുന്നു.

സാരം:- ഞാണൊറിയ വില്ലുധരിക്കുന്നവരും ആവനാഴിയോടുകൂടിയവരും കവചബന്ധമുള്ളവരും കയ്യിൽ അമ്പൊട്ടുത്തിട്ടുള്ളവരുമായ നിങ്ങളുടെ ഈ ക്രൂരംതന്നെ നിങ്ങടം ശത്രുഭീതരാണെന്നുള്ള തത്ത്വം എനിക്കു പ്രസ്പഷ്ടമാക്കിത്തരുന്നു.

58 അലം വിളംബേന ദിവൗകസസ്ത-
ന്നിവേദ്യതാമദ്യ കുതോ ഭയം വഃ
അയം കരോ ദുഷ്ടവധോത്സുകം മേ
സുദർശനം ന ക്ഷമതേ നിരോദ്ധും.

ഹേ ദിവൗകസഃ! = അല്ലയോ ദേവന്മാരെ, വിളംബേന = അലം = താമസിക്കേണ്ട. തത് = അതുകൊണ്ട്. അദ്യ = ഇപ്പോൾ. വഃ = നിങ്ങൾക്കു. കുതഃ = ആരിൽ നിന്നാണു. ഭയം = ഭയം. നിവേദ്യതാം = അറിയിച്ചാലും. അയം മേ കരഃ = ഈ എന്റെ കയ്യ്. ദുഷ്ടവധോത്സുകം = ദുഷ്ടന്മാരെ കൊല്ലുന്നതിൽ ഉത്സാഹത്തോടുകൂടിയ. സുദർശനം = സുദർശനചക്രത്തെ. നിരോദ്ധും = തടയുന്നതിനു. ന ക്ഷമതേ = ശക്തമായിത്തീരുന്നില്ല.

സാരം:- അല്ലയോ ദേവന്മാരെ! താമസിക്കേണ്ട. ഇപ്പോൾ നിങ്ങടംക്കു് ആരിൽനിന്നാണു് ഭയമെന്നു്

പറഞ്ഞാലും. ഇനി എന്റെ കയ്യിൽ ഭഷ്ടന്മാരെ വധിക്കുവാൻ താതൻപയ്യും പൂണ്ട സുദർശനചക്രത്തെ തടുക്കുവാൻ കഴിയുന്നില്ല.

59. ഇത്യൂചിവാംസം പരമം പുമാംസം
നത്വാ ശിരോഭിർബഹുശസ്സുരാസ്തേ
ആത്യുഡഹർഷാതിശയാസ്സ്വമർത്ഥ-
മാരേഭിരേ വക്തുമശേഷമേവ.

തേ സുരാഃ = ആ ദേവന്മാർ. ഇതി = ഇങ്ങനെ. ഉചിവാംസം = പറഞ്ഞ. പരമം = പരമനായ. പുമാംസം = പുരുഷനെ. ബഹുശഃ = വീണ്ടും വീണ്ടും. ശിരോഭിഃ നത്വാ = തലകനിച്ചു വണങ്ങിയിട്ട്. ആത്യുഡഹർഷാതിശയാഃ = വർദ്ധിച്ച സന്തോഷാതിശയത്തോടുകൂടിയവരായിട്ട്. സ്വം അർത്ഥം = തങ്ങളുടെ ആഗമനപ്രയോജനം അശേഷം ഏവ = മുഴുവനുംതന്നെ. വക്തും = പറയാൻ. ആരേഭിരേ = തുടങ്ങി.

സാരം:- ആ ദേവന്മാർ ഇപ്രകാരം പറഞ്ഞ പരമപുരുഷനായ ആ ഭഗവാനെ പിന്നെയും പിന്നെയും തലകനിച്ചു നമസ്കരിച്ചിട്ട് സന്തോഷാധിക്യത്തോടുകൂടി തങ്ങളുടെ ആഗമനകാര്യത്തെ സവിസ്തരം പറയുവാൻ ആരംഭിച്ചു.

60. നിവാര്യ്യ സർവ്വാനപി വക്ത്രകാമാൻ
സേനാപതിസ്ഥാനമരാൻ കരേണ
സവിഭ്രമപ്രേരിതയാ പുരസ്ഥം
ദൃഷ്ട്യാ സരോജാസനമാജുഹാവ.

സേനാപതിഃ = സേനാനായകൻ. വക്ത്രകാമാൻ = പഠയാനായുഹമുള്ള. സർവ്വാൻ അപി = എല്ലാം. അമരാൻ = ദേവന്മാരേയും. കരേണ = കൈകൊണ്ടു. നിവാര്യ്യ = വിലക്കിയിട്ടു. സവിഭ്രമപ്രേരിതയാ ദൃഷ്ട്യാ = വിലാസത്തോടുകൂടി വ്യാപരിക്കുന്ന കണ്ണുകൊണ്ടു. പുരസ്ഥം = മുമ്പിൽ നിൽക്കുന്ന. സരോജാസനം = ബ്രഹ്മാവിനെ, ആജുഹാവ = ക്ഷണിച്ചു.

സാരം:- ഭഗവാന്റെ ചോദ്യത്തിനു മറുപടിയായി സംസാരിക്കാൻ തുടങ്ങിയ ദേവന്മാരെ എല്ലാം കൈകൊണ്ടു തടഞ്ഞിട്ടു സേനാനായകൻ മുൻപിൽ നിൽകുന്ന ബ്രഹ്മാവിനെ വിലാസപൂവ്വം കണ്ണുകാട്ടി വിളിച്ചു.

61. അഥാഗതസ്തേന കരേ ഗൃഹീതപാ
നീതഃ പ്രഭോരന്തികമബ്ജയോനിഃ
വക്ത്രം നിയുക്തസ്യ കൃതപ്രണാമോ
വിജ്ഞാപയാമാസ വിനീതവേഷഃ.

അഥ = അതിനുശേഷം. ആഗതഃ സഃ അബ്ജയോനിഃ = വന്നുചേർന്ന ആ ബ്രഹ്മാവു്. തേന = ആ സേനാനായകനാൽ. കരേ = കയ്യിൽ. ഗൃഹീതാ = പിടിച്ചു. പ്രഭോഃ = നാഥന്റെ (ശ്രീനാരായണന്റെ). അന്തികം = സമീപത്തിൽ. നീതഃ = കൊണ്ടുപോകപ്പെട്ടവനായി. വക്തും = സംസാരിക്കാൻ. നിയുക്തഃ = ഏർപ്പാടുചെയ്യപ്പെട്ടവനായി. വിനീതവേഷഃ = ഒതുക്കിയ വേഷത്തോടുകൂടിയവനായി. കൃതപ്രണാമഃ = നമസ്കാരപൂർവ്വം. വിജ്ഞാപയാമാസ = അറിയിച്ചു.

സാരം:- അതിന്റെ ശേഷം മുന്നോട്ടു വന്ന ബ്രഹ്മാവിനെ സേനാനായകൻ കൈക്കുപിടിച്ചു ഭഗവാന്റെ മുൻപിൽ കൊണ്ടുനിറുത്തി മറുപടി പറയുവാൻ നിയോഗിച്ചു. വിനീതവേഷനായ ബ്രഹ്മാവു് നമസ്കാരപൂർവ്വം ഇങ്ങനെ അറിയിച്ചു.

62. വയം തവ്യാ ദത്തവിഭ്രതയോഽപി
മോഹാതിരേകാദഭിമന്യമാനാഃ
കൃഷ്ണേ പുനസ്ത്വാം ശരണം വ്രജന്തോ
ഹാ! നിസ്ത്രപാണാം പ്രഥമേ ഭവാമഃ.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. തവ്യാ = നിന്നിരുവടിയാൽ. ദത്തവിഭ്രതയഃ അപി = നൽകപ്പെട്ട സമ്പത്തോട്-

ക്രൂടിയവരാണെങ്കിലും. വയം = ഞങ്ങളും. മോഹാതിരേകാത് = അജ്ഞാനത്തിന്റെ ക്രൂത്തൽകൊണ്ട്. അഭിമന്യുമാനാഃ = ശ്ലാഘിഷ്ണുന്മാരായിട്ട്. പുനഃ = വീണ്ടും. കൃച്ഛ്രേ = സങ്കടാവസ്ഥയിൽ. ത്വാം = അങ്ങയെ. ശരണം = രക്ഷിക്കുവേണ്ടി. പ്രപന്നാഃ = ആശ്രയിക്കുന്നവരായി. നിസ്രപാണാം = നിർല്ലജ്ജന്മാരിൽ- പ്രഥമേ = മുൻപന്മാരായി. ഭവാമഃ = തീരുന്നു. ഹാ! = കഷ്ടം.

സാരം:- അല്ലയോ ഭഗവാനേ! ഞങ്ങൾക്കുള്ള സമ്പ്രതികളെല്ലാം അവിടുന്നു തന്നതാണു്. എന്നാലും അജ്ഞാനം കൊണ്ടു് അതൊന്നുമറിയാതെ ഞങ്ങൾ അഹങ്കരിച്ചു പോരുന്നു. പിന്നെ ആപത്തു വരുമ്പോഴാണു് ഞങ്ങൾ അങ്ങയെ ശരണംപ്രാപിക്കുന്നതു്. അത്തരക്കാരായ ഞങ്ങൾ നിർല്ലജ്ജന്മാരിൽ മുൻപരാണു്.

63. അപാരദുഃഖാർണ്ണവപോതപാത്രീം
ത്വയാ കൃപാമുദ്വഹതാതിഹ്രീം
കൃതഘ്നതാജന്മഭുവാമമീഷാ-
മസ്മാകമത്രോ ന കിമനുഭാവി.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. അപാരദുഃഖാർണ്ണവപോതപാത്രീം = അവസാനമറ്റ ദുഃഖമാകുന്ന സമുദ്രത്തിനു കടത്തുതോണിയായും. അതിഹ്രീം = ഏറ്റവും മഹത്തായും ഇരിക്കുന്ന. കൃപാം= ദയയെ. ഉദ്വഹതാ ത്വയാ =

ഉറക്കാളുന്ന അങ്ങയാൽ. കൃതജ്ഞതാശൂന്യമായ = നന്ദികേടി
നൻ ഉത്പത്തിസ്ഥാനമായ. അമീക്ഷാം = ഈ. അസ്മാകം=
ഞങ്ങളുടെ. അർത്ഥേ = കാര്യത്തിനു്. കിം ന അനുഭവി=
ഏതു് അനുഭവിക്കപ്പെട്ടില്ല.

സാരം :- അപ്പപ്പോഴുണ്ടാകുന്ന ദുഃഖങ്ങളാകുന്ന സമുദ്ര
ങ്ങളുടെ മുകര കടത്തുവാൻ ഞങ്ങളെ സഹായിക്കുന്ന
തോണിയായും അതിമഹത്തുമായ കൃപയോടുകൂടിയ
നിന്തിരുവടി കൃതഘ്നന്മാരായ ഞങ്ങൾക്കുവേണ്ടി എന്തെ
ല്ലാം അവസ്ഥകളാണു് അനുഭവിച്ചിട്ടുള്ളതു്. കൃപാനിധി
യായ വിഷ്ണുഭഗവാൻ ദേവന്മാരെ രക്ഷിക്കുവാൻ വളരെ
വളരെ ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ടെന്നു താത്പര്യം.

64. മനസ്വിലോകസ്യ വിഗർഹണീയേ
പ്രതിഗ്രഹേ വഞ്ചയതാ ജഗത്പ്സാം
പുരാ പുരസ്താദ് ബലിദാനവസ്യ
പ്രസാരിതോ നാഗകരസ്തയാ കിം ?

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. മനസ്വിലോകസ്യ =
സജ്ജനങ്ങൾക്കു. വിഗർഹണീയേ = നിന്ദ്യമായ. പ്രതി–
ഗ്രഹേ = ദാനസ്വീകാരത്തിൽ. ജുഗുപ്സാം = അറപ്പു്.
വർജ്ജയതാ = ഉപേക്ഷിച്ചു. തയാ = അങ്ങയാൽ. പുരാ=
പണ്ടു്. ബലിദാനവസ്യ = മഹാബലി എന്ന അസുരന്റെ.

പുരസ്കൃതേ = മുൻപിൽ. അഞ്ജകരഃ = കൈത്തലം. പ്രസാ-
രിതഃ ന കിം = നീട്ടപ്പെട്ടില്ലയോ ?

സാരം:- അല്ലയോ ഭഗവാനെ! ദേവന്മാരായ ഞങ്ങളെ രക്ഷിക്കുവാനായി അങ്ങു പണ്ടു് മനസ്വിലോകം നിന്ദ്യമെന്നു വിധിച്ചിട്ടുള്ള ദാനസ്വീകാരത്തിൽ വെറുപ്പു വെടിഞ്ഞു് അവിടുന്നു് സ്വന്തം കൈത്തലം ബലിയെന്ന അസുരന്റെ മുൻപാകേ നീട്ടിയില്ലേ?

65. ദൈത്യാധിരാജേന ഹിരണ്യനാമ്നാ
പര്യുദ്യതം ത്രാതുമശേഷലോകം
ഇദന്തു ദിവ്യം പരിഗൃഹ്യ രൂപം
ന ത്വം കിമാസീന്നരതിര്യഗാത്മാ.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. ഹിരണ്യനാമ്നാ = ഹിരണ്യകശിപു എന്ന പ്രസിദ്ധനായ. ദൈത്യാധിരാജേന = അസുരചക്രവർത്തിയെക്കൊണ്ടു. പര്യുദ്യതം = വലഞ്ഞ. അശേഷലോകം = ജനങ്ങളെ മുഴുവൻ. ത്രാതും = സംരക്ഷിക്കുന്നതിനുവേണ്ടി. ദിവ്യം ഇദം രൂപം തു = ദിവ്യമായ ഈ സ്വന്തം രൂപത്തെ. പരിഗൃഹ്യ = ഉപേക്ഷിച്ചിട്ടു്. ത്വം =

അങ്ങ്. നരതിര്യഗാത്മാ = നരസിംഹരൂപമായി. ന അസീഃ കിം = തീർന്നില്ലയോ?

സാരം:- അല്ലയോ ഭഗവാനെ! അങ്ങു ദൈത്യാധിനാഥനായ ഹിരണ്യകശിപുവിനാൽ വിശരായിത്തീർന്ന ലോകരെ മുഴുവൻ രക്ഷിക്കുവാനായി ഈ ദിവ്യരൂപം ഉപേക്ഷിച്ചു് നരസിംഹരൂപം ധരിച്ചില്ലേ?

66. സപവിക്രമാക്രാന്തസുരാസുരസ്യ
രക്ഷഃ പതേർന്നിഗ്രഹണാദരേണ
ഭ്രതപാ സുതഃ പങ്കതിരഥസ്യ രാജ്ഞഃ-
സ്താന്താമവസ്ഥാം ന കിമനപഭ്രസ്ഥം.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. സപവിക്രമാക്രാന്തസുരാസുരസ്യ = സുരന്മാരെയും അസുരന്മാരെയും സപന്തം പരാക്രമംകൊണ്ടു് ജയിച്ചു കീഴടക്കിയ. രക്ഷഃ പതേഃ = രാവണന്റെ. നിഗ്രഹണാദരേണ = വധത്തിലുള്ള താത്പര്യംകൊണ്ടു്. പങ്കതിരഥസ്യ=ദശരഥനായ. രാജ്ഞഃ=മഹാരാജാവിന്റെ. സുതഃ = പുത്രനായി. ഭ്രതപാ = ജനിച്ചു്. തപം = അങ്ങ്. താം താം അവസ്ഥാം = അതതു വനവാസം തുടങ്ങിയ കഷ്ടപ്പാടുകളെ. ന അനപഭ്രസ്ഥം കിം = അനുഭവിച്ചില്ലയോ?

സാരം:- അല്ലയോ ഭഗവാനേ! സപ്തം പരാക്രമം കൊണ്ട് സുരാസുരന്മാരെ ജയിച്ചുകീഴടക്കിയ രാക്ഷസ രാജാവായ രാവണനെ കൊല്ലുന്നകാര്യത്തിലുള്ള താത് പര്യം കൊണ്ട് അങ്ങു ദശരഥപുത്രനായി ജനിച്ചു് വന വാസം ഭാര്യാവിയോഗം തുടങ്ങി വളരെ കഷ്ടപ്പാടുകളും അനുഭവിച്ചില്ലയോ?

67. അനേകധാ പാലയിതാരമേവം
സംപ്രത്യപി ത്വാം ശരണം പ്രപന്നാഃ
സന്താപഹാരീ നനു ചാതകാനാം
ഭൂയോഽപി ഭൂയോഽപി പയോദ ഏവ.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. ഏവം അനേകധാ= ഇങ്ങനെ പലമട്ടിൽ. പാലയിതാരം ത്വാം = രക്ഷിതാവായ അങ്ങയെ. സംപ്രതി അപി = ഇപ്പോഴും. വയം = ഞങ്ങളും. ശരണം പ്രപന്നാഃ = ശരണം പ്രാപിക്കുന്നു. ചാതകാനാം = വേഴാമ്പൽ പക്ഷികൾക്കു്. ഭൂയഃ അപി ഭൂയഃ അപി = വീണ്ടും വീണ്ടും. സന്താപഹാരീ = ദുഃഖത്തെ ഇല്ലാതാക്കുന്നതു്. പയോദഃ ഏവ നനു = മേഘം തന്നെയാണല്ലോ.

സാരം:- അല്ലയോ ഭഗവാനെ! ഇപ്രകാരം അനേക തരത്തിൽ ഞങ്ങളെ രക്ഷിച്ചരുളിയ അങ്ങയെത്തന്നെ ഇപ്പോഴും ഞങ്ങൾ ശരണം പ്രാപിക്കുന്നു. വേഴാമ്പൽ കുംകുചിന്നെയും പിന്നെയും സന്താപഹാരിയായിട്ടുള്ളതു് മേഘംതന്നെയാണല്ലോ.

68. വിശ്വം വിദന്നപ്യവിദന്നിവ ത്വം
നാഥാനയുങ്ക്ഷേ ഭയഹേതുമസ്മൻ
അനുഗ്രഹസ്യൈതദപി പ്രയുക്തണാം
പ്രായഃ പ്രകാരാന്തരമാശ്രിതേഷു.

ഹേ നാഥ! = അല്ലയോ രക്ഷിതാവേ, വിശ്വം = സർവ്വവും വിദൻ അപി = അറിയുന്നവനാണെങ്കിലും, ത്വം = അങ്ങു്. അവിദൻ ഇവ = അറിയാത്തവനെപ്പോലെ. അസ്മൻ = ഞങ്ങളോടു്. ഭയഹേതും = ഭീതികാരണത്തെ. അനുയുങ്ക്ഷേ = ചോദിക്കുന്നു. ഏതത് അപി = ഇതും. പ്രായഃ= മിക്കവാറും. പ്രയുക്തണാം = പ്രയുക്തന്മാരുടെ. ആശ്രിതേഷു = ആശ്രയിക്കുന്നവരിലുള്ള. അനുഗ്രഹസ്യ = അനുഗ്രഹത്തിന്റെ. പ്രകാരാന്തരം = വകഭേദമാകുന്നു.

സാരം:- അല്ലയോ ലോകനാഥ! എല്ലാം അവിടത്തേക്കു് അറിയാമെങ്കിലും ഒന്നും അറിയാത്തവനെപ്പോലെ അങ്ങു് ഞങ്ങളോടു ഭയത്തിനു കാരണമെന്തെന്നു ചോദിക്കുന്നു. ഈ സംപ്രദായം മിക്കവാറും പ്രയുക്ത

ങ്ങൾക്കു് ആശ്രിതന്മാരുടെ പേരിലുള്ള അനുഗ്രഹത്തിന്റെ വകഭേദം മാത്രമാണു്.

69. തപോഭിരുഗ്രൈർഭഗവൻ! സുരാണാ-
മവധ്യഭാവം ദനുജാഃ പ്രപന്നാഃ
പാതാളമുർവ്വീം ച വിജിത്യ ഉച്ചാ-
ദുപക്രമന്തേ ദിവമദ്യ ജേതും.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. ദനുജാഃ = അസുരന്മാർ. ഉഗ്രൈഃ തപോഭിഃ = ഘോരങ്ങളായ തപസ്സുകൾ കൊണ്ടു്. സുരാണാം = ദേവന്മാർക്കു്. അവധ്യഭാവം = കൊല്ലപ്പെട്ടുവാൻ അശക്യന്മാർ എന്ന അവസ്ഥയെ. പ്രപന്നാഃ = പ്രാപിച്ചവരായി. പാതാളം = രസാതലത്തേയും. ഉർവ്വീം ച = ഭൂമിയേയും. വിജിത്യ = കീഴടക്കിയിട്ടു്. ഉച്ചാത് = അഹങ്കാരംകൊണ്ടു്. അദ്യ = ഇന്നു. ദിവം = സ്വർഗ്ഗലോകത്തെ. ജേതും = ജയിക്കാൻ. ഉപക്രമന്തേ = തുടങ്ങുന്നു.

സാരം:- അല്ലയോ ഭഗവാനേ! ദൈത്യന്മാർ ഘോരതപസ്സുചെയ്തു ദേവന്മാരാൽ കൊല്ലപ്പെട്ടുവാൻ പാടില്ലാത്ത നിലപാടു സമ്പാദിച്ചശേഷം പാതാളത്തെയും ഭൂമിയെയും ജയിച്ചിട്ടു് ഇപ്പോൾ അഹങ്കാരത്തോടുകൂടി സ്വർഗ്ഗത്തെ ജയിക്കുവാൻ ആരംഭിക്കുകയാണു്.

70. ന ജാതു ശൂന്യഃ കുലിശേന പാണി-
വ്വക്ഷോ ന മുക്തം മണികങ്കടേന
ശക്രസ്യ ദൈത്യാഗതിശങ്കിനോഽസ്യ
നാസജ്ജിതസ്തിഷ്ഠതി വാരണേന്ദ്രഃ.

ദൈത്യാഗതിശങ്കിനഃ = അസുരന്മാരുടെ വരവിനെക്കുറിച്ചു സംശയിച്ചുകൊണ്ടിരിക്കുന്ന. അസ്യ ശക്രസ്യ = ഈ ഇന്ദ്രന്റെ. പാണിഃ = കയ്യ്. ജാതു = ഒരിക്കലും. കുലിശേന = വജ്രായുധത്തോട്ട. ശൂന്യം = ക്കുടാതേ. ന ഭവതി = ഇരിക്കുന്നില്ല. വക്ഷഃ = മാറിടം. മണികങ്കടേന = രത്നകവചങ്ങളോട്ട. മുക്തം = ക്കുടാതെ. ന ഭവതി = ഇരിക്കുന്നില്ല. വാരണേന്ദ്രഃ = ഐരാവതം. അസജ്ജിതഃ = സന്നദ്ധമല്ലാതെ ന തിഷ്ഠതി = നില്ക്കുന്നില്ല.

സാരം:- ദൈത്യന്മാർ ഇപ്പോഴും വരും ഇപ്പോഴും വരും എന്നിങ്ങനെ ശങ്കാകുലനായി കഴിയുന്ന ഇന്ദ്രൻ എപ്പോഴും യുദ്ധസന്നദ്ധനായിട്ടാണു വർത്തിക്കുന്നതു്. അദ്ദേഹം എപ്പോഴും കുലിശം കയ്യിൽ ധരിച്ചും മാറിൽ പടച്ചട്ട പൂണ്ടും വർത്തിക്കുന്നു. ഇന്ദ്രന്റെ വാഹനമായ ഐരാവതവും സദാ യുദ്ധസജ്ജമായി നിലകൊള്ളുകയാണു.

71. ദണ്ഡം യമാത് പാശമപാമധീശാദ്
ഗദാം കുബേരാത് കുലിശം മഘോനഃ
ആദാതുകാമഃ പ്രഹിണോതി ദൂതാൻ
കംസഃ സ്വദോർവിക്രമനിർജ്ജിതാശഃ.

സ്വദോർവിക്രമനിർജ്ജിതാശഃ = തന്റെ കയ്യുക്കൊണ്ട് എല്ലാദിക്കുകളേയും കീഴടക്കിയ. കംസഃ = കംസൻ. യമാത് = കാലനിൽ നിന്ന്. ദണ്ഡം = ദണ്ഡായുധത്തെയും അപാം = ജലത്തിന്റെ. അധീശാത് = അധിപതിയിൽ (വരുണനിൽ)നിന്നു, പാശം = കയറിനെയും. കുബേരാത് = ധനേശനിൽനിന്നു. ഗദാം = ഗദയേയും. മഘോനഃ = ഇന്ദ്രനിൽനിന്നു. കുലിശം = വജ്രായുധത്തെയും. ആദാതുകാമഃ = വാങ്ങാൻ ആഗ്രഹിക്കുന്നവനായിട്ട്. ദൂതാൻ = ദൂതന്മാരെ. പ്രഹിണോതി = പറഞ്ഞയയ്ക്കുന്നു.

സാരം:- സ്വന്തം ഭുജബലംകൊണ്ട് സമസ്തദിക്കുകളേയും ജയിച്ച കംസൻ കാലനിൽനിന്നു ദണ്ഡായുധത്തെയും വരുണനിൽനിന്നു പാശത്തെയും കുബേരനിൽനിന്നു ഗദയേയും ഇന്ദ്രനിൽനിന്നു വജ്രായുധത്തെയും നേടാൻ കൊതിച്ചു ദൂതന്മാരെ അയച്ചുകൊണ്ടിരിക്കുകയാണ്.

72. രണേ വിനിർജ്ജിത്യ ബലം സുരാണാം
പരാക്രമേണാപ്രതിമേന വീരഃ
ഭോജേശ്വരഃ ക്രീഡതി സാവരോധോ
മൂലേഷു സംപ്രത്യമരദ്രുമാണാം.

വീരഃ ഭോജേശ്വരഃ = ഉത്സാഹശാലിയായ കംസൻ. രണേ = യുദ്ധത്തിൽ. സുരാണാം ബലം = ദേവന്മാരുടെ സൈന്യത്തെ അപ്രതിമേന = തുല്യമറ്റ. പരാക്രമേണ = ശക്തി കൊണ്ട്. വിനിർജ്ജിത്യ = നിഗ്രഹം തോല്പിച്ചിട്ട്. സംപ്രതി = ഇപ്പോൾ. സാവരോധഃ = അന്തഃപുരസ്ത്രീകളോടുകൂടി. അമരദ്രുമാണാം = കല്പവൃക്ഷങ്ങളുടെ. മൂലേഷു = ചുവട്ടുകളിൽ. ക്രീഡതി = കളിക്കുന്നു.

സാരം:- വീരനായ കംസൻ അപ്രതിമമായ പരാക്രമംകൊണ്ട് യുദ്ധത്തിൽ ദേവസൈന്യത്തെ നിഗ്രഹം തോല്പിച്ചിട്ട് അന്തഃപുരസ്ത്രീജനങ്ങളോടുകൂടി ഇപ്പോൾ കല്പവൃക്ഷങ്ങളുടെ ചുവട്ടിലാണ് കളിക്കുന്നത്.

73. ധനുർധരാധ്യാസിതവപ്രശീർഷാ
ദ്വാഃപാലനവ്യഗ്രസമഗ്രസേനാ
പ്രവീരനിർഭർത്സിതകാന്ദിശീകാ
സമാഗമം ന ജാനാതി പുരി സുരാണാം.

സുരാണാം = ദേവന്മാരുടെ. പുരീ = നഗരം. ധനുർ-ധരാധ്യാസിതവപ്രശീർഷാ = വില്ലാളിമാർ കയറിയിരിക്കുന്ന കോട്ടപ്പുറത്തോട്ടുകൂടിയതും. ഭാഃപാലനവ്യഗ്രസുമഗ്രയോധാ = കോട്ടവാതിൽ സംരക്ഷിക്കുന്നതിൽ വ്യാപൃതന്മാരായി വർത്തിക്കുന്ന സകലടേന്മാരോടുകൂടിയതും. പ്രവീരനിർത്സിതകാന്ദിശീകാ = മഹാവീരന്മാരാൽ ശകാരിക്കപ്പെടുന്ന യുദ്ധഭീരുക്കളോടുകൂടിയതുമായിട്ട്. സ്ഥാതും = നിലനിൽക്കുവാൻ. ന ജാനാതി = കഴിയുന്നില്ല.

സാരാഃ- ദേവന്മാരുടെ രാജധാനിയായ അമരാവതിയിലെ കോട്ടകൊത്തളങ്ങളും ഇപ്പോഴും വില്ലാളികളും കാത്തുകൊണ്ടിരിക്കുകയാണു്. യോധന്മാർമുഴുവനും ഇപ്പോഴും അവിടത്തെ കോട്ടവാതിൽ രക്ഷിക്കുന്നതിൽ തത്പരന്മാരായി കഴിയുകയാണു്. എന്നിട്ടും ഭയന്നും പലരും അവിടെനിന്നും ഓടിപ്പോയ്ക്കൊണ്ടിരിക്കുന്നു. അവരെ അവിടത്തെ വീരന്മാർ ആക്ഷേപിക്കുന്നു. ഇത്തരത്തിലുള്ള ആ നഗരം എങ്ങനെ നിലനിൽക്കണമെന്നറിയാതെ കഴിയുകയാണു്.

74. ഹാ ഹേതി വിക്രോശനാഥമേതദ്-
യിശ്രം ജഗത് പീഡയതഃ പ്രകാമം
ത്വയാ വിനാന്യസ്മിഷു വിഷ്ടപേഷു
ന കത്തുമീഷ്ടേ നരകസ്യ ഭേദ്ഗം.

അനാഥം = രക്ഷിക്കാനാളില്ലാത്തതു്. ഹാ ഹാ ഇതി = ഹാ ഹാ എന്നു്. വിക്രോശത് = നിലവിളിക്കുന്നതുമായ. ഏതത് വിശ്വം = ഈ മുഴുവൻ. ജഗത് = ലോകത്തെയും. പ്രകാമം = അത്യന്തം. പീഡയതഃ = ഉപദ്രവിക്കുന്ന. നരകസ്യ = നരകാസുരന്നു്. ഭംഗം = നാശം. കർത്തും = ചെയ്യാൻ. ത്രിഷു വിഷ്ടപേഷു = മൂന്നു ലോകങ്ങളിലും. ത്വയാ വിനാ = അങ്ങയെ കൂടാതെ. അന്യഃ = മറ്റൊരുവൻ. ന ഇശ്യേ = ശക്തനായിത്തീരുന്നില്ല.

സാരം:– അനാഥമായി ഹാ ഹാ എന്നു നിലവിളിക്കുന്ന ഈ ലോകത്തെമുഴുവൻ ഏറ്റവും ഉപദ്രവിക്കുന്ന ആ നരകാസുരനെ കൊല്ലുവാൻ ഈ മൂന്നു ലോകത്തിലും അങ്ങല്ലാതെ വേറെ ആരും ശക്തരല്ല.

75. പ്രലംബകേശിപ്രമുഖാസ്തഥാന്യേ
പരസ്സഹസ്രം പരിയന്തി ദൈത്യാഃ
നിഷ്ഠാതകപ്പൈർനിജസിംഹനാദൈർ–
വിദാരയന്തോ വിയദാധവേഷു.

പ്രലംബകേശിപ്രമുഖാഃ = പ്രലംബൻ കേശി തുടങ്ങി. പരസ്സഹസ്രം = ആയിരക്കണക്കിനുള്ള. ദൈത്യാഃ = അസുരന്മാരും. തഥാ = അതുപോലെ തന്നെ. അന്യേ = മറ്റു ദൈത്യന്മാരും. നിർഘാതകപ്പൈഃ = ഇടിനാദം പോലെയുള്ള. നിജസിംഹനാദൈഃ = തങ്ങളുടെ സിംഹധ്വനികൾകൊണ്ടു്. വിയത് = ആകാശത്തെ. വിദാരയന്തഃ = പിളർക്കുന്നവരെ

യിട്ട്. ആഹവേഷു = യുദ്ധഭൂമികളിൽ. പരിയന്തി = ചുറ്റി സഞ്ചരിക്കുന്നു.

സാരം:- പ്രലംബൻ കേശി തുടങ്ങി അനേകായിരം വരുന്ന മറ്റുദൈത്യന്മാർ ഇടിനാദം പോലെയുള്ള സ്വന്തം സിംഹനാദഗർജ്ജനത്താൽ ആകാശം ഭേദിച്ചുകൊണ്ടു യുദ്ധത്തിൽ എല്ലായിടവും ചുറ്റി സഞ്ചരിക്കുന്നു.

76. ഷട് സൂനവസ്സന്തി ഹിരണ്യനാമ്നോ
ദൈത്യസ്യ പാതാളതലാധിവാസൈഃ
തൈർന്നഃ ക്രിയന്തേ ദുരിതാനി യാനി
വക്തും ന ശക്യാനി മുകുന്ദ താനി.

ഹിരണ്യനാമ്നഃ = ഹിരണ്യൻ എന്നപേർപോറ. ദൈത്യസ്യ = അസുരനു്. ഷട് സൂനവഃ = ആറു പുത്രന്മാർ. സന്തി = ഉണ്ടു്. പാതാളതലാധിവാസൈഃ = പാതാളലോകത്തു വസിക്കുന്ന. തൈഃ = അവരാൽ. നഃ = ഞങ്ങൾക്കു്. യാനി ദുരിതാനി = ഏതേതു ദുരിതങ്ങളും. ക്രിയന്തേ = ചെയ്യപ്പെടുന്നുവോ. ഹേ മുകുന്ദ! — അല്ലയോ മുകുന്ദ. താനി = ആ അപകാരങ്ങളും. വക്തും = പറയാൻ. ന ശക്യാനി = കഴിവുള്ളവയല്ല.

സാരം:- അല്ലയൊ മുകുന്ദ! ഹിരണ്യൻ എന്ന പേരായ അസുരനു് ആറു് പുത്രന്മാർ ഉണ്ടു്. പാതാളത്തിൽ വസിക്കുന്ന അവർ ഞങ്ങളോടു ചെയ്യുന്ന ദുരിതങ്ങളെക്കുറിച്ചു പറയുവാൻ തന്നെ സാധ്യമല്ല.

77. തേഷാം മഹീധ്രപ്രതിമാകൃതീനാം
ഭാരം മഹീ സോഢുമസാവശക്താ
അസ്മാൻ പുരസ്കൃത്യ ഭവത്സകാശാ
പ്രാപ്താ നിജക്ലേശനിവേദനായ.

ഹേ ഭഗവൻ! = അല്ലയോ ഭഗവാനേ. മഹീധ്രപ്രതിമാകൃതീനാം = പർവ്വതതുല്യമായ ആകാരത്തോടുകൂടിയ. തേഷാം = ആ അസുരന്മാരുടെ. ഭാരം = ഭാരത്തെ. സോഢും = സഹിക്കുന്നതിനു. അശക്താ = കഴിവില്ലാത്ത ഈ ഭൂമിദേവി. നിജക്ലേശനിവേദനായ = തന്റെ കഷ്ടപ്പാടിനെ അറിയിക്കുന്നതിനുവേണ്ടി. അസ്മാൻ = ഞങ്ങളെ. പുരസ്കൃത്യ = മുൻനടത്തി. ഭവത്സകാശം = അങ്ങയുടെ സമീപത്തെ. പ്രാപ്താ = പ്രാപിച്ചിരിക്കുന്നു.

സാരം:- അല്ലയോ ഭഗവാനെ! പർവ്വതാകാരന്മാരായ ആ അസുരന്മാരുടെ ഭാരം സഹിക്കാൻ അശക്തയായ ഭൂമിദേവി സ്വന്തം ക്ലേശത്തെക്കുറിച്ച് അറിയിക്കാനായി ഞങ്ങളുടെ കൂടെ അങ്ങയുടെ അടുക്കലേക്കു വന്നിട്ടുണ്ട്.

78. തദേതദാവേദനമസ്മദീയം
ശ്രുത്വാ പ്രമാണം പ്രഭരിഷ്ണുദിഷ്ട്യാ
വിധിർവ്യധാംസിദ്വിഹിതപ്രണാമ-
സ്മിതാപി ഗംഭീരമുവാച ദേവഃ.

തത് = അതുകൊണ്ട്. അസ്മദീയം = ഞങ്ങളുടെ. ഏതത് = ആവേദനം = ഈ നിവേദനം. ശ്രുത്വാ = കേട്ട്. പ്രഭിഷ്ണു-

നാഥനായ അങ്ങ്. പ്രമാണം ഇതി = പ്രമാണമാകുന്ന എന്ന്. ഉദീര്യ = പറഞ്ഞിട്ട്. വിഹിതപ്രണാമം = നമസ്കരിച്ചു. വിധിഃ = ബ്രഹ്മാവു്. വ്യരംസീത് = വിരമിച്ചു. സഃ ദേവഃ അപി ച = ആ വിഷ്ണുഭഗവാനും. ഗംഭീരം = ഗംഭീരസ്വരത്തിൽ. ഉവാച = പറഞ്ഞു.

സാരം:- അതുകൊണ്ടു് ഞങ്ങളുടെ ഈ നിവേദനം കേട്ടിട്ടു് വേണ്ടതെന്തെന്നു് നാഥനായ അവിടുന്നുതന്നെ തിരുമനസ്സാകുകയേ വേണ്ടൂ. ഇപ്രകാരം പറഞ്ഞശേഷം നമസ്കാരത്തോടുകൂടി ബ്രഹ്മാവു് വിരമിച്ചു. അനന്തരം വിഷ്ണുദേവൻ ഗംഭീരസ്വരത്തിൽ ഇങ്ങനെ പറഞ്ഞു.

79. അലം വിഷാദേന ദിവൗകസോ വഃ
സമീഹിതം ഹസ്തഗതം മനുഷ്യം
വ്രതം ഹി മേ കേവലമേതദേവ
സംരക്ഷണം യച്ഛരണാഗതാനാം.

ഹേ ദിവൗകസഃ! = അല്ലയോ ദേവന്മാരെ. വിഷാദേന അലം = ദുഃഖിക്കേണ്ടകാര്യമില്ല. വഃ = നിങ്ങളുടെ. സമീഹിതം = ആഗ്രഹം. ഹസ്തഗതം = കൈവന്നിരിക്കുന്നു എന്നു. മനുഷ്യം = കരുതുവിൻ. ഹി = എന്തുകൊണ്ടെന്നാൽ. ശരണാഗതാനാം = ശരണം പ്രാപിച്ചവരുടെ. സംരക്ഷണം = വേണ്ടുംവണ്ണമുള്ള രക്ഷണം. യത് = ഏതോ. ഏതത് ഏവ = ഇതു തന്നെയാണ്. മേ = എന്റെ. കേവലം വ്രതം = മുഖ്യമായ വ്രതം.

സാരാ :- അല്ലയോ ദേവന്മാരെ! നിങ്ങൾ ദുഃഖിക്കേണ്ട. നിങ്ങളുടെ ഭയമകറ്റുവാൻ കൈടഭനായിത്തന്നെ കരുതിക്കൊള്ളുവിൻ. എന്തുകൊണ്ടെന്നാൽ ശരണാഗതന്മാരെ സംരക്ഷിക്കുക എന്നതുമാത്രമാണ് എന്റെ വ്രതം.

80. മാമർത്ഥയന്തേ വസുദേവപത്ന്യൗ
പത്നീ ച നന്ദസ്യ സുതം ഗുണാഢ്യം
അംശദ്വയേന വ്രതകർശിതാങ്ഗീ-
സ്താസ്രോപി താഃ പുത്രവതീർവിധാസ്യേ.

ഹേ ദേവാഃ! = അല്ലയോ ദേവന്മാരെ. വസുദേവപത്ന്യൗ = വസുദേവന്റെ ഭാര്യമാർ. നന്ദസ്യ പത്നീ ച = നന്ദന്റെ ഭാര്യയും. മാം = എന്നോട്. ഗുണാഢ്യം സുതം = ഗുണസമ്പന്നനായ പുത്രനെ. അർത്ഥയന്തേ = യാചിക്കുന്നു. വ്രതകർശിതാങ്ഗീ = വ്രതംകൊണ്ട് ക്ഷീണിച്ച ശരീരത്തോടുകൂടിയ. താസ്തിസ്രോ അപി = ആ മൂന്നുപേരെയും. അംശദ്വയേന = രണ്ടംശങ്ങൾകൊണ്ട് (ഞാൻ). പുത്രവതീഃ = നല്ലപുത്രനോടുകൂടിയവരാക്കി. വിധാസ്യേ = ചെയ്യുന്നുണ്ട്.

സാരാഃ- അല്ലയോ ദേവന്മാരെ! വസുദേവന്റെ ഭാര്യമാരായ ദേവകിയും രോഹിണിയും നന്ദന്റെ ഭാര്യയായ യശോദയും എന്നോട് ഗുണവാനായ പുത്രനെ യാചിക്കുന്നു. അതിനുവേണ്ടി വ്രതംനോക്കി മെലിഞ്ഞ ശരീരത്തോടുകൂടിയ അവരെ മൂവരേയും എന്റെ രണ്ടംശങ്ങളംകൊണ്ടു സത്പുത്രരോടുകൂടിയവരാക്കിത്തീർക്കുന്നുണ്ട്.

81. ഇയം ച ലോകത്രിതയസ്യ മാതാ
മായാഭിധാനാ മമ ശക്തിരഗ്ര്യാ
കാര്യാണി വഃ കാന്യപി കർത്തുമുദ്യാം
ജനിഷ്യതേ ജന്മവിനാശശൂന്യാ.

ലോകത്രിതയസ്യ = മൂന്നു ലോകത്തിന്റെയും. മാതരം = ജനനിയും. ജന്മവിനാശശൂന്യാ = ജനനമരണരഹിതയും മായാഭിധാനാ = മായാ എന്നു പേരോടുകൂടിയവളും. മമ = എന്റെ. അഗ്ര്യാ = പ്രധാനയും. ശക്തിഃ = ശക്തിയുമായ. ഇയം ച = ഇവളും. കാനി അപി = ചില. കാര്യാണി = കാര്യങ്ങളും. കർത്തും = ചെയ്യാനായി. ഭുവ്യം = ഭൂമിയിൽ. ജനിഷ്യതേ = ജനിക്കും.

സാരം-: മൂന്നു ലോകങ്ങളുടെ മാതാവും ജനനമരണങ്ങളില്ലാത്തവളും ആയ മായ എന്നുപേരുള്ള എന്റെ ഈ പ്രധാനശക്തിയും ചിലകാര്യങ്ങളും ചെയ്യാനായിട്ട് ഭൂമിയിൽവന്നു ജനിക്കും.

82. തദ്ഗച്ഛത സ്വർഗമപേതഖേദാ
ന കാലഹാനിഃ പരിശങ്കനീയാ
അനേന ശാർങ്ഗേണ ശപേ ശരൈർവഃ
സത്യോ മനശ്ശല്യമപാകരിഷ്യേ.

ഹേ ദിവൗകസഃ = അല്ലയോ സുരന്മാരെ. തത് = അതുകൊണ്ട്. യൂയം = നിങ്ങൾ. അപേതഖേദഃ = ദുഃഖത്തെ ഉപേക്ഷിച്ചു്. സ്വർഗം = സ്വർഗ്ഗത്തിലേക്ക്. ഗച്ഛത = പോകുവിൻ. കാലഹാനിഃ = കാലതാമസം വരുമെന്നു. ന പരിശങ്കനീയാ = സംശയിക്കേണ്ട. അഹം = ഞാൻ. അനേന = ഈ. ശാർങ്ഗേണ = ശാർങ്ഗം (ധനുസ്സു) കൊണ്ടു്. ശപേ = ശപഥം ചെയ്യുന്നു. ശരൈഃ = അമ്പുകളാൽ. വഃ = നിങ്ങളുടെ. മനശ്ശല്യം = മനോദുഃഖത്തെ. സദ്യഃ = പെട്ടെന്നു്. അപാകരിഷ്യേ = നശിപ്പിക്കുന്നു.

സാരഃ– അല്ലയോ ദേവന്മാരെ! അതിനാൽ നിങ്ങൾ ദുഃഖരഹിതരായി സ്വർഗ്ഗത്തേയ്ക്കു പൊയ്ക്കൊള്ളുവിൻ. കാലതാമസം വരുമെന്നു ശങ്കിക്കേണ്ട. ഞാൻ ഈ ശാർങ്ഗംകൊണ്ടു് ഇതാ സന്ധ്യം ചെയ്യുന്നു. ശരങ്ങൾകൊണ്ടു നിങ്ങളുടെ മനശ്ശല്യത്തെ പെട്ടെന്നു ഞാൻ പരിഹരിക്കുന്നതായിരിക്കും.

83. ഇതി തമമരലോകംസാന്ത്വയിത്വാ സ ദേവ-
സ്സപദി നവഘനാഭഃ പദ്മനാഭസ്തിരോ/ർത്തഃ
സ ച വിഹിതനമസ്യസ്തസ്യ വാചം പ്രശംസ-
ന്നിജപദമഭിപേദേ ഹർഷപര്യാകുലാത്മാ.

ഇതി = ഇമ്മട്ടിൽ. തം അമരലോകം = ആ ദേവസംഘത്തെ. സാന്ത്വയിത്വാ = സമാധാനിപ്പിച്ചിട്ടു്. നവഘനാഭഃ = പുതുമേഘത്തിന്റെ ശോഭയോടുകൂടിയ. പദ്മനാഭഃ. ദേവഃ=മഹാവിഷ്ണു. സപദി = പെട്ടെന്നു. തിരോഭൂതഃ = മറഞ്ഞു. സ ച = ആ ദേവസംഘവും. ഹർഷപര്യാകുലാത്മാ = സന്തോഷംകൊണ്ടു പരവശമായ മനസ്സോടുകൂടിയതായി. വിഹിതനമസ്യഃ = നമസ്കരിച്ചിട്ടു്. തസ്യ= ആ വിഷ്ണുദേവന്റെ. വാചം = അഭിപ്രായത്തെ. പ്രശംസൻ. പുകഴ്ത്തിക്കൊണ്ടു്. നിജപദം = തങ്ങളുടെസ്ഥാനത്തെ അഭിപേദേ = പ്രാപിച്ചു.

സാരഃ– ഇപ്രകാരം ആ ദേവസമൂഹത്തെ സമാധാനിപ്പിച്ചശേഷം നവഘനശ്യാമളനായ വിഷ്ണുഭഗവാൻ പെട്ടെന്നു് അന്തർധാനം ചെയ്തു. ആ ദേവന്മാർ സന്തോഷപരവശരായി നമസ്കാരം ചെയ്തശേഷം ഭഗവാന്റെ വാക്യങ്ങളെ പ്രശംസിച്ചുകൊണ്ടു് സ്വസ്ഥാനങ്ങളെ പ്രാപിച്ചു.

രണ്ടാം സർഗ്ഗം.

1. അഥൈകദാ പുത്രഫലാനി സമ്യഗ്-
വ്രതാനി ബാഹ്യോപവനേ ചരന്തീം
രഥേന കംസോ വസുദേവയുക്തഃ
സ്വസാരമാലോകയിതും ജഗാമ.

അഥ ഏകദാ = അനന്തരം ഒരുനാൾ. വസുദേവയുക്തഃ = വസുദേവനോടൊരുമിച്ചു. കംസഃ = കംസൻ. ബാഹ്യോപവനേ = നഗരത്തിനു പുറത്തുള്ള ഉദ്യാനത്തിൽ. പുത്രഫലാനി = സത്പുത്രനെ ഉദ്ദേശിച്ചുള്ള. വ്രതാനി = വ്രതങ്ങളെ. സമ്യക് = വഴിപോലെ. ചരന്തീം = അനുഷ്ഠിക്കുന്ന. സ്വസാരം = സഹോദരിയെ. ആലോകയിതും = കാണുന്നതിനു. രഥേന = രഥത്തിൽ കയറി. ജഗാമ = പോയി.

സാരം:- അനന്തരം ഒരുനാൾ കംസൻ ദേവകിയുടെ ജ്യേഷ്ഠനായ വസുദേവനോടുകൂടി മഥുരാപുരത്തിന്റെ ബാഹ്യോദ്യാനങ്ങളിൽ ഒന്നിൽ സത്പുത്രലാഭത്തെ കരുതി വ്രതം അനുഷ്ഠിച്ചുവസിക്കുന്ന സഹോദരിയായ ദേവകിയെ കാണുന്നതിനു രഥത്തിലേറി പോയി.

2. സ്ഫുരത്പ്രോപല്ലവിതാങ്ഗയഷ്ടിം
കഥഞ്ചിദൂഢസ്തനീമഞ്ജരീകാം
തത്രാളകൈഷ്ഷട്പദിനീമജാനാത്-
സ താം ലതാമധ്യഗതാം ചിരേണ.

സഃ = ആ കംസൻ. തത്ര = അവിടെ. സ്ഫുരത്പ്രോപല്ലവിതാംഗയഷ്ടിം = പ്രകാശിക്കുന്ന കാന്തികൊണ്ടു തളിരുപോലെയുള്ള പ്രശസ്തമായ അവയവങ്ങളോട് കൂടിയവളും. കഥഞ്ചിത് = പണിപ്പെട്ടും. ഊഢസ്തനമഞ്ജരീകാം = പൂങ്കുലകൾപോലുള്ള സ്തനങ്ങളെ വഹിക്കുന്നവളും. അളകൈഃ = കറുനിരകൾകൊണ്ട്. ഷട്പദിനീം = വണ്ടുകളോടുകൂടിയവളും. ലതാമധ്യഗതാം. വള്ളികളുടെ ഇടയിൽ ഇരിക്കുന്നവളുമായ. താം = ആ ദേവകിയെ. ചിരേണ = വളരെ സമയംകൊണ്ടു. അജാനാത് = മനസ്സിലാക്കി.

സാരം:- അവിടെ എത്തിയ കംസൻ വള്ളികളുടെ മദ്ധ്യത്തിലിരിക്കുന്ന ദേവകിയെ വളരെ സമയംകൊണ്ടു മാത്രമെ തിരിച്ചറിഞ്ഞുള്ളൂ. എല്ലാപ്രകാരത്തിലും അവർ ഒരു ലതയെപ്പോലെ ഇരുന്നിരുന്നു എന്നതാണ് അതിനു കാരണം. ലതയ്ക്കുള്ളതുപോലെ തളിരും പൂക്കളും വണ്ടിൻനിരയും ദേവകിയിലും ഉണ്ടായിരുന്നു. അവളുടെ ശരീരശോഭ തളിരിന്റെ സ്ഥാനവും സ്തനങ്ങൾ പൂങ്കുലയുടെ സ്ഥാനവും അളകങ്ങൾ വണ്ടിൻനിരയുടെ സ്ഥാനവും വഹിച്ചിരുന്നു.

3. സാ സന്നതാങ്ഗീ നിയമാവസാനേ
ജ്യേഷ്ഠായ തസ്മൈ വിധയേ നമസ്യാം
സ ചാശിഷാ താമനുഗൃഹ്യ സാധ്വീം
ഭോജേശ്വരോ വാക്യമിദം ബഭാഷേ.

സന്നതാങ്ഗീ സാ = സുന്ദരിയായ അവൾ. നിയമാവസാനേ = വ്രതം തീർന്നപ്പോൾ. ജ്യേഷ്ഠായ = ജ്യേഷ്ഠനായ. തസ്മൈ = ആ കംസനു. നമസ്യാം = നമസ്കാരത്തെ. വിധയേ = ചെയ്തു. സഃ ഭോജേശ്വരഃ ച = ആ ഭോജരാജാവും. സാധ്വീം താം = പതിവ്രതയായ അവളെ. ആശിഷാ = ആശീർവ്വാദംകൊണ്ടു. അനുഗൃഹ്യ = അനുഗ്രഹിച്ചിട്ടു. ഇദം വാക്യം = ഈ വചനം. ബഭാഷേ = പറഞ്ഞു.

സാരഃ- സുന്ദരിയായ ദേവകി അനുഷ്ഠിച്ചുകൊണ്ടിരുന്ന വ്രതകർമ്മങ്ങളെല്ലാം അവസാനിച്ചപ്പോൾ എഴുന്നേറ്റുവന്നു ജ്യേഷ്ഠനെ നമസ്കരിച്ചു. ആ ഭോജേശ്വരൻ (കംസൻ) സുചരിതയായ അവളെ ആശീർവ്വാദംകൊണ്ടു അനുഗ്രഹിച്ചിട്ടു ഇപ്രകാരം പറഞ്ഞു.

4. അദ്യാപി ബാലാസി സുതാനനേകാൻ
പ്രസോഷ്യസേ കിം വ്രതയാതനാഭിഃ
പശ്യാമി നാ കല്പവസൂതികാലേ
കിം കല്പതേ മൃതലതാ ഫലായ.

അദ്യ അഫി = ഇപ്പോഴും. ത്വം ബാലാ അസി = നീ കുട്ടി
യാണ്. ത്വം = നീ. അനേകാൻ സുതാൻ = വളരെ പുത്ര
ന്മാരെ. പ്രസൂഷ്യസേ = പ്രസവിക്കും. പ്രതയാതനാഭിഃ
കിം = പ്രതനെഷ്ടാനം നിമിത്തം അനുഭവിക്കുന്ന ദുഃഖംകൊണ്ട്
എന്താണു പ്രയോജനം. ത്വം = നീ. അധുനാ = ഇപ്പോൾ.
പശ്യ = ആലോചിക്കുക. ചൂതലതാ = തേന്മാവ്. പല്ലവ-
സൂതികാലേ = തളിർക്കും കാലത്തിൽ. ഫലായ = കായ്
നൽകുന്നതിനു. കല്പതേ കിം = സമർത്ഥമാണോ?

സാരം:-കുഞ്ഞേ! നീ ഇപ്പോഴും ബാല്യം അതിക്രമി
ക്കാത്ത ഒരു പെൺകൊടിയാണ്. നിനക്ക് അനേകം
പുത്രന്മാർ ഉണ്ടാകും. അതിനു് ഇങ്ങനെ വ്രതയാതനകൾ
അനുഭവിക്കേണ്ട ആവശ്യമില്ല. നോക്കൂ മാവിൽ തളി
ക്കുന്നകാലത്തു കായ് പിടിക്കാറുണ്ടോ?

5. കൃശാസി കാമം വിരമ പ്രയാസാ-
ന്മനോഭിരാമാന്നപനുങ്ക്ഷ്വ ഭോഗാൻ
അങ്ഗാനി തേ സന്നതഗാത്രി ദുഃഖം
മൃണാളകല്പാനി കഥം സഹേരൻ?

ത്വം = നീ. കാമം = ഏറ്റവും. കൃശാ അസി = മെലിഞ്ഞി
രിക്കുന്നു. പ്രയാസാത് = കഷ്ടപ്പാടിൽനിന്നു്. വിരമ =
പിന്തിരിയുക. മനോഭിരാമാൻ = മനസ്സിനിണങ്ങിയ,

ഭോഗാൻ = സുഖസാധനങ്ങളെ. മഹർഷ്യക്ഷ = അനഘ വിക്കുക. ഹേ സന്നുരഗാത്രി ! = അല്ലയോ (നതാംഗി) സുന്ദരി. മൃണാളകല്പാനി = താമരവളയംപോലെ മൃദുലങ്ങളായ. തവ = നിന്റെ. അംഗാനി = അവയവങ്ങൾ. ദുഃഖം = പീഡയെ. കഥം = എങ്ങനെ. സഹേരൻ = സഹിക്കും.

സാരം:- കഞ്ഞേ! നി ഇപ്പോൾതന്നെ മെലിഞ്ഞു പോയിരിക്കുന്നു. അതുകൊണ്ട് ക്ലിഷ്ടങ്ങളായ ഈ വ്രതാനുഷ്ഠാനങ്ങളിൽനിന്നു പിന്തിരിഞ്ഞാലും. നീ മനസ്സിനിണങ്ങുന്ന ഭോഗങ്ങളെ അനുഭവിച്ചു സുഖമായിരുന്നാലും. താമരവളയംപോലെ മൃദുലങ്ങളായ നിന്റെ ഈ ശരീരാവയവങ്ങൾ ക്ലേശം സഹിക്കുവാൻ പറ്റിയവയല്ല.

6. തമേവമുക്ത്വാ സ തു സാഭ്യനുജ്ഞാം
രഥം സമാരോപ്യ സഹൈവ പത്ന്യാ
പ്രയാതുകാമഃ പുരമന്തരിക്ഷേ
ശുശ്രാവ വാചം ശതധാരകല്പാം.

സഃ ഉ അ കംസനാകട്ടെ ഏവം = ഇപ്രകാരം. സാഭ്യനുജ്ഞാം താം = സമ്മതിച്ച ആ സഹോദരിയെ. പത്ന്യാ സഹ ഏവ = ഭർത്താവിനോടൊന്നിച്ചുതന്നെ. രഥം = രഥത്തിൽ. സമാരോപ്യ = കയറ്റിയിട്ട്. പുരം = പട്ടണത്തിലേക്ക്. പ്രയാതുകാമഃ = പുറപ്പെടാൻ തുടങ്ങിയപ്പോൾ. അന്തരിക്ഷേ = ആകാശത്തിൽ. ശതധാരകല്പാം = വജ്രതുല്യമായ. വാചം = വാക്ക്. ശുശ്രാവ = കേട്ടു.

സാരം:- കംസന്റെ ഉപദേശം അനുസരിച്ചു പ്രവർത്തിക്കുവാൻ ദേവകി സന്നദ്ധയായി. ദേവകിയെ രഥത്തിലേറ്റിക്കൊണ്ടു കംസൻ അവളുടെ ഭർത്താവായ വസുദേവനുമായി നഗരത്തിലേക്കു തിരിച്ചുപോരുവാൻ ആരംഭിച്ചു. അപ്പോഴാം അന്തരിക്ഷത്തിൽ നിന്നും വജ്രതുല്യമായ ഒരു വാക്കു കേൾക്കുമാറായി.

7. തവൈതന്തികസ്ഥാ സഹജാ ശമീയം
പ്രസോഷ്യതേ പുത്രമയം കൃശാനും
മരുത്സമിദ്ധസ്തു ദുന്നിവാര-
സ്ത്വാം ഭസ്മസാത് കംസ കരിഷ്യതീതി.

ഹേ കംസ = അല്ലയോ കംസ! തവൈതന്തികസ്ഥാ = നിന്റെ അടുത്തിരിക്കുന്ന. ഇയം = ഈ. സഹജാ ശമീ = സഹോദരിയാകുന്ന ശമീലത. പുത്രമയം = പുത്രസ്വരൂപനായ. കൃശാനും = അഗ്നിയെ. പ്രസോഷ്യതേ = ജനിപ്പിക്കും. ദുന്നിവാരഃ സഃ = തടയപ്പെടുവാൻ കഴിയാത്ത അവൻ. മരുത്സമിദ്ധഃ = ദേവന്മാരാൽ (വായുക്കളാൽ) വർദ്ധിക്കപ്പെടുവനായിട്ട്. ത്വാം = നിന്നെ. ഭസ്മസാത് കരിഷ്യതി = ഭസ്മമാക്കും. ഇതി = എന്ന്.

സാരം:- ആ വാക്ക് ഇങ്ങനെയായിരുന്നു. അല്ലയോ കംസ! നിന്റെ സമീപത്തിലിരിക്കുന്ന ഈ സഹോദരിയാകുന്ന ശമീവൃക്ഷം പുത്രരൂപനാകുന്ന അഗ്നിയെ പ്രസവി

ക്കും. അവൻ മരുത്തുകളുടെ സഹായത്താൽ പ്രവൃദ്ധനും ഉന്നിരോഷ്മാനുമായി വളർന്ന് നിന്നെ ഭസ്മീകരിക്കും.

8. നിശമ്യ തദ്ഭ്രതവചോ നികാമം
കംസസ്സ രോഷാഗമദുന്നിരീക്ഷഃ
കൃപാം പരിത്യജ്യ കൃപാണപാണിഃ
സ്വസുർവധായ സ്വയമുദ്യതോ/ഭ്രതം.

സഃ കംസഃ = ആ കംസൻ. തത് ഭ്രതവചഃ = ആ അശരീരി വാക്ക്. നിശമ്യ = കേട്ടിട്ട്. നികാമം = അത്യന്തം. രോക്ഷാഗമദുന്നിരീക്ഷഃ = കോപാവേശംകൊണ്ട് നോക്കപ്പെട്ടവൻ കഴിയാത്തവനായി. കൃപാം = ദയയെ. പരിത്യജ്യ = ഉപേക്ഷിച്ച്. കൃപാണപാണിഃ = വാളും കയ്യിൽ ഏന്തി. സ്വസുഃ = സഹോദരിയുടെ. വധായ = ഹിംസക്കായി. സ്വയം = തന്നത്താൻ. ഉദ്യതഃ അഭൂത് = തുടങ്ങി.

സാരം:- ആ അശരീരിവചനം കേട്ടപ്പോൾ കംസന് സഹോദരിയുടെ നേരെ അത്യധികമായ കോപമുണ്ടായി. കോപംകൊണ്ട് അയാൾ ഉന്നിരീക്ഷ്യനായിത്തീർന്നു. അയാൾ സഹോദരി എന്നുള്ള ദയ നിശ്ശേഷം വെടിഞ്ഞു കയ്യിൽ വാളുമായി ദേവകിയെ തന്നെയതന്നെ കൊല്ലാനൊരുങ്ങി.

9. പ്രശംസകൃത്യേ നിതരാം പ്രവൃത്ത-
മുദഗ്രകോപാസ്ഫുരിതാധരോഷ്ഠം
പ്രസാദയന്നാനകദുന്ദുഭിസ്ത-
മുവാച ധീമാനുപപത്തിയുക്തം.

ധീമാൻ ആനകദുന്ദുഭിഃ = ബുദ്ധിമാനായ വസുദേവൻ. പ്രശംസകൃത്യേ = ക്രൂരകർമ്മത്തിൽ. നിതരാം = അത്യന്തം. പ്രവൃത്തം = ഉദ്യുക്തനായി. ഉദഗ്രകോപസ്ഫുരിതാധരോഷ്ഠം = വർധിച്ച കോപംകൊണ്ട് വിറയ്ക്കുന്ന ചുണ്ടുകളോട് കൂടിയ. തം = ആ കംസനെ. പ്രസാദയൻ = സമാധാനപ്പെടുത്തിയിട്ട്. ഉപപത്തിയുക്തം = യുക്തിപൂർവ്വം. ഉവാച = പറഞ്ഞു.

സാരം:- ബുദ്ധിമാനായ വസുദേവൻ ആ ക്രൂരകൃത്യത്തിനൊരുങ്ങിയവനും കോപിഷ്ഠനുമായ കംസനെ ഒരുമട്ട് സന്തോഷിപ്പിച്ചുകൊണ്ട് യുക്തിപൂർവ്വം ഇങ്ങനെ പറയാൻ തുടങ്ങി.

10. അലം തവാനേന വധോദ്യമേന
തവ വിചേയോ നൃപതേ വിമർശഃ
കിമേഷ നാശ്രാവി വിചാരശൂന്യം
പ്രജന്യനുഢ്വാ ഇതി സാധുവാദഃ

ഹേ നൃപതേ! = അല്ലയോ രാജാവേ! തവ = അങ്ങയുടെ ആനേന വധോദ്യമേന = ഈ നിഗ്രഹത്തിലുള്ള ഒരുക്കം

(ഉത്സാഹം)। അലം = ആവശ്യമില്ല. തവയാ = അങ്ങയാൽ. വിമർശഃ വിധേയഃ = ആലോചിക്കപ്പെടേണ്ടതാണ്. വിചാരശൂന്യം = ആലോചനയില്ലാത്തവനെ. അനർത്ഥഃ= ആപത്തുകൾ. വ്രജന്തി = പ്രാപിക്കുന്നു. ഇതി ഏഷഃ സാധുവാദഃ = എന്ന ഈ സജ്ജനമൊഴി. ന അശ്രാവി കിം ? = കേൾക്കപ്പെട്ടിട്ടില്ലേ?

സൗനഃ:– അല്ലയോ മഹാരാജാവേ! അങ്ങേക്ക് ഈ വധോദ്യമം ആവശ്യമില്ലാത്തതാണ്. ഇത് ശരിയോ തെറ്റോ എന്ന് അങ്ങ് ആലോചിച്ചു നോക്കേണ്ടതാണ്. ആലോചന ഇല്ലാതെ പ്രവർത്തിക്കുന്നവൻ ആപത്തിൽ അകപ്പെട്ടും എന്ന ആപ്തവചനം അങ്ങ് കേട്ടിട്ടില്ലയോ ?

11. ഭയേന യുദ്ധോഷു പുരന്ദരാദീൻ
സുരാൻ പരാചസ്രുപയാ വിമുഞ്ചൻ
മഹീശ്വര ! സ്ത്രീവധപാതകേഽസ്മിൻ
കഥം തവോപക്രമതേ കൃപാണഃ.

ഹേ മഹീശ്വര! = അല്ലയോ ഭൂപാല! യുദ്ധോഷു = യുദ്ധങ്ങളിൽ. ഭയേന = പേടികൊണ്ട്. പരാചഃ = പിന്തിരിയുന്നം. പുരന്ദരാദീൻ = ഇന്ദ്രൻ തുടങ്ങിയ. സുരാൻ = ദേവ

നാരെം. കൃപയാ = ലജ്ജനിമിത്തം. വിമുഞ്ചൻ = വിട്ടയയ്ക്കുന്നം. തവ = അങ്ങയുടെ. കൃപാണം = വാളു്. അസ്മിൻ സ്ത്രീവധപാതകേ = ഈ സ്ത്രീയെ കൊല്ലുക എന്ന പാപത്തിൽ. കഥം ഉപക്രമതേ? = എങ്ങനെ പ്രവർത്തിക്കുന്നു?

സാരം:– അല്ലയോ മഹാരാജാവേ! യുദ്ധത്തിൽ പേടികൊണ്ടു പിന്തിരിഞ്ഞോടുന്ന ദേവേന്ദ്രൻ തുടങ്ങിയ ദേവന്മാരുടെനേർക്കുപോലും ആയുധപ്രയോഗം ചെയ്യാൻ മടിക്കുന്ന അങ്ങേക്കു് ഒരു സ്ത്രീയെ കൊല്ലുക എന്ന ഈ പാതകത്തിൽ എങ്ങനെ മനസ്സു വന്നു?

12. അനേന കിം വാ തവ ജീവിതേന
യദ്രക്ഷണം സ്യാത് സഹജാവധേന
ഋണേന കേനാപി ഹി ലപ്സ്യനാമ്നാ-
മപി സ്വനാശാദയശോ ഗരീയഃ.

സഹജാവധേന = സഹോദരിയുടെ നിഗ്രഹംകൊണ്ടു്. യദ്രക്ഷണം = യാതൊരു് ജീവിതത്തിന്റെ രക്ഷണം. സ്യാത് = സംഭവിക്കുമോ. അനേന ജീവിതേന കിം വാ = അങ്ങിനെയുള്ള ഈ ജീവിതംകൊണ്ടു് എന്താണു് സാദ്ധ്യം? കേനാപി ഋണേന = ഏതെങ്കിലും ഒരു ഋണംകൊണ്ടു്. ലപ്സ്യനാമ്നാം = യശസ്സു കിട്ടിയിട്ടുള്ളവർക്കു്. സ്വനാശാത് അപി = തന്റെ നാശത്തെക്കാളും. അയശഃ = ദുഷ്കീർത്തി. ഗരീയഃ ഹി = ഏറ്റവും ദുസ്സഹമാകുന്നവല്ലൊം.

സാരം:- അല്ലയോ മഹാരാജാവേ! സ്വന്തം സഹോദരിയെ വധിച്ചു് സ്വജീവിതത്തെ രക്ഷിച്ചാൽതന്നെ അതു കൊണ്ടു് അവിടത്തേക്കു് എന്തു പ്രയോജനമാണു് ഉണ്ടാവാൻ പോകുന്നതു്? എന്തെങ്കിലും നന്മകൊണ്ടു് യശസ്വികളായിത്തീർന്നവർക്കു് നാശം വരുന്നതിനേക്കാൾ എത്രയോ കഷ്ടമാണു് ദുഷ്കീർത്തി ഉണ്ടാകുന്നതു്.

13. പ്രപദ്യമാനസ്യ സദാഭിവൃദ്ധിം
ദിവാനിശം പ്രീണയതശ്ച ലോകാൻ
ഭവദ്യശശ്ചന്ദ്രമസോഽസ്യ മാത്ര-
ന്നവഃ കളങ്കോ ഭഗിനീവധേന.

സദാ = എല്ലായ്പോഴും. അഭിവൃദ്ധിം = വളർച്ചയെ. പ്രപദ്യമാനസ്യ = പ്രാപിച്ചുകൊണ്ടിരിക്കുകയും. ദിവാനിശം = പകലും രാവും. ലോകാൻ = ജനങ്ങളെ. പ്രീണയതഃ ച = സന്തോഷിപ്പിക്കുകയും ചെയ്യുന്ന. അസ്യ = ഈ. ഭവദ്യശശ്ചന്ദ്രമസഃ = അങ്ങയുടെ കീർത്തിയാകുന്ന ചന്ദ്രന്റെ. ഭഗിനീവധേന = സഹോദരിയുടെ നിഗ്രഹംകൊണ്ടു്. നവഃ കളങ്കഃ = നൂതനമായ മാലിന്യം. മാ ഭൂത് = ഉണ്ടാകരുതു്.

സാരം:- അല്ലയോ മഹാരാജാവേ! എല്ലായ്പോഴും അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നതും പകലും

രാത്രിയും ഒരുപോലെ ജനങ്ങളെ സന്തോഷിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ അവിടുത്തെ കീർത്തിയാകുന്ന ചന്ദ്രനു് ഈ സഹോദരീവധമാകുന്ന ഒരു പുതിയ കളങ്കം ഉണ്ടാക്കിവയ്ക്കരുതേ.

14. സപത്നീവധേനാസ്യ ഭവേദകീർത്തി-
രേനം ത്യജേയുഃ സുഹൃദോഽപി ഭീതാഃ
ഇത്യേഷ നൂനം ഭുജനിർജ്ജിതൈസ്തൈ-
സ്സുരൈഃ പ്രയുക്തസ്സുമഹാനുപായഃ.

അസ്യ = ഈ കംസനു്. സപത്നീ = സഹോദരിയുടെ. വധേന = നിമിത്തംകൊണ്ടു്. അകീർത്തിഃ = അയശസ്സു്. ഭവേത് = ഉണ്ടാകും. സുഹൃദഃ അപി = സ്നേഹിതന്മാരും. ഭീതാഃ = ഭയന്നു്. ഏനം = ഇവനെ. ത്യജേയുഃ ഇതി = ഉപേക്ഷിക്കും എന്നു്. ഭുജനിർജ്ജിതൈഃ = കയ്യുക്കുകൊണ്ടു് തോല്പിക്കപ്പെട്ട. തൈഃ സുരൈഃ = ആ ദേവന്മാരാൽ. സുമഹാൻ ഏഷഃ ഉപായഃ = ഏറ്റവും വലിയ ഈ ഉപായം. പ്രയുക്തഃ നൂനം = തീർച്ചയായും പ്രയോഗിക്കപ്പെട്ടതാണു്.

സാരം:- അല്ലയോ മഹാരാജാവേ! ഈ അശരീരിവചനം അങ്ങയുടെ കയ്യാൽ തോല്പിക്കപ്പെട്ട ദേവന്മാർ പ്രയോഗിച്ച ഒരു വലിയ ഉപായം തന്നെ

എന്നുള്ളതു നിശ്ചയമാണ്. അങ്ങു് ഈ അശരീരിവചനം കൊണ്ടു് കൃഷ്ണയി സഹോദരിയെ വധിക്കും. ഈ സഹോദരീവധം അവിടത്തേക്കു വലിയ ദുഷ്കീർത്തി ഉണ്ടാക്കും. സഹോദരിയെക്കൊന്ന ഈ ദുഷ്ടൻ സ്വകുടുംബിക്കിട്ടുമ്പോൾ നമ്മെയും കൊല്ലുമെന്ന ഭീതികൊണ്ടു് സുഹൃത്തുക്കൾ അങ്ങയെ ഉപേക്ഷിച്ചുപോകും. അങ്ങനെ സംഭവിക്കണമെന്നാണു ദേവന്മാരുടെ അഭിപ്രായം.

15. കാലേന തദ്ദ്രക്ഷ്യസി യന്മദുക്തം
മാഭൂത്തവാസ്മിൻ വിഷയേ വിശങ്കാ
തഥാപി ചേതസ്തവ ശങ്കതേ ചേ-
ദാകർണ്യതാം തർഹ്യപരഃ പ്രകാരഃ.

യത് മദുക്തം ഖലു് = ഞാൻ പറഞ്ഞതു്. തത് = അങ്ങു്. കാലേന = കാലക്രമത്തിൽ. ദ്രക്ഷ്യസി = അറിയും. തവ = അങ്ങേയ്ക്കു്. അസ്മിൻ വിഷയേ = ഇക്കാര്യത്തിൽ. വിശങ്കാ = സംശയം. മാഭൂത് = ഉണ്ടാകരുതു്. തഥാപി = എന്നാലും. തവ = അങ്ങയുടെ. ചേതഃ = മനസ്സു്. ശങ്കതേ ചേത് തർഹി = സംശയിക്കുന്നുവെങ്കിൽ. അപരഃ പ്രകാരഃ = മറ്റൊരു ഉപായം. ആകർണ്യതാം = കേട്ടാലും.

സാരം:- മഹാരാജാവേ! എന്റെ ഈ അഭിപ്രായം ശരിയെന്നു കാലംകൊണ്ടു് അങ്ങേക്കു് ബോധ്യമാകും. ഈ വിഷയത്തിൽ അവിടുത്തേക്കു് സംശയത്തിന്റെ ആവശ്യമേ ഇല്ല. എന്നാലും അങ്ങയുടെ മനസ്സു് ശങ്കാകലമാകുന്ന പക്ഷം മറ്റൊരു ഉപായം കേട്ടാലും.

16. സവ്വാണ്യപത്യാനി വയേ തവാഹം
ജാതാനി ജാതാനി സമപ്പയിഷ്യേ
തന്നിഗ്ഗഹം വാ തദനഗ്ഗഹം വാ
വിചിന്ത്യ കത്താസി ദശാനരൂപം.

ജാതാനി ജാതാനി = ജനിക്കുന്ന ജനിക്കുന്ന. സവ്വാണി അപത്യാനി = എല്ലാകുഞ്ഞുങ്ങളേയും. തവ വയേ = അങ്ങയുടെ പക്കൽ. അഹം സമപ്പയിഷ്യേ = ഞാൻ സമർപ്പിക്കാം. തന്നിഗ്ഗഹം വാ = അവരുടെ വധമോ. തദനഗ്ഗഹം വാ = അവരുടെ പാലനമോ വിചിന്ത്യ = വിചാരിച്ചുനോക്കി. തവം = അങ്ങു്. ദശാനരൂപം = അവസ്ഥക്കൊത്തപോലെ. കത്താസി = ചെയ്തുകൊള്ളുക.

സാരം:- ദേവകിയിൽ എനിക്കുണ്ടാകുന്ന കുഞ്ഞുങ്ങളെ എല്ലാം ഞാൻ അപ്പോഴപ്പോൾ അങ്ങയെ ഏൽപ്പിച്ചു കൊള്ളാം. അവരുടെ അനുഗ്രഹമോ നിഗ്രഹമോ അന്നത്തെ അവസ്ഥയ്ക്കുതക്കവണ്ണം ആലോചിച്ചു ചെയ്യാവുന്നതാണു്.

17. കിം ബുദ്ധിമാന്ദ്യേന നിജേന തസ്യ
കിം ഭാഗധേയേന വരാങ്ഗനായാഃ
ബലേന കിം വാ ഭവിതവ്യതായാ-
സ്തഥേതി ജഗ്രാഹ വചസ്തദീയം.

സഃ = ആ കംസൻ. തസ്യ = അവന്റെ. നിജേന ബുദ്ധി-
മാന്ദ്യേന കിം വാ = സഹജമായ ബുദ്ധിമ്മാന്ദ്യംകൊണ്ടോ.
വരാങ്ഗനായാഃ = ഉത്തമസ്ത്രീയായ ദേവകിയുടെ ഭാഗ-
ധേയേന കിം വാ = ഭാഗ്യംകൊണ്ടോ, ഭവിതവ്യതായാഃ =
വരാനിരിക്കുന്നതിന്റെ. ബലേന കിം വാ = ശക്തികൊണ്ടോ
എന്തോ. തദീയം വചഃ = വസുദേവന്റെ വാക്കിനെ.
തഥാ ഇതി = അപ്രകാരം തന്നെ എന്നു. ജഗ്രാഹ = സ്വീക
രിച്ചു.

സാരം:- ആ കംസൻ തന്റെ സ്വന്തം ബുദ്ധിമാന്ദ്യം
കൊണ്ടോ ദേവകിയുടെ ഭാഗ്യംകൊണ്ടോ വിധിബലം
കൊണ്ടോ വസുദേവന്റെ വാക്കിനെ അങ്ങനെതന്നെ
സ്വീകരിച്ചു.

18. വധപ്രവൃത്തോ വസുദേവമന്ത്ര-
പ്രഭാവസംസ്തംഭിതഘോരകർമ്മാ
നിവൃത്യ നിസ്ത്രിംശമഹാഭുജങ്ഗോ
മഹിഷ്ഠതഃ കോശഗിലം വിവേശ.

വധപ്രവൃത്തഃ = കൊലയ്ക്കാരുങ്ങിയതും, വസുദേവമന്ത്ര-പ്രഭാവസംസ്തംഭിതഘോരകർമ്മാ = വസുദേവന്റെ മന്ത്രശക്തി കൊണ്ടു നല്ലപോലെ സ്തംഭിപ്പിക്കപ്പെട്ട (തടുക്കപ്പെട്ട) ക്രൂരപ്രവൃത്തിയോട്ടു കൂടിയതുമായ, നിസ്ത്രിംശമഹാഭുജങ്ഗഃ = ഖഡ്ഗമാകുന്ന മഹാസർപ്പം. നിവൃത്യ = പിന്തിരിഞ്ഞു. മഹീഭൃതഃ = രാജാവിന്റെ (പുറ്റിന്റെ). കോടരേ = വാളറയാകുന്ന ഗുഹയിലേക്ക്, വിവേശ = പ്രവേശിച്ചു.

സാരം:– കംസൻ കൊല്ലാനായി ഉയരിയ വാൾ തിരിച്ചു ഉറയിലിട്ടു. കൊലയ്ക്കാരുങ്ങിയതും വസുദേവന്റെ മന്ത്രസാമർത്ഥ്യംകൊണ്ടു തടയപ്പെട്ട ആ ഘോരപ്രവൃത്തിയോട്ടു കൂടിയതുമായ ആ വാളാകുന്ന മഹാസർപ്പം ആരംഭിച്ച ആ പ്രവൃത്തിയിൽ നിന്നും പിന്തിരിഞ്ഞു കംസന്റെ വാളറയാകുന്ന ഗുഹയിൽ പ്രവേശിച്ചു.

19. സത്യാ ന സാ സ്യാദശരീരിണീ വാക്
സത്യം കിമേതദ്വസുദേവവാക്യം
വിതർക്യമന്നേവമുദസ്യകേതും
പുരിം പ്രവേദേ മണിതോരണാഢ്യാം.

സാ അശരീരിണീ വാക് = ആ അശരീരിവാക്കു്. സത്യാ ന = സത്യമാണോ? ഏതത് വസുദേവവാക്യം = ഈ വസുദേവന്റെ

വാക്ക്. സത്യം കിം = സത്യമാണോ? ഏവം = ഇപ്രകാരം. വിതർക്കയൻ = സംശയിച്ചുകൊണ്ട്. സഃ = ആ കംസൻ, ഉദഗ്രോധകയും = കൊടിമരം ഉയർത്തിയിട്ടുള്ളതും. മണിതോരണദ്വാരം = രത്നമയമായ ബഹിർദ്വാരങ്ങളെ കൊണ്ട് ശ്രേഷ്ഠവുമായ, പുരീ = നഗരത്തെ. പ്രപേദേ = പ്രാപിച്ചു.

സാരം:- അതിനുശേഷം കംസൻ സംശയാകുലനായിട്ടാണ് രഥത്തിൽ സ്ഥിതിചെയ്തത്. ഈ അശരീരിവാക്ക് സത്യമായിരിക്കുമോ അതോ വസുദേവവാക്യമാണോ സത്യം എന്നിങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ സംശയം. രത്നതോരണങ്ങൾകൊണ്ട് മനോഹരവും ഉയർത്തപ്പെട്ട കൊടിമരങ്ങളോടുകൂടിയതുമായ പുരത്തിലെത്തിച്ചേർന്നപ്പോഴും ഈ സംശയം അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല.

20. അഥോകനൈർമ്മഥിതു ഭ്രുപതീനാ-
മാസജ്ജയന്നഞ്ജലിബന്ധനാനി
സ വൈമനസ്യേന മുഖസ്ഥിതേന
ഭയാവഹസ്സ്വം ഭവനം ജഗാമ,

മുഖസ്ഥിതേന = മുഖത്തിൽ പ്രകാശിക്കുന്ന. വൈമനസ്യേന = ദുഃഖംകൊണ്ട്. ഭയാവഹഃ = ഭയങ്കരനായ. സഃ = അവൻ. ആലോകനൈഃ = നോട്ടംകൊണ്ട്. ക്ഷിതീനാം = രാജാക്കന്മാരുടെ. മൗലിഷു = കിരീടങ്ങളിൽ. അഞ്ജലി-ബന്ധനാനി = കൂപ്പുകൈകളെ. അസനജയൻ = ചേക്കുന്നവനായിട്ട്. സ്വം ഭവനം = സ്വന്തം കൊട്ടാരത്തിലേക്ക്. ജഗാമ = പോയി.

സാരം:- ദുഃഖം സ്മരിക്കുന്ന മുഖഭാവത്തോടുകൂടിയ അ കംസൻ ശിരസ്സിൽ കൂപ്പുകയ്യുമായി നിൽക്കുന്ന രാജാക്കന്മാരെ നോക്കിക്കൊണ്ട് സ്വന്തം കൊട്ടാരത്തിലേക്ക് പോയി.

21. വിശങ്കമാനസ്സ്വഗൃഹോപകണ്ഠേ
തൗ സദ്മനി കാപി വിധായ ഗുപ്തൗ
പരാക്രമാക്രാന്തസമസ്തലോകഃ
പുരേവ ഭോഗാനഥ മനുഭൂങ്ക്ത.

അയം = ഈ കംസൻ. വിശങ്കമാനഃ = ഏറ്റവും സംശയിക്കുന്നവനായിട്ട്. തൗ = ആ ദേവകീവസുദേവന്മാരെ. സ്വഗൃഹോപകണ്ഠേ = തന്റെ കൊട്ടാരത്തിനടുത്ത്. കാപി= ഒരിടത്ത്. ഗുപ്തൗ = സ്വന്തം രക്ഷയിൽ. വിധായ = ആക്കിയിട്ട്. പരാക്രമാക്രാന്തസമസ്തലോകഃ = ശക്തികൊണ്ട് സകലലോകത്തെയും ജയിച്ച് പുരാ ഇവ = പണ്ടത്തെപ്പോലെ. ഭോഗാൻ = സുഖസാധനങ്ങളെ. അനുഭൂങ്ക്ത = അനുഭവിച്ചു.

സാരം:- കംസൻ ശത്രുക്കളെയായിട്ട് ദേവകീ-വസുദേവന്മാരെ സ്വന്തം കൊട്ടാരത്തിനടുത്തുതന്നെ ഒരിടത്തു തന്റെ രക്ഷയിൽ താമസിപ്പിച്ചിട്ട് പഴയപോലെ പരാക്രമംകൊണ്ടു സമസ്തലോകരെയും ആക്രമിച്ചു കീഴടക്കി ഭോഗതൃഷ്ണനായി സസുഖം വാണു.

22. മായാ ഹരേസ്സാഥ ഹിരണ്യപുത്രൻ
യാൻ ദേവകിഗർഭഗതാനകാംക്ഷീത്
ഭോജേശ്വരസ്സത്വരമേത്യ ഭീത്യാ
താൻ ജാതമാത്രാനവധീത് ക്രമേണ.

അഥ = പിന്നീട്. ഹരേ = വിഷ്ണുവിന്റെ. സാ മായാ = ആ മായ. യാൻ ഹിരണ്യപുത്രാൻ = യഃവചിദ ഹിരണ്യകശിപുവിന്റെ മക്കളെ. ദേവകീഗർഭഗതാൻ = ദേവകിയുടെ ഗർഭത്തെ പ്രാപിച്ചവരായി. അകാർക്ഷീത് = ആക്കി ചെയ്തു. ജാതമാത്രാൻ താൻ = പിറന്ന ഉടൻതന്നെ അവരെ. ഭോജേശ്വരഃ = കംസൻ. ഭീത്യാ = ഭയംകൊണ്ട്. സത്വരം = പെട്ടന്ന്. ഏത്യ = ചെന്ന്. ക്രമേണ = മുറയ്ക്ക്. അവധീത് = കൊന്നു.

സാരം:— വിഷ്ണുഭഗവാന്റെ മായാശക്തി ഹിരണ്യപുത്രന്മാരെ ദേവകിയുടെ ഗർഭത്തിൽ ആക്കിതീർത്തു. അവരേ ഓരോരുത്തരെയും ജനിക്കുന്ന സമയത്തുതന്നെ ചെന്ന് കംസൻ പേടികൊണ്ടു ക്രമേണ കൊന്നുകൊണ്ടിരുന്നു.

23. ജഗദ്ധിത്രത്തൈ പരമസ്യ പുംസോ
യോ ദേവകീഗർഭമവിക്ഷദംശഃ
ആകൃഷ്യ തസ്മാന്മുരവൈരിമായാ
തം രോഹിണീഗർഭഗതം ചകാര.

പരമസ്യ പുംസഃ = പരമപുമാനായ വിഷ്ണുവിന്റെ. യഃ അംശഃ = യാതൊരു ഭാഗം. ജഗദ്ധിത്രത്തൈ = ലോകങ്ങളുടെ ക്ഷേമശ്രയത്തിനുവേണ്ടി. ദേവകീഗർഭം = ദേവകിയുടെ ഗർഭാശയത്തെ. അവിക്ഷത = പ്രവേശിച്ചുവോ. മുരരിപുവൈരിമായാ = വിഷ്ണുവിന്റെ മായാ തസ്മാത് = ദേവകിയുടെ ഗർഭാശയത്തിൽ നിന്നും. തം = ആ അംശത്തെ. ആകൃഷ്യ = ആകർഷിച്ചിട്ട്. രോഹിണീഗർഭം ചകാര = രോഹിണിയുടെ ഗർഭത്തെ പ്രാപിപ്പിച്ചു.

സാരം:- ഭഗവാൻ വിഷ്ണുവിന്റെ ഒരംശം ലോകങ്ങൾക്കു നന്മവരുത്താനായി ദേവകിയുടെ ഗർഭത്തിൽ പ്രവേശിച്ചു. വിഷ്ണുമായ അതിനെ അവിടെനിന്നും ആകർഷിച്ചു രോഹിണിയുടെ ഗർഭത്തിൽ ആക്കി.

24. ചകാസ സപ്തച്ഛദപാണ്ഡരേണ
സുതേന സാ ഗർഭഗതിരോഹിതേന
വലാഹകാന്തർഹിതശീതരോചിർ-
ദിശോ ദശാ വൃത്രജിതഃ പ്രപന്നാ.

സാ = ആ രോഹിണി. സപ്തച്ഛദപോണ്ഡരേണ = ഏഴിലം പാലപ്പൂപോലെ വെളുത്തവണ്ണം. ഗർഭതിരോഹിതേന = ഗർഭം കൊണ്ടു മറഞ്ഞിരിക്കുന്നവനായ. സുതേന = പുത്രനെ ക്കൊണ്ടു്. വലാഹകാന്തർഹിതശീതഭാനോഃ = മേഘത്താൽ മറയ്ക്കപ്പെട്ട ചന്ദ്രനോടുകൂടിയ. പൂതൃജിതഃ ഭിശഃ = പൂയ്യ ഭിക്കിനെറ. ഭശം = അവസ്ഥയെ. പ്രപന്നാ = പ്രാപിക്കുന്ന വളായിട്ടു്. ചകാസ = ശോഭിച്ചു.

സാരം:- അങ്ങനെ ഗർഭിണിയായിത്തീർന്ന രോഹിണി ഏഴിലംപാലപ്പൂപോലെ വെളുത്തവണ്ണം ഗർഭത്താൽ മറഞ്ഞിരിക്കുന്നവണ്ണമായ പുത്രനാൽ മേഘത്താൽ മൂടിയ ചന്ദ്രനോടുകൂടിയ കിഴക്കുദിക്കുപോലെ ശോഭിച്ചു.

25. തതസ്സമാഹ്ലാദനമീക്ഷണാനാ-
മസൂത പുത്രം ശരദിന്ദുകല്പം
പ്രഹർഷമാപന്നജനേന യസ്യ
സത്ത്വസ്യമൂർത്താ ഇവ സത്ത്വവന്തഃ.

തതഃ സാ = പിന്നീടു് അവർ. ഈക്ഷണാനാം = കണ്ണുകൾക്കു്. സമാഹ്ലാദനം = ആനന്ദകരനായി. ശരദിന്ദുകല്പം = ശരച്ചന്ദ്രസദൃശനായ. പുത്രം = സുതനെ. അസൂത = പ്രസവിച്ചു. യസ്യ = യാതൊരുകുമാരന്റെ. ജനേന = (ജനനം കൊണ്ടു്) ആവിർഭവംകൊണ്ടു്. സത്ത്വവന്തഃ = ജീവികൾ.

സമുദ്രഃ = പെരുകുന്നു. സമുദ്രാഃ ഇവ = സമുദ്രങ്ങളെ എന്നപോലെ. പ്രഹർഷം = സന്തോഷത്തെ (വൃദ്ധിയെ) ആപൻ = പ്രാപിച്ചു.

സാരം:- അനന്തരം ആ രോഹിണി കണ്ണുകൾക്കു് ആനന്ദമരുളുന്നവനും ശരച്ചന്ദ്രസദൃശനുമായ ഒരു പുത്രനെ പ്രസവിച്ചു. അവന്റെ ഉദയംകൊണ്ടു് ജീവരാശികളും ചന്ദ്രോദയത്തിലെ സമുദ്രമെന്നപോലെ സന്തോഷിച്ചു.

26. പത്യുസ്സമാദിഷ്ടമിദം വിധായ
ശേഷം ചികീർഷുസ്സുരകാര്യ്യമായ്യാ
ചരാചരാണാം ജഗതാം സവിത്രീ
സാ ശ്രദ്ധേ ജന്മഭവം യശോദാം.

ചരാചരാണാം = ജംഗമങ്ങളും സ്ഥാവരങ്ങളുമായ. ജഗതാം = ലോകങ്ങളുടെ. സവിത്രീ = മാതാവായ. സാ ആര്യ്യാ = ആ മായാദേവതി. പത്യുഃ = നാഥന്റെ. ഇദം സമാദിഷ്ടം = ഈ ആജ്ഞയെ. വിധായ = നിറവേറ്റിയിട്ടു്. ശേഷം സുരകാര്യ്യം = മറ്റുദേവകാര്യ്യം. ചികീർഷുഃ = ചെയ്യാൻ ആഗ്രഹിക്കുന്നവളായിട്ടു്. യശോദാം = യശോദയെ. ജന്മഭവം = തന്റെ ജനനത്തിനുതക്ക ഇട മുണ്ടായി. ശ്രദ്ധേ = കരുതി.

സാരം:- ചരാചരമാതാവായ ആ മായാഭഗവതി വിഷ്ണുഭഗവാന്റെ നിർദ്ദേശമനുസരിച്ച് ഇങ്ങനെ എല്ലാം ചെയ്തശേഷം മറ്റുദേവകാര്യങ്ങളെ നിവ്വഹിപ്പാനായിക്കൊണ്ട് ദേവകിയുടെ മകളായി ജനിക്കുവാൻ തീച്ചയാക്കി.

27. അഥ പ്രജാനാമഭിവൃദ്ധികാമോ
ദേവോ ദയായാഃ കില ജന്മഭൂമിഃ
സജ്ജന്മനേ ജന്മവിനാശഹേതുഃ
പ്രാപ്യസ്സതാം പ്രാപ സ ദേവകീം താം.

അഥ = അനന്തരം. ദയായാഃ = കൃപയുടെ. ജന്മഭൂമിഃ കില = ഉത്പത്തിസ്ഥാനമെന്ന പ്രസിദ്ധനായി. ജന്മവിനാശഹേതുഃ = സംസാരനാശകനായി. സതാം = സജ്ജനങ്ങൾക്ക്. പ്രാപ്യഃ = പ്രാപിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്ന. ദേവഃ = മഹാവിഷ്ണു. പ്രജാനാം = ജനങ്ങളുടെ. അഭിവൃദ്ധികാമഃ = ഉത്കർഷത്തെ ആഗ്രഹിക്കുന്നവനായിട്ട്. സജ്ജന്മനേ = തന്റെ ജനനത്തിനുവേണ്ടി. താം ദേവകീം = ആ ദേവകിയെ. പ്രാപ = പ്രാപിച്ചു.

സാരം:- അനന്തരം കരുണാനിധിയും മോക്ഷദായകനും സജ്ജനങ്ങളാൽ മാത്രം പ്രാപിക്കപ്പെടുവാൻ യോഗ്യനും ആയ ഭഗവാൻ ശ്രീനാരായണൻ ലോകക്ഷേമം വരുത്തുവാൻ ആഗ്രഹിച്ചുകൊണ്ട് ലോകത്തിൽ ജനിക്കാനായി ദേവകിയെ പ്രാപിച്ചു.

28. കൃശാവലഗ്നാ കുചയോർഗരിമ്ണാ
സാദേവകീ സന്നതഗാത്രയഷ്ടിഃ
ജഗത്ത്രയീപുണ്യകൃതാവലംബാ
ബിഭാര ഗർഭേണ ജഗന്നിവാസം.

കൃശാവലഗ്നാ = കൃശോദരിയും. കുചയോഃ = സ്തനങ്ങളുടെ. ഗരിമ്ണാ = വലിപ്പംകൊണ്ട്. സന്നതഗാത്രയഷ്ടിഃ = കനിഞ്ഞ ശരീരത്തോടുകൂടിയവളുമായ. സാ ദേവകീ = ആ ദേവകി. ജഗത്ത്രയീപുണ്യകൃതാവലംബാ = മൂന്നു ലോകങ്ങളുടെയും സുകൃതംകൊണ്ടു ചെയ്യപ്പെട്ട ആശ്രയത്തോടുകൂടിയവളായിട്ട്. ഗർഭേണ = ഗർഭത്താൽ. ജഗന്നിവാസം = ലോകസംരക്ഷകനായ വിഷ്ണുവിനെ. ബിഭാര = ധരിച്ചു.

സാരം:– കൃശമധ്യയും സ്തനങ്ങളുടെ ഭാരംകൊണ്ടു കനിഞ്ഞ ശരീരയഷ്ടിയോടുകൂടിയവളുമായ ആ ദേവകി മൂന്നു ലോകത്തിന്റെയും പുണ്യത്തിന്റെ സഹായത്തോടുകൂടി ജഗന്നിവാസനായ ഭഗവാനെ ഗർഭത്തിൽ ധരിച്ചു.

29. അന്തർദ്ധാനാ സരസീരുഹാക്ഷം
സേവനാവതാരേണ ഭുവം പുനാനാ
സാ ദേവകീ സാ ച കുവേരകന്യാ
മിത്രോദധാതാ മുപമാനഭാവം.

സരസീരുഹാക്ഷം = വിഷ്ണുവിനെ. അന്തഃ ദധാനാ = ഉള്ളിൽ വഹിക്കുന്നവളും. സ്വേന അവതാരേണ = തന്റെ അവതാരംകൊണ്ടു. ഭുവം = ഭൂമിയെ. പുനാനാ = പവിത്രമാക്കുന്നവളുമായ. സാ ദേവകീ = ആ ദേവകിയും. സാ കാവേരികന്യാ ച = ആ കാവേരിനദിയും. മിഥഃ = പരസ്പരം. ഉപമാനഭാവം = സാദൃശ്യത്തെ. അദധാതാം = വഹിച്ചു.

സാരം:– സരസീരുഹാക്ഷനായ വിഷ്ണുഭഗവാനെ ഉള്ളിൽ ധരിക്കുന്നവളും സ്വന്തം അവതാരംകൊണ്ടു ഭൂമിയെ പവിത്രയാക്കി ചെയ്യുന്നവളുമായ ദേവകീദേവി താദൃശയായ കാവേരിനദിപോലെ ശോഭിച്ചു.

30. അലം നിവാസായ ന യസ്യ വിശ്വം
വസൻ സ ഗർഭേ മുമുദേ മുകുന്ദഃ
പരോപകാരപ്രഭവം ഹി ദുഃഖം
പുംസസ്സുഖായൈവ മഹത്തരസ്യ.

യസ്യ = യാതൊരു മുകുന്ദന്. നിവാസായ = പാർക്കുന്നതിന്. വിശ്വം ന അലം = ലോകം മതിയാകുന്നില്ലയോ. സഃ മുകുന്ദഃ = ആ വിഷ്ണു ഗർഭേ = ഗർഭത്തിൽ വസൻ = പാർക്കുന്നവനായിട്ട്. മുമുദേ = സന്തോഷിച്ചു. മഹത്തരസ

പുംസഃ = അത്യന്തം മഹാനായ പുരുഷന്റെ. പരോപകാര-പ്രഭവം ദുഃഖം = അന്യന് ഉപകാരം ചെയ്യുന്നതിൽനിന്നു നേരിട്ടുന്ന കഷ്ടപ്പാട്. സുഖായ ഏവ ഹി = സുഖത്തിനായിത്തന്നെ തീരുമല്ലോ.

സാരം:- പരബ്രഹ്മമൂർത്തിയായ വിഷ്ണുഭഗവാന്റെ വാസത്തിനു് ഈ ലോകത്തിൽ പറ്റുപ്പാടായ വിസ്തൃതിയില്ലെന്നാണു പ്രസിദ്ധി. ആ ജഗന്നിവാസൻ ദേവകിയുടെ ഗർഭത്തിൽ സന്തോഷപൂർവ്വമായിട്ടാണു വസിച്ചതു്. മഹാന്മാക്കൾ പരോപകാരനിർവ്വഹണം നിമിത്തമുണ്ടാകുന്നദുഃഖവും സുഖമായിത്തീരാറുണ്ടു് എന്നു പ്രസിദ്ധമാണല്ലോ.

31. ബഹിഃസ്ഫുരന്ത്യാ കരപാഞ്ചജന്യ-
തപിഷേവഃ വിഷ്ണോരുദരസ്ഥിതസ്യ
അധത്ത തസ്യാസ്തപനീയവർണ്ണാ
മധൂകപുഷ്പച്ഛവിമങ്ഗയഷ്ടിഃ.

തസ്യാഃ = ആ ദേവകിയുടെ, തപനീയവർണ്ണാ = സ്വർണ്ണനിറംപൂണ്ട. അങ്ഗയഷ്ടിഃ = ശ്രേഷ്ഠമായ ശരീരം. ഉദരസ്ഥിതസ്യ = ഉള്ളിൽ പള്ളികൊള്ളുന്ന. വിഷ്ണോഃ = മുകുന്ദന്റെ. ബഹിഃ സ്ഫുരന്ത്യാ = വെളിയിൽ പ്രകാശിക്കുന്ന കരപാഞ്ചജന്യതപിഷാ ഇവ = കയ്യിലിരിക്കുന്ന പാഞ്ചജന്യം എന്ന ശംഖിന്റെ രശ്മികൊണ്ടോ എന്നു തോന്നുമാറു്. മധൂകപുഷ്പച്ഛവിം = ഇരിപ്പപ്പൂവിന്റെ ശോഭയെ. അധത്ത = ധരിച്ചു.

സാരം:- സ്വർണ്ണവർണ്ണംപൂണ്ട ദേവകിയുടെ ഭംഗിയേറിയ ശരീരം ഉദരസ്ഥിതനായിരിക്കുന്ന വിഷ്ണുവിന്റെ കയ്യിലിരിക്കുന്ന പാഞ്ചജന്യത്തിന്റെ പുറത്തേക്കുവരുന്ന ശോഭകൊണ്ടോ എന്നുതോന്നുമാറ് വെളുത്തു വശായി.

32. ബഭാര ഹാരം കുചയോർന തനീ
ന പാദയോർന്നൂപുരമാമുമോച
ദധൗ മണിം ഭാരഭിയാ ന മൗലൗ
തദേവ കൈവല്യമഭൂഷയത്താം.

തനീ = കൃശാംഗിയായ ദേവകി. ഭാരഭിയാ = ഭാരത്തിൽ നിന്നുള്ള ഭയംകൊണ്ട്. കുചയോഃ = സ്തനങ്ങളിൽ. ഹാരം മുത്തുമാല. ന ബഭാര = ധരിച്ചില്ല. പാദയോഃ = കാലുകളിൽ. നൂപുരം = ചിലമ്പ്. ന ആമുമോച = ഇട്ടില്ല. മൗലൗ = ശിരസ്സിൽ. മണിം = രത്നത്തെ. ന ദധൗ = അണിഞ്ഞില്ല. തത് കൈവല്യം ഏവ = ആ അലങ്കാരശൂന്യമായ അവസ്ഥതന്നെ. താം = അവളെ. അഭൂഷയത് = അലങ്കരിച്ചു.

സാരം:- ഗർഭക്ലേശഭാരവശയും കൃശാംഗിയുമായ ദേവകി ആഭരണങ്ങളെല്ലാം കൈവെടിഞ്ഞു കുചങ്ങളിൽ കിടന്ന മുത്തുമാലയും പാദങ്ങളിൽ അണിഞ്ഞിരുന്ന കാൽച്ചിലമ്പും ശിരസ്സിൽ ധരിച്ചിരുന്ന രത്നവും അവയം അഴിച്ചുമാറ്റി. ആ നിരാഭരണാവസ്ഥതന്നെ അവയ്ക്കു ഒരലങ്കാരമായിത്തീർന്നു.

33. ദുഃഖേ പ്രയത്നേന ദധൗ തിരശ്ചീ-
രുവാച മന്ദം നിഭൃതം ജഹാസ
ശനൈർയയൗ ഭത്തകരാ സഖീഭിർ–
ഭൃശം നിശശ്വാസ ച താവതൈവ.

സഃ = ആ ദേവകി. ദുഃഖേ = നേത്രങ്ങളെ. പ്രയത്നേന = പാടുപെട്ട്. തിരശ്ചീഃ = വിലങ്ങനെ. ദധൗ = ധരിച്ചു. മന്ദം = സാവധാനത്തിൽ. ഉവാച = പറഞ്ഞു. നിഭൃതം = നിശ്ശബ്ദമായി. ജഹാസ = ചിരിച്ചു. സഖീഭിഃ = തോഴിമാരാൽ. ഭത്തകരാ = താങ്ങപ്പെട്ടവളായിട്ട്. ശനൈഃ = പതുക്കെ. യയൗ = നടന്നു. താവതാ ഏവ = ഇത്രമാത്രം കൊണ്ടുതന്നെ. ഭൃശം = അത്യന്തം. നിശശ്വാസ ച = ദീർഘശ്വാസം വിടുകയുംചെയ്തു.

സാരം:– കഠോരഗർഭിണിയായിത്തീർന്ന ദേവകിയുടെ പാരവശ്യം വളരെ വർദ്ധിച്ചു. ഒന്നു വിലങ്ങനെ നോക്കുന്നതിനുതന്നെ അവർക്കു വളരെ പ്രയത്നപ്പെടേണ്ടിവന്നു. പതുക്കെ സംസാരിക്കാനേ കഴിഞ്ഞിരുന്നുള്ളൂ. അതുപോലെ ശബ്ദംകൂടാതെ മന്ദഹസിക്കുവാൻ മാത്രമേ അവർക്കു സാധിച്ചുള്ളൂ. പതുക്കെ നടക്കുന്നതിനുപോലും സഖികളുടെ താങ്ങൽ ആവശ്യമായിരുന്നു. അങ്ങനെ അല്പം നടക്കുമ്പോഴേക്കുതന്നെ അവർ ക്ഷീണിച്ച് ദീർഘശ്വാസത്തോടുകൂടിയവളായിത്തീർന്നു.

34. സഖൈവ ഹർഷേണ സുധാശനാനാം
സഖൈവ പുണ്യേന വസുന്ധരായാഃ
ഭയേന ഭോജാധിപതേശ്ച ദേവഃ
സഖൈവ ഗർഭേ വവൃധേ മുകുന്ദഃ.

സുധാശനാനാം = ദേവന്മാരുടെ. ഹർഷേണ സഹ ഏവ = സന്തോഷത്തോടൊപ്പംതന്നെ. വസുന്ധരായാഃ = ഭൂമിദേവിയുടെ. പുണ്യേന സഹ ഏവ = സുകൃതത്തോടൊപ്പം ഭോജാധിപതേഃ = കംസന്റെ. ഭയേന സഹ ഏവ ച = ഭീതിയോടൊന്നിച്ചുതന്നെ. മുകുന്ദഃ ദേവഃ = ശ്രീവിഷ്ണുഭഗവൻ ഗർഭേ = ഗർഭത്തിൽ. വവൃധേ = വളർന്നു. 1359

സാരം :- ദേവകീഗർഭത്തിൽ ഭഗവാൻ മുകുന്ദൻ വളർന്നുവന്നതോടുകൂടി ദേവന്മാരുടെ ഹർഷവും ഭൂമിദേവിക്കു പുണ്യവും കംസനു ഭയവും വളർന്നുവന്നുകൊണ്ടിരുന്നു.

35. ശിരോഭിരുഡുനേന വനസ്പതീനാം
ഫലോപഹാരേണ നിവേദിതർദ്ധിഃ
പ്രാവൃട്സമാസാദിതസൂതികാലാം
താം ദേവകീം ദൃഷ്ടവിവാജഗാമ.

അഥ = അനന്തരം. പ്രാവൃട് = വർഷകാല ഋതു. വനസ്പതീനാം = വൃക്ഷങ്ങളുടെ. ശിരോഭിഃ = അഗ്രഭാഗങ്ങളാൽ. ഉഡുനേന

ഫലോപഹാരേണ = വഹിക്കപ്പെട്ടന്ന കായ്കളാകന്ന കാഴ്ച
വ്യംകൊണ്ടു്. നിവേദിതമഥിം = സന്ധത്തിനെ അറിയി
ക്കന്നതായിട്ടു്. സമാസന്നപ്രസൂതികാലാം = പ്രസവകാലം
അടുത്തിരിക്കന്ന, താം ദേവകീം = ആ ദേവകിയെ. ദ്രഷ്ടും
ഇവ = കാണാനോ എന്ന തോന്നുമാറു്. ആജഗാമ =
വന്നെത്തി.

സാരം:- ദേവകിയുടെ പ്രസവകാലം അടുത്തതോ ടു
കൂടി വർഷകാലവും വന്നുചേന്നു. വൃക്ഷങ്ങളിൽ ധാരാളം
കായ്കളുള്ള കാലമായിരുന്ന അതു്. ദേവകീദേവിയെ
പ്രസവിച്ച വർഷകാലം അങ്ങനെ ആ ഫലങ്ങളാകന്ന
കാഴ്ചദ്രവ്യങ്ങളുമായിട്ടാണോ വന്നുചേന്നതു്.

36. അഥൈകദേശാ ഇവ വാരിരാശേ-
രുച്ചൈഃ പുരോമാരുതവിപ്രകീർണ്ണാഃ
വ്യതാസ്തഡിച്ഛിദ്രമവല്ലരീഭിർ
വിരേജിരേ വ്യോമനി വാരിവാഹാഃ.

അഥ = അനന്തരം. ഉച്ചൈഃ = മുകൾഭാഗത്തിൽ. പുരോ-
മാരുതവിപ്രകീർണ്ണാഃ = കിഴക്കൻകാറടിച്ചു പരത്തിയവയും.
തഡിച്ഛിദ്രമവല്ലരീഭിഃ = മിന്നൽ പിണരുകളാകന്ന പവിഴ
വല്ലികൾപോലെ (പവിഴവല്ലികൾപോലെയുള്ള മിന്നൽ
പിണരുകൾകൊണ്ടു്). വ്യതാഃ = ചുറ്റപ്പെട്ടവയും. വാരി-
രാശേഃ = സമുദ്രത്തിന്റെ. ഏകദേശാഃ ഇവ = ഒരു അംശമോ

എന്ന തോന്നുമാറിരിക്കുന്നവയുമായ. വാരിവാഹാഃ = മേഘങ്ങൾ. വ്യോമനി = ആകാശത്തിൽ. വിരേജിരേ = ശോഭിച്ചു.

സാരം:- വർഷകാലാരംഭത്തോടുകൂടി മേഘങ്ങൾ ആകാശത്തിൽ നിറഞ്ഞു. ആ മേഘങ്ങളുടെ ചിലഭാഗങ്ങൾ കിഴക്കൻകാറുകൾ അടിച്ച് ചിതറപ്പെട്ടവയായിരുന്നു. മിന്നൽപിണറുകളാകുന്ന പച്ചിഴവല്ലികൾ കൊണ്ട് അവ ചുറപ്പെട്ടതായും കാണപ്പെട്ടു. അങ്ങനെ ആകാശത്തിൽ നിറഞ്ഞതായ മേഘങ്ങൾ സമുദ്രത്തിന്റെ ഒരു ഭാഗംപോലെ ശോഭിച്ചു.

37. വലാഹകവ്രാതഭവൈസ്തമോഭിർ
ദിനേഷു ഉർബോധപുരസ്കൃതേഷു
ന കശ്ചിദാസീദഭിസാരികാണാം
വിദ്യുത്പ്രകാശേന വിനാന്തരായഃ.

വലാഹകവ്രാതഭവൈഃ = മേഘപടലത്തിൽനിന്നുണ്ടായതമോഭിഃ = ഇരുട്ടുകൊണ്ട്. ദിനേഷു = പകലുകൾ. ഉർബോധപുരസ്കൃതേഷു = മുൻപിലിരിക്കുന്ന വസ്തുക്കളെപ്പോലും തിരിച്ചറിയാൻ പ്രയാസമുള്ളവയായപ്പോൾ. അഭിസാരികാണാം = കാമുകസമീപത്തിലേക്ക് രഹസ്യമായി നേരിട്ടുചെല്ലുന്ന സ്ത്രീകൾക്ക്. വിദ്യുത് പ്രകാശേന വിനാ = മിന്നൽപിണറിന്റെ പ്രകാശമൊഴിച്ച്. കശ്ചിത് അന്തരായഃ = മറ്റൊരു തടസ്സവും. ന ആസീത് = സംഭവിച്ചില്ല.

സാരം:- ആ വർഷകാലങ്ങളിൽ പകൽപോലും മേഘാവരണം നിമിത്തം ഇരുളടഞ്ഞുപോകയാൽ അഭിസാരികകൾക്കു മിന്നലിന്റെതൊഴിച്ചു മറെറാരു ഉപദ്രവവും ക്ലേശാതെ സഞ്ചരിക്കുവാൻ സാധിച്ചു.

38. പയോദഭസ്ത്രാന്തരനിർഗ്ഗതേന
ധ്വാത്കാരിണാ ചണ്ഡസമീരണേന
വിയോഗിനാം ചേതസി മേഘകാല-
സ്സന്ധുക്ഷയാമാസ മനോഭവാഗ്നിം.

മേഘകാലഃ = വർഷകാല ത്തു. പയോദഭസ്ത്രാന്തരനിർഗതേന = മേഘമാകുന്ന ഉലയുടെ ഉള്ളിൽനിന്നു പുറപ്പെടുന്നതും. ധ്വാത്കാരിണാ = ധ്വാത് എന്ന ശബ്ദത്തോടുകൂടിയതുമായ. ചണ്ഡസമീരണേന = കൊടുങ്കാറുകൊണ്ടു്. വിയോഗിനാം = വിരഹികളുടെ. ചേതസി = മനസ്സിൽ. മനോഭവാഗ്നിം = കാമാഗ്നിയെ. സന്ധുക്ഷയാമാസ = ജ്വലിപ്പിച്ചു.

സാരം:— ആ വർഷകാലം മേഘങ്ങളാകുന്ന ഉലകളുടെ ഉള്ളിൽനിന്നും പുറപ്പെടുന്ന 'ധ്വാത്" എന്ന ശബ്ദത്തോടുകൂടിയ കൊടുങ്കാറുകൊണ്ടു് പ്രിയജനങ്ങളോടു വേർപെട്ടുകഴിയുന്ന ജനങ്ങളുടെ ഹൃദയത്തിൽ കാമാഗ്നിയെ ഉജ്ജ്വലിപ്പിച്ചു. മേഘങ്ങൾ എങ്ങും നിറഞ്ഞു ധ്വാത്കാരത്തോടുകൂടി കൊടുങ്കാറുവീശുന്ന ആ വർഷകാലത്തു് വിരഹിജനങ്ങൾ കാമവികാരപരിതപ്തന്മാരായിത്തീരുന്നു എന്നു താത്പര്യം.

39. സ്മരേണ ലോകത്രിതയേശ്വരേണ
സംഭാവിതാജ്ജീവിതനിർവിശേഷം
ഋതോർവസന്താജ്ജലദാഗമസ്യ
ജഹാര ജാതിർനിഖിലം നികർഷം.

ജലദാഗമസ്യ = വർഷകാലത്തിനു്. ലോകത്രിതയേശ്വരേണ = മൂന്നു ലോകത്തിന്റെയും നാഥനായ. സ്മരേണ = മന്മഥനാൽ. ജീവിതനിർവ്വിശേഷം = ജീവനതുല്യം. സംഭാവിതാതു് = ബഹുമാനിക്കപ്പെട്ടതു. വസന്താതു് = വസന്തം എന്നു. ഋതോഃ = കാലത്തെ അപേക്ഷിച്ചുള്ള. നികർഷം = താഴ്ച്ച. നിഖിലം = മുഴുവൻ. ജാതിഃ = പിച്ചകച്ചെടി. ജഹാര = ഇല്ലാതാക്കി.

സാരം:- വർഷകാലത്തിനു് ലോകത്രയാധിപതിയായ കാമദേവൻ ജീവനതുല്യം കരുതി ബഹുമാനിക്കുന്നതുകൊണ്ടു് ഉത്കൃഷ്ടനായിത്തീർന്നിരിക്കുന്ന വസന്തകാലത്തെ അപേക്ഷിച്ചുള്ള താഴ്ചയെ മുഴുവൻ പിച്ചകച്ചെടി പരിഹരിച്ചുകളഞ്ഞു. പിച്ചകം പൂത്തു പരിമളം ചിന്തിയതോടൊപ്പം വർഷകാലത്തിനു പൂക്കാലമെന്നപുകഴ്ചകൊണ്ടു മന്മഥസഖനായ വസന്തകാലത്തെക്കാളും മേന്മ സിദ്ധിച്ചു എന്നു സാരം.

40. ബലാദ്ഗൃഹീതാ അപി വൈതസീഭി-
ശ്ശാഖാഭിരാർദ്രധമദാ ഇവോച്ചൈഃ
പരിസ്ഖലന്ത്യോ നിഖിലാസ്തടിന്യോ
ജഗ്മുർജ്വാട്ടദ്ഭടഫേനഹാസാഃ.

നിഖിലാഃ = എല്ലാം. തടിന്യഃ = നദികളും. വൈതസീഭിഃ ശാഖാഭിഃ = ആറുവഞ്ചിയുടെ കൊമ്പുകൾകൊണ്ട്. ബലാത് = ബലാൽക്കാരേണ. ഗൃഹീതാഃ അപി = പിടിക്കപ്പെട്ടവയാണെങ്കിലും. ആർദ്രധമഭാഃ ഇവ = മദോന്മത്തകളായ സ്ത്രീകളോ എന്ന തോന്നുമാറ്. ഉച്ചൈഃ = ഏറ്റവും. പരിസ്ഖലന്ത്യഃ = കുതിച്ചുചാടുന്നവയായി. ജ്വാട്ഭടഫേനഹാസാഃ = പ്രബലമായ നരയാകുന്ന ചിരിയോടുകൂടിയവയായിട്ട്. ജവാത് = വേഗത്തിൽ. ജഗ്മുഃ = പ്രവഹിച്ചു.

സാരം:- വർഷകാലത്തു് എല്ലാനദികളും ആറുവഞ്ചികളുടെ കൊമ്പുകളെയും തട്ടിത്തകർത്തു് കുത്തിമറിഞ്ഞു് നരകളോടുകൂടി വേഗത്തിൽ ഒഴുകിപ്പോകുന്നുണ്ടു്. അത്തരത്തിൽ ഉള്ളതായ നദികളും മദോന്മത്തകളായി സഖീജനങ്ങളുടെ പിടിയും തട്ടിക്കളഞ്ഞു പൊട്ടിച്ചിരിച്ചു കുത്താടി ഓടുന്ന ഉന്മത്തകളെപ്പോലെ കാണപ്പെട്ടു.

41. ഉദാരസൗരഭ്യവശീകൃതാനാ-
മന്വീയമാനഃ പടലൈരളീനാം
ആകല്പയത് കേതകമാതരിശ്വാ
മനോഭവസ്യാപി മനോവികാരം.

ഉദാരസൗരഭ്യവശീകൃതാനാം = ഉത്കൃഷ്ടമായ സുഗന്ധംകൊണ്ട് സ്വാധീനമാക്കപ്പെട്ട. അളീനാം = വണ്ടുകളുടെ. പടലൈഃ = കൂട്ടങ്ങളാൽ. അനുവീയമാനഃ = പിൻതുടരപ്പെടുന്ന. കേതക-മാതരിശ്വാ = കൈതച്ചുവിൽ തട്ടിവരുന്ന കാറ്റ്. മനോ-ഭവസ്യ അപി = കാമദേവനപോലും. മനോവികാരം — മന സ്സിനു് അവസ്ഥാന്തരത്തെ. അകല്പയത് = ഉണ്ടാക്കി.

സാരം :- വർഷകാലത്തു പൂത്തുതുടങ്ങിയ കൈത കളിൽതട്ടിവരുന്ന കാറ്റു് അതിൽ അന്തർല്ലീനമായി രുന്ന ഉത്കൃഷ്ടമായ സൗരഭ്യത്താൽ വണ്ടിൻകൂട്ടങ്ങളെ ആകർഷിച്ചുകൊണ്ടിരുന്നു. ആ കാറ്റു് കാമദേവനെ പോലും മനോവികാരത്തെ ജനിപ്പിച്ചു.

42. അത്യംബുപാനപ്രഭവസ്യ കർത്തു-
മന്തർജ്ജഡിമ്നഃ പ്രതിസംവിധാനം
പയഃസ്ഥിരസ്നേഹപദേന മേഘാ
മയൂഖമാല്യാമരവിന്ദബന്ധോഃ.

മേഘാഃ = വാരിവാഹങ്ങൾ. അത്യംബുപാനപ്രഭവസ്യ = അത്യധികമായ ജലപാനംകൊണ്ടുണ്ടായ. അന്തർജഡിമ്നഃ = ഉള്ളിലെ തണുപ്പിന്റെ. പ്രതിസംവിധാനം = പ്രതിക്രിയ. കർത്തും = ചെയ്യുന്നതിന്. അരവിന്ദബന്ധോഃ = താമരിയുടെ. മയൂഖരജ്ജവം = രശ്മിസമൂഹത്തെ. തിരസ്കാരപദേന = മറയ്ക്കുക എന്ന വ്യാജേനം. പപുഃ = കുടിച്ചു.

സാരം:- വർഷകാലത്തിലെ മേഘങ്ങൾ അധികം ജലപാനം ചെയ്തയാൽ വന്നുപോയ് ഉള്ളിലെ തണുപ്പിനെ പ്രതിവിധി ചെയ്യുവാനായിട്ടെന്നോണ്ടു സൂര്യന്റെ കിരണങ്ങളെ മറയ്ക്കുക എന്നവ്യാജേന പാനം ചെയ്തു. വർഷകാലത്തു സൂര്യൻ മേഘാവൃതനായിത്തീർന്നു എന്നും സൂര്യരശ്മികൾപോലും കാണപ്പെട്ടിരുന്നില്ല എന്നും സാരം.

43. രരാജ ഖർജ്ജൂരഫലപ്രകാശം
നവം പയഃ കാനനപല്വലേഷു
പയോദവൃന്ദൈഃ പരിപീയ മുക്താ
പ്രഭാകരസ്യേവ മരീചിജാലം.

കാനനപല്വലേഷു = കാട്ടിലെ ചെറു പൊയ്കകളിൽ. ഖർജ്ജൂരഫലപ്രകാശം = ഈന്തപ്പഴത്തിന്റെ കാന്തിയുള്ളം. നവം പയഃ = പുതുവെള്ളം. പയോദവൃന്ദൈഃ = മേഘസമൂഹങ്ങളാൽ. പരിപീയ = കുടിക്കപ്പെട്ടിട്ട്. മുക്തം = ഉപേക്ഷിക്കപ്പെട്ട. പ്രഭാകരസ്യ = സൂര്യന്റെ. മരീചിജാലം ഇവ = രശ്മിസമൂഹം എന്നപോലെ. രരാജ = ശോഭിച്ചു.

സാരം:- കാനനപ്രദേശങ്ങളിലെ ചെറുപൊയ്കകളിൽ കലങ്ങി മറിഞ്ഞുകിടക്കുന്ന ചുവന്നവെള്ളം കണ്ടാൽ അത്ര മേഘങ്ങളും സൂര്യകിരണങ്ങളും കടിച്ചുശേഷം ത്യജിച്ചു താണോ എന്നു തോന്നുമാറ് ഇരുന്നു.

44. മഹീഭൃതാം മൂർധസു ഭക്തപാടം
വിലോക്യ മിത്രം വിഹതപ്രതാപം
മഗ്നോ ജലേ മത്തുമിവാരവിന്ദേ
മധുവ്രതാശ്ചുക്രുശുരന്തരിക്ഷേ.

മഹീഭൃതാം = പർവ്വതങ്ങളുടെ (രാജാക്കന്മാരുടെ). മൂർധസു = ഔന്നത്യങ്ങളിൽ (ശിരസ്സുകളിൽ) ഭക്തപാടം മിത്രം = രശ്മി അപ്പിച്ച സൂര്യനെ. (കാലുഷ്യം മിത്രത്തെ.) വിഹതപ്രതാപം= പ്രതാപമറവനായി. വിലോക്യ = കണ്ടിട്ട്. മത്തും ഇവ= മരിക്കാനോ എന്നു തോന്നുമാറ്. അരവിന്ദേ = താമര. ജലേ = വെള്ളത്തിൽ. മഗ്നേ = മുങ്ങിയപ്പോൾ. മധുവ്രതാഃ= വണ്ടിൻകൂട്ടം. അന്തരിക്ഷേ = ആകാശത്തിൽ. ചുക്രുശുഃ = വിലപിച്ചു.

സാരം:- വർഷകാലം വന്നതോടുകൂടി സൂര്യന്റെ ശോഭ കുറയുകയും താമരപ്പൂക്കൾ വെള്ളത്തിൽ മുങ്ങുകയും വണ്ടുകൾ ആകാശത്തിൽ ശബ്ദിച്ചുകൊണ്ടു പറക്കുകയും ചെയ്യുന്ന ഒരവസ്ഥ സഞ്ജാതമായി. ഈ അവസ്ഥയെ

കവി ഇങ്ങനെ വർണ്ണിക്കുന്നു. രാജാക്കന്മാരുടെ ശിരസ്സുകളിൽ എന്നവണ്ണം പർവ്വതങ്ങളുടെ ശിഖരങ്ങളിൽ സപ്തരശ്മികളും അപ്പിച്ചുകൊണ്ടു വിലസിയിരുന്ന സൂര്യനാകുന്ന ബന്ധുപ്രതാപരഹിതനായിത്തീർന്നതുകണ്ടു് ദുഃഖംമൂഴത്ത താമര മരിക്കാനായിക്കൊണ്ടു ജലത്തിൽ മുങ്ങുകയാണു ചെയ്യുന്നതെന്നു്.

45. നിഷേവ്യ ഹംസാ മധുരൈർവചോഭിഃ
പദ്മാകരം ലബ്ധസമീഹിതാർത്ഥാഃ
സദ്യോ യയുസ്തസ്യ വിപത്തികാലേ
ജലാശയാനാം പ്രകൃതിഃ കിലൈഷാ.

ഹംസാഃ = അരയന്നങ്ങൾ. മധുരൈരഃ = മനോഹരങ്ങളായ. വചോഭിഃ = വാക്കുകൾകൊണ്ടു. പദ്മാകരം = താമരപ്പൊയ്കയെ. നിഷേവ്യ = ആശ്രയിച്ചിട്ടു്. ലബ്ധസമീഹിതാർത്ഥാഃ = ആഗ്രഹിച്ച പ്രയോജനം നേടിയിട്ടു. തസ്യ = ആ താമരപ്പൊയ്കയുടെ. വിപത്തികാലേ = ആപത്തു സമയത്തു. സദ്യഃ = പെട്ടെന്നു്. യയുഃ = സ്ഥലംവിട്ടു ഏഷാ = ഇതു്. ജലാശയാനാം = ജലത്തെ ആശ്രയിക്കുന്നവരുടെ (മന്ദബുദ്ധികളുടെ). പ്രകൃതിഃ കില = സ്വഭാവമാണല്ലോ.

സാരം:- താമരപ്പൊയ്കയിൽ കിടന്നു മനോഹരമായ ശബ്ദം പുറപ്പെടുവിച്ചും താമരവളയം ഭക്ഷിച്ചും കഴിഞ്ഞിരുന്ന അരയന്നങ്ങൾ വർഷകാലത്തു ഓടിക്കൂടി നിന്നും

പറന്നു പൊയ്കളയുന്നു. സമ്പത്തുകാലത്തു മധുരവചനങ്ങളും മൊഴിഞ്ഞു് അഭിലഷിതകാര്യങ്ങളും നേടി കൃതാർത്ഥരായി കഴിഞ്ഞുകൂടുന്ന മിത്രങ്ങളും ആപത്തുകാലത്തു് വിട്ടുപോകുന്നതുപോലെയാണു് ഹംസങ്ങളുടെ ഈ പ്രവൃത്തി എന്നു കവി പറയുന്നു. മന്ദബുദ്ധികളായ നീചന്മാർ കൃതജ്ഞതാശൂന്യരായി ഇങ്ങനെ പ്രവർത്തിക്കുമെന്നു പ്രസിദ്ധിയുണ്ടു്. ജലാശയന്തോറായ ഹംസങ്ങളും കരത്തിൽ മന്ദബുദ്ധിത്വം ഉണ്ടെന്നു സിദ്ധിക്കുന്നു.

46. പ്രവൃദ്ധസസ്യാഃ ഫലമൂലശാകൈർ—
നിരന്തരാ സ്വാദുനവോദകാഢ്യാഃ
പല്ലീഷ്വിഷാം ചേതസി പാമരാണാം
ധൃതിം പരാമാദധിരേ വനാന്താഃ.

പ്രവൃദ്ധസസ്യാഃ = ഏറ്റവും വളർന്ന സസ്യങ്ങളോടുകൂടിയവയും ഫലമൂലശാകൈഃ = കായ്കനികളും കിഴങ്ങുകളും ഇലക്കറികളും ഇവകൊണ്ടു്. നിരന്തരാഃ = ഇടതൂർന്നവയും. സ്വാദുനവോദകാഢ്യാഃ = മധുരമായ പുതുവെള്ളംകൊണ്ടു് സമൃദ്ധങ്ങളുമായ. വനാന്താഃ = വനപ്രദേശങ്ങളും. പല്ലീഷ്വിഷാം = കുടിലിൽ താമസിക്കുന്ന. പാമരാണാം = കിരാതന്മാരുടെ. ചേതസി = മനസ്സിൽ. പരാം ധൃതിം = ഏറ്റവും ധൈര്യം. ആദധിരേ = ഉണ്ടാക്കി.

സാരം:- വർഷകാലത്തോടുകൂടി വനാന്തർഭാഗങ്ങളിൽ നെല്ലു് ചാമ മുതലായ ധാന്യങ്ങളും ഉണ്ടാകുകയും കായ്കനികളും കിഴങ്ങുകളും കീര മുതലായവ ധാരാളമാകുകയും

രുചിയുള്ള പുതുജലം ധാരാളമായി കിട്ടിത്തുടങ്ങുകയും ചെയ്തു. അതോടുകൂടി അവിടവിടെ കുടിൽകെട്ടി താമസിച്ചിരുന്ന കിരാതന്മാരുടെ മനസ്സിൽ സുഖമായി ജീവിക്കാമെന്ന ധൈര്യം കൂടികൊണ്ടു.

47. സമുന്മിഷന്തീ ഗിരിമല്ലികാനാം
പ്രസൂനരാജിസ്സുതരാം വിരേജേ
മുക്തപ്രാ നഭോ മേഘവിമർദ്ദഭീത്യാ
നക്ഷത്രമാലേവ ഗതാ ധരിത്രീം.

സമുന്മിഷന്തീ = നല്ലപോലെ വിടർന്ന്. ഗിരിമല്ലികാനാം = കുടകപ്പാലകളുടെ. പ്രസൂനരാജിഃ = പുഷ്പപംക്തി. മേഘവിമർദ്ദഭീത്യാ = മേഘങ്ങളിൽ നിന്നുള്ള സംഘട്ടനഭയംകൊണ്ടു. നഭഃ മുക്തപ്രാ = ആകാശത്തെ വെടിഞ്ഞു. ധരിത്രീം = ഭൂമിയെ. ഗതാ നക്ഷത്രമാലാ ഇവ = പ്രാപിച്ച നക്ഷത്രസമൂഹമോ എന്നു തോന്നുമാറു. സുതരാം = ഏറ്റവും. വിരേജേ = ശോഭിച്ചു.

സാരം:— വർഷകാലത്തിൽ കുടകപ്പാലകളെല്ലാം പൂത്തു ധാരാളം പൂവണിഞ്ഞു യിട്ടുണ്ടായി. അങ്ങനെ നല്ല വണ്ണം വിടർന്നുനില്ക്കുന്ന കുടകപ്പാലകളുടെ കൂട്ടത്തെ കണ്ടാൽ വർഷകാലത്തു ധാരാളമായി സഞ്ചരിക്കുന്ന മേഘങ്ങളുമായി കൂട്ടിമുട്ടുമോ എന്നു പേടിച്ചു് ആകാശം വിട്ടു ഭൂമിയിൽവന്നവയോ നക്ഷത്രമാലയാണോ എന്നു് തോന്നുമാറു ശോഭിച്ചു.

48. ധാരാളജീമൂതകൃതാന്ധകാരേ
തസ്മിന്നപായ്യന്തജഡിമ്നി കാലേ
അലക്ഷ്യമാണഃ കചിദംശുമാലീ
ദിവാപ്യുവാസേവ തനൂനപാതി.

ധാരാളജീമൂതകൃതാന്ധകാരേ = ജലധാരകളെ വർഷിക്കുന്ന മേഘങ്ങളെക്കൊണ്ടു് ഇരുട്ടുണ്ടായതും. അപായ്യന്തജഡിമ്നി = അളവറ്റ തണുപ്പുള്ളതുമായ. തസ്മിൻ കാലേ = ആ വർഷകാലത്തിൽ. അംശുമാലീ = സൂര്യൻ. കചിത് = ഒരിടത്തും. അലക്ഷ്യമാണഃ = കാണപ്പെടാത്തവനായി. ദിവാ അപി = പകലും. തനൂനപാതി = അഗ്നിയിൽ. ഉവാസ ഇവ = കുടികൊണ്ടപോലെ തോന്നി.

സാരം:- തണുപ്പുകൂടുന്നകാലത്തു് ആളുകൾ ചില ദേശങ്ങളിൽ അഗ്നികുണ്ഡത്തിനടുത്തുതന്നെ ഇരിക്കാറുപതിവുണ്ടല്ലോ. തോരാതെപെയ്യുന്ന മേഘങ്ങളാൽ ഇരുളടയപ്പെട്ടും അസാമാന്യമായ തണുപ്പ് വഹിച്ചുമിരിക്കുന്ന ആ വർഷകാലത്തു് സൂര്യനെ എങ്ങും കാണാതിരിക്കുവാൻ കാരണം തണുപ്പുകൊണ്ടു് അദ്ദേഹം പകലും അഗ്നികുണ്ഡത്തിനടുത്തുതന്നെ ഇരിക്കുന്നതുനിമിത്തമായിരിക്കുമോ എന്നു കവി ശങ്കിക്കുന്നു.

49. ഇതി പ്രവൃത്തേ സമയേ ഘനാനാം
മാസേ നഭസ്യേ നിശി മധ്യമായാം
ഗണേ ശുഭാഖ്യായിനി ച ഗ്രഹാണാം
ദേവകൃവാഹ പ്രസവാഭിമുഖ്യം.

ഇതി = ഇപ്രകാരം. ഘനാനാം = മേഘങ്ങളുടെ. സമയേ പ്രവൃത്തേ = കാലം (വർഷകാലം) വന്നുചേർന്നപ്പോൾ. നഭസ്യേ മാസേ = പ്രൗഷ്ഠപദമാസത്തിൽ. മധ്യമായാം നിശി = അർധരാത്രിയിൽ. ഗ്രഹാണാം ഗണേ = ഗ്രഹങ്ങളുടെ സമൂഹം. ശുഭാഖ്യായിനി ച = ശുഭസൂചകമായിരിക്കേ. ദേവകീ = ദേവകീദേവി. പ്രസവാഭിമുഖ്യം ബഭാര = പ്രസവോന്മുഖി യായിത്തീർന്നു.

സാരം:- ഇങ്ങനെ വർഷകാലത്തു് പ്രൗഷ്ഠപദ (ചിങ്ങ) മാസത്തിൽ ഒരു ദിവസം അർധരാത്രിയിൽ ഗ്രഹസമൂഹം ശുഭസൂചകമായി നിൽക്കുന്നസമയത്തു് ദേവകീദേവിക്കു പ്രസവവേദന ആരംഭിച്ചു.

50. ഹരസ്യ ബാഹ്യം ഭുവനസ്യ താപം
പ്രാവൃട് പ്രസൂതേഷു വലാഹകേഷു
അസൂത തസ്യാന്തരതാപശാന്ത്യൈ
കൃഷ്ണാംബുവാഹം കൃപയേവ ദേവീ.

പ്രാവൃട്പ്രസൂതേഷു = വർഷർതുവിനാൽ ജനിപ്പിക്കപ്പെട്ട. വലാഹകേഷു = മേഘങ്ങളും ഭുവനസ്യ = ലോകത്തിന്റെ. ബാഹ്യം താപം = പുറമെയുള്ള ചൂടിനെ. ഹരന്ത്യ = ഹരിക്കുവേ. ദേവീ = ദേവകീദേവി. തസ്യ = ആ ലോകത്തിന്റെ. ആന്തരതാപശാന്തൈ = ഉൾച്ചൂട് തീർക്കാൻ വേണ്ടിയുള്ള. കൃപയാ ഇവ = ദയകൊണ്ടോ എന്നതോന്നുമാറ്. കൃഷ്ണാംബുവാഹം = ശ്രീകൃഷ്ണനാകുന്ന മേഘത്തെ. അസൂത = പ്രസവിച്ചു.

സാരം:- അങ്ങനെ വർഷകാലം പ്രസവിച്ച മേഘവൃന്ദങ്ങളും ഭുവനത്തിന്റെ പുറത്തുള്ള ചൂടിനെ നശിപ്പിച്ചുകൊണ്ടിരുന്ന ആ കാലത്തു ദേവകീദേവി ഭുവനത്തിന്റെ ഉൾത്താപത്തെ നശിപ്പിക്കുവാനുള്ള കൃപകൊണ്ടോ എന്നതോന്നുംവണ്ണം ശ്രീകൃഷ്ണനാകുന്ന മേഘത്തെ പ്രസവിച്ചു.

51. ഭിശഃ പ്രസേദുസ്സഹ നിമ്നഗാഭിർ-
ജഹർഷ ലോകേന സഹാംബുരാശിഃ
ജാതേ മുകുന്ദേ മുമുചുഃ സദ്യോ
ഭയേന ദേവാസ്സഹ പുഷ്പവൃഷ്ടിം.

മുകുന്ദേ ജാതേ = ശ്രീകൃഷ്ണൻ ജനിച്ചപ്പോൾ ഭിശഃ = ഭിക്കകളും നിമ്നഗാഭിഃ സഹ = നദികളോടൊപ്പം. പ്രസേദുഃ =

മതമിഞ്ഞു. അംബുരാശിഃ = സമുദ്രം. ലോകേന സഹ = ജനങ്ങളോടൊപ്പം. ഹർഷം = സന്തോഷിച്ചു. ദേവാഃ = സുരന്മാർ. സദ്യഃ = പെട്ടെന്നു. ഭയേന സഹ = ഭയത്തോടൊപ്പം. പുഷ്പവൃഷ്ടിം = പുഷ്പവൃഷ്ടിയെ. മുമുചുഃ ച = ചെയ്തു കയും ചെയ്തു.

സാരം:- ഭഗവാൻ ശ്രീകൃഷ്ണൻ ജനിച്ചപ്പോൾ ദിക്കുകളും നദികളും ഒന്നാകെ തെളിഞ്ഞു. സമുദ്രവും ലോകത്തോടൊപ്പം ഹർഷം പൂണ്ടു. ദേവന്മാരും ഭയംവെടിഞ്ഞു പുഷ്പവൃഷ്ടിചെയ്തു.

51. മനോഭിരാമേണ മധുവ്രതാനാം
നാദേന ശംസന്നിവ ദിഷ്ടവൃദ്ധിം
ചചാര വായുസ്സുമനോംശുകാനി
സംപ്രാപ്യ സംപ്രാപ്യ മഹീരുഹേഭ്യഃ.

വായുഃ = കാറ്റ്. മനോഭിരാമേണ = ചേതോഹരമായ. മധുവ്രതാനാം = വണ്ടുകളുടെ. നാദേന = ശബ്ദംകൊണ്ട്. ദിഷ്ടവൃദ്ധിം = ഭാഗ്യവർധനവിനെ. ശംസൻ ഇവ = പറയുന്നവനോ എന്നു തോന്നുമാറ്. മഹീരുഹേഭ്യഃ = വൃക്ഷങ്ങളിൽ നിന്നു. സുമനോംശുകാനി = പൂക്കളാകുന്ന വസ്ത്രങ്ങളെ സംപ്രാപ്യ സംപ്രാപ്യ = തേടി തേടി. ചചാര = സഞ്ചരിച്ചു.

സാരം :- ശ്രീകൃഷ്ണന്റെ ജനനകാലത്തു് മനോഹരമായി കാറുവീശി. ഹൃദയാകർഷമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് വണ്ടുകൾ സഞ്ചരിച്ചു. ആ ശബ്ദത്തോടുകൂടിയാണു് കാറു് വീശിയതു്. ഭഗവാന്റെ ജനനംകൊണ്ടു് ലോകത്തിനു ഭാഗ്യം വർദ്ധിച്ചിരിക്കുന്നു എന്നു വസ്തുത കാറു് വൃക്ഷങ്ങളോടു പറയുകയാണോ എന്നു ആ ശബ്ദംകേട്ടാൽ തോന്നും. കാറു് വൃക്ഷത്തിൽ ആഞ്ഞടിക്കുമ്പോൾ അതിൽ നിന്നും പൊഴിയുന്ന പൂക്കൾ വസ്ത്രങ്ങളാണെന്നാണു് കവിയുടെ അഭിപ്രായം. ആ ശുഭവാർത്തയറിയിച്ചതിനു വൃക്ഷങ്ങൾ കാറിനു സമ്മാനമായി നൽകിയ വസ്ത്രങ്ങളാണു് അവ. അങ്ങനെ വസ്ത്രങ്ങൾ നേടി നേടി മധുരമായ ആ മധുവ്രതശബ്ദത്തോടുകൂടി കാറു സഞ്ചരിച്ചുകൊണ്ടിരുന്നു.

53. വ്യജൃംഭത പ്രസ്ഫുടശംഖനാദ-
സ്താരേണ ഗീതധ്വനിനാ വിമിശ്രഃ
സമശ്നുവാനഃ കകുഭാം മുഖാനി
ദിവൗകസാം മംഗളതൂര്യഘോഷഃ.

ദിവൗകസാം = ദേവന്മാരുടെ. മംഗളതൂര്യഘോഷഃ = മംഗളസൂചകമായ വാദ്യഘോഷം. പ്രസ്ഫുടശംഖനാദഃ = നല്ലവണ്ണം വ്യക്തമായ ശംഖധ്വനിയോടുകൂടി. താരേണ = അത്യുച്ച

മായിരിക്കുന്നം. ഗീതധ്വനിനാ = സംഗീതശബ്ദത്തോട്ടെ. വീമിശ്രഃ = ചേർന്ന. ദിങ്മുഖാനി = ദിങ്മുഖങ്ങളെ. സമശ്നവാനഃ = വ്യാപിക്കുന്നതായിട്ട്. വ്യജൃംഭത = വർധിച്ചു.

സാരം :- ഭഗവാന്റെ ജനനകാലത്തു് ദേവന്മാർ മുഴക്കിയ ശംഖനാദത്തോടും് ഇടചേർന്ന വാദ്യഘോഷം അത്യുച്ചമായി പുറപ്പെട്ട സംഗീതധ്വനിയോടിടകലർന്നു് എല്ലാ ദിങ്മുഖങ്ങളിലും വ്യാപിച്ചു മാറ്റൊലിക്കൊണ്ടു നിന്നു.

54. ത്രപാമപാസ്യൻ വിനയം വിലുമ്പൻ
നീതിന്നിഗൃഹ്ണൻ ഭയമാശു ഭഞ്ജൻ
ശരീരിണാമച്യുതജന്മജന്മാ
മോദോ ജജൃംഭേ മദനിവ്വിശേഷഃ.

ശരീരിണാം = ദേഹികൾക്കു്. അച്യുതജന്മജന്മാ = ശ്രീകൃഷ്ണന്റെ ജനനംകൊണ്ടുണ്ടായ. മോദഃ = സന്തോഷം. ത്രപാം = ലജ്ജയെ. അപാസ്യൻ = നീക്കി. വിനയം = ഒതുക്കത്തെ. വിലുമ്പൻ = കവർച്ചു. നീതിം = നയത്തെ. നിഗൃഹ്ണൻ = ഇല്ലാതാക്കി. ഭയം = പേടിയെ. ആശു = പെട്ടെന്നു. ഭഞ്ജൻ = നശിപ്പിച്ചു. മദനിവ്വിശേഷഃ = മദത്തിനതുല്യം. ജജൃംഭേ = വർധിച്ചു.

സാരം :- ഭഗവാൻ ശ്രീകൃഷ്ണന്റെ അവതാരകാലത്തു ജീവികൾക്കുണ്ടായ സന്തോഷം ലജ്ജയെ നശിപ്പിക്കുകയും വിനയത്തെ ഇല്ലാതാക്കുകയും നീതിയെ നശിപ്പിക്കുകയും ഭയത്തെ ഇല്ലാതാക്കുകയുംചെയ്തുകൊണ്ട് മദതുല്യം വർദ്ധിക്കുകയുണ്ടായി. ഉന്മദം ഉള്ള ആളുകൾക്ക് ലജ്ജയും നീതിയും വിനയവും ഭയവും ഇല്ലെന്നുള്ളതു കാര്യം പ്രസിദ്ധമാണ്. ജനങ്ങളുടെ മോദം ഇവിടെ മദതുല്യം ലജ്ജാദികളെ നശിപ്പിക്കുകയാണ് ചെയ്തത്. അതായത് സന്തോഷാധിക്യംകൊണ്ടു ജനങ്ങൾ ലജ്ജാദികൾ വെടിഞ്ഞു് ആട്ടത്തിലും പാട്ടിലും മറ്റും ക്രൂരംക്രൂരം രസിച്ചു എന്നു താത്പര്യം.

55. ആക്ഷാഡിനം പാണിമുദസ്യ ദൂരം
ബ്രഹ്മർഷിലോകഃ പതദുത്തരീയഃ
നനർത്ത പത്യുഃ കലപാദചാരഃ
പ്രഹസ്യമാനഃ സുരസുന്ദരീഭിഃ.

ബ്രഹ്മർഷിലോകഃ = വസിഷ്ഠൻ തുടങ്ങിയ ബ്രഹ്മർഷികളുടെ സമൂഹം. ആക്ഷാഡിനം = പലാശണ്ഡം പിടിച്ചിരിക്കുന്ന. പാണിം = കയ്യ്. ദൂരം ഉദസ്യ = വളരെ ഉയർത്തി. പതദുത്തരീയഃ = വീഴുന്ന മേൽമുണ്ടോടുകൂടിയതായി. പത്യുഃ കലപാദചാരഃ = ക്രമംതെറ്റിയ ചുവടുവയ്പുകളോടുകൂടിയതായി. സുരസുന്ദരീഭിഃ = സ്വർല്ലോകവാസിനിമാരാൽ. പ്രഹസ്യമാനഃ = പരിഹസിക്കപ്പെടുന്നതായി. നനർത്ത = നൃത്തംചെയ്തു.

സാരം :- ഭഗവാന്റെ അവതാരകാലത്തു ബ്രഹ്മർഷികൾപോലും ആനന്ദപരവശരായി നൃത്തം ചെയ്തുപോയി. അവർ പലാശദണ്ഡാപൂണ്ട കൈകൾ ഉയർത്തിപ്പിടിച്ചും ഉത്തരീയം താഴെവീഴുമാറും ക്രമം തെറ്റി കാലുവച്ചും സുരസുന്ദരികളാൽ പരിഹസിക്കപ്പെടത്തക്കവണ്ണവുമാണു് നൃത്തം ചെയ്തതു്. ഈ പരിഹാസാദികളെ വകവയ്ക്കാതെ ആ ബ്രഹ്മനിർല്ലീനമാനസന്മാരായ ഋഷികൾ നൃത്തം ചെയ്തതക്കവണ്ണം ഭഗവാന്റെ അവതാരം അവരെ സന്തോഷിപ്പിച്ചു എന്നു സാരം.

56. ശൃങ്ഗോച്ഛ്രിതൈഃ കുങ്കുമവാരിപൂരൈ-
രന്യോന്യമഭ്യുക്ഷണതത്പരാണാം
പ്രമോദജന്മാ ഭിവി സംബഭൂവ
കോഽപി സുധാശനാനാം.

ശൃംഗോച്ഛ്രിതൈഃ = കുഴലുകൾകൊണ്ടുയർത്തിവിട്ടുന്ന. കുങ്കുമവാരിപൂരൈഃ = കുങ്കുമം കലർന്ന ജലസമൂഹത്താൽ. അന്യോന്യം = പരസ്പരം. അഭ്യുക്ഷണതത്പരാണാം = നനയ്ക്കുന്നതിൽ താത്പര്യമുള്ള. സുധാശനാനാം = ദേവന്മാരുടെ. പ്രമോദജന്മാ = സന്തോഷം നിമിത്തമുണ്ടായ. കോഽപി = ഒരു ഉത്സവം. ഭിവി = സ്വർഗ്ഗത്തിൽ. സംബഭൂവ = നടന്നു (ആശ്ചര്യം).

സാരം :- പിച്ചാംകുഴലിൽക്കൂടി കുങ്കുമം കലക്കിയ ജലംകൊണ്ടു് അന്യോന്യം നനയ്ക്കുവാൻ തത്പരരായി പ്രവർത്തിക്കുന്ന ദേവന്മാരുടെ സന്തോഷസൂചകമായ ഒരു മഹോത്സവം സ്വർഗ്ഗത്തിൽ ഉണ്ടായി.

57. പിതൃംശ്ച പുത്രാഃ പിതരശ്ച പുത്രാൻ
ഗുരുംശ്ച ശിഷ്യാ ഗുരവശ്ച ശിഷ്യാൻ
പതീംശ്ച ഭാരാഃ പതയശ്ച ഭാരാൻ
പ്രമോദമത്താസ്സിഷിചുഃ പയോഭിഃ.

പുത്രാഃ = സുതന്മാർ. പിതൃൻ ച = താതന്മാരെയും
പിതരഃ = താതന്മാർ. പുത്രാൻ ച = സുതന്മാരെയും.
ശിഷ്യാഃ = ശിഷ്യന്മാർ. ഗുരൻ ച = ഗുരുക്കന്മാരെയും
ഗുരവഃ = ഗുരുക്കന്മാർ. ശിഷ്യാൻ ച = ശിഷ്യന്മാരെയും.
ഭാരാഃ = ഭാര്യമാർ. പതീൻ ച = ഭർത്താക്കന്മാരെയും. പതയഃ=
ഭർത്താക്കന്മാർ. ഭാരാൻ ച = ഭാര്യമാരെയും. പ്രമോദമത്താഃ =
സന്തോഷംകൊണ്ടു മദിച്ചവരായിട്ടു. പയോഭിഃ = വെള്ളം
കൊണ്ടു. സിഷിചുഃ = നനച്ചു.

സാരം:- ആ ഉത്സവത്തിൽ സന്തോഷംകൊണ്ടു മദിച്ചു പുത്രന്മാർ പിതാക്കളെയും പിതാക്കൾ പുത്രന്മാരെയും ശിഷ്യന്മാർ ഗുരുക്കന്മാരെയും ഗുരുക്കന്മാർ ശിഷ്യന്മാരെയും ഭാര്യമാർ ഭർത്താക്കന്മാരെയും ഭർത്താക്കന്മാർ ഭാര്യമാരെയും ഇങ്ങനെ ജലംകൊണ്ടു നനച്ചു.

58. അസിഞ്ചദംഭോരുഹയോനിരിന്ദ്രം
തം പങ്കജാവാസമസിഞ്ചദിന്ദ്രഃ
അസിഞ്ചതാം തൌ വിബുധാശ്ശേഷാൻ
സർവ്വേ സുരാസ്തൗ ച ബലാദസിഞ്ചൻ.

അംഭോരുഹയോനിഃ = ബ്രഹ്മാവ്. ഇന്ദ്രം = ദേവേന്ദ്രനെ. അസിഞ്ചത് = നനച്ചു. ഇന്ദ്രഃ = ദേവേന്ദ്രൻ. തം പങ്കജാവാസം = ആ കമലാസനനെയും. അസിഞ്ചത് = നനച്ചു. തൗ = അവർ രണ്ടുപേരും. അശേഷാൻ വിബുധാൻ = എല്ലാ ദേവന്മാരെയും. അസിഞ്ചതാം = നനച്ചു. സർവ്വേ സുരാഃ = എല്ലാദേവന്മാരും. തൗ ച = അവരെ രണ്ടുപേരെയും. ബലാത് = ബലാത്കാരേണ. അസിഞ്ചൻ = നനച്ചു.

സാരം:- ആ ജലസേചനമഹോത്സവത്തിൽ ബ്രഹ്മാവ് ഇന്ദ്രനേയും ഇന്ദ്രൻ ബ്രഹ്മാവിനെയും അവർ രണ്ടുപേരും എല്ലാ ദേവന്മാരെയും എല്ലാ ദേവന്മാരും അവർ രണ്ടുപേരെയും ബലാത്കാരേണ തന്നെ നനക്കുകയുണ്ടായി.

59. മിത്രഃ പയോഭിസ്സിഷിചുർവിനേതുർ-
ജഹർഷുരുച്ചിക്ഷിപുരംബരാണി
അന്യോന്യമംസേന സുരമുഹുർ-
മത്താ ഇവ സ്വർഗ്ഗസദോ ബഭ്രുവുശ്ച

സപത്നസദഃ = ദേവന്മാർ. മിഥഃ = പരസ്പരം. പയോഭിഃ= ജലംകൊണ്ടു സിഞ്ചിഭിഃ = നനച്ചു. വിനേദുഃ = ശബ്ദിച്ചു ജഗർഹുഃ = സന്തോഷിച്ചു. അംബരാണി = വസ്ത്രങ്ങൾ. ഉച്ചിക്ഷിപുഃ = മേല്പോട്ടെറിഞ്ഞു. അന്യോന്യം = പരസ്പരം അംസേന = തോളിലേറ്റി. സുദൃശം ഉദ്വഹുഃ = ബഹുമാനം കാട്ടിയും. മത്താ ഇവ = മദിച്ചവരെപ്പോലെ. ബഭുവുഃ = ആയിത്തീർന്നു.

സാരം:–ആ മഹോത്സവത്തിൽ സപത്നവാസികളെല്ലാം തന്നെ അന്യോന്യം ജലസേചനം നടത്തുകയും ശബ്ദം പുറപ്പെടുവിക്കുകയും സന്തോഷിക്കുകയും വസ്ത്രങ്ങൾ മേല്പോട്ടെറിയുകയും അന്യോന്യം തോളിലേറ്റിക്കൊണ്ടു ബഹുമാനം നടക്കുകയും ആകപ്പാടെ മദിച്ചവരെപ്പോലെ പെരുമാറുകയുംചെയ്തു.

60. ത്രിലോകനാഥോദയസംഭവേന
മോദേന പര്യാകുലമാനസാനാം
ഗീതേ ച നൃത്തേ ച സുരാങ്ഗനാനാം
ബഭൂവ താളസ്ഖലിതം ന ദോഷഃ.

ത്രിലോകനാഥോദയസംഭവേന = മൂന്നു ലോകത്തിന്റെയും നാഥനായ വിഷ്ണുവിന്റെ ജനനംകൊണ്ടുണ്ടായ. മോദേന= സന്തോഷത്താൽ. പര്യാകുലമനസാനാം = പരവശമായ മനസ്സോടുകൂടിയ. സുരാങ്ഗനാനാം = ദേവസ്ത്രീകൾക്കു്. ഗീതേ ച = പാട്ടിലും. നൃത്തേ ച = ആട്ടത്തിലും (നേരിട്ട)

താളസ്ഖലിതം = താളത്തിന്റെ ക്രമം. ദോഷം = ദോഷമായി. ന ഖലൂവ = തീന്നില്ല.

സാരം:- ത്രിലോകനാഥനായ ഭഗവാൻ ശ്രീകൃഷ്ണന്റെ അവതാരംകൊണ്ടുണ്ടായ സന്തോഷംനിമിത്തം വിവശചിത്തകളായിത്തീന്ന ദേവസ്ത്രീകൾക്കു പാട്ടിലും ആട്ടത്തിലും പറ്റിയ താളസ്ഖലിതം ഒരു ദോഷമായിത്തീന്നില്ല.

61. ശ്യാംഗോമകേസ്ഫാലനരകതനേത്രാ
വിച്ഛിന്നഹാരാശ്ച്യുതകർണ്ണഭൂഷാഃ
പ്രഹാസസീദധ്വനിഭിർവചോഭി-
സ്സമാലപന്തോ വിബുധാ വിജഹ്രുഃ.

ശ്യാംഗോമകേസ്ഫാലനരകതനേത്രാഃ = പീച്ചാംകഴലിലെ വെള്ളംകൊണ്ടുള്ള താഡനത്താൽ ചുവന്ന കണ്ണുകളോടുകൂടിയവരും. വിച്ഛിന്നഹാരാഃ = പൊട്ടിയ മുത്തുമാലയുള്ളവരും. ച്യുതകർണഭൂഷാഃ = കർണ്ണാഭരണം വീണവരുമായ. വിബുധാഃ = ദേവന്മാർ. പ്രഹാസസീദധ്വനിഭിഃ = പൊട്ടിച്ചിരികൊണ്ടു തളർന്ന ശബ്ദങ്ങളോടുകൂടിയ. വചോഭിഃ = തമാശികൾകൊണ്ടു്. സമാലപന്തഃ = സംസാരിക്കുന്നവരായിട്ടു്. വിജഹ്രുഃ = കളിച്ചു.

സാരം:- പീച്ചാംകഴലിൽനിന്നു പാഞ്ഞ ജലമേറ്റു ചുവന്ന കണ്ണുകളോടുകൂടിയവരും മുത്തുമാലപൊട്ടിപ്പോയവരും കർണ്ണാഭരണം വീണുപോയവരുമായ ദേവന്മാർ

പൊട്ടിച്ചിരികൊണ്ടു് തളർന്നശബ്ദത്തോടുകൂടിയ വാക്കുകളാൽ സംഭാഷണംചെയ്യുകൊണ്ടു് കളികളിൽ ഏർപ്പെട്ടു.

62. ജാതേ ഹരൗ ദൈത്യവിമർദ്ദനേന
വിശ്വംഭരോഭാരമപാചികീർഷൗ
മുനേഃ പ്രഹർഷഃ കലഹപ്രിയസ്യ
ജഗത് പ്രഹർഷശ്ച സമാവഭ്രതാം.

ദൈത്യവിമർദ്ദനേന = അസുരന്മാരുടെ വധംകൊണ്ടു്. വിശ്വംഭരോഭാരം = ഭൂമിയുടെ ഭാരത്തെ. അപാചികീർഷൗ = ഇല്ലാതാക്കാനാഗ്രഹിക്കുന്ന. ഹരൗ ജാതേ = വിഷ്ണു ജനിച്ചപ്പോൾ, കലഹപ്രിയസ്യ മുനേഃ = നാരദമഹർഷിയുടെ. പ്രഹർഷഃ = സന്തോഷവും. ജഗത് പ്രഹർഷശ്ച = ലോകങ്ങളുടെ സന്തോഷവും. സമം അഭ്രതാം = തുല്യമായിരുന്നു.

സാരം:- ദൈത്യന്മാരെക്കൊന്നു് ഭൂമിയുടെ ഭാരം ഇല്ലാതാക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് ശ്രീകൃഷ്ണൻ ഭൂമിയിൽ ജനിച്ചതോടുകൂടി ഇനി ധാരാളം കലഹങ്ങൾ കാണുവാൻ ഇടവരുമല്ലോ എന്നുകരുതി കലഹപ്രിയനായ നാരദനും ശാന്തിയും സമാധാനവും വരുമല്ലോ എന്നുകരുതി ലോകരും സന്തോഷിച്ചു.

63. ഇതി പ്രകർഷാകലിതൈർമനോഭിർ-
വിശൃങ്ഖലം ക്രീഡതി ദേഹിവർഗ്ഗേ
കംസഃ സഭൃത്യഃ പ്രതിപദ്യ മൂർച്ഛാ-
ന്നിദ്രാഭിധാനാന്ന കിമപ്യബോധി.

ഇതി = ഇപ്രകാരം. ദേഹിവർഗേ = ജീവിജാലം. പ്രഹർഷാകലിതൈഃ = സന്തോഷംകൊണ്ടു പരവശങ്ങളായ. മനോഭിഃ = ചേതസ്സുകളോടുകൂടി. വിശൃങ്ഖലം = തടസ്സംകൂടാതെ. ക്രീഡതി = കളിച്ചുകൊണ്ടിരിക്കുമ്പോൾ. സഭൃത്യഃ കംസഃ = ഭൃത്യന്മാരോടുകൂടിയ കംസൻ. നിദ്രാഭിധാനാം മൂർച്ഛാം = നിദ്രയെന്നു വിളിക്കപ്പെട്ടന്ന മോഹത്തെ പ്രതിപദ്യ = പ്രാപിച്ചിട്ട്. കിമപി ന അബോധി = ഒന്നും അറിഞ്ഞില്ല.

സാരം:- ഇങ്ങനെ ജീവിവർഗ്ഗം സന്തോഷപരവശങ്ങളായ മനസ്സുകളോടുകൂടി തടവെത്തുമെന്യേ കളിച്ചുകൊണ്ടിരിക്കുമ്പോൾ കംസനും ഭൃത്യന്മാരും ഉറക്കമാകുന്ന മൂർച്ഛയിൽപ്പെട്ടു് ഒന്നുമറിയാതെ കഴിയുകയായിരുന്നു.

64. ശ്യാമം ചതുർഭുജമുദാരഹാരം
കിരീടിനം കുണ്ഡലധീപ്തഗണ്ഡം
പിതാ ച മന്താ ച വിലോക്യ പുത്ര-
മാനന്ദമഗ്നാ വിവശാവഭൂതാം.

പിതരം ച = അച്ഛനും. മാതാ ച അമ്മയും. ശ്യാമം ചതുർബാഹും = കറുപ്പുനിറമുള്ളവനും നാലുകൈകളുള്ളവനും. ഉദാരഹാരം കിരീടിനം = ഉത്കൃഷ്ടമായ മുത്തുമാലയുള്ളവനും. കിരീടമുള്ളവനും. കുണ്ഡലദീപ്തഗണ്ഡം പുത്രം = കുണ്ഡലങ്ങളും കൊണ്ടു ശോഭിക്കുന്ന കവിൾത്തടങ്ങളോടു കൂടിയവനുമായ മകനെ. വിലോക്യ = കണ്ടിട്ട്. ആനന്ദമഗ്നൗ വിവശൗ ആനന്ദത്തിലാറാടിയവരായി പരവശന്മാരായി. അഭൂതാം= തീർന്നു.

സാരം:- പിതാവായ വസുദേവനും മാതാവായ ദേവകിയും കറുത്തവനും നാലുകൈകളുള്ളവനും ഉത്കൃഷ്ടങ്ങളായ മുത്തുമാലകളും ധരിച്ചവനും കിരീടമുള്ളവനും കുണ്ഡലാഭരണങ്ങളുംകൊണ്ടു ശോഭിക്കുന്ന കവിൾത്തടങ്ങളോടു കൂടിയവനുമായ പുത്രനെ കണ്ടിട്ട് ആനന്ദമഗ്നരും പരവശരുമായിത്തീർന്നു.

65. നിയമ്യ ഹർഷോദ്ഭവപാരവശ്യം
തന്നേവകീജാനിരുവാച വാചം
പ്രസീദ ദീതോഽഹമതീവ കംസാ-
ദിദന്തു രൂപം പ്രതിസംഹരേതി.

ദേവകീജാനിഃ = ദേവകിയുടെ ഭർത്താവായ വസുദേവൻ. ഹർഷോദ്ഭവപാരവശ്യം = സന്തോഷംകൊണ്ടുണ്ടായ പരവശത. നിയമ്യ = അടക്കിയിട്ട്. (ഹേ ഭഗവൻ! = അല്ലയോ

ഭഗവാനേ!) പ്രസീദ = പ്രസാദിക്കേണമേ. അഹം = ഞാൻ. കംസാത് = കംസനിൽനിന്ന്. അതീവ = അത്യന്തം. ഭീതഃ അസ്മി = ഭയപ്പെട്ടവനാകുന്നു. ഇദം രൂപം ഉ = ഈ സ്വരൂപത്തെയാകട്ടെ. പ്രതിസംഹര = ഉപേക്ഷിച്ചാലും. ഇതി വാചം = എന്നിവണ്ണമുള്ളവാക്കിനെ. തം = ആ വിഷ്ണുഭഗവാനോട്. ഉവാച = പറഞ്ഞു.

സാരം:– അനന്തരം വസുദേവൻ സന്തോഷപാരവശ്യത്തെ അടക്കിയിട്ട് ഇങ്ങനെ പറഞ്ഞു, അല്ലയോ ഭഗവാനേ! അങ്ങു പ്രസാദിച്ചാലും. കംസനെ ഓർത്തു ഞാൻ വളരെ പേടിക്കുന്നു. അങ്ങ് ഈ രൂപം ഉപസംഹരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

66. തത്പ്രേരിതസ്തല്പഗതം കരാഭ്യാം
തമാദദേ കല്പിതബാലഭാവം
തദോത്ഥിതാനഃ കരയോസ്സ തസ്യ
പ്രകാമമപ്രീയത പദ്മനാഭഃ.

സഃ = ആ വസുദേവൻ. തത്പ്രേരിതഃ = വിഷ്ണുവിനാൽ പ്രേരിക്കപ്പെട്ടവനായി. കല്പിതബാലഭാവം = ബാലഭാവം പൂണ്ടവനും. തല്പഗതം തം = കിടക്കയിൽ കിടക്കുന്നവനായ ആ ശ്രീകൃഷ്ണനെ. കരാഭ്യാം = കൈകളുംകൊണ്ട്. ആദദേ = എടുത്തു. സഃ പദ്മനാഭഃ = ആ മഹാവിഷ്ണു

തസ്യ = വസുദേവന്റെ. തയോഃ കരയോഃ = ആ കൈകളിൽ ശയാനഃ = കിടക്കുന്നവനായി. പ്രകാമം = അത്യന്തം അപ്രീയത = സന്തോഷിച്ചു.

സാരം:- ആ വസുദേവൻ ശ്രീകൃഷ്ണന്റെ ആജ്ഞയനുസരിച്ച് ബാലഭാവം പൂണ്ടു കിടക്കയിൽ കിടക്കുന്ന അദ്ദേഹത്തെ രണ്ടുകൈകൊണ്ടും എടുത്തു. അങ്ങനെ വസുദേവന്റെ കരങ്ങളിൽ കിടന്ന ഭഗവാൻ വളരെ സന്തോഷിച്ചു.

67. അശേത യഃ പ്രാഗ് വടപത്രമധ്യേ
ലോകാനശേഷാനുദരേ ദധാനഃ
വിനാ തപോഭിഃ കിമു തസ്യ സിദ്ധ്യേത്
തത് പാണിയുഗ്മേ ശയനം മുരാരേഃ.

യഃ = യാതൊരു മഹാവിഷ്ണു. പ്രാക് = പണ്ട്. അശേഷാൻ ലോകാൻ = എല്ലാ ജഗത്തുകളേയും. ഉദരേ = ഉള്ളിൽ. ദധാനഃ = അടക്കികൊണ്ട്. വടപത്രമധ്യേ = ആലിലയിൽ. അശേത = കിടന്നുവോ. തസ്യ മുരാരേഃ = ആ വിഷ്ണുവിന്റെ. തത് പാണിയുഗ്മേ = വസുദേവന്റെ ഇരു കരങ്ങളിലുമുള്ള. ശയനം = കിടപ്പ്. തപോഭിഃ വിനാ = പുണ്യസാധനങ്ങളായ കർമ്മങ്ങളോടുകൂടാതെ. കിമു സിദ്ധ്യേത് = എങ്ങനെ കിട്ടും?

സാരം:- സകലലോകങ്ങളും ഉള്ളിൽ അടക്കിക്കൊണ്ടു് പണ്ടു് വടപത്രത്തിൽ കിടന്ന ആ മഹാവിഷ്ണുവസുദേവരുടെ കൈകളിൽ കിടക്കുവാനിടയായതു് അദ്ദേഹത്തിന്റെ തപസ്സുകളുടെ ഫലംതന്നെയാണു്.

67. തമാലനീലേന തമോഭരേണ
നിപീഡിതാശാവലയേ നിശീഥേ
അദായ പങ്കേരുഹലോചനം തം
സദ്യസ്സ നിർഗത്യ ഗൃഹാത് പ്രതസ്ഥേ.

സഃ = ആ വസുദേവൻ. തമാലനീലേന = പച്ചിലമരംപോലെ കറുത്ത. തമോഭരേണ = ഇരുട്ടിൻ ക്കൂട്ടത്താൽ. നിപീഡിതാശാവലയേ = നിബിഡമായ മിക്കദിക്കുകളോടുകൂടിയ. നിശീഥേ = അർധരാത്രിയിൽ. പങ്കേരുഹലോചനം തം = ചെന്താമരക്കണ്ണനായ ആ കുമാരനെ അദായ = എടുത്തുകൊണ്ടു്. സദ്യഃ = പെട്ടെന്നു്. ഗൃഹാത് = വീട്ടിൽനിന്നും. നിർഗത്യ = പുറപ്പെട്ടു്. പ്രതസ്ഥേ = പോയി.

സാരം:- ആ വസുദേവൻ പച്ചിലമരംപോലെ കറുത്ത ക്രൂരിരുൾക്കൂട്ടംകൊണ്ടു് സകലദിക്കുകളും മൂടിയിരിക്കുന്ന ആ അർദ്ധരാത്രിയിൽ ആ താമരക്കണ്ണനെ എടുത്തുകൊണ്ടു പെട്ടെന്നു് ഗൃഹത്തിൽനിന്നും പുറപ്പെട്ടുപോയി.

69. നിവായ്യ വർഷോദകമാത്മനൈവ
പ്രകാശ്യ മാർഗ്ഗം ഫണരത്ന ഭാസാ
ഉപായമുക്ത്വാ വസുദേവകർണ്ണേ
ശേഷസ്സിഷേവേ ബഹുധൈവ വിഷ്ണും.

ശേഷഃ = അനന്തൻ. വർഷോദകം = മഴവെള്ളത്തെ. ആത്മനാ ഏവ = തന്റെ ശരീരംകൊണ്ടുതന്നെ. നിവായ്യ = തടഞ്ഞിട്ട്. ഫണരത്നഭാസാ = പത്തികളിലുള്ള മണികളുടെ തേജസ്സുകൊണ്ട്. മാർഗ്ഗം = വഴി. പ്രകാശ്യ = തെളിച്ച്. വസുദേവകർണ്ണേ = വസുദേവന്റെ ചെവിയിൽ. ഉപായം = മാർഗ്ഗം. ഉക്ത്വാ = പറഞ്ഞുകൊടുത്തു. ബഹുധാ ഏവ = പല പ്രകാരത്തിൽ. വിഷ്ണും = ശ്രീവിഷ്ണുഭഗവാനേ. സിഷേവേ = സേവിച്ചു.

സാരം:– അങ്ങനെ വസുദേവൻ പുറപ്പെട്ടപ്പോൾ അനന്തൻ ആ വർഷജലത്തെ സ്വന്തം ശരീരംകൊണ്ട് തടഞ്ഞും ഫണങ്ങളിൽ ഇരിക്കുന്ന രത്നങ്ങളുടെ പ്രകാശം കൊണ്ടു വഴികാട്ടിയും ചെയ്യേണ്ടകാര്യങ്ങളെക്കുറിച്ചു വസുദേവന്റെ ചെവിയിൽ ഉപദേശം നൽകിക്കൊണ്ടും ഇങ്ങനെ പലപ്രകാരത്തിലും വിഷ്ണുഭഗവാനേ സേവിച്ചു.

70. പുരാ സ നിർഗത്യ പുമാംസമാദ്യം
യമഹൻ വഹന്തീം യമുനാമപശ്യത്
കുലംകഷാഘാപി കളിന്ദകന്യാ
തദീയഗുല്മം ഹൃദയസ്യഭേദകാഭ്രത്

ആദ്യം–പുമാംസം = ആദ്യനായിരിക്കുന്ന പുരുഷനെ (മഹാവിഷ്ണുവിനെ). വഹൻ സഃ = എടുത്തുകൊണ്ടിരിക്കുന്ന ആ വസുദേവൻ. പുരാത് = പട്ടണത്തിൽനിന്ന്. നിർഗത്യ = പുറപ്പെട്ട്. വഹന്തീം യമുനാം = ഒഴുകിക്കൊണ്ടിരിക്കുന്ന യമുനാനദിയെ. അപശ്യത് = കണ്ടു. കളിന്ദകന്യാം = കാളിന്ദി (യമുനാ) നദി. ക്രൂരംകൃഷ്ണാഹ്വയാ അപി = കരകവിഞ്ഞ് ഒഴുകുകയായിരുന്നെങ്കിലും. തദീയഗ്രഹചയ–സൗഭഗാം = വസുദേവന്റെ കാലിന്റെ നരിയാണിയോളം വെള്ളമുള്ളതായി. അത്രത് = തീർന്നു.

സാരം– ആദിപുരുഷനായ ഭഗവാൻ വിഷ്ണുവിനെ ചുമന്നുകൊണ്ട് ആ വസുദേവൻ നഗരത്തിൽ നിന്നും പുറപ്പെട്ടവന്ന് ഒഴുകിക്കൊണ്ടിരുന്ന യമുനാനദിയെ കണ്ടു. കരകവിഞ്ഞൊഴുകുന്നതായിരുന്നുവെങ്കിലും യമുനാനദി അദ്ദേഹം ചെയ്ത വസുദേവന്റെ കാലിലെ നരിയാണിയോളം മാത്രം വെള്ളമുള്ളതായിത്തീർന്നു.

71. ഉത്തീര്യ താം തത്തടസംസ്ഥിതാനാം–
ദാത്തും കരം വാർഷികമാഗതാനാം
വ്രജൗകസാം നന്ദപുരോഗമാനാം
പ്രീതോ നിവേശം സഹസാ വിവേശ.

സഃ = വസുദേവൻ. താം = ആ യമുനാനദിയെ. ഉത്തീര്യ = കടന്ന്. വാർഷികം കരം = ആണ്ടിൽ കൊടുക്കേണ്ട കപ്പം. ദാതും = കൊടുക്കുന്നതിന്. ആഗതാനാം = വന്നവരും.

തത്തടസംസ്പ്രിക്താനാം = ആ യമുനാനദിയുടെ തീരത്തെ അത്ര യിച്ചവരും. നന്ദപുരോഗമാനാം = നന്ദഗോപനെ പിൻതുടരുന്ന വരുമായ. വ്രജൗകസാം = ഗോപന്മാരുടെ. നിവേശം = വാസസ്ഥാനത്തെ. പ്രീതഃ = സന്തുഷ്ടനായി. സഹസാ = പെട്ടെന്ന്. വിവേശ = പ്രവേശിച്ചു.

സാരം:- വസുദേവൻ ആ യമുനാനദിയെ കടന്നിട്ട് സംവത്സരത്തിൽ ഒരിക്കൽ കൊടുക്കേണ്ട കരം കൊടുക്കുന്നതിനായി വന്നവരും യമുനാതീരത്തിൽ തൽക്കാലം താമസിക്കുന്നവരും നന്ദപ്രധാനന്മാരുമായ ഗോപന്മാരുടെ വാസസ്ഥാനത്തേക്ക് സന്തോഷത്തോടുകൂടി പെട്ടെന്ന് കടന്നുചെന്നു.

72. പ്രവിശ്യ ജാനന്നിവ നന്ദഗോപ-
നിവേശനം സുപ്തശരീരിവർഗ്ഗം
സുതാം പ്രസൂയ പ്രതിപന്നനിദ്രാം
ദദർശ തദ്ധർമ്മവധൂം യശോദാം.

സഃ = വസുദേവൻ. ജാനൻ ഇവ = പരിചയക്കാരൻ എന്നപോലെ. സുപ്തശരീരിവർഗ്ഗം = ഉറങ്ങുന്ന ജീവിസമൂഹത്തോടുകൂടിയ. നന്ദഗോപനിവേശനം = നന്ദഗോപന്റെ വാസസ്ഥലത്തു. പ്രവിശ്യ = കയറിച്ചെന്നിട്ട്. സുതാം പ്രസൂയ = മകളെ പ്രസവിച്ചു. പ്രതിപന്നനിദ്രാം = ഉറക്കത്തിലാണ്ടു കിടക്കുന്ന. തദ്ധർമ്മവധൂം = നന്ദഗോപന്റെ ധർമ്മപത്നിയായ. യശോദാം = യശോദയെ. ദദർശ = കണ്ടു.

സാരം:- ആ ഗോപവാടത്തെ പ്രവേശിച്ച വസുദേവൻ ചൂറുപാട്ടുകളെപ്പറ്റി അറിവുള്ളവനെപ്പോലെ എല്ലാവരും ഉറങ്ങിക്കിടക്കുന്ന നന്ദഗോപന്റെ ക്രൂരത്തിലെത്തിയിട്ട് ഒരുപെൺകുഞ്ഞിനെ പ്രസവിച്ചശേഷം നിദ്രയിലാണ്ടുകിടക്കുന്ന നന്ദപത്നിയായ യശോദയെ കണ്ടു.

73. തം ശായയിത്വാ ശയനേ തദീയേ
കന്യാം സമാദായ നിപത്യ ഗച്ഛൻ
ശുശ്രാവ പുത്രോദയഹർഷമൂലം
കോലാഹലം ഗോപവധൂജനാനാം.

സഃ = വസുദേവൻ. തദീയേ ശയനേ = അവളുടെ (യശോദയുടെ) കിടക്കയിൽ. തം = ആ വിഷ്ണുവിനെ. ശായയിത്വാ = കിടത്തിയിട്ട്. കന്യാം = പെൺകുഞ്ഞിനെ. സമാദായ = എടുത്തുകൊണ്ട്. നിപത്യ ഗച്ഛൻ = മടങ്ങിപോകുന്നവനായിട്ട്. പുത്രോദയഹർഷമൂലം = മകനുണ്ടായ സന്തോഷംകൊണ്ടുള്ള. ഗോപവധൂജനാനാം = ഗോപസ്ത്രീകളുടെ. കോലാഹലം = ശബ്ദകോലാഹലം. ശുശ്രാവ = കേട്ടു.

സാരം- വസുദേവൻ ആ യശോദയുടെ കിടക്കയിൽ കയ്യിലിരുന്ന ആ കൃഷ്ണശിശുവിനെ കിടത്തിയിട്ട് പെൺകുഞ്ഞിനെ എടുത്തുകൊണ്ട് തിരിച്ചുനടന്നു. അങ്ങനെ

നടന്നുപോകുന്ന അദ്ദേഹത്തിനു ഒരു പുത്രനുണ്ടായ സന്തോഷംമൂലം ഗോപസ്ത്രീജനങ്ങൾ ഉണ്ടാക്കുന്ന കോലാഹലം കേൾക്കുവാൻ ഇടയായി.

74. കരേണ കന്യാം മനസാ ച പുത്രം
വഹൻ മുഹൂർത്തേന വിലംഘ്യ മാർഗ്ഗം
വിശങ്കമാവിശ്യ ഗൃഹം ഗൃഹിണ്യാഃ
നിധായ ബാലാം ശയനേ സ തസ്ഥൗ.

സഃ = ആ വസുദേവൻ. കരേണ = കൈകൊണ്ടു. കന്യാം = കന്യകയേയും. മനസാ = ചേതസ്സുകൊണ്ടു്. പുത്രം ച = മകനേയും. വഹൻ = ധരിക്കുന്നവനായിട്ടു്. മുഹൂർത്തേന = ക്ഷണംകൊണ്ടു. മാർഗ്ഗം = വഴി. വിലംഘ്യ = പിന്നിട്ടു്. വിശങ്കം = സംശയംകൂടാതെ. ഗൃഹം = വീട്ടിൽ. ആവിശ്യ = കടന്നു്. ഗൃഹിണ്യാഃ = ഭാര്യയുടെ (ദേവകിയുടെ). ശയനേ = കിടക്കയിൽ. ബാലാം = കന്യകയെ. നിധായ = കിടത്തിയിട്ടു്. തസ്ഥൗ = സ്ഥിതിചെയ്തു.

സാരം:- ഗോപവാടത്തിൽ നിന്നും പുറപ്പെട്ട വസുദേവൻ കയ്യിൽ കന്യകയേയും മനസ്സിൽ സ്വന്തംപുത്രനേയും വഹിച്ചുകൊണ്ടു് മുഹൂർത്തനേരംകൊണ്ടു് മാർഗ്ഗം പിന്നിട്ടു് ഒരു സംശയത്തിനുമിടവരാത്തവണ്ണം സ്വന്തം ഗൃഹത്തിലെത്തി ഭാര്യയുടെ കിടക്കയിൽ ആ പെൺകുഞ്ഞിനെ കിടത്തിയശേഷം സ്വസ്ഥനായി നിലകൊണ്ടു.

75. സാ ചഞ്ചരീകസ്വനസന്നിഭേന
നാദേന ലോകസ്യ മനോ ഹരന്തീ
രുരോദ കിഞ്ചിദ്വിപിവൃതേന ബാലാ
സ്ഫുത്പയോജാകൃതിനാ മുഖേന.

സാ ബാലാ = ആ പെൺകുഞ്ഞു്. ചഞ്ചരീകസ്വനസന്നിഭേന = വണ്ടിൻ ശബ്ദത്തോടുതുല്യമായ. നാദേന = ശബ്ദം കൊണ്ടു. ലോകസ്യ = ജനത്തിന്റെ. മനഃ = മനസ്സിനെ. ഹരന്തീ = ആകർഷിക്കുന്നവളായി. കിഞ്ചിദ്വിപിവൃതേന = അല്പം വിടർന്നതും. സ്ഫുരത്പയോജാകൃതിനാ = വികസിച്ച താമരപ്പൂവിന്റെ ആകൃതിയോടു കൂടിയതുമായ. മുഖേന = മുഖംകൊണ്ടു്. രുരോദ = കരഞ്ഞു.

സാരം:- ആ പെൺകുഞ്ഞു് വണ്ടിന്റെ ശബ്ദംപോലെയുള്ള ശബ്ദംകൊണ്ടു ലോകരുടെ മനസ്സിനെ മുഴുവൻ ഹരിക്കത്തക്കവണ്ണം വിടർന്നവരുന്ന താമരപ്പൂപോലെയിരിക്കുന്നതും കുറഞ്ഞൊന്നു തുറന്നതുമായ വാകൊണ്ടു കരഞ്ഞു.

76. അകർണ്യ ബാലധ്വനിമസ്തനിദ്രാ
പ്രധാവ്യ രക്ഷാപുരുഷാ ജവേന
പ്രബോധ്യ യത്നേന പതിം പൃഥിവ്യാ-
സ്തസ്മൈ ഭഗിനിം പ്രസുതാം.

സാരം:- കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഉണർന്ന രക്ഷാപുരുഷന്മാർ വേഗത്തിൽ ഓടിച്ചെന്ന് രാജാവിനെ പ്രയത്നപ്പെട്ടുണർത്തി അദ്ദേഹത്തെ സഹോദരി പ്രസവിച്ചു എന്നറിയിച്ചു.

77, സദ്യസ്സമാഗത്യ സ തത്ര ദൃഷ്ട്വാ
ബാലാമമർഷേണ വിമൽശൂന്യഃ
സപത്നീ നിക്ഷിപ്തോഽപി വധാഭിലാഷീ
ജഗ്രാഹ തസ്യാശ്ചരണൗ കരാഭ്യാം.

സഃ = ആ കംസൻ. സദ്യഃ = പൊടുന്നനവേ. സമാഗത്യ = വന്നുചേർന്ന്. തത്ര = ആ കിടക്കയിൽ. ബാലാം = കന്യകയെ. ദൃഷ്ട്വാ = കണ്ട്. അമർഷേണ = കോപം കൊണ്ട്, വിമൽശൂന്യഃ = വിചാരമില്ലാത്തവനായി. സപത്നീ = സഹോദരിയായ ദേവകിയാൽ. നിക്ഷിപ്തഃ അപി = തടയപ്പെട്ടിട്ടും. വധാഭിലാഷീ = കൊല്ലാൻ ആഗ്രഹിക്കുന്നവനായി. തസ്യാഃ = ആ കന്യകയുടെ. ചരണൗ = രണ്ടു കാലുകളും. കരാഭ്യാം = രണ്ടു കൈകളും കൊണ്ടും. ജഗ്രാഹ = പിടിച്ചു.

സാരം:- കംസൻ പെട്ടെന്നതിനെ വന്ന് ആ കിടക്കയിൽ കിടക്കുന്ന പെൺകുഞ്ഞിനെ കണ്ടു. സഹോദരി

തടഞ്ഞിട്ടും കോപംകൊണ്ടു വിചാരശൂന്യനായിത്തീർന്ന ആ കംസൻ കുഞ്ഞിനെ കൊല്ലാനായി അതിന്റെ രണ്ടു കാലുകളും രണ്ടു കൈകൾകൊണ്ടും പിടിച്ചു.

78. ഉദസ്യ ദൂരം തരസാ കരേണ
ചിക്ഷേപ താം ദുർമ്മതിരശ്മപൃഷ്ഠേ
മഹീമയാതൈവ ദിവിസ്ഥിതാ സാ
ജജ്വാല ധാമ്നാ ജഗതാം സവിത്രീ.

ദുർമ്മതിഃ സഃ = ദുർബുദ്ധിയായ കംസൻ. താം = ആ കന്യകയെ കരേണ = കൈകൊണ്ട്. ദൂരം ഉദസ്യ = വളരെ പൊക്കി അശ്മപൃഷ്ഠേ = കല്ലിന്റെ മുകളിൽ. തരസാ ചിക്ഷേപ = പെട്ടെന്ന് എറിഞ്ഞു. ജഗതാം = ലോകങ്ങളുടെ. സവിത്രീ സാ = മാതാവായ ആ കന്യക. മഹീം = ഭൂമിയിലേക്ക്. അയാതാ ഏവ = പതിക്കാതെതന്നെ. ദിവി സ്ഥിതാ = ആകാശത്തിൽ നിൽക്കുന്നവളായി. ധാമ്നാ = തേജസ്സുകൊണ്ട്. ജജ്വാല = ജ്വലിച്ചു (വിളങ്ങി).

സാരം:- ദുഷ്ടനായ കംസൻ ആ കുഞ്ഞിനെ കൈകൊണ്ടു വളരെ ഉയരത്തിൽപൊക്കി കല്ലിന്റെ പുറത്തേക്ക് ഊക്കോടെ എറിഞ്ഞു. ജഗന്മാതാവായ ആ ദേവിയാകട്ടെ ഭൂമിയിൽ വീഴാതെ ആകാശത്തിൽതന്നെ നിന്നു തേജോമയിയായി ജ്വലിച്ചു.

79. തതഃ കരൈസ്താമരസപ്രകാശൈ-
സ്സാ മന്ദമാന്ദോളിതശസ്ത്രജാലാ
വിലോക്യ തം വിഹ്വലചിത്തവൃത്തിം
ജഗാദ വാചം ജഗദേകമാതാ.

തതഃ = അനന്തരം. ജഗദേകമാതാ സാ = എല്ലാ ലോകങ്ങളുടേയും മുഖ്യമാതാവായ അവൾ. താമരസപ്രകാശൈഃ കരൈഃ = താമരപ്പൂക്കൾപോലെ പ്രകാശിക്കുന്ന കൈകൾ കൊണ്ട്. മന്ദം = സാവധാനത്തിൽ. ആന്ദോളിതശസ്ത്രജാലാ = ഇളകുന്ന ആയുധസമൂഹത്തോടുകൂടിയവളായിട്ട്. വിഹ്വലചിത്തവൃത്തിം തം = വിവശമായ മനോവ്യാപാരത്തോടുകൂടിയ ആ കംസനെ. വിലോക്യ = നോക്കി. വാചം ജഗാദ = പറഞ്ഞു.

സാരം- അനന്തരം ജഗദേകമാതാവായിരിക്കുന്ന ആ ദേവി ചെന്താമരപ്പൂക്കൾപോലെ ശോഭിക്കുന്ന കൈകൾകൊണ്ട് ആയുധജാലങ്ങളെ സാവകാശം ചലിപ്പിച്ചു കൊണ്ട് പരിഭ്രാന്തനായി നിൽക്കുന്ന കംസനെ നോക്കി ഇങ്ങനെ പറഞ്ഞു.

80. തവമഗ്രഹീർമച്ചരണൗ രുഷാപി
പ്രാപ്തഃ ഫലം തസ്യ ന ഹന്മിയത്തവാം
ജാതഃ പൃഥിവ്യാം തവ ജാല്യ ഹന്താ
സദ്യോ ഹിതം ചിന്തയ സാധയാമി.

ഹേ മൂഢ! = അല്ലയോ മൂർഖ! (വിണ്ടുവിചാരമില്ലാത്തവനെ.) ത്വം = നീ. രുഷാ അഹി = കോപം കൊണ്ടാണെങ്കിലും മച്ചരണൗ = എന്റെ പാദങ്ങളെ. അഗ്രഹീഃ = പിടിച്ചു. തസ്യ = അതിന്റെ. ഫലം = ഫലം. ത്വം പ്രാപ്തഃ = നിനക്കു കിട്ടി. യത് ത്വാം = അതുകൊണ്ടു് നിന്നെ. ന ഹന്മി = ഞാൻ കൊല്ലുന്നില്ല. തവ = നിന്റെ. ഹന്താ = ഘാതകൻ. പൃഥിവ്യാം = ഭൂമിയിൽ. ജാതഃ = ജനിച്ചു. സദ്യഃ = പെട്ടെന്നു്. ഹിതം = ഇഷ്ടം. ചിന്തയ = നീ ആലോചിക്കുക. അഹം = ഞാൻ. സാധയാമി = പോകുന്നു.

സാരം:- എടാ മൂർഖ! നി കോപത്തോടുക്രൂടിയാണെങ്കിലും എന്റെ പാദങ്ങളെ ഗ്രഹിച്ചതിന്റെ ഫലമായി ഞാൻ നിന്നെ കൊല്ലുന്നില്ല. നിന്നെ കൊല്ലാനുള്ളവൻ ഭൂമിയിൽ ജനിച്ചുകഴിഞ്ഞു. നിനക്കു ക്ഷേമകരമായുള്ളതിനെക്കുറിച്ചു നി വേഗം ആലോചിച്ചുകൊള്ളുക.

81. ഇതി നൃപമഭിധായ ജ്യോതിഷാ കവ്യതി സാ
തഡിദിവ നയനാനാം പ്രാണിനാമാകുലാനി
സുരയുവതിഭിരുച്ചൈർഗീയമാനാപദാനാ
സുരപദമഭിപേദേ പാതിതാഭ്രാ ജവേന.

ഇതി = ഇപ്രകാരം. നൃപം = രാജാവിനോടു്. അഭിധായ = പറഞ്ഞിട്ടു്. സാ = ആ ജഗന്മാതാവു്. ജ്യോതിഷാ = പ്രകാശംകൊണ്ടു്. തഡിത് ഇവ = മിന്നൽപ്പിണരുപോലെ.

പ്രാണിനാം = ജീവികളുടെ. നയനാനി = കണ്ണുകളെ. അകലാനി = കവ്വതീ = നേത്രങ്ങളെ. അസപത്നങ്ങളാക്കി ചെയ്യുന്നവളായി. സുരയുവതിഭിഃ = ദേവസുന്ദരികളാൽ. ഉച്ചൈഃ = ഉറക്കെ. ഗീയമാനപ്രഭാനാ = ഗാനം ചെയ്യപ്പെടുന്ന പരാക്രമങ്ങളോടുകൂടിയവളായി. ജവേന = പെട്ടന്ന്. പാടിതാകാ = മേഘം പിളർന്ന്. സുരപദം = സ്വർഗ്ഗത്തെ. അഭിപേദേ = പ്രാപിച്ചു.

സാരം :- ഇപ്രകാരം കംസനോട് പറഞ്ഞിട്ട് പ്രകാശംകൊണ്ട് മിന്നൽകൊണ്ടെന്നപോലെ ജിവികളുടെ കണ്ണുകളെ മഞ്ഞിപ്പിച്ചുകൊണ്ട് സുരാംഗനകളാൽ ഉറക്കെ ഗാനംചെയ്യപ്പെടുന്ന അപദാനങ്ങളോടുകൂടിയവളായിട്ട് പെട്ടന്ന് ആ ജഗന്മാതാവും മേഘമണ്ഡലങ്ങളേയും പിളർന്നുകൊണ്ട് സ്വർഗ്ഗത്തേക്കു പോയി.

82. ശ്രുത്വാ തസ്യാഃ ശ്രവണപരുഷാം
വാചമന്തർവിഷണ്ണഃ
പുത്രാപായവ്യഥിതമനസം
സാന്ത്വയിത്വാ സപത്നീം
പദ്ഭ്യാമേവ സപദി വനമഥ
പ്രാപ്യ കൃഷ്ണാദനൈഷീത്
കംസശ്ചിന്താകുലിതഹൃദയോ
ജാഗ്രദേവ ത്രിയാമാം.

തസ്യാഃ = ആ കന്യകയുടെ. ശ്രവണപരുഷം വാചം = കർണ്ണാരുന്തുദമായ വാക്ക്. ശ്രുത്വാ = കേട്ടിട്ട്. കംസഃ = കംസൻ. അന്തഃ = ഉള്ളിൽ. വിഷണ്ണഃ = ദുഃഖത്തോടുകൂടിയവനായി. പുത്രാപായവ്യഥിതമനസം = മക്കളുടെ നാശം കൊണ്ടു ദുഃഖിക്കുന്ന മനസ്സോടുകൂടിയ. സചിവാനം = സഹോദരിയെ. സാന്ത്വയിത്വാ = ആശ്വസിപ്പിച്ചിട്ട്. അഥ = പിന്നെ. പരിഭ്യം ഏവ = നടന്നതന്നെ. സ്വഭവനം = സ്വന്തം കൊട്ടാരത്തെ. പ്രാപ്യ = പ്രാപിച്ചിട്ട്. ചിന്താകലിത-ഹൃദയഃ = വിചാരംകൊണ്ടു പരവശമായ ഹൃദയത്തോടുകൂടിയവനായി. ജാഗ്രത് ഏവ = ഉണർന്നതന്നെ. ത്രിയാമാം = രാത്രി. കൃച്ഛ്രാത് കഷ്ടപ്പെട്ട്. അനൈഷീത് = കഴിച്ചുകൂട്ടി.

ആ ജഗന്മാതാവിന്റെ കർണ്ണാരുന്തുദമായ വാക്കു കേട്ടിട്ടു വിഷണ്ണചിത്തനായിത്തീർന്ന കംസൻ പുത്രന്മാരുടെ നാശമോർത്തു ദുഃഖിതചിത്തയായിത്തീർന്ന സഹോദരിയെ സമാധാനപ്പെടുത്തിയിട്ട് കാൽനടയായിത്തന്നെ സ്വന്തം കൊട്ടാരത്തിലെത്തി ചിന്താതാന്തഹൃദയനായി അന്ന് ഉറങ്ങാതെതന്നെ ഒരു മട്ടു രാത്രി കഴിച്ചുകൂട്ടി.

—:o:—

മൂന്നാം സർഗ്ഗം.

1. പ്രാതഃ പ്രലംബപ്രമുഖാനമാത്യാൻ
സർവ്വാൻ സമാഹൂയ സ ഭോജരാജഃ
സവിഭ്രമപ്രേരിതദൃഷ്ടിഭത്തേ
സ്ഥാനേ നിഷണ്ണാനവദദ്വിനീതഃ.

പ്രാതഃ = പ്രഭാതത്തിൽ. സഃ ഭോജരാജഃ = ആ കംസൻ. പ്രലംബപ്രമുഖാൻ = പ്രലംബൻ തുടങ്ങിയ. സർവ്വാൻ അമാത്യാൻ = എല്ലാ മന്ത്രിമാരെയും. സമാഹൂയ = ബഹുമാനപൂർവ്വം വിളിച്ചു്. സവിഭ്രമപ്രേരിതദൃഷ്ടിഭത്തേ സ്ഥാനേ = വിലാസപൂർവ്വം പ്രവർത്തിക്കപ്പെട്ട കണ്ണുകൊണ്ടു നോക്കിയ പ്രദേശത്തിൽ. നിഷണ്ണാൻ താൻ = ഇരുന്ന അവരോടു്. വിനീതഃ = വിനയത്തോടുകൂടിയവനായിട്ടു്. അവദത് = പറഞ്ഞു.

സാരം:— അടുത്തദിവസം രാവിലെ കംസൻ പ്രലംബൻ തുടങ്ങിയ എല്ലാ മന്ത്രിമാരേയും വിളിച്ചു വരുത്തി ഇരുത്തിയിട്ടു് അവരോടു വിനീതനായി ഇങ്ങനെ പറഞ്ഞു.

2. സന്ദിഹ്യ മോഹാദ്വസുദേവവാക്യം
മയാ പ്രമാണീകൃതഭൃത്യവാചാ
ഹതാ ന്യശംസേന സുതാ ഭഗിന്യാ-
സ്തേനാവിലം മേ ഹൃദയം യശോഽപി.

പ്രമാണീകൃതഭൃത്യവാചാ = അശരീരിവാക്കു പ്രമാണമായി കരുതുന്നവനും. ന്യശംസേന മയാ = ക്രൂരനുമായ എന്നാൽ. വസുദേവവാക്യം = വസുദേവന്റെ വാക്കു്. മോഹാത് = അജ്ഞാനംകൊണ്ടു്. സന്ദിഹ്യ = സംശയിച്ചിട്ടു് ഭഗിന്യഃ = സഹോദരിയുടെ. സുതാഃ ഹതാഃ = പുത്രന്മാർ കൊല്ലപ്പെട്ടു. തേന = അതുകൊണ്ടു്. മേ ഹൃദയം = എന്റെ മനസ്സു്. യശഃ അപി = കീർത്തിയും. അവിലം = മലിനം. അഭൂത് = ആയിപ്പോയി.

സാരം:— ആ അശരീരിവാക്കിനെ പ്രമാണമാക്കി തെറ്റിദ്ധരണകൊണ്ടു് വസുദേവന്റെ വാക്കിനെ വിശ്വസിക്കാതെ സഹോദരിയായ ദേവകിയുടെ കുഞ്ഞുങ്ങളെ ഞാൻ കൊന്നു. തന്മൂലം എനിക്കു ദുഷ്കീർത്തി സംഭവിച്ചിരിക്കുന്നു എന്നുമാത്രമല്ല എന്റെ മനസ്സുക്കൂടി അസ്വസ്ഥമായിത്തീർന്നിരിക്കുകയാണു്.

3. ജാതാം പുനഃ കാഞ്ചന കാഞ്ചനാഭാം
സുതാം ഗതായുർനിശി ഹന്തുമെച്ഛം
ഉത്പത്യ സാ വ്യോമ്നി ജഘാദതിഷ്ഠ-
ച്ഛസ്ത്രോത്കടാ ദർശിതദിവ്യരൂപാ.

പുനഃ = വീണ്ടും. ജാതാം കാഞ്ചനാഭാം = ജനിച്ചവളും സ്വർണ്ണവർണ്ണയുമായ. കാഞ്ചന സുതാം = ഒരു മകളെ. ഗതായുഃ അഹം = ആയുസ്സുറ ഞാൻ. നിശി = രാത്രിയിൽ. ഹന്തും = കൊല്ലാൻ. ഇച്ഛും = ആഗ്രഹിച്ചു. സാ = അവൾ. ദർശിതദിവ്യരൂപാ = ദിവ്യരൂപം കാട്ടി. ഉത്പത്യ = ഉയർന്നിട്ട്. ശസ്ത്രോത്കടാ = ആയുധംകൊണ്ട് ഭയങ്കരിയായി. ജഘാദ = പെട്ടെന്ന്. വ്യോമ്നി = ആകാശത്തിൽ. അതിഷ്ഠത് = സ്ഥിതിചെയ്തു.

സാരം:— വീണ്ടും സഹോദരി പ്രസവിച്ചു സ്വർണ്ണവർണ്ണംപൂണ്ട ഒരു പെൺ കുഞ്ഞിനെ ആയുസ്സുറ ഞാൻ ഇന്നലെ രാത്രി കൊല്ലാനായിട്ട് ആരംഭിച്ചു. ആ കുഞ്ഞു പെട്ടെന്നു മേലോട്ടയർന്ന് ആകാശത്തിൽ ദിവ്യരൂപം പൂണ്ടും ദിവ്യായുധങ്ങളും ധരിച്ചും നിലകൊണ്ടു.

4. നിയമ്യ സാ മാതുല ഇത്യമർഷം
പ്രസേഷ്യതീ മാമവദച്ച ബാലാ
അരിർമഹീയാനജനിഷ്ട ഭ്രമ
തവോചിതം സംപ്രതി ചിന്ത്യതേതി.

സാ ബാലാ = ആ കന്യക. മാതുലഃ ഇതി = അമ്മാവൻ എന്ന കരുതി. അമർഷം = കോപം. നിയമ്യ = അടക്കി. പ്രസേക്ഷ്യേ=പ്രസാദം തരുകയുണ്ടു്. ഭൂമേ=ഭൂമിയിൽ. തവ= നിന്റെ. മഹീയാൻ = വലിയ. അരിഃ = ശത്രു. അജനിഷ്ട = ജനിച്ചു. സാംപ്രതി = ഇപ്പോൾ. തൽ = നീ. ഉചിതം = യോഗ്യമായതിനെ. ചിന്തയ ഇതി = വിചാരിക്കുക എന്നു്. മാം അവദത് ച = എന്നോടു പറയുകയും ചെയ്തു.

സാരം:— ആ പെൺകുഞ്ഞു് അമ്മാവനെന്ന നിലയിൽ എന്നോടു് കോപമടക്കി പ്രസന്നയായിട്ടു് "ഭൂമിയിൽ നിനക്കു വലിയ ഒരു ശത്രു ജനിച്ചുകഴിഞ്ഞിരിക്കുന്നു, ഇപ്പോൾതന്നെ നീ വേണ്ടുന്നതിനെക്കുറിച്ചു് ആലോചിച്ചാലും" എന്നു പറയുകയുണ്ടായി.

5. വ്യാഹൃത്യ മാം ഭൂമിം പ്രതി ദേവനാരീ–
ഗണൈർഗതായാമിതി സേവിതായാം
ദേവ്യാമഹം ദുഷ്ചരിതം സ്മരേവ
സ്മരൻ വിനിദ്രോ രജനീമനൈഷം.

ഇതി = ഇപ്രകാരം. മാം = എന്നോടു്. വ്യാഹൃത്യ = പറഞ്ഞിട്ടു്. ദേവനാരീഗണൈഃ = സ്വർല്ലോകസുന്ദരിമാരാൽ. സേവിതായാം തസ്യാം ദേവ്യാം = സേവിക്കപ്പെട്ട ആ ദേവി. ഭൂമിം പ്രതി = സ്വർഗ്ഗത്തിലേക്കു. ഗതായാം = പോയപ്പോൾ.

അഹം = ഞാൻ. സ്വം ദുശ്ചരിതം = സ്വന്തം ദുശ്ചേഷ്ട തത്തെ. സ്മരൻ ക്ഷുഭ = മാറ്റാരുകാണുന്നതിനു. വിനിദ്രഃ = ഉറക്കമില്ലാതെ. രജനീം = രാത്രി. അതിനെക്ഷം = കഴിച്ചുകൂട്ടി.

സാരം:— എന്നിങ്ങനെ എന്നോട് പറഞ്ഞിട്ട് സ്വർഗ്ഗസുന്ദരിമാരാൽ സേവിതനായ ആ ദിവ്യാംഗനസ്വർഗ്ഗലോകത്തേക്കു പോയി. ഞാൻ എന്റെ സ്വന്തം ദുശ്ചരിതത്തെപ്പററി ഓർത്തുകൊണ്ട് ഇന്നലെ രാത്രി ഉറങ്ങാതെതന്നെയാണു കഴിച്ചുകൂട്ടിയതു്.

6. യുദ്ധേഷു ദേവാഃ പുരുഹൂതമുഖ്യാ
ഭഗ്നാ മയാ സ്ഥാതുമശക്നുവന്തഃ
അശ്വാൻ പരിത്യജ്യ വിമുച്യ നാഗാൻ,
മുക്ത്വാ ച ശസ്ത്രാണി ദിശോ ദ്രവന്തി.

യുദ്ധേഷു = അനേകയുദ്ധങ്ങളിൽ. മയാ = എന്നാൽ. ഭഗ്നാഃ = തോല്പിക്കപ്പെട്ട. പുരുഹൂതമുഖ്യാഃ = ഇന്ദ്രൻ പ്രധാനന്മാരായ. ദേവാഃ = ദേവന്മാർ. സ്ഥാതും = (നേരിട്ടു) നില്ക്കുന്നതിനു്. അശക്നുവന്തഃ = കഴിവില്ലാത്തവരായിട്ടു്. അശ്വാൻ = കുതിരകളെ. പരിത്യജ്യ = ഉപേക്ഷിച്ചും. നാഗാൻ = ആനകളെ. വിമുച്യ = അഴിച്ചുവിട്ടും. ശസ്ത്രാണി = ആയുധങ്ങളെ. മുക്ത്വാ ച = വലിച്ചെറിഞ്ഞും. ദിശഃ = ദിക്കുകളിലേക്കു. ദ്രവന്തി = പായുന്നു.

സാരം:— യുദ്ധത്തിൽ എന്നാൽ തോല്പിക്കപ്പെട്ട ദേവേന്ദ്രപ്രധാനന്മാരായ ദേവന്മാർ എനിത്തുനില്ക്കാൻ കഴിവില്ലാതെ കുതിരകളെ ഉപേക്ഷിച്ചും ആനകളെ അഴിച്ചുവിട്ടും ആയുധങ്ങളെ വെടിഞ്ഞും നാനാഭിക്ക കളിലേക്കു ഓടിപ്പോയിരിക്കുകയാണു്.

7. തദേഷു നൈകോഽപി ഭവം ഗതോ മേ
ശക്നോതി കർത്തും പ്രതികൂലഭാവം
മഹീയസഃ കിം ഘടതേ പരാഗ-
സ്സമീരണസ്യാഭിമുഖം പ്രസർത്തും.

തത് = അതുകൊണ്ടു്. ഏഷു = ഈ ദേവന്മാരിൽ. ഏകഃ അപി = ഒരുത്തനും. ഭുവം ഗതഃ = ഭൂമിയിൽ വന്നു്. മേ = എനിക്കു്. പ്രതികൂലഭാവം = ശത്രുത്വം (എതിർ). കർത്തും = ചെയ്യാൻ. ന ശക്നോതി = ശക്തനാകുകയില്ല (കഴിവുള്ളവനാകുകയില്ല). പരാഗഃ = പൂമ്പൊടി. മഹീയസഃ = ഏറ്റവും വലിയ. സമീരണസ്യ = കാറിനു്. അഭിമുഖം = അഭിമുഖമായി (നേരേ). പ്രസർത്തും = ചെല്ലുന്നതിനു്. കിം ഘടതേ = കഴിവുള്ളതായിത്തീരുമോ?

സാരം:— അതുകൊണ്ടു് ഈ ദേവന്മാരിൽ ഒരുവനും ഭൂമിയിൽ വന്നു് എനിക്കു് എതിരുചെയ്യാൻ ശക്തനാകുകയില്ല. പൂമ്പൊടിക്കു് കൊടുങ്കാറ്റിനെതിരായി സഞ്ചരിക്കുവാൻ കഴിവുണ്ടാകയില്ലല്ലോ.

8. കിമന്യദാത്താഭ്യവപത്തികാമ–
സ്സുരേഷു സന്ദർശിതപക്ഷപാതഃ
അജായതോർവ്യാമസുരാൻ നിഹന്തും
സ ഏവ മന്യേ സരസീരുഹാക്ഷഃ.

സഃ സരസീരുഹാക്ഷഃ ഏവ=ആ മഹാവിഷ്ണുതന്നെ. ആത്താഭ്യവപത്തികാമഃ = ദുഃഖിതന്മാരെ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നവനായി. സുരേഷു = ദേവന്മാരിൽ. സന്ദർശിതപക്ഷപാതഃ = പക്ഷപാതം കാണിക്കുന്നവനായിട്ട്. അസുരാൻ = ദൈത്യന്മാരെ. നിഹന്തും = കൊല്ലുന്നതിന്. ഉർവ്യാം = ഭൂമിയിൽ. അജായത = ജനിച്ചിട്ടുണ്ട്. മന്യേ = എന്നു ഞാൻ കരുതുന്നു. അന്യത് കിം = വേറെ എന്താണ്?

സാരം:– ആ ദിവ്യാംഗനയുടെ വചനത്തിൽ നിന്നും ഞാൻ ധരിക്കുന്നത് ആ വിഷ്ണുതന്നെ ദുഃഖിതന്മാരെ അനുഗ്രഹിക്കാനുള്ള താത്പര്യംകൊണ്ടും ദേവന്മാരിൽ പക്ഷപാതത്തോടുകൂടി അസുരന്മാരെ കൊല്ലാനായി ഭൂമിയിൽ വന്നു ജനിച്ചിരിക്കുന്നു എന്നാണ്. വേറെ എന്തോന്നാണ് അവളുടെ വാക്കിൽ നിന്നും ധരിക്കേണ്ടത്?

9. സർവേ വയം ദൈത്യകുലപ്രസൂതാ
കേനാപി കാരണേന
സ തേന സന്നഹ്യതി ജേതുമസ്മാ-
നക്കോഽയമർത്ഥഃ കില നാരദേന.

സർവേ വയം = നാമെല്ലാം ദൈത്യകുലപ്രസൂതിഃ = അസുര വംശത്തിൽ പിറന്നവരാണ്. കേനാപി കാരണേന = ഏതോ കാരണവശാൽ. ഭുവി = ഭൂമിയിൽ. ജാതാഃ = ജനിച്ചു. തേന = അതുകൊണ്ട്. സഃ = ആ വിഷ്ണു. അസ്മാൻ = നമ്മെ. ജേതും = ജയിക്കുന്നതിന്. സന്നഹ്യതി = ഒരുങ്ങുന്നു. അയം അർത്ഥഃ = ഇക്കാര്യം. നാരദേന = നാരദമഹർഷിയാൽ. ഉക്തഃ കില = പറയപ്പെട്ടതാണല്ലോ.

സാരം:- നാമെല്ലാം ദൈത്യകുലത്തിൽ പിറന്നവരാണ്. ഏതോ കാരണംകൊണ്ടു നാം ഭൂമിയിൽ വന്നു ജനിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ദൈത്യാരിയായ വിഷ്ണു നമ്മെ ജയിക്കുവാനായി ഒരുങ്ങുകയാണ്. ഇക്കാര്യം നാരദൻ പറഞ്ഞിട്ടുള്ളതാണല്ലൊ.

10. അതസ്തദുച്ഛേദവിധൗ വിനിദ്രാ
യതഷ്വാപമദ്യൈവ ബലാനുരൂപം
നഖാഗ്രലവ്യൂനശരങ്കുരാത്മാ
പരശ്വധസ്യാപി തതോഽതിഭീമഃ.

അതഃ അതുകൊണ്ട്. യൂയം നിങ്ങൾ. വിനിദ്രാഃ = ഉണർന്നിരുന്നവരായിട്ട്. തദുച്ഛേദോദ്യമേ = ആ വിഷ്ണുവിനെ നാശത്തിനുള്ള പ്രവൃത്തിയിൽ. ബലമനുദ്രുപം = ശക്തിക്കൊത്തവണ്ണം. അദ്യ ഏവ = ഇപ്പോൾതന്നെ. യതധ്വം = പ്രയത്നിക്കുവിൻ. അങ്കുരാരൂഢം തരുഃ = അങ്കുരാവസ്ഥയിലിരിക്കുന്നവൃക്ഷം. നഖാഗ്രേണ = നഖത്തിന്റെ അഗ്രം കൊണ്ടു മുറിക്കുവുന്നതാണ്. തരുഃ = അതിനുശേഷം. പരശ്വധസ്യ അപി = മഴുവിനാലും. അതിദീർഘിഃ = അവിച്ഛേദമായി. ഛേത്തും = മുറിക്കും.

സാരം:— ഇക്കാരണത്താൽ നിങ്ങൾ ഉന്നിദ്രന്മാരായിനിന്നു് ആ വിഷ്ണുവിനെ നശിപ്പിക്കുവാനുള്ള കാര്യത്തിൽ ശക്തിക്കൊത്ത യത്നം ഇന്നുതന്നെ തുടങ്ങണം. അങ്കുരാവസ്ഥയിലിരിക്കുന്ന വൃക്ഷത്തെ നഖാഗ്രംകൊണ്ടു മുറിക്കാവുന്നതാണു്. ആ അവസ്ഥ പിന്നിട്ടാൽ അതിനെ മഴുകൊണ്ടു മുറിക്കുവാനും സാധിക്കുകയില്ല എന്നുവരും.

11. യസ്മിൻ ഖേത്യാശ്രിതവത്സലത്വം
വിപ്രേഷു യസ്യാസ്തി വിശേഷസക്തഃ
മനോഹരം യശ്ച ബിഭർത്തി രൂപം
വധം സ ബാലോഽപി കഥം മമാകാങ്ക്ഷതി.

അസ്മിൻ = ഏതാദൃശനിൽ. ആശ്രിതവത്സലതാ = ആശ്രയിക്കുന്നവരോട് വാത്സല്യം. ഭവതി = ഉണ്ടോ. യസ്യ = ആർക്ക്. വിപ്രേഷു = ബ്രാഹ്മണരിൽ. വിശേഷസംഗഃ = അസാധാരണതാത്പര്യം. അസ്തി = ഉണ്ടോ. യഃ ച = ആരാണോ. മനോഹരം രൂപം = മനസ്സിന് ആകർഷകമായ ആകൃതി. ബിഭർത്തി = ധരിക്കുന്നു. സഃ ബാലഃ = ആ കുട്ടി. മത്സകാശാത് = എന്റെ അടുക്കൽനിന്ന്. വധം = നിഗ്രഹം. അർഹതി = ലഭിപ്പാൻ യോഗ്യനാകുന്നു.

സാരം:- കാണപ്പെടുന്ന കുട്ടികളിൽ ആശ്രിതവാത്സല്യമുള്ളവനും ബ്രാഹ്മണരിൽ പ്രതിപത്തിവിശേഷം ഉള്ളവനും മനോഹരമായ രൂപമുള്ളവനും (വിഷ്ണുവിന്റെ അവതാരമായിരിക്കുവാൻ ഇടയുള്ളതുകൊണ്ട്) എന്നാൽ കൊല്ലപ്പെടുവാൻ അർഹനാകുന്നു. അപ്രകാരമുള്ള കുട്ടികളെ എന്റെ ആജ്ഞപ്രകാരം നിങ്ങൾ കൊല്ലേണ്ടതാണ്.

12. മഖാശ്വ തത്പ്രീതികൃതോ നിവാര്യോ
നിവാരണീയാ ശ്രുതിരഗ്രിമാപി
ത്രുണീകൃതാശേഷജനപ്രഭാവാ
സംസ്തൂയതി യാ തന്മഹിമാനമേവ.

ദേവൈഃ = ദേവന്മാരാൽ. തത് പ്രീതികരൈഃ മഖൈഃ ച = വിഷ്ണുവിനു സന്തോഷകരങ്ങളായ യാഗങ്ങളും. നിവാര്യൈഃ = തടയപ്പെടേണ്ടതാണു്. യാ = യാതൊന്നു്. തൃണീകൃതാശേഷജനപ്രഭാവാ = സകലരുടേയും സാമർത്ഥ്യത്തെ തൃണംപോലെ കരുതിയിട്ടു്. തന്മഹിമാനം ഏവ = ആ വിഷ്ണുവിന്റെ മാഹാത്മ്യത്തെത്തന്നെ. സംസ്തൗതി = പ്രശംസിക്കുന്നുവോ. സാ ഋഗ്വിമാ ശ്രുതിഃ അപി = ആ ഉപനിഷത്തും. നിവാരണീയാ = നിഷേധിക്കപ്പെടേണ്ടതാണു്.

സാരം:— നിങ്ങൾ ആ വിഷ്ണുവിനു സന്തോഷമുണ്ടാക്കുന്ന യാഗങ്ങളെയും അവന്റെ സർവ്വാതിശായിയായ മാഹാത്മ്യത്തെ ഉത്കീർത്തനംചെയ്യുന്ന ഉപനിഷത്തുകളെയും ലോകത്തിൽ പ്രചരിക്കുവാനിടവരാതെ തടയേണ്ടതാണു്.

13. ഗതേ വിരാമം ഗരുഡധ്വജേഽസ്മിൻ
മഖേഷു സർവ്വത്ര നിവാരിതേഷു
സുരേഷു സർവ്വേഷ്വപി ദുർബലേഷു
കഥം ഭവിഷ്യത്യമരാവതീ നഃ.

അസ്മിൻ ഗരുഡധ്വജേ = ഈ മഹാവിഷ്ണു വിരാമം ഗതേ = അവസാനിക്കുമ്പോൾ. സർവ്വത്ര = എല്ലായിടത്തും. മഖേഷു നിവാരിതേഷു = യാഗങ്ങൾ തടയപ്പെടുമ്പോൾ.

സർവ്വേഷു സുരേഷു = എല്ലാദേവന്മാരും. ദുർമ്മദേഷു അപി = ശക്തിഹീനന്മാരാകയാലും അമരാവതീ = സ്വർഗ്ഗം. നഃ = നമ്മുടെ. ഹസ്തേ = കയ്യിൽ. ഭവിഷ്യതി = ആകും.

സാരം:- നിങ്ങളുടെ പരിശ്രമഫലമായി വിഷ്ണു നശിക്കുകയും യാഗമെങ്ങും തടയപ്പെട്ടുകയും ദേവന്മാരെല്ലാം ദുർബ്ബലാന്മരായിത്തീരുകയും ചെയ്യുന്നതോടുകൂടി അമരാവതീനഗരം നമ്മുടെ കയ്യിൽ വന്നുചേരുന്നതാണ്.

14. ഇത്യൂചുഷസ്തസ്യ പദോപകണ്ഠം
നീരാജയന്തോ മകുടപ്രഭാഭിഃ
അവാദിഷുർവിക്രമദർപ്പിതാസ്തേ
കൃതാട്ടഹാസധ്വനികമ്പിതാശാഃ.

തേ = ആ മന്ത്രിമാർ. ഇതി = ഈ വണ്ണം. ഊചുഷഃ = പറഞ്ഞു. തസ്യ = ആ കംസന്റെ. പദോപകണ്ഠം = ചരണങ്ങളുടെ സമീപപ്രദേശത്തെ. മകുടപ്രഭാഭിഃ = കിരീടത്തിന്റെ കാന്തികൊണ്ട് നീരാജയന്തഃ = പ്രകാശിപ്പിക്കുന്നവരായി. വിക്രമമർപ്പിതാഃ = പരാക്രമംകൊണ്ട് അഹങ്കരിക്കുന്നവരായി. കൃതാട്ടഹാസധ്വനികമ്പിതാശാഃ = അട്ടഹാസശബ്ദംകൊണ്ട് ദിക്കുകളെ വിറപ്പിക്കുന്നവരായിട്ട്. അവാദിഷുഃ = പറഞ്ഞു.

സാരം :— ആ പ്രലംബൻതുടങ്ങിയ മന്ത്രിമാർ ഇപ്രകാരം പറഞ്ഞ കംസന്റെ കാല്ക്കൽ നമസ്കരിച്ചു

കൊണ്ടും പരാക്രമംകൊണ്ടുള്ള അഹങ്കാരത്താൽ ഭിക്ഷകം പൊട്ടുമാറ് അട്ടഹസിച്ചുകൊണ്ടും ഇങ്ങനെ പറഞ്ഞു.

15. കിം ചിന്തയാ പാർത്ഥിവ ഭുങ്ക്ഷ്വ ഭോഗാ-
നസ്മാസു ജീവത്സു കുതോ രിപുസ്തേ
കഥം മയൂഖേഷു പരിസ്ഫുരത്സു
സരോജബന്ധോസ്തമസാഭിഭ്രവതിഃ.

ഹേ പാർത്ഥിവ! = അല്ലയോ രാജാവേ!. ചിന്തയാ കിം? = വിചാരംകൊണ്ടു എന്താണുഫലം? ത്വം = അങ്ങ്. ഭോഗാൻ = സുഖസാധനങ്ങളെ. ഭുങ്ക്ഷ്വ = അനുഭവിച്ചാലും. അസ്മാസു = ഞങ്ങൾ. ജീവത്സു = ജീവിച്ചിരിക്കുമ്പോൾ. തേ = അങ്ങയ്ക്ക്. രിപുഃ = ശത്രു. കുതഃ? = എവിടെ? മയൂഖേഷു പരിസ്ഫുരത്സു = രശ്മികൾ പുറം പ്രകാശിക്കുമ്പോൾ. സരോജബന്ധോഃ = സൂര്യന്. തമസാ = ഇരുട്ടുകൊണ്ട്. അഭിഭ്രവതിഃ = പരാജയം. കഥം = എങ്ങനെ സംഭവിക്കും?

സാരം: അല്ലയോ മഹാരാജാവേ! ഇങ്ങനെയുള്ള വിചാരമൊന്നും അവിടേയ്ക്ക് ആവശ്യമില്ല. അങ്ങു ഭോഗങ്ങളനുഭവിച്ച സുഖമായി കഴിഞ്ഞാലും. ഞങ്ങൾ ജീവിച്ചിരിക്കെ അങ്ങേയ്ക്ക് ശത്രുഭയം ഉണ്ടാകുന്നതല്ല. രശ്മികൾ പുറം പ്രസരിച്ചുകൊണ്ടിരിക്കുമ്പോൾ സൂര്യന് ഇരുട്ടിന്റെ ഉപദ്രവം ഉണ്ടാകുകയില്ലല്ലോ.

16. അമാതരിശ്വാനമഥവ്യവാഹ-
മസൂയ്ശീതാംശുമവജ്രപാണിം
അനച്യുതേശാനപിതാമഹം ച
ദ്രഷ്ടാസി രാജന്നചിരേണ ലോകം.

ഹേ രാജൻ! = അല്ലയോ ഭൂപതേ! തവ = നിങ്ങൾ ലോകം = ജഗത്തിനെ. അചിരേണ = അല്പകാലം കൊണ്ടു്. അമാതരിശ്വാനം = വായുരഹിതമായും. അഥവ്യവാഹം = അഗ്നിശൂന്യമായും. അസൂയ്ശീതാംശും = സൂയ്ചന്ദ്രന്മാരോട്ട കൂടാത്തതായും. അവജ്രപാണിം = ദേവേന്ദ്രനോട്ടകൂടാത്തതായും. അനച്യുതേശാനപിതാമഹം ച = വിഷ്ണു രുദ്രൻ ബ്രഹ്മാവു് എന്നീ ത്രിമൂർത്തികളോട്ട കൂടാത്തതായും. ദ്രഷ്ടാസി = കാണും.

സാരം :-അല്ലയോ രാജാവേ! ഈ ലോകം കാറു്, അഗ്നി, സൂയ്ൻ, ചന്ദ്രൻ, ഇന്ദ്രൻ, വിഷ്ണു, ശിവൻ, ബ്രഹ്മാവു് ഇവരോട്ടകൂടാത്തതായി തീരുന്നതു് അങ്ങേയ്ക്കു് പെട്ടെന്നു് കാണുവാൻ ഇടയാകും.

17. ഇത്യുച്ചൈസ്താനചിതോപചാരൈ-
സ്സംഭാവ്യ കൃത്യേഷു സമാദിദേശ
സ ദേവകീമാനകദുന്ദുഭിം ച
വിമോചയാമാസ ച ബന്ധനസ്ഥൗ.

സഃ = ആ കംസൻ. ഇതി = ഇപ്രകാരം. ഉക്ത്വാ = പറഞ്ഞ. തൻ = പറഞ്ഞ ആ മന്ത്രിമാരെ. ഉചിതോപചാരൈഃ = യോഗ്യങ്ങളായ സമ്മാനങ്ങൾകൊണ്ട്. സംഭാവ്യ = സൽക്കരിച്ചിട്ട്. കൃത്വാ = കാര്യങ്ങളിൽ. സമരി- ഭേദം = വേണ്ടുംവണ്ണം നിയോഗിച്ചു. ബന്ധനസ്ഥൗ = തടവിൽകിടന്ന. ദേവകീം = ദേവകിയേയും. ആനകദുന്ദുഭിം ച = വസുദേവനേയും. വിമോചയാമാസ ച = വിട്ടയയ്ക്കയും ചെയ്തു.

സാരം:- കംസൻ ഇപ്രകാരം പറഞ്ഞ ആ മന്ത്രിമാരെ ഉചിതങ്ങളായ ഉപചാരങ്ങൾകൊണ്ട് ബഹുമാനിച്ചിട്ട് ഓരോകൃത്യങ്ങൾ ചെയ്യാൻ ആജ്ഞാപിച്ചയച്ചു. ദേവകിയേയും വസുദേവനേയും ഉടനടി മോചിപ്പിക്കുകയും ചെയ്തു.

18. ലബ്ധ്വാ നിധാനന്ന തഥാ ദരിദ്രോ
ഗതിം സമാസാദ്യ തഥാ ന പുത്രഃ
തഥാ ന ചാന്ധോ ദൃശമാപ്യ ഹൃഷ്യേ-
ദ്യഥാപ്തപുത്രസ്സ ജഹർഷ നന്ദഃ.

ആപ്തപുത്രഃ = പുത്രനെകിട്ടിയ. സഃ നന്ദഃ = ആ നന്ദഗോപൻ. യഥാ = ഏതുവിധം. ജഹർഷ = സന്തോഷിച്ചുവോ. തഥാ = അതുവിധം. ദരിദ്രഃ = നിർധനൻ. നിധാനം = നിധി. ലബ്ധ്വാ = കിട്ടിയിട്ട്.

ന പ്രഹ്യേത് = സന്തോഷിക്കുമായില്ല. തഥാ = അതുപോലെ. പങ്ഗ്വഃ = മുടന്തൻ. ഗന്തും = നടക്കാനുള്ളകഴിവ്. സമാസാദ്യ = കിട്ടിയിട്ട്. ന പ്രഹ്യേത് = സന്തോഷിക്കുകയില്ല. തഥാ = അതുപോലെ. അന്ധഃ = കുരുടൻ. ദൃശം = കാഴ്ച. ആപ്യ = കിട്ടിയിട്ട. ന പ്രഹ്യേത് = സന്തോഷിക്കുകയില്ല.

സാരം:- പുത്രലാഭംകൊണ്ടു നന്ദഗോപൻ നിധികിട്ടിയ ദരിദ്രനെപ്പോലെയും നടക്കാനുള്ള കഴിവു സിദ്ധിച്ച മുടന്തനെപ്പോലെയും കാഴ്ചലഭിച്ച കുരുടനെപോലെയും അത്യന്തം സന്തോഷിച്ചു.

19. തപനേ ചരമാചലം പ്രപന്നേ
തമസാ ച സ്ഥഗിതേഷു ദിങ്മുഖേഷു
യമുനാതടവാസിനന്ദമൂചേ
വസുദേവഃ പ്രതിപദ്യ നന്ദഗോപം.

തപനേ = ആദിത്യൻ. ചരമാചലം = അസ്തമനപർവ്വതത്തെ. പ്രപന്നേ = പ്രാപിച്ചപ്പോൾ. ദിങ്മുഖേഷു = ദിക്കുകളെല്ലാം. തമസാ = ഇരുട്ടുകൊണ്ടു. സ്ഥഗിതേഷു ച = മറയ്ക്കപ്പെട്ടപ്പോൾ. വസുദേവഃ = ശൂരകുലോദ്ഭവി. യമുനാതടവാസിനം = കാളിന്ദീതീരത്തിൽ താമസിക്കുന്ന. തം നന്ദഗോപം = ആ നന്ദഗോപനെ. പ്രതിപദ്യ = സമീപിച്ചു. ഊചേ = പറഞ്ഞു.

സാരം :-ജയിൽവിമുക്തനായ വസുദേവൻ അന്നു തന്നെ സൂര്യൻ അസ്തമിച്ചു കഴിഞ്ഞും ഇരുട്ടു വ്യാപിച്ചപ്പോൾ യമുനാതീരത്തിൽ വസിക്കുന്ന നന്ദഗോപനെ ചെന്നുകണ്ടു് ഇപ്രകാരം പറഞ്ഞു.

20. തപസാ തവ നന്ദഗോപ മന്യേ
ഫലിതം ജന്മസഹസ്രസഞ്ചിതേന
ത്വണമന്ത്യമപോഹിതും തദീയം
യദയം പുത്രനിധിസ്സമാവിരാസീത്.

നന്ദഗോപ! = അല്ലയോ നന്ദഗോപ! തവ = അങ്ങയുടെ. ജന്മസഹസ്രസഞ്ചിതേന = ആയിരമായിരം ജന്മംകൊണ്ടു സമ്പാദിച്ച. തപസാ = പുണ്യത്താൽ. ഫലിതം = ഫലിക്കപ്പെട്ടകയുണ്ടായി (തപസ്സു ഫലിച്ചു). മന്യേ = എന്നു ഞാൻ വിചാരിക്കുന്നു. യത് = എന്തുകൊണ്ടെന്നാൽ. തദീയം അന്ത്യം ത്വണം = അങ്ങയുടെ കടവിലത്തെ കടം. അപോഹിതും = തീർക്കുന്നതിനു്. അയം പുത്രനിധിഃ = ഈ പുത്രനാകുന്ന നിധി. സമാവിരാസീത് = പ്രത്യക്ഷമായി.

സാരം :- അല്ലയോ നന്ദഗോപ! അങ്ങു് അനേകായിരം ജന്മങ്ങളിൽ ചെയ്തിട്ടുള്ള തപസ്സു് ഫലിച്ചു എന്നു തന്നെ ഞാൻ വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങയുടെ അന്ത്യമായ കടത്തെ തീർക്കുന്നതിനായിട്ടു് ഒരു പുത്രനാകുന്ന നിധി ഇതാ പ്രത്യക്ഷമായിരിക്കുന്നു.

21. ഇഹ ഖേലതി പൂതനേതി കൃത്യാ
ശിശുഹത്യാനിരതാ പുരോപകണ്ഠേ
തദഹന്നിശമത്ര രക്ഷണീയോ
നയനാനന്ദകരസ്സുതസ്ത്വയായം.

ഇഹ പുരോപകണ്ഠേ = ഇവിടെ പട്ടണപ്രാന്തത്തിൽ. ശിശുഹത്യാനിരതാ = കുഞ്ഞുങ്ങളെ കൊല്ലുന്നതിൽ താത്പര്യമുള്ള. പൂതനാ ഇതി കൃത്യാ = പൂതന എന്ന കപ്രസിദ്ധയായ കൃത്യ. ഖേലതി = വിഹരിക്കുന്നുണ്ട്. തത് = അതിനാൽ. അത്ര = ഇവിടെ. ത്വയാ = അങ്ങയാൽ നയനാനന്ദകരഃ = കണ്ണുകൾക്ക് ഇൻപമരുളുന്ന. അയം - സുതഃ = ഈ കുഞ്ഞ്. അഹന്നിശം = രാപ്പകൽ. രക്ഷണീയഃ = രക്ഷിക്കപ്പെടണം.

സാരം :- അല്ലയോ നന്ദഗോപ ! ഈ നഗരത്തിൽ പ്രാന്തപ്രദേശങ്ങളിൽ കുഞ്ഞുങ്ങളെ കൊല്ലുന്നതിൽ താല്പര്യമുള്ളവരിയായ പൂതന എന്ന ഒരു രാക്ഷസി (ഉർഭ്രതം) വിഹരിക്കുന്നുണ്ട്. അതുകൊണ്ട് നീ ഈ മനോഹരനായ പുത്രനെ രാപ്പകൽ കരുതി രക്ഷിച്ചുകൊള്ളേണ്ടതാണ്.

22. അഥവാ കിമിവാസ്യ തേ ത്വയാസ്മിൻ
നിജമുത്സൃജ്യ പദം പുരോപകണ്ഠേ
സവിധേന വസന്തി ബുദ്ധിമന്തഃ
ഫണിനോ വായുസഖസ്യ ഭ്രുപതേശ്ച.

അഥവാ = അല്ലെങ്കിൽ. ത്വയാ = അങ്ങ്. നിജ പദം = സ്വന്തം വസതിം. ഉത്സൃജ്യ = ഉപേക്ഷിച്ചിട്ട്. അസ്മിൻ പുരോപകണ്ഠേ = ഈ പട്ടണസമീപത്തിൽ. കിമിവ = എന്തിനു്. ആസ്യതേ = ഇരിക്കുന്നു? ബുദ്ധിമന്തഃ = ബുദ്ധിമാന്മാർ. ഫണിനഃ = പാമ്പിന്റെയും. വായുസഖസ്യ = അഗ്നിയുടെയും. ക്ഷപതേഃ ച = രാജാവിന്റെയും. സവിധേ = സമീപത്തും. ന വസന്തി = താമസിക്കുന്നില്ല.

സാരം:- അല്ലയോ നന്ദഗോപ! അല്ലെങ്കിൽ നീ എന്തിനാണു സ്വന്തം വാസസ്ഥാനം ഉപേക്ഷിച്ചു് ഈ നഗരപ്രാന്തത്തിൽ വന്നു താമസിക്കുന്നതു്? ബുദ്ധിമാന്മാർ സർപ്പത്തിന്റെയും അഗ്നിയുടെയും രാജാവിന്റെയും സമീപത്തിൽ താമസിക്കുകയില്ല.

23. പ്രതിവേദിനിവിഷ്ടപൂർണ്ണകുംഭം
വിലസത്തോരണമുജ്ജ്വലത്പ്രദീപം
വ്രജഗോകുലമാകുലം പ്രജാഭിർ
ഭവദീയാഗമനപ്രഹർഷണീഭിഃ.

ത്വം = അങ്ങ്. പ്രതിവേദിനിവിഷ്ടപൂർണ്ണകുംഭം = തറകളിൽ തോറും വയ്ക്കപ്പെട്ട പൂർണ്ണകുംഭങ്ങളോടുകൂടിയതും. വിലസത്തോരണം = ശോഭിക്കുന്ന ബഹിർദ്വാരത്തോടുകൂടിയതും. ഉജ്ജ്വലത്പ്രദീപം = നല്ലവണ്ണം കത്തുന്ന വിളക്കുകളുള്ളതും.

ഭവദീയാഗമനപ്രഹർഷണീഭിഃ = അങ്ങയുടെ വരവിൽ സന്തോഷിക്കുന്ന. പ്രജാഭിഃ = ജനങ്ങളെക്കൊണ്ടു. ആകുലം ഗോകുലം = നിറഞ്ഞതുമായ ആമ്പാടിയിലേക്കു്. പ്രജ = പോകുക.

സാരം:— അല്ലയോ വസുദേവ! വേദികകൾ തോരും പൂർണ്ണകുംഭം വച്ചിട്ടുള്ളതും അലങ്കാരങ്ങൾകൊണ്ടു ശോഭിക്കുന്ന ബഹിർഭാഗങ്ങളോടുകൂടിയതും കത്തിഎരിയുന്ന വിളക്കുകളോടുകൂടിയതും അങ്ങയുടെ ആഗമനം പ്രതീക്ഷിച്ചു സന്തുഷ്ടരായി കഴിയുന്ന ജനങ്ങളം നിറഞ്ഞതുമായ ഗോകുലത്തിലേക്കുതന്നെ പോയാലും.

24. ശിശുരസ്തി മമാപി രോഹിണേയോ
ഭവദീയേ വിഷയേ വിവർധമാനഃ
സ ച സാധു നിരീക്ഷ്യ രക്ഷിതവ്യോ
വപുഷാ കേവലമാവയോർഹി ഭേദഃ.

മമ അപി = എനിക്കും. രോഹിണേയഃ ശിശുഃ = രോഹിണീപുത്രനായ ബാലൻ. ഭവദീയേ വിഷയേ = അങ്ങയുടെദേശത്തു വിവർധമാനഃ = വളരുന്നവനായിട്ടു്. അസ്തി = ഉണ്ടു്. സഃ ച = ആ കുഞ്ഞും. തവയാ = അങ്ങയാൽ. സാധു നിരീക്ഷ്യ = വേണ്ടുംവണ്ണം നോക്കി. രക്ഷിതവ്യഃ = രക്ഷിക്കപ്പെടേണ്ടവനാണു്. ആവയോഃ = നമുക്കു്. ഭേദഃ ഹി = വ്യത്യാസമാകട്ടെ. വപുഷാ = ശരീരംകൊണ്ടു്. കേവലം = മാത്രം.

സാരം:- രോഹിണിയിൽ എനിക്കു ജനിച്ച ഒരു കുഞ്ഞു് അങ്ങയുടെ നാട്ടിൽ വളർന്നു വരുന്നുണ്ടു്. അവനെ ക്രൂടി അങ്ങു വേണ്ടംവണ്ണം നോക്കി രക്ഷിക്കണം. നമുക്കു തമ്മിൽ ശരീരംകൊണ്ടുമാത്രമേ ഭേദമുള്ളൂ.

25. ഇത്യുക്തപാ ഗതവതി ദേവകീസഹായേ
സന്ത്രസ്തഃ കഥമപി നീതരാത്രിശേഷഃ
ആരോഹത്യുദയമഹിധരസ്യ ശൃങ്ഗം
തിഗ്മാംശൗ നിജവസതിം പ്രതി പ്രതസ്ഥേ.

ഇതി ഉക്തപാ = ഇപ്രകാരം പറഞ്ഞിട്ടു്. ദേവകീസഹായേ ഗതവതി = വസുദേവൻ പോയപ്പോൾ. സന്ത്രസ്തഃ = ഭയന്നു്. കഥമപി = ഒരുമട്ടു്. നീതരാത്രിശേഷഃ = രാത്രിയുടെ ബാക്കിഭാഗം കഴിച്ചുകൂട്ടിയ. സഃ = ആ നന്ദഗോപൻ. തിഗ്മാംശൗ = സൂര്യൻ. ഉദയമഹീധരസ്യ = ഉദയാചലത്തിന്റെ. ശൃങ്ഗം = കൊടുമുടിയിൽ. ആരോഹതി = കയറിയപ്പോൾ. നിജവസതിം പ്രതി = തന്റെ താമസസ്ഥലത്തേക്കു. പ്രതസ്ഥേ = പുറപ്പെട്ടു.

സാരം:- ഇങ്ങനെ പറഞ്ഞിട്ടു് വസുദേവൻ പോയതോടുകൂടി ഭയംകൊണ്ടു പരിഭ്രാന്തനായിത്തീർന്ന നന്ദഗോപൻ ശേഷിച്ചരാത്രി ഒരുമട്ടു കഴിച്ചുകൂട്ടിയിട്ടു് പിറേന്നു സൂര്യോദയത്തോടുകൂടിത്തന്നെ സ്വന്തം വാസസ്ഥാനത്തേയ്ക്കു പുറപ്പെട്ടു.

26. സ ചകിതമൃഗമണ്ഡലാനി കർഷൻ
ശകടശതധ്വനിഭിർവനാന്തരാണി
പ്രമുദിതമഥ ഗോകുലം പ്രപേദേ
ദിശി ദിശി മാരുതധൂതകേതുമാലം.

അഥ = പിന്നീട്. സഃ = ആ നന്ദഗോപൻ. ശകട-ശതധ്വനിഭിഃ = നൂറുകണക്കിനുള്ള വണ്ടികളുടെ ശബ്ദം കൊണ്ട്. വനാന്തരാണി = വനമദ്ധ്യപ്രദേശങ്ങളെ. ചകിത മൃഗമണ്ഡലാനി = ഭയപ്പെട്ട മൃഗസമൂഹത്തോടുകൂടിയവ. കർഷൻ = ആക്കിച്ചെയ്യുന്നവനായിട്ട്. പ്രമുദിതം = സന്തോഷിച്ചതും. ദിശി ദിശി = ദിക്കുതോറും. മാരുതധൂതകേതു-മാലം = കാറ്റുകൊണ്ടിളകുന്ന കൊടിക്കൂറയോടുകൂടിയതുമായ ഗോകുലം = ആമ്പാടിയെ. പ്രപേദേ = പ്രാപിച്ചു.

സാരം:- ആ നന്ദഗോപൻ തന്റെ കൂടെയുള്ള അനേകം വണ്ടികളുടെ കൊച്ചകംകൊണ്ടു വനാന്തരങ്ങളിലെ മൃഗക്കൂട്ടത്തെ പേടിപ്പിച്ചുകൊണ്ട് സന്തുഷ്ടവും എല്ലായിടത്തും കാറിലാഞ്ഞാടുന്ന കൊടിക്കൂറകളോടുകൂടിയതുമായ ഗോകുലത്തിൽ എത്തിച്ചേർന്നു.

27. നിജവസതിമഭിപ്രപദ്യ തൂഷ്ണീം
കിമപി ന കർമ്മ ചകാര നന്ദഗോപഃ
നവനളിനദലാശചാരുനേത്രം
വദനമഹന്നിശമാത്മജസ്യ പശ്യൻ.

നന്ദഗോപഃ = നന്ദഗോപൻ. നിജവസതിം = തന്റെ വാസസ്ഥാനത്തെ. അഭിപ്രപദ്യ = പ്രാപിച്ചിട്ട്. അഹ-ന്നിശം = പകലും രാത്രിയും. നവനളിനപലാശചാരു നേത്രം = പുതിയ താമരപ്പൂവിന്റെ ഇതളുകൾ പോലെ മനോ ഹരമായ കണ്ണുകളോടുകൂടിയ. ആത്മജസ്യ = പുത്രന്റെ. വദനം = മുഖം. പശ്യൻ = കണ്ടു. ഉഷ്ണഃ = സന്തോഷം പൂണ്ടവനായി. കിമപി കർമ്മ = ഒരു പ്രവൃത്തിയും. ന ചകാര = ചെയ്തില്ല.

സാരം:- ഗോകുലത്തിലെത്തിച്ചേർന്ന നന്ദൻ താമര പ്പൂവിന്റെ ഇതൾപോലെ മനോഹരമായ കണ്ണുകളുള്ള പുത്രന്റെ മുഖം രാപകൽ നോക്കി രസിച്ചുകൊണ്ട് അങ്ങനെ കഴിഞ്ഞതല്ലാതെ ഒരു കർമ്മവും ചെയ്തില്ല.

23. മുഗ്ദ്ധഭാവമധുരേണ രംഹസാ
ശൈശവേന ഹൃദയം വ്രജൗകസാം
ഗോകുലേ സ വിജഹാര കേശവഃ
ക്ഷീരവാരിനിധിമപ്യചിന്തയൻ.

സഃ കേശവഃ = ആ ശ്രീകൃഷ്ണൻ. മുഗ്ദ്ധഭാവമധുരേണ = മോഹനസ്വഭാവത്താൽ സുന്ദരമായ. ശൈശവേന = ബാല്യം കൊണ്ട്. വ്രജൗകസാം = ഗോകുലവാസികളുടെ. ഹൃദയം = ഹൃദയത്തെ. രംഹസാ = സ്നേഹിപ്പിക്കുന്നവനായി. ഗോകുലേ = ആസ്പാടിയിൽ. ക്ഷീരവാരിനിധിം അപി = പാലാഴിയേയും. അചിന്തയൻ. ഓർക്കാതെ. വിജഹാര = കളിച്ചു.

സാരം:- ആ ശ്രീകൃഷ്ണൻ സുന്ദരങ്ങളായ ഭാവങ്ങളും കൊണ്ടു മധുരമായ ആ ശൈശവദശകൊണ്ടു വ്രജവാസികളുടെ ഹൃദയത്തെ സ്നേഹപരവശമാക്കിച്ചെയ്തുകൊണ്ടു ഗോകുലത്തിൽ ക്ഷീരാബ്ധിയെ പോലും വിസ്മരിച്ചുകൊണ്ടു വിഹരിച്ചു കഴിഞ്ഞു.

29. വദനം മധുസൂദനഃ കരാഭ്യാം
ചരണാംഗ്രഷ്ടമുപാനയത് പിപാസുഃ
ഗളിതേവ തതസ്സരസ്രവന്തീ
നഖമുക്താമണിദീധിതിപ്ലുതേന.

മധുസൂദനഃ = ഭഗവാൻ. ചരണാംഗ്രഷ്ടം = കാൽപെരുവിരലിനെ. പിപാസുഃ = കുടിക്കാൻ ആഗ്രഹിക്കുന്നവനായി. കരാഭ്യാം = കൈകൾകൊണ്ടു. വദനം = വായിലേക്കു. ഉപാനയത് = കൊണ്ടുപോയി. തതഃ = ആ പെരുവിരലിൽനിന്നു. നഖമുക്താമണിദീധിതിപ്ലുതേന = നഖമാകുന്ന മുത്തിന്റെ രശ്മി എന്നുള്ള വ്യാജേന. സുരസ്രവന്തീ = സ്വർഗ്ഗംഗാ. ഗളിതേ ഇവ = പ്രവഹിച്ചതാണോ എന്നുതോന്നും.

സാരം:- ആ ശ്രീകൃഷ്ണശിശു കാലിന്റെ പെരുവിരലിനെ കുടിക്കാനാഗ്രഹിച്ചു രണ്ടുകൈകൊണ്ടും പിടിച്ചു അതിനെ വായിൽ കൊണ്ടുവച്ചു. ആ കാലിന്റെ പെരുവിരലിൽനിന്നും സുരനദി ഒഴുകി വരുന്നതുപോലെ തോന്നി. അതു കാൽനഖമാകുന്ന മുത്തിന്റെ ദീപ്തിയാണെന്നുള്ളതു കള്ളമാണു.

30. അമൃതാംശുരിവാപരഃ പ്രമോദം
നയനാനാം ജനയൻ സ പുഷ്പമാലഃ
ഭവനം ഭവനാത് കരം കരാഭ്യാം
വ്രജയോഷിദ്ഭിരനീയതാങ്കമങ്കാത്.

അപരഃ = മറെറാരു. അമൃതാംശുഃ ഇവ = ചന്ദ്രൻ എന്ന പോലെ. നയനാനാം = കണ്ണുകൾക്ക്. പ്രമോദം = സന്തോഷം. ജനയൻ = ഉണ്ടാക്കുന്നവൻ. സഃ പുഷ്പമാലഃ = ആ ശ്രീകൃഷ്ണൻ. വ്രജയോഷിദ്ഭിഃ = ഗോപസ്ത്രീകളാൽ. ഭവനാത് = വീട്ടിൽനിന്ന. ഭവനം = = വീട്ടിലേക്കും. കരാഭ്യാം = കൈകളിൽനിന്ന. കരം = കൈകളിലേക്കും. അങ്കാത് = മടിയിൽനിന്ന. അങ്കം = മടിയിലേക്കും. അനീയത = നയിക്കപ്പെട്ട.

സാരം:- മറെറാരു ചന്ദ്രൻ എന്നപോലെ നയനാനന്ദകരനായി വർത്തിച്ച ആ ശ്രീകൃഷ്ണൻ വ്രജാങ്കനകളാൽ വീട്ടിൽനിന്ന വീട്ടിലേക്കും കൈകളിൽനിന്ന കൈകളിലേക്കും മടിയിൽനിന്ന മടിയിലേക്കും നയിക്കപ്പെട്ടു.

31. അധഃ കദാചിച്ഛകടസ്യ ശായിത-
സ്യ കായ്യുപര്യുകലയാ യശോദയാ
സ ലീലയാ കോമലരോദനം ശനൈ-
രുദഞ്ചയാമാസ സരോജലോചനഃ.

കമാചിത് = ഒരുനാളിൽ സ്വകഭവനപ്രകോഷ്ഠേ = ഗൃഹകൃത്യാദികളിൽ ഇടപെട്ടിരുന്ന. യശോദയാ = യശോദയാൽ ശകടസ്യ = വണ്ടിയുടെ. അധഃ = കീഴിൽ. ശായിതഃ സഃ സരോജലോചനഃ = കിടത്തപ്പെട്ട ആ പദ്മനാഭൻ. ലീലയാ = കളിയായി. പാദസരോരുഹം = താമരപ്പൂപോലെയിരിക്കുന്ന കാലിനെ. ശനൈഃ = സാവധാനത്തിൽ. ഉദഞ്ചയാമാസ = ഉയർത്തി.

സാരാ:- ഒരിക്കൽ സ്വന്തം ഗൃഹകാര്യങ്ങളിൽ താത് പര്യത്തോടുകൂടി വർത്തിച്ച യശോദ കുഞ്ഞിനെ ശകടത്തിന്റെ കിഴ്ഭാഗത്തു കിടത്തിയിരുന്നു. ആ കുഞ്ഞ് (ശ്രീകൃഷ്ണൻ) നേരംപോക്കായിട്ട് പാദാംബുജത്തെ പതുക്കെ പൊക്കി.

32. മധുദ്വിഷശ്ചരണാംബുജതാഡിതം
ശകടമാശു സമുത്ഥിതമംബരേ
പരിവിവൃത്യ പപാത മഹീതലേ
പടുതരധ്വനിപൂരിതദിങ്മുഖം.

മധുദ്വിഷഃ = ശ്രീ കൃഷ്ണന്റെ. ചരണാംബുജതാഡിതം = ചെന്താമരപ്പൂപോലെയിരിക്കുന്ന കാലുകൊണ്ട് തട്ടപ്പെട്ട. ശകടം = വണ്ടി. ആശു = പെട്ടന്ന്. അംബരേ = ആകാശത്തിൽ. സമുത്ഥിതം = ഉയർന്ന്. പരിവിവൃത്യ = തലകീഴായി മറിഞ്ഞ്. മഹീതലേ = ഭൂമിയിൽ. പടുതരധ്വനിപൂരിതദിങ്മുഖം = അത്യുച്ചമായ ശബ്ദത്താൽ ദിങ്മുഖങ്ങളെ മാറ്റൊലി കൊള്ളിച്ചുകൊണ്ട്. പപാത = വീണു.

സാരം:- ശ്രീകൃഷ്ണന്റെ പാദാംബുജം കൊണ്ടുള്ള താഡനമേറ്റ ആ ശകടം ആകാശത്തിലേക്കു് ഉയർന്ന ശേഷം തലകീഴായി മറിഞ്ഞു് എങ്ങും നിറഞ്ഞ വലിയ ശബ്ദം ഉണ്ടാക്കിക്കൊണ്ടു ഭൂമിയിൽവന്നു വീണു.

33. ശകടപതനജന്മ നന്ദമുഖ്യാ-
സ്തനിതമിവ ധ്വനിതം നിശമ്യ ഗോപാഃ
കിമിദമിതി ഭയേന തത്ര ജഗ്മുഃ
ത്വരിതഗതിച്യവമാനകേശബന്ധാഃ.

നന്ദമുഖ്യാഃ ഗോപാഃ = നന്ദൻ തുടങ്ങിയ ഗോപന്മാർ. സ്തനിതം ഇവ = ഇടിനാദം പോലെ. ശകടപതനജന്മ ധ്വനിതം = വണ്ടിയുടെ വീഴ്ചകൊണ്ടുണ്ടായ ശബ്ദം. നിശമ്യ = കേട്ടു്. ഇദം കിം ഇതി = ഇതു് എന്തു് എന്നു്. ഭയേന = ഭീതികൊണ്ടു്. ത്വരിതഗതിച്യവമാനകേശബന്ധാഃ = ശീഘ്രഗമനത്താൽ അഴിഞ്ഞുമുടിക്കെട്ടോടുകൂടിയവരായി. തത്ര = അവിടേയ്ക്കു്. ജഗ്മുഃ = പോയി.

സാരം:- വണ്ടിവീണുണ്ടായ മേഘഗർജ്ജനംപോലെ ഭയങ്കരമായ ശബ്ദംകേട്ടു് ഇതെന്താണെന്നറിയാതെ ഭയപ്പെട്ട നന്ദമുഖ്യന്മാരായ ഗോപന്മാർ വേഗത്തിൽ ഓടി അവിടെ ചെന്നു. വേഗത്തിലുള്ള ഓട്ടംകൊണ്ടു് അവരുടെ മുടിക്കെട്ടു് അഴിഞ്ഞുപോയിരുന്നു.

34. കചകലശവിലഗ്നപാണിപദ്മാ
വിഗളിതബന്ധമനോജ്ഞകേശപാശാ
സപദി സഹ സഖീഭിരന്വധാവത്
കളമണിനൂപുരശിഞ്ജിതാ യശോദാ.

യശോദാ = യശോദ. കചകലശവിലഗ്നപാണിപദ്മാ = കുടംപോലെയുള്ള സ്തനങ്ങളിൽ വയ്ക്കപ്പെട്ട കരപങ്കജത്തോടുകൂടിയവളായി. വിഗളിതബന്ധമനോജ്ഞകേശപാശാ = കെട്ടഴിഞ്ഞു മനോഹരമായ കേശസമൂഹത്തോടുകൂടിയവളായി. കളമണിനൂപുരശിഞ്ജിതാ = രത്ന കാൽചിലമ്പുകളുടെ മനോഹരമായ ശബ്ദത്തോടുകൂടിയവളായി. സഖീഭിഃ സഹ = തോഴിമാരോടൊന്നിച്ച്. സപദി = പെട്ടന്ന്. അനുധാവത് = പിന്നാലെ ഓടി.

സാരം:- യശോദയും മറിൽ കൈവച്ചുകൊണ്ട് സഖിമാരോടുകൂടി പെട്ടെന്ന് അവരുടെ പിന്നാലെ ഓടി. ആ ഓട്ടത്തിൽ അവളുടെ മനോഹരമായ കേശപാശം അഴിഞ്ഞുപോകയും രത്നമയങ്ങളായ കാൽച്ചിലമ്പുകൾ മനോഹരമായി ശബ്ദിക്കുകയും ചെയ്തുകൊണ്ടിരുന്നു.

35. കൃതസ്മിതം കുചിദവരിക്ഷിതം സുതം
വിലോക്യ തം പ്രമുദിതമാനസാ പരം
വ്രജന്യകസാം സവിധനിവാസിനാം മുഖാ-
ദപിസിഷ്മിയേ വിദിതതഭീയവിക്രമാ.

(യശോദ) കചിത് = ഒരിടത്തു്. അപരിക്ഷതം = പരുക്കു പറ്റാത്തവനും. കൃതസ്മിതം = മന്ദഹസിച്ചുകൊണ്ടിരിക്കുന്നവനുമായ. തം സുതം = ആ മകനെ. വിലോക്യ = കണ്ടിട്ടു്. പരം = ഏറ്റവും. പ്രമുദിതമാനസാ = സന്തുഷ്ടചിത്തയായി. സവിധനിവാസിനാം = അടുത്തുനില്ക്കുന്ന. വ്രജൗകസാം = ഗോപന്മാരുടെ. മുഖാത് = മുഖത്തിൽനിന്നും. വിദിത-തദീയവിക്രമാ = അവന്റെ പരാക്രമങ്ങളെ അറിഞ്ഞു് വിസിഷ്മിയേ = ആശ്ചര്യപ്പെട്ടു.

സാരം :- ഓടിച്ചെന്ന യശോദയ്ക്കു് തന്റെ മകൻ യാതൊരു പരുക്കും പറ്റാതെ പുഞ്ചിരിയോടുകൂടെ കിടക്കുന്നതു കണ്ടപ്പോൾ അത്യധികമായ സന്തോഷമുണ്ടായി. അടുത്തുനില്ക്കുന്ന വ്രജവാസികളിൽനിന്നും കുഞ്ഞിന്റെ വിക്രമങ്ങളെപ്പറ്റി അറിഞ്ഞപ്പോൾ വിസ്മയവും തോന്നി.

36. സ്രുതശോണിതമേവ മന്യമാനാ
ചരണം തസ്യ നിസർഗ്ഗപാടലം തത്
ഉദമാർജ്ജയദംശുകാഞ്ചലേന
ദ്രുതമാഗത്യ പുനഃ പുനർയശോദാ.

യശോദാ = യശോദ. നിസർഗ്ഗപാടലം = സ്വഭാവേന പാടല വർണ്ണമായ (ഒരുമാതിരി ചുവപ്പും കലർന്ന). തസ്യ =

ശ്രീകൃഷ്ണന്റെ. തത് ചരണം = ആ പാദത്തെ. സ്രുത= ശോണിതം ഏവ = ചോര ഒഴുകുന്നുതന്നെ ഏന്നും മന്യ- മാനാ = വിചാരിച്ച്. ദ്രുതം ആഗത്യ = പെട്ടെന്ന് വന്ന്. അംശുകാഞ്ചലേന = ചേലത്തുമ്പുകൊണ്ട്. പുനഃ പുനഃ = വീണ്ടും വീണ്ടും. ഉദമാര്ജയത് = തുടച്ചു.

സാരം:- യശോദ സ്വതേ ചുവന്ന ശ്രീകൃഷ്ണന്റെ ആ കാലടിയെ ചോര ഒഴുകുന്നുവോ ഏന്നു വിചാരിച്ച് വേഗം ചെന്ന് ചേലത്തുമ്പുകൊണ്ടു പിന്നെയും പിന്നെയും തുടച്ചു.

37. തിലകം മധുവിദ്വിഷോ ലലാടേ
രജസാ ഗോമയജന്മനാ വിധായ
ഉരസാ പരിരഭ്യ നന്ദഗോപ-
സ്സുചിരം തസ്യ സുമംഗലാനി ദധ്യൗ.

നന്ദഗോപഃ = നന്ദഗോപൻ. മധുവിദ്വിഷഃ = ശ്രീകൃഷ്ണന്റെ ലലാടേ = നെറ്റിത്തടത്തിൽ. ഗോമയജന്മനാ രജസാ = ചാണകപ്പൊടികൊണ്ട്. തിലകം = പൊട്ട്. വിധായ = ഇട്ടിട്ട്. ഉരസാ = മാറുകൊണ്ട്. പരിരഭ്യ = ആശ്ലേഷിച്ച്. തസ്യ = അവന്റെ. സുമംഗലാനി = ശോഭനകല്യാണങ്ങളെ. സുചിരം = വളരെനേരം. ദധ്യൗ = ധ്യാനിച്ചു.

സാരം:- നന്ദഗോപനാകട്ടെ ശ്രീകൃഷ്ണന്റെ നെറ്റിയിൽ ചാണകപ്പൊടികൊണ്ടു പൊട്ടുതൊട്ടുവിച്ചശേഷം ആ കുഞ്ഞിനെ എടുത്ത് ആലിംഗനം ചെയ്തുകൊണ്ട് ഇവന് നന്മവരണമേ ഏന്നു വളരെനേരം ധ്യാനിച്ചു.

38. ശകടം മധുസൂദനസ്യ ദൃഷ്ട്വാ
ചരണോദ്ഗ്രഥനവിഭ്രമേണ ഭഗ്നം
അഥ വാരിനിധേർവിവേശ ഗർഭം
സപദി രഥസ്യാപി വിശങ്ക്യ ഭംഗമർക്കഃ.

അഥ = അനന്തരം. അർക്കഃ = സൂര്യൻ. മധുസൂദനസ്യ = ശ്രീകൃഷ്ണന്റെ. ചരണോദ്ഗ്രഥനവിഭ്രമേണ = കാലുപൊക്കി കളികൊണ്ടു്. ഭഗ്നം ശകടം = തകർന്നവണ്ടിയെ. ദൃഷ്ട്വാ = കണ്ടു്. സപദി രഥസ്യ അപി = തന്റെ തേരിന്റെയും. ഭംഗം = തകർച്ച. വിശങ്ക്യ = സംശയിച്ചു്. വാരിനിധേഃ = സമുദ്രത്തിന്റെ. ഗർഭം = ഉള്ളിൽ. വിവേശ = പ്രവേശിച്ചു.

സാരം:- അനന്തരം സൂര്യൻ ശ്രീകൃഷ്ണന്റെ കാലു പൊക്കി കളികൊണ്ടു തകർന്നുപോയ തേരിനെ കണ്ടിട്ടു് തന്റെ രഥത്തിനും നാശം വരുമോ എന്നു സംശയിച്ചു് സമുദ്രത്തിന്റെ ഉള്ളിൽ മറഞ്ഞു.

39. പരിതഃ സ്ഫുരതാ നവേന സന്ധ്യാ-
മഹസാ പല്ലവപാടലേന ലിപ്താഃ
പതിതാ ഇവ പാവകേ വിരേജുഃ
കകുഭോ ദുസ്സഹഭാനവിപ്രയോഗാഃ.

കകുഭഃ = ദിക്കുകൾ. പരിതഃ = ചുറ്റും. സ്ഫുരതാ = പ്രകാശിക്കുന്നതും. പല്ലവപാടലേന = തളിരുപോലെ പാടല വർണ്ണത്തോടുകൂടിയതും. നവേന = നൂതനവുമായ. സന്ധ്യാ-മഹസാ = സന്ധ്യയുടെ കാന്തിയാൽ. ലിപ്താഃ = വ്യാപിക്കപ്പെട്ടവയായി. ദുസ്സഹഭാനവിപ്രയോഗാഃ = സഹിക്കാൻ

പാതിച്ചുത്തേ സൂര്യനെറ വേർപാടോടുകൂടിയവരായി. പാവകേ= അഗ്നിയിൽ പതിതാഃ ഇവ = ചാടിയവരോ എന്ന തോന്നംവണ്ണം. വിരേജുഃ = ശോഭിച്ചു.

സാരം:- ദിക്കുകളും ചുറ്റും പ്രകാശിക്കുന്ന തള്ളിരൊളിപൂണ്ട നവമായ സന്ധ്യാകാന്തിയിൽ മുഴുകിയവരായിട്ട് സപനാഥനായ സൂര്യനെറ വിരഹം സഹിക്കാൻ കഴിവില്ലാതെ അഗ്നിയിൽ പതിച്ചു എന്ന തോന്നുമാറ് ശോഭിച്ചു.

40. ക്ഷുഭിതശ്ചിരമംബരാംബുരാശി-
സ്തപനസ്യന്ദനവാഹനാവഗാഹാത്
സ്ഫുരദുദ്ഭടതാരകാപദേശാത്
സഹസാകീര്യത ഫേനമണ്ഡലേന.

അംബരാംബുരാശിഃ = ആകാശമാകുന്ന ആഴി. തപനസ്യന്ദനവാഹനാവഗാഹാത് = സൂര്യനെറ തേരാകുന്ന യാനപാത്രത്തിനെറ മുങ്ങൽകൊണ്ട്. ചിരം = വളരെനേരം, ക്ഷുഭിതഃ = ഇളകിയിട്ട്. സഹസാ = പെട്ടെന്ന്. സ്ഫുരദുദ്ഭടതാരകാപദേശാത് = പ്രകാശിക്കുന്ന പ്രകടമായ നക്ഷത്രം എന്ന വ്യാജേന. ഫേനമണ്ഡലേന = നുരസമൂഹത്താൽ. അകീര്യത = വ്യാപിക്കപ്പെട്ടു.

സാരം :- ആകാശമാകുന്ന സമുദ്രം സൂര്യനെറ തേരാകുന്ന യാനപാത്രത്തിനെറ മുങ്ങൽ നിമിത്തം ഇളകി മറിഞ്ഞു പെട്ടെന്ന് പ്രകടങ്ങളും പ്രകാശമാനങ്ങളുമായ നക്ഷത്രങ്ങളാകുന്ന നുരക്കുട്ടങ്ങളെ പരത്തി.

41. അഹിമരുചി രസാതലം പ്രവിഷ്ടേ
ഭയചകിതസ്യ വിനാശമാകലയ്യ
തത ഇവ തരസോത്പതന്നസീമാ
തിമിരഭരഃ പൃഥിവീതലം പ്രപേദേ.

അഹിമരുചി = സൂര്യൻ. രസാതലം = പാതാളത്തിലേക്ക് പ്രവിഷ്ടേ = പ്രവേശിച്ചപ്പോൾ. സ്വവിനാശം = സ്വന്തം നാശത്തെ. ആകലയ്യ = സംശയിച്ച്. ഭയചകിതഃ = ഭയംകൊണ്ടു വിറച്ച്. തതഃ = രസാതലത്തിൽനിന്നും. തരസാ = പെട്ടെന്ന്. ഉത്പതൻ ഇവ = ഉയർന്നതോ എന്നു തോന്നുമവേ. അസീമാ തിമിരഭരഃ = അതിരറ്റ ഇരുളിൻകൂട്ടം. പൃഥിവീതലം = ഭൂമിയെ. പ്രപേദേ = പ്രാപിച്ചു.

സാരം:- സൂര്യൻ പാതാളത്തെ പ്രാപിച്ചതോടുകൂടി തനിക്കു നാശം വരുമോ എന്നു പേടിച്ച് അവിടെനിന്നും പെട്ടെന്ന് മേൽപോട്ടുപോന്നതോ എന്നു തോന്നുമാറ് അതിയറ്റ ക്രൂരതമപരപ്പ് ഭൂമണ്ഡലത്തിൽ വന്നു ചേർന്നു.

42. ഭ്രമന്തരിക്ഷം ഭവനാനി രത്ന്യാ
വനാനി ശൈലാസ്സരിതസ്സമുദ്രാഃ
ധ്വാന്തേ ദിശാം രുന്ധതി ചക്രവാളം
വ്യക്തം ന കേനാപി കിമപ്യവേദി.

ശ്രാന്തേ = കുറേനിരുട്ട്. ദിശാം = ദിക്കുകളുടെ ചക്രവാളം = മണ്ഡലത്തെ. ക്രന്ദതി = മറച്ചുപ്പോൾ. ക്ഷ്മാ = ഭൂമിയും. അന്തരിക്ഷം = ആകാശവും ഭവനാനി = വീടുകളും. രഥ്യാഃ = വഴികളും. വനാനി = കാടുകളും. ശൈലാഃ = മലകളും. സരിതഃ = നദികളും. സമുദ്രാഃ = ആഴികളും. കിമപി = ഒന്നും. കേനാപി = ഒരുത്തനാലും. വ്യക്തം = സ്പഷ്ടമായിട്ട്. ന അവഗമി = അറിയപ്പെട്ടില്ല.

സാരം:- ഇങ്ങനെ ഇരുട്ട് ദിക്കുകളെ മറച്ചതോടുകൂടി ഭൂമി, ആകാശം, വീടുകൾ, വഴികൾ, കാടുകൾ, മലകൾ, നദികൾ, സമുദ്രങ്ങൾ, എന്നുവേണ്ട ഒരു വസ്തുപോലും ആരാലും വ്യക്തമായി അറിയപ്പെടുവാൻ കഴിഞ്ഞില്ല.

43. അഥ പ്രയാതി പ്രഹരേ യശോദാ
ജനേ ച കിഞ്ചിന്നിഭൃതേ സനിദ്രേ
പുത്രം പയഃപാനഗുരുപ്രമോദം
പ്രസാദയന്തീ കളമിത്യുവാച.

അഥ = അനന്തരം. പ്രഹരേ പ്രയാതി = യാമം കഴിഞ്ഞു. ജനേ സനിദ്രേ = ജനങ്ങൾ ഉറങ്ങി. കിഞ്ചിത് നിഭൃതേ ച = കുറേ നിശ്ശബ്ദമായപ്പോൾ. യശോദാ = യശോദ. പയഃപാനഗുരു. പ്രമോദം = മുലപ്പാലു കുടിച്ച് ഏറ്റവും സന്തുഷ്ടനായ. പുത്രം =

മകനെ. പ്രസ്പാപയന്തീ = ഉറക്കുന്നവളായിട്ട്. കളം = മധുരമാകും വണ്ണം. ഇതി = ഇങ്ങനെ. അഗായത് = പാടി.

സാരം:- സൂര്യാസ്തമനത്തിനശേഷം ഏഴരനാഴിക ഇരുട്ടിയപ്പോൾ ലോകം നിദ്രയിലാണ്ടു. കുറഞ്ഞൊന്നു നിശ്ശബ്ദതയെ പ്രാപിച്ചപ്പോൾ യശോദ പാലുകുടിച്ചു് അത്യധികം സന്തോഷത്തോടുകൂടി കിടക്കുന്ന പുത്രനെ ഉറക്കാനായി ഇങ്ങനെ മധുരമായി പാടി.

44. കുന്ദതപിഷസ്താലഫലപ്രകാശാ-
സ്താപിഞ്ഛരവർണ്ണാസ്തരുണാക്ഭാസഃ
പ്രീതദൃശ്യാ നവനീതവത്യോ
ഗാവസ്സഹസ്രം തനയ! തവദീയാഃ.

ഹേ തനയ! = അല്ലയോ മകനെ! കുന്ദതപിഷഃ = കുരുക്കത്തി മുല്ലപ്പൂവിന്റെ നിറമെല്ലാവയും, താലഫലപ്രകാശഃ = കരിമ്പനങ്ങായുടെ ശോഭയുള്ളവയും, താപിഞ്ഛരവർണ്ണാഃ = പച്ചിലമരത്തിന്റെ നിറമുള്ളവയും, തരുണോക്ഭാസഃ = ബാലാദിത്യന്റെ കാന്തിയുള്ളവയും. പ്രീതദൃശ്യാഃ = ധാരാളം പാലുള്ളവയും. നവനീതവത്യഃ = ഏറെ വെണ്ണയുള്ളവയുമായ. സഹസ്രം ഗാവഃ = ആയിരം പശുക്കൾ. തവദീയാഃ = നിനക്കുള്ളവയാണ്.

സാരം:- അല്ലയോ കുഞ്ഞേ! കുരുക്കുത്തിമുല്ലപ്പൂവിന്റെ നിറമുള്ളവയും കരിമ്പനപ്പഴം പോലെ പ്രകാശിക്കുന്നവയും പച്ചില മരത്തിന്റെ നിറമുള്ളവയും ബാലാർക്കന്റെ ശോഭയുള്ളവയും ധാരാളം പാലുള്ളവയും നല്ല വെണ്ണ കിട്ടുന്നവയുമായ ആയിരം പശുക്കൾ നിനക്കുണ്ട്.

45. പ്രിയാളഖർജ്ജൂരസമൃദ്ധസാനുഃ
ഫലാഢ്യരംഭാവനലോഭനീയഃ
നന്ദോപഭോഗായ സുതായമാസ്തേ
ഗോവർധനോ നാമ മഹീധരസ്തേ.

അഹോ സുത! = അല്ലയോ മകനേ! പ്രിയാളഖർജ്ജൂരസമൃദ്ധസാനുഃ = മുംമരങ്ങളും ഈന്തകളും നിറഞ്ഞ താഴ്വരകളോടുകൂടിയതും ഫലാഢ്യരംഭാവനലോഭനീയഃ = ഫലങ്ങൾ നിറഞ്ഞ വാഴത്തോട്ടംകൊണ്ടു മനോഹരവും. ഗോവർധനഃ നാമ = ഗോവർധനം എന്നു പ്രസിദ്ധവുമായ. അയം മഹീധരഃ = ഈ പർവ്വതം. തേ = നിന്റെ. ഉപഭോഗായ = സുഖാനുഭവത്തിനുവേണ്ടി. ആസ്തേ = നിലകൊള്ളുന്നു.

സാരം:- അല്ലയോ മകനേ! മുംമരങ്ങളും ഈന്തമരങ്ങളും നിറഞ്ഞ സാനുപ്രദേശങ്ങളോടുകൂടിയതും ഫലപരിപൂർണ്ണങ്ങളായ വാഴത്തോപ്പുകൾകൊണ്ടു മനോഹരവുമായ ഈ പ്രസിദ്ധ ഗോവർധനപർവ്വതം നിന്റെ സുഖഭോഗത്തിനായിക്കൊണ്ടുതന്നെ നിലകൊള്ളുന്നു.

46. സരസിരുഹവനേ ഗതേഽപി നിദ്രാം
കഥമിവ തേ നയനാംബുജേ വിനിദ്രേ
ശ്രുതിപരിചയശാലിനോ ഹി കർമ്മ
സ്വജനനിഷേവിതമേവ സംശ്രയന്തേ.

സരസിരുഹവനേ = താമരപൂക്കളുടെകൂട്ടം. നിദ്രാം ഗതേ അപി = ഉറക്കത്തെ പ്രാപിച്ചിട്ടും. തേ = നിന്റെ

നയനാംബുജേ = നേത്രാരവിന്ദങ്ങൾ കഥമിവ = എന്ന പോലെ കൊണ്ടു്. ഖിനിദ്രേ = ഉറങ്ങാത്തവയായി. ഭവേതഃ = ഇരിക്കുന്നു. ശ്രുതിപരിചയശാലിനഃ = ശ്രോത്രത്തിന്റെ (വേദത്തിന്റെ) പരിചയമുള്ളവർ. സ്വജനനിഷേവികം = സ്വന്തജനങ്ങളാൽ അനുഷ്ഠിക്കപ്പെടുന്ന. കർമ്മ ഏവ = പ്രവൃത്തിതന്നെ. സംശ്രയന്തേ ഹി = അനുഷ്ഠിക്കുന്നു എന്നു പ്രസിദ്ധമാണല്ലോ.

സാരം:- അല്ലയോ കുഞ്ഞേ! താമരപ്പൂക്കളെല്ലാം നിദ്രയെ പ്രാപിച്ചിട്ടും നിന്റെ കണ്ണാകുന്ന താമരപ്പൂക്കൾ എന്തുകൊണ്ടാണു് ഇങ്ങനെ ഉറങ്ങാതെ ഇരിക്കുന്നതു്? വൈദികധർമ്മങ്ങളെ അനുഷ്ഠിക്കുന്ന ആളുകളെല്ലാം സ്വജനങ്ങളെ അനുഷ്ഠിക്കുന്ന കർമ്മങ്ങളെതന്നെ ആശ്രയിച്ചു പോരുന്നു എന്നാണല്ലോ പ്രസിദ്ധി.

47. തദ്വചനിശ്രവണജാതകൗതുകാ
ബാലജീവിതവിലോപവിശ്രുതാ
ആജഗാമ ഗഗനേന പൂതനാ
യാതനാ തനുമതീവ ദേഹിനാം.

ബാലജീവിതവിലോപവിശ്രുതാ = ശിശുക്കളുടെ ജീവനെ നശിപ്പിക്കുന്നതുകൊണ്ടു പേരുകേട്ടവളും. ദേഹിനാം = പ്രാണികളുടെ. തനുമതീ യാതനാ ഇവ = ശരീരം പൂണ്ട തീവ്രവേദനയോ എന്നു തോന്നുമാറുള്ളവളും ആയ. പൂതനാ = പൂതന. തദ്വചനിശ്രവണജാതകൗതുകാ = യശോദയുടെ പാട്ടിന്റെ ശബ്ദം കേട്ടതുകൊണ്ടുണ്ടായ സന്തോഷത്തോടുകൂടെ. ഗഗനേന = ആകാശത്തുടെ. ആജഗാമ = വന്നുചേർന്നു.

സാരം:- കൊച്ചുകുഞ്ഞുങ്ങളെക്കൊന്നു ഭുജിച്ചു സമ്പാദിച്ചിട്ടുള്ള വളരെ ജീവികളുടെ ശരീരം പൂണ്ട ദുഃഖം പോലെ വർത്തിക്കുന്നവളുമായ പൂതന എന്ന രാക്ഷസി യശോദയുടെ ഉറക്കുപ്പാട്ടിന്റെ ശബ്ദംകേട്ടു കയ്യുകൊട്ടിക്കുടി ആകാശമാർഗ്ഗം അവിടെ വന്നുചേർന്നു.

48. സാവതീർണ്ണ നഭസോ നിശാചരീ
ഗൃഡമേവ നിഷസാദ കുത്രചിത്
സാ ച സുപ്ത ഇവ ലക്ഷിതേ സുതേ
സ്വാപമാപ സരസീരുഹേക്ഷണാ.

നിശാചരീ സാ = രാത്രീസഞ്ചാരിയായ ആ പൂതന. **നഭസാ** = ആകാശത്തുനിന്നും. **അവതീർണ്ണ** = ഇറങ്ങീട്ട്. **ഗൃഡം ഏവ** = ഒളിച്ചുതന്നെ. **കുത്രചിത്** = ഒരിടത്ത്. **നിഷസാദ** = ഇരുന്നു. **സരസീരുഹേക്ഷണാ സാ ച** = സുന്ദരിയായ ആ യശോദയും. **സുതേ സുപ്തേ ഇവ ലക്ഷിതേ** = മകൻ ഉറങ്ങിയപോലെ കാണപ്പെട്ടപ്പോൾ. **സ്വാപം** = ഉറക്കത്തെ. **ആപ** = പ്രാപിച്ചു.

സാരം:- ആ രാക്ഷസി ആകാശത്തിൽ നിന്നും ഇറങ്ങിയിട്ട് ആരും കണാതെ ഒരിടത്ത് ഒളിച്ചിരുന്നു. സുന്ദരിയായ യശോദ മകൻ ഉറങ്ങിയതുപോലെ കിടക്കുന്നതു കണ്ടപ്പോൾ താനും ഉറക്കം പ്രാപിച്ചു.

49. കൃഷ്ണമങ്കമധിരോപ്യ നിർഭയാ
ദാതുമാരഭത പൂതനാ സ്തനം
യത് പയോധരമുഖേ മുഖാപ്പണാ-
ദായുഷാ ശിശുജനോ വിയുജ്യതേ.

യത് പയോധരമുഖ = യാതൊരുത്തിയുടെ മുലക്കണ്ണിൽ. മുഖപ്പണാത് = വാ വയ്ക്കുന്നതുകൊണ്ട്. ജിജ്ഞജനഃ = കുഞ്ഞുങ്ങൾ. ആയുഷാ = പ്രാണനോട്. വിയുജ്യതേ = വേർപെട്ടുപോകുന്നു. സാ പൂതനാ = ആ പൂതന. നിർഘൃണാ = ദയയറവെളായി. കൃഷ്ണം = ശ്രീകൃഷ്ണനെ. അങ്കം = മടിയിൽ. അധിരോപ്യ = ഇരുത്തിയിട്ട്. സ്തനം = മുല. ദാതും = കൊടുക്കാൻ. ആരഭത = തുടങ്ങി.

സാരം :- ആരുടെ മുലകുടിച്ചാലാണോ കുഞ്ഞുങ്ങൾ ഉടൻ മരിച്ചു പോകുന്നത് ആ ദയാശൂന്യയായ പൂതന കൃഷ്ണനെ മടിയിൽ ഇരുത്തിയിട്ട് മുല കൊടുക്കുവാനാരംഭിച്ചു തുടങ്ങി.

50. പാഞ്ചജന്യമിവ പൂതനാസ്തനം
പാണിപല്ലവയുഗേന പീഡയൻ
ആനനേന മധുശത്രുരാന്തരാ–
നാദദേ സ തു തതസ്സമീരണാൻ.

മധുശത്രുഃ സഃ തു = മധുവൈരിയായ ആ ശ്രീകൃഷ്ണനാകട്ടെ. പാണിപല്ലവയുഗേന = തിരുപോലുള്ള ഇരു കരങ്ങൾകൊണ്ട്. പാഞ്ചജന്യം ഇവ = പാഞ്ചജന്യം എന്ന ശംഖിനെ എന്ന പോലെ. പൂതനാസ്തനം = പൂതനയുടെ മുലയെ. പീഡയൻ = പിടിക്കുന്നവനായിട്ട്. ആനനേന = വാ കൊണ്ട്. തതഃ = ആ മുലയിൽനിന്നുടൻ. ആന്തരാൻ സമീരണാൻ = പ്രാണങ്ങളെ. ആദദേ = വലിച്ചെടുത്തു.

സാരം :- ആ ശ്രീകൃഷ്ണനാകട്ടെ കരപല്ലവംകൊണ്ട് പാഞ്ചജന്യത്തെ എന്നപോലെ പൂതനയുടെ സ്തനങ്ങളെ പിടിച്ചുകൊണ്ട് വാ കൊണ്ട് അവളിൽ നിന്നും പ്രാണങ്ങളെ പിടിച്ചെടുത്തു.

51. വിപ്രകീർണ്ണകചഞ്ചലപല്ലവാ
ഭഗ്നബാഹ്വവിടപാ നിശാചരീ
സാ പപാത ഭുവി ഘോരനിസ്വനാ
മാരുതാഹതമഹീരുഹോപമാ.

സാ നിശാചരീ = ആ രാക്ഷസിയായ പൂതനം വിപ്രകീർണ്ണകചഞ്ചലപല്ലവാ = ചിന്നിച്ചിതറിയ ഇളം തളിരുപോലുള്ള തലമുടിയുള്ളവളും. ഭഗ്നബാഹ്വവിടപാ = ഒടിഞ്ഞ കൊമ്പുകൾ പോലുള്ള കൈകളോടുകൂടിയവളും. മാരുതാഹതമഹീരുഹോപമാ = കാറ്റുകൊണ്ട് മറിഞ്ഞുവീണ മരത്തിനൊപ്പം. ഘോരനിസ്വനാ=ഭയങ്കരമായ ശബ്ദത്തോടുകൂടിയവളുമായിട്ട്. ഭുവി = നിലത്ത്. പപാത = വീണു.

സാരം :- ആ രാക്ഷസി ചിന്നിച്ചിതറിയ തലമുടിയാകുന്ന ഇളം തളിരുകളോടുകൂടിയവളും ഒടിഞ്ഞു തകർന്ന കയ്യുകുന്ന ശാഖകളോടു കൂടിയവളുമായിട്ട കാറടിച്ച് ഒടിഞ്ഞു വീണ വൃക്ഷംപോലെ ഭയങ്കരമായ ശബ്ദത്തോടുകൂടി നിലത്തു വീണു.

52. ഝടിതി വ്യപനീതഗാഢനിദ്രോ
മഹതാ തേന രവേണ പൂതനായാഃ
പ്രതിപത്തുമിയായ താം പ്രവൃത്തിം
സഹ ഗോപഗണേന നന്ദഗോപഃ.

നന്ദഗോപഃ = നന്ദഗോപൻ. പൂതനായാഃ = പൂതനയുടെ. മഹതാ തേന രവേണ = വലിയ ആ പൂതനശബ്ദംകൊണ്ട്. ഝടിതി = പെട്ടെന്ന്. വ്യപനീതഗാഢനിദ്രഃ = ഗാഢനിദ്രയിൽനിന്നും ഉണർന്ന്. ഗോപാലഗണേന സഹ = ഗോപാലക്കൂട്ടത്തോടൊന്നിച്ച്. താം പ്രവൃത്തിം = ആ വൃത്താന്തം. പ്രതിപദ്യതേ = അറിയുന്നതിന്. ഇയായ = പുറപ്പെട്ടു.

സാരം :- നന്ദഗോപൻ പൂതനയുടെ വിഗ്ഘനിമിത്തം ഉണ്ടായ ആ വലിയ ശബ്ദംകേട്ട് ഗാഢനിദ്രയിൽനിന്നും പെട്ടെന്നുണർന്നെഴുന്നേറ്റ് ഗോപാലസമൂഹത്തോടുകൂടി ആ വൃത്താന്തം അറിയുന്നായിട്ട് ചെന്നു.

53. തസ്യാശ്ശരീരമധിരുഹ്യ വിചേതനായാഃ
ക്രീഡന്തമംബുരുഹലോചനമീക്ഷമാണാഃ
തസ്ഥുസ്സമുന്മിഷിതവിസ്മയനിർവികാരാ
നാസാധിരോപിതകരാംഗുലയോ മുഹൂർത്തം.

തേ = ആ ഗോപന്മാർ. വിചേതനായാഃ തസ്യാഃ = (മരിച്ച) ആ പൂതനയുടെ. ശരീരം = ആ ശരീരത്തിൽ. അധിരുഹ്യ = കയറി. ക്രീഡന്തം = കളിച്ചുകൊണ്ടിരിക്കുന്ന. അംബുരുഹലോചനം = ശ്രീകൃഷ്ണനെ. ഈക്ഷമാണാഃ = കണ്ട്. സമുന്മിഷിതവിസ്മയനിർവികാരാഃ = അത്യാശ്ചര്യംകൊണ്ട് നിശ്ചലരായി. നാസാധിരോപിതകരാംഗുലയഃ = മൂക്കിൽ കൈവിരലും വച്ച്. മുഹൂർത്തം = അല്പസമയം. തസ്ഥുഃ = നിന്നുപോയി.

സാരം :- ആ നന്ദാദികളായ ഗോപന്മാർ, ചത്തുകിടക്കുന്ന പൂതനയുടെ ശരീരത്തിലേറി കളിച്ചുകൊണ്ടിരിക്കുന്ന താമരക്കണ്ണനായ ശ്രീകൃഷ്ണനെ കണ്ടപ്പോൾ വിസ്മയഭരിതരായി മൂക്കിൽ കയ്യും വച്ച് കുറച്ചുനേരം അങ്ങനെ നിന്നുപോയി.

54. നന്ദഃ പ്രമൃജ്യ നയനേ മുഹുരശ്രുപൂർണ്ണേ
പുത്രം കൃതാന്തമുഖനിർഗ്ഗളിതം നിരീക്ഷ്യ
ദധ്യൗ ച തസ്യ നിതരാമഭിവൃദ്ധികാമ-
സ്തത്പ്രം പരം സ ഹൃദയേന സമാഹിതേന

സഃ നന്ദഃ = ആ നന്ദഗോപൻ. അശ്രുപൂർണ്ണേ നയനേ = കണ്ണീർ നിറഞ്ഞ കണ്ണുകളെ. മുഹുഃ പ്രമൃജ്യ = വീണ്ടും വീണ്ടും തുടച്ചിട്ട്. കൃതാന്തമുഖനിർഗ്ഗളിതം = കാലന്റെ വായിൽ നിന്നും രക്ഷപ്പെട്ട. പുത്രം = മകനെ. നിരീക്ഷ്യ = കണ്ട്. തസ്യ = അവന്റെ. നിതരാം = ഏറ്റവും. അഭിവൃദ്ധികാമഃ = ഉൽക്കർഷത്തെ ഇച്ഛിക്കുന്നവനായി. സമാഹിതേന = ഏകാഗ്രമായ. ഹൃദയേന = മനസ്സുകൊണ്ട്. പരം തത്പ്രം = ശ്രേഷ്ഠത്തെ. ദധ്യൗ = ധ്യാനിച്ചു.

സാരം :- ആ നന്ദഗോപൻ അശ്രുപൂർണ്ണങ്ങളായ കണ്ണുകളെ വീണ്ടും വീണ്ടും തുടച്ചിട്ട് കാലന്റെ വായിൽ നിന്നും വഴുതിവീണ പുത്രനെ വീണ്ടും വീണ്ടും നോക്കി. ആ കുഞ്ഞിന്റെ അഭിവൃദ്ധിയിൽ അത്യന്തം തൽപരനായ നന്ദൻ തന്റെ ഏകാഗ്രമായ ഹൃദയംകൊണ്ട് ഈശ്വരനെ ധ്യാനിക്കുകയും ചെയ്തു.

55. ശ്യാമളഃ കമലപത്രലോചനോ
നീലകുന്തളഭരശ്ശുചിസ്മിതഃ
ധ്യായതോ മനസി തസ്യ സന്നിധിം
പുത്ര ഏവ വിദധേ പുനഃ പുനഃ.

ധ്യായതഃ തസ്യ = ധ്യാനിച്ചുകൊണ്ടിരുന്ന നന്ദഗോപന്റെ. മനസി = മനസ്സിൽ. ശ്യാമളഃ = കാർവർണ്ണനും. കമലപത്രലോചനഃ = സരസീരുഹനേത്രനും. നീലകുന്തളഭരഃ = കറുത്ത തലമുടിക്കെട്ടുള്ളവനും. ശുചിസ്മിതഃ പുത്രഃ ഏവ = ശുഭ്രമന്ദഹാസത്തോടുകൂടിയവനും ആയ മകൻ തന്നെ. പുനഃ പുനഃ = വിണ്ടും വിണ്ടും. സന്നിധിം = സാന്നിധ്യത്തെ. വിദധേ = ചെയ്തു.

സാരം :- അങ്ങനെ ധ്യാനിച്ചുകൊണ്ടിരുന്ന നന്ദഗോപന്റെ ഹൃദയത്തിൽ ശ്യാമളനും താമരപ്പൂവിന്റെ ഇതൾപോലെ മനോഹരമായ കണ്ണുകളുള്ളവനും കാർകുന്തളം ധരിച്ചവനും നിർമ്മലമായ പുഞ്ചിരിയോടുകൂടിയവനുമായ സ്വപുത്രൻതന്നെ വിണ്ടും വിണ്ടും പ്രത്യക്ഷനായി.

56. ന ക്ഷമം ഭവതി പുത്രവാസനാ-
നിസ്തരം ഹൃദയമച്യുതസ്മൃതേ
ഇത്യശേഷദുരിതാപഹാരിണീ-
രഗ്രജന്മഭിരകാരയത് ക്രിയാഃ.

പുത്രവ്യാസനാനിസ്സ്മരം = മകനെക്കുറിച്ചുള്ള വിചാരംകൊണ്ട് ഉറപ്പു കൂടിയ. ഹൃദയം = മനസ്സ്. അച്യുതസ്മരണേ = മഹാവിഷ്ണുവിനെ ഓർക്കുന്ന വിഷയത്തിൽ. ക്ഷമം = സമർത്ഥം. ന ഭവതി ഇതി = അല്ല എന്നു വിചാരിച്ചു. സഃ = ആ നന്ദഗോപൻ. അഗ്രജന്മഭിഃ = ബ്രാഹ്മണരെക്കൊണ്ട്. അശേഷ-ദുരിതോപഹാരിണീഃ = എല്ലാ പാപങ്ങളേയും ഇല്ലാതാക്കുന്ന. ക്രിയാഃ = കർമ്മങ്ങളെ. അകാരയത് = ചെയ്യിച്ചു.

സാരം:- പുത്ര ചിന്തയിൽ മുഴുകിയിരിക്കുന്ന ഹൃദയം അച്യുതസ്മരണത്തിനു സമർത്ഥമല്ല എന്നു വിചാരിച്ച് ആ നന്ദഗോപൻ ബ്രാഹ്മണരെ കൊണ്ട് സർവ്വദുരിതങ്ങളും അറുപോകുമാറുള്ള സൽകർമ്മങ്ങളും ചെയ്യിച്ചു.

57. പൂതനാചരിതഭാവനാഭവം
ഭാരുണം ഹൃദയദാരണം പിതുഃ
ശ്രീപതിശ്ശമയതി സ്മ വൈശസം
ക്രീഡിതൈരഖിലലോകമോഹനൈഃ.

ശ്രീപതിഃ = ശ്രീകൃഷ്ണൻ. പൂതനാചരിതഭാവനാഭവം = പൂതനയുടെ പ്രവൃത്തിയെപ്പറ്റി വീണ്ടും വീണ്ടുമുള്ള വിചാരം കൊണ്ടുണ്ടായതും. ഭാരുണം = ഭയങ്കരവും. ഹൃദയദാരണം = ഹൃദയത്തെ പിളർക്കുന്നതുമായ. പിതുഃ = അച്ഛന്റെ. വൈശസം = ദുഃഖത്തെ. അഖിലലോകമോഹനൈഃ = സമസ്ത ജനങ്ങളേയും മോഹിപ്പിക്കുന്ന. ക്രീഡിതൈഃ = കളികൾ കൊണ്ട്. ശമയതി സ്മ = ഇല്ലാതാക്കി.

സാരംഃ- ആ ശ്രീകൃഷ്ണനാകട്ടെ പൂതനയുടെ പ്രവൃത്തിയെ ഓർത്തോർത്തുണ്ടായതും ഭയങ്കരവും ഹൃദയഭേദകവുമായ പിതാവിന്റെ ദുഃഖത്തെ സജ്ജനാകർഷകങ്ങളായ വിലാസങ്ങൾകൊണ്ട് ഇല്ലാതാക്കി.

58. സലോചനേ കിഞ്ചിദുപാന്തക്രുണിതേ
നിധായ മാതുർവദനേ കൃതസ്മിതഃ
പയോധരം പാണിയുഗാവലംബിതം
മനശ്ച തസ്യാ മധുസൂദനഃ പപൗ.

സഃ മധുസൂദനഃ = ആ ശ്രീകൃഷ്ണൻ. കിഞ്ചിത് = അല്പം. ഉപാന്തക്രുണിതേ = അറ്റം അടഞ്ഞ. ലോചനേ = കണ്ണുകളെ. മാതുഃ = അമ്മയുടെ. വദനേ = മുഖത്ത്. നിധായ = അർപ്പിച്ചിട്ട്. കൃതസ്മിതഃ = മന്ദഹസിച്ചവനായി. പാണിയുഗാവലംബിതം = രണ്ടുകൈകൊണ്ടും പിടിച്ച. തസ്യാഃ = ആ യശോദയുടെ. പയോധരം = മുലയേയും. മനഃ ച = മനസ്സിനേയും. പപൗ = കുടിച്ചു.

സാരം :- ആ ശ്രീകൃഷ്ണൻ അല്പം അറ്റം അടഞ്ഞ കണ്ണുകൾകൊണ്ട് അമ്മയെ നോക്കി പുഞ്ചിരിപൊഴിച്ചുകൊണ്ട് കൈകൾകൊണ്ട് മുലയിൽ പിടിച്ച് പാലിനേയും അമ്മയുടെ മനസ്സിനേയും ഒരുമിച്ചുതന്നെ പാനം ചെയ്തു. അമ്മയുടെ മാനസാനന്ദം വർദ്ധമാനമാകുന്നതു പാലു കുടിച്ചു എന്നു സാരം.

59. പാണിജാനുപരിചംക്രമത്രമ-
സേപദമിന്ദുമധുരം മുഖം വഹൻ
ധൂസരേണ വപുഷാ ജനാർദ്ദനോ
ഗോകുലം നിഖിലമനവരഞ്ജയത്.

ജനാർദ്ദനഃ = ശ്രീകൃഷ്ണൻ. പാണിജാനുപരിചംക്രമത്രമസേപദ-മിന്ദുമധുരം = കൈയ്യും കാൽമുട്ടും കൊണ്ടുള്ള സഞ്ചാര ക്ലേശം നിമിത്തമുള്ള വിയർപ്പുതുള്ളികളംകൊണ്ട് സുന്ദരമായ. മുഖം = മുഖത്തെ. വഹൻ = വഹിക്കുന്നവനായി. ധൂസരേണ വപുഷാ (ഉപലക്ഷിതഃ) = പൊടിപറ്റിയതുകൊണ്ട് വിവിധ നിറമുള്ള ശരീരത്തോടുകൂടിയവനായി, നിഖിലം ഗോകുലം = എല്ലാ ഗോകുലത്തേയും. അനവരഞ്ജയത് = സന്തോഷിപ്പിച്ചു.

സാരം:- ശ്രീകൃഷ്ണൻ മുട്ടുകാലിൽ ഇഴഞ്ഞു തളർന്നു വിയർത്തു സുന്ദരമായ മുഖത്തോടുകൂടിയവനും പൊടിയണിഞ്ഞു നാനാവർണ്ണം പൂണ്ട ശരീരത്തോടുകൂടിയവനുമായിട്ട് എല്ലാ ഗോകുലവാസികളേയും സന്തോഷിപ്പിച്ചു.

60. പരിഭ്രമന്തം ഭുവി പാണിജാനുനാ
ഗവാമധസ്താത് പ്രവിശന്തമേകദാ
സുതം യശോദാ ഗൃഹകൃത്യതത്പരാ
ബബന്ധ പാശേന ബലാദ്ഭലൂഖലേ.

ഗൃഹകൃത്യതത്പരാ = വീട്ടുജോലിയിൽ ഏർപ്പെട്ടിരുന്ന. യശോദാ = യശോദ. ഏകദാ = ഒരിക്കൽ. പാണിജാനുനാ = കൈകൊണ്ടും മുട്ടുകൊണ്ടും. ഭുവി = നിലയിൽ. പരിഭ്രമന്തം =

പുറത്തിരിയുന്നവനും. ഗവാം = പശുക്കളുടെ. അധസ്താത് = കീഴിൽ. പ്രവിശന്തം സുതം = കയറുന്നവനായ മകനെ. ബലാത് = ബലമായി. പാശേന = കയറുകൊണ്ട്. ഉലൂഖലെ = ഉരലിൽ. ബബന്ധ = കെട്ടി.

സാരം :- ഒരിക്കൽ ഗൃഹകൃത്യങ്ങളിൽ മുഴുകിയിരുന്ന യശോദ തന്റെ മുട്ടുകാലിൽ ഇഴഞ്ഞു പശുക്കളുടെ പള്ളയിൽ ഇഴഞ്ഞു കയറുന്ന മകനെ ബലാൽക്കാരേണ പിടിച്ചു് കയറുകൊണ്ടു് ഉരലിൽ പിടിച്ചു കെട്ടിയിട്ടു.

൫. ജനോ ഹി യഃ കമ്മ കരോതി യാദൃശം
സ സ്വപ്രാ താദൃശമശ്നുതേ ഫലം
ബലിഃ പുരാബധ്യത യേന ദാനവ-
സ്തലോകനാഥോഽപി യദാപ ബന്ധനം.

യഃ ജനഃ = ഏതു് ആളും യാദൃശം കമ്മ = എപ്രകാരമുള്ള പ്രവൃത്തി. കരോതി = ചെയ്യുന്നുവോ. സഃ = അവൻ. സ്വപ്രാ = എല്ലാത്തരത്തിലും. താദൃശം ഫലം = അതുപോലുള്ള ഫലം. അശ്നുതേ ഹി = അനുഭവിക്കുന്നു. യത് = എന്തുകൊണ്ടെന്നാൽ. യേന = യാവനൊരുത്തനാൽ. പുരാ = പണ്ടു്. ബലിഃ ദാനവഃ = മഹാബലി എന്ന അസുരൻ, അബധ്യത = ബന്ധിക്കപ്പെട്ട. സഃ ലോകനാഥഃ അപി = അദ്ദേഹം ലോകനാഥനാണെങ്കിലും. ബന്ധനം = ബന്ധനത്തെ. ആപ = പ്രാപിച്ചു.

സാരം :- ആരു് എപ്രകാരമുള്ള കമ്മം ചെയ്യുന്നവോ അവൻ എല്ലാവിധത്തിലും അപ്രകാരമുള്ള ഫലം തന്നെ അനുഭവിക്കുമെന്നാണു പ്രസിദ്ധി. അതുകൊണ്ടാണു് പണ്ടു മഹാബലി എന്ന അസുരനെ ബന്ധിച്ച ശ്രീകൃഷ്ണൻ ലോകനാഥനായിരുന്നിട്ടും ഇങ്ങനെ ബന്ധനം പ്രാപിച്ചതു്.

62. നിഖിലഭുവനമുകുതിദേ മുരാരൗ
ഭഗവതി ഗാഢമുലൂഖലേ നിബദ്ധേ
പരിശിഥിലസമാധിരാവിരാസീ-
ന്മനസി മഹാമുനിമണ്ഡലസ്യ ഹാസഃ.

നിഖിലഭുവനമുകുതിദേ = എല്ലാ ലോകങ്ങൾക്കും മോക്ഷത്തെ കൊടുക്കുന്നവനും. ഭഗവതി = ഐശ്വര്യാദി ആറു ഗുണങ്ങളോടുകൂടിയവനായ. മുരാരൗ = ശ്രീകൃഷ്ണൻ. ഉലൂഖലേ = ഉരലിൽ. ഗാഢം = ബലമായി. നിബദ്ധേ = ബന്ധിക്കപ്പെട്ടപ്പോൾ. മഹാമുനിമണ്ഡലസ്യ = മഹാമുനി സമൂഹത്തിന്റെ. മനസി = ഹൃദയത്തിൽ. പരിശിഥിലസമാധിഃ = ഏകാഗ്രതക്കു വിഘ്നം വന്നതായ. ഹാസഃ = ചിരി. **ആവിരാസീത്** = ഉണ്ടായി.

സാരം :- സകലലോകങ്ങൾക്കും മുകതി അരുളുന്ന ഭഗവാൻ ശ്രീകൃഷ്ണൻ ഇങ്ങനെ ബദ്ധനായിത്തീർന്നപ്പോൾ മുനിസമൂഹത്തിന്റെ ഹൃദയത്തിൽ സമാധി ശിഥിലമായിപ്പോയി, എന്നുമാത്രമല്ല ചിരി ഉയരുകയുമുണ്ടായി. മോക്ഷ

ദായകനായ ഭഗവാൻ ഇങ്ങനെ ഉരലിൽ ബദ്ധനായികിട
ക്കുന്നതുകണ്ടു് സമാധിസ്ഥരായ മുനിമാർപോലും ചിരിച്ചു
പോയി എന്നുസാരം.

63. നിഷീദ ലോലേതി നിബദ്ധ്യ സസ്മിതം
ചകാര കായ്യാണി ചകോരലോചനാ
അനാദരേണ ഭ്രമയന്നുലൂഖലം
വിനിർയയൗ വിശ്വപതിസ്സമന്ദിരാത്.

ചകോരലോചനാ = സുന്ദരിയായ യശോദ. ഹേ ലോല =
അല്ലയോ ചപല. ത്വം = നീ. നിഷീദ ഇതി = നിൽക്കുക
എന്നു പറഞ്ഞിട്ടു്. സസ്മിതം=മന്ദഹാസത്തോടുകൂടി. നിബദ്ധ്യ=
കെട്ടിയിട്ടു്. കായ്യാണി = ഗൃഹകൃത്യങ്ങൾ. ചകാര = ചെയ്യു.
സഃ വിശ്വപതിഃ = ആ ശ്രീകൃഷ്ണൻ. അനാദരേണ = വക
വയ്ക്കാതെ. ഉലൂഖലം = ഉരൽ. ഭ്രമയൻ = ഉരുട്ടി. മന്ദി
രാത് = വീട്ടിൽനിന്നും. വിനിർയ്യയൗ = പുറപ്പെട്ടു.

സാരം :– സുന്ദരിയായ യശോദ അല്ലയോ ചപല! നീ
ഇവിടെത്തന്നെ നിൽക്കൂ എന്നു പറഞ്ഞു് ശ്രീകൃഷ്ണനെ
ഉരലിൽ കെട്ടിയിട്ടു് ഗൃഹകാര്യങ്ങൾ ചെയ്യുന്നതിനായി
പോയി. ആ വിശ്വനായകൻ ആ ആജ്ഞ വകവയ്ക്കാതെ
ഉരലും ഉരുട്ടിക്കൊണ്ടു വീട്ടിൽനിന്നും പുറത്തേക്കു പോയി.

64. ഉപേയിവാംസഗ കകുദ്മമാത്മതാം
മഹീയസാ നാരദശാപതേജസാ
അതിഷ്ഠതാമധ്വനി കൈടഭദ്വിഷഃ
കുബേരപുത്രഗ തരസൈവ രിങ്ഖതഃ.

മഹീയസാ = ഏറ്റവും മഹത്തായ. നാരദശാപപ്രഭാവസാ = നാരദശാപത്തിന്റെ പ്രഭാവംകൊണ്ട്. കുബേരാത്മജൗ = നീർമരുതിന്റെ രൂപത്തെ. ഉപേയിവാംസൗ = പ്രാപിച്ചുവരായ. കുബേരപുത്രൗ = യക്ഷരാജസുതന്മാർ (നളകൂബരമണിഗ്രീവന്മാർ). തരസാ ഏവ = വേഗത്തോടുകൂടെത്തന്നെ. രിങ്ഖതഃ = സഞ്ചരിക്കുന്ന. കൈടഭജിഷ്ണോ = ശ്രീകൃഷ്ണന്റെ. അദ്ധ്വനി = വഴിയിൽ. അതിഷ്ഠതാം = നിന്നിരുന്ന.

സാരം :- ശക്തിയേറിയ നാരദശാപത്തിന്റെ തേജസ്സുകൊണ്ടു നീർമരുതു വൃക്ഷങ്ങളായിത്തീർന്നുപോയ കുബേരപുത്രന്മാരായ നളകൂബരനും മണിഗ്രീവനും ഉരലും ഉരുട്ടിക്കൊണ്ടു വേഗത്തിൽ മുന്നോട്ടുപോകുന്ന ശ്രീകൃഷ്ണന്റെ വഴിയിൽ നിന്നിരുന്നു.

65. സ സന്നികൃഷ്യ സ്ഥിതയോഃ പരസ്പരം
മഹീരുഹോർമധ്യപഥേന നിസ്സരൻ
ഗതേന തിര്യക്കതമൂലഘലേന തൗ
ബഭഞ്ജ ദാമോദരഗന്ധവാരണഃ.

സഃ ദാമോദരഗന്ധവാരണഃ = ആ ശ്രീകൃഷ്ണനാകുന്ന മദയാനൻ. പരസ്പരം = അന്യോന്യം. സന്നികൃഷ്യ = ചേർന്ന. സ്ഥിതയോഃ = നിൽക്കുന്ന. മഹീരുഹോഃ = വൃക്ഷങ്ങളുടെ. മധ്യപഥേന = ഇടവഴിയിലൂടെ. നിസ്സരൻ = നിർഗ്ഗമിക്കുന്നവനായിട്ട്. തിര്യക്കതം = വിലങ്ങനെ. ഗതേന = ആയിത്തീർന്ന. ഉലൂഖലേന = ഉരലുകൊണ്ട്. തൗ = ആ വൃക്ഷങ്ങളെ. ബഭഞ്ജ = ഒടിച്ചിട്ടു.

സാരം:- ആ ശ്രീകൃഷ്ണനാകുന്ന മദ്ധ്യമന അന്യോന്യം ചേർന്നിരിക്കുന്ന ആ രണ്ടു വൃക്ഷങ്ങളുടെ ഇടയിൽ ക്രുടെ പോയി വിലങ്ങനെ കിടക്കുന്ന ഉരൽകൊണ്ടു് അവയെ ഒടിച്ചിട്ടു.

66. പ്രപദ്യ ദിവ്യം വപുരംബരസ്ഥിതൗ
വിമുക്തശാപൗ ധനദാത്മജാവുഭൗ
പ്രണമ്യ ഭക്ത്യാ പുരുഷം പുരാതനം
മുദാനതൗ ജഗ്മതുരന്തികം പിതുഃ.

ധനദാത്മജൗ = കുബേരപുത്രന്മാർ. ഉഭൗ = ഇരുവരും. വിമുക്തശാപൗ = ശാപമോക്ഷം പ്രാപിച്ചവരായി. ദിവ്യം വപുഃ = ദിവ്യമായ ശരീരത്തെ. പ്രപദ്യ = നേടി. അംബരസ്ഥിതൗ = ആകാശത്തു നിൽക്കുന്നവരായി. പുരാതനം പുരുഷം = ശ്രീകൃഷ്ണനെ. ഭക്ത്യാ = ഭക്തിയോടുകൂടി. പ്രണമ്യ = നമസ്കരിച്ചു്. മുദാ അനതൗ = സന്തോഷത്തോടുകൂടിയവരായി. പിതുഃ = അച്ഛന്റെ. അന്തികം = സമീപത്തിലേക്കു്. ജഗ്മതുഃ = പോയി.

സാരം :- ആ രണ്ടു കുബേരപുത്രന്മാരും ദിവ്യരൂപം ധരിച്ചു് ആകാശത്തിൽ നിന്നുകൊണ്ടു് ഭഗവാനെ ഭക്തിപൂർവ്വം നമസ്കരിച്ചിട്ടു് സന്തോഷത്തോടുകൂടി അവരുടെ അച്ഛന്റെ അടുക്കലേക്കു പോയി.

67. നന്ദാദയസ്സപദി ഗോകുലവാസിനസ്തേ
തദ്ഭംഗജന്മ സുമഹദ്ധ്വനിതം നിശമ്യ
അഭ്യേത്യ ഭഗ്നപതിതാ കകുഭോദ്രുമാ തേ
തത്രാക്ഷതഞ്ച ദദൃശുസ്സരസീരുഹാക്ഷം.

നന്ദാദയഃ = നന്ദഗോപൻ തുടങ്ങിയ തേ ഗോകുലവാസിനഃ= ആ ഗോപന്മാർ. തദ്ഭംഗജന്മ = ആ വൃക്ഷങ്ങൾ മറിഞ്ഞു വീണതിൽനിന്നുണ്ടായ. സുമഹത് ധ്വനിതം = ഏറ്റവും വലിയ ശബ്ദം. നിശമ്യ = കേട്ട്. സപദി അഭ്യേത്യ = പെട്ടെന്ന് നേരിട്ടുചെന്ന്. തത്ര = അവിടെ. ഭഗ്നപതിതാ= ഒടിഞ്ഞുവീണ. തേ കകുഭോദ്രുമാ = ആ നീർമരുതുകളെയും. അക്ഷതം സരസീരുഹാക്ഷം ച = മറിവുപറ്റാത്ത ശ്രീകൃഷ്ണനേയും. ദദൃശുഃ = കണ്ടു.

സാരം :- നന്ദൻ തുടങ്ങിയ ആ ഗോകുലവാസികൾ ആ വൃക്ഷങ്ങൾ ഒടിഞ്ഞു വീണുണ്ടായ വലിയ ശബ്ദംകേട്ട് പെട്ടെന്നു ഓടിവന്ന് ഒടിഞ്ഞു കിടക്കുന്ന ആ നീർമരുതു വൃക്ഷങ്ങളെയും യാതൊരു പരുക്കും പറ്റാതെ നില്ക്കുന്ന ശ്രീകൃഷ്ണനെയും കണ്ടു.

68. നന്ദസ്സമീക്ഷ്യ ദുരിതാനി ബഹൂനി സദ്യോ
ദത്വാ ഗവാമയുതമാത്മസുതാഭിവൃദ്ധ്യൈ
സമ്മന്ത്ര്യ ബന്ധുഭിരപാസ്യ പദം തദാശു
വൃന്ദാവനം പ്രതി യയൗ ശകടൈരസംഖ്യൈഃ.

നന്ദഃ = നന്ദഗോപൻ. ബഹൂനി = അനേകം. ഉരിതാനി = ആപത്തുകളെ. സമീക്ഷ്യ = കണ്ടു്. അത്മസുതാഭിവൃദ്ധ്യൈ = തന്റെ മകന്റെ അഭ്യുദയത്തിനുവേണ്ടി. ഗവാം അയുതം = പതിനായിരം ഗോക്കളെ. സദ്ഭ്യഃ = സജ്ജനങ്ങൾക്കായി. ദത്വാ = കൊടുത്തിട്ടു്. ബന്ധുഭിഃ = മിത്രങ്ങളോടു്. സമന്ത്ര്യ = ആലോചിച്ചു്. തത് പദം = ആ സ്ഥാനത്തെ (ഞായാടിയെ). ആശു അഹ്നസു – പെട്ടെന്നു വെടിഞ്ഞു്. അസംഖ്യൈഃ = അനേകം. ശകടൈഃ = വണ്ടികളോടുകൂടെ. വൃന്ദാവനം പ്രതി = വൃന്ദാവനത്തിലേക്കു്. യയൗ = പോയി.

സാരാ :– നന്ദൻ ഇങ്ങനെ അനേകം ഉരിതങ്ങളും മുറക്കുണ്ടാകുന്നതുകണ്ടിട്ടു് പുത്രാഭ്യുദയത്തിനായി പതിനായിരം പശുക്കളെ സജ്ജനങ്ങൾക്കു ദാനം ചെയ്തശേഷം ബന്ധുജനങ്ങളോടുകൂടെ ആലോചിച്ചിട്ടു് ആ ഗോകുലത്തെ ഉപേക്ഷിച്ചു് അസംഖ്യം ശകടങ്ങളോടുകൂടെ വൃന്ദാവനത്തിലേക്കു പോയി.

69. ഗത്വാ സ ഗോകുലപതിർമനസോഽനുകൂലേ
കൂലേ കളിന്ദദുഹിതുർവിദധേ പദാനി
രേമേ ച തത്ര പുരുഹൂതപദാഭിരാമേ
ലീലായിതാനി തനയസ്യ നിരീക്ഷമാണഃ.

അഥ = അനന്തരം. ഗോകുലപതിഃ = ഗോകുലനാഥനായ നന്ദഗോപൻ. ഗത്വാ = പോയിട്ടു്. മനസഃ = മനസ്സിനു്. അനുകൂലേ = ഇഷ്ടപ്പെട്ട. കളിന്ദദുഹിതുഃ = കാളിന്ദിയുടെ.

ക്കലേ = തീരത്തിൽ. പരാനി = വാസസ്ഥാനങ്ങളെ, വിദധേ= നിർമ്മിച്ചു. പുരുഹൂതപദാദിരാമേ = ഇന്ദ്രലോകംപോലെ മനോഹരമായ. തത്ര = ആ യമുനാതീരത്തിൽ. തനയസ്യ = മകന്റെ. ലീലായിതാനി = കളികളെ. നിരീക്ഷമാണഃ= കണ്ടുകൊണ്ടു്. രേമേ ച = സന്തോഷിക്കുകയും ചെയ്തു.

സാരം :- അനന്തരം ഗോകുലനായകനായ ആ നന്ദൻ ഗോകുലം വെടിഞ്ഞുപോയി മനസ്സിനു സന്തോഷം ജനിപ്പിക്കുന്ന കാളിന്ദിതീരത്തിൽ ആവാസസ്ഥാനങ്ങളെ നിർമ്മിച്ചു. ഇന്ദ്രലോകം പോലെ സുന്ദരമായ അവിടെ പുത്രന്റെ ലീലാവിലാസങ്ങളെ നിരീക്ഷണം ചെയ്തുകൊണ്ടു സുഖമായി വസിച്ചു.

70. ദധിനിർമഥനേ നിരുദ്യമാ സാ
നവനീതശ്രപണേ ഗവാം ച ദോഹേ
സുതകേളിഹൃതേക്ഷണാ യശോദാ
ക്ഷണകല്പാനി നിനായ വാസരാണി.

സാ യശോദാ = ആ യശോദ. സുതകേളിഹൃതേക്ഷണാ = മകന്റെ കളികളാൽ അപഹരിക്കപ്പെട്ട കണ്ണുകളോടുകൂടിയവളായിട്ടു്. ദധിനിർമ്മഥനേ = തൈരു കടയുന്നതിലും. നവനീതശ്രപണേ = വെണ്ണ ഉരുക്കുന്നതിലും. ഗവാം = പശുക്കളുടെ. ദോഹേ ച = കറവയിലും. നിരുദ്യമാ = തത്പരയില്ലാത്തവളായി. വാസരാണി = ദിവസങ്ങൾ. ക്ഷണകല്പാനി = ക്ഷണനേരുങ്ങളായി. നിനായ = കഴിച്ചുകൂട്ടി.

സാരം :- യശോദയും സവ്വദാ പുത്രന്റെ ലീലകളെ കാണുന്നതിൽ മാത്രം താൽപര്യക്കാരിയായിട്ട് തൈരു കടയുന്നതിനും പാൽ കറക്കുന്നതിനും വെണ്ണ ഉരുക്കുന്നതിനും ഉദ്യമിക്കാതെ ദിവസങ്ങളെ ക്ഷണതുല്യങ്ങളാക്കി കഴിച്ചു. മകന്റെ ലീലാവിലാസങ്ങളം നോക്കി രസിച്ചു കൊണ്ടിരുന്ന യശോദയ്ക്ക് സമയം പോകുന്നതറിയാനോ മറ്റു പ്രവൃത്തി ചെയ്യാനോ കഴിഞ്ഞില്ല.

71. അനുയാതി ജിഘൃക്ഷയേവ നന്ദേ
തരസാ രിങ്ഖണതത്പരസ്യ വിഷ്ണോഃ
ലളിതാളകവേല്ലിതാനി രേജുർ-
മുഖമാത്രേണ മുഹുന്നിവത്തിതാനി.

നന്ദേ = നന്ദഗോപൻ. ജിഘൃക്ഷയാ ഇവ = പിടിക്കാനാഗ്രഹം കൊണ്ടോ എന്നു തോന്നുമാറ്. അനുയാതി = പിൻതുടരുമ്പോൾ. തരസാ = പെട്ടെന്ന്. രിങ്ഖണതത്പരസ്യ = ഗമിക്കാൻ താത്പര്യമുള്ള. വിഷ്ണോഃ = ശ്രീകൃഷ്ണന്റെ. ലളിതാളകവേല്ലിതാനി = സുന്ദരങ്ങളായ കറുനിരകളുടെ ഇളക്കങ്ങളും. മുഖമാത്രേണ = കേവലം മുഖംകൊണ്ട്. മുഹുഃ = വീണ്ടും വീണ്ടും. നിവത്തിതാനി = നിവത്തിതങ്ങളായി. രേജുഃ = ശോഭിച്ചു.

സാരം :- നന്ദഗോപൻ പിടിക്കാനെന്നുള്ള മട്ടിൽ പുറകേ ചെല്ലുമ്പോൾ വേഗത്തിൽ ഓടുന്ന ശ്രീകൃഷ്ണന്റെ മനോഹരങ്ങളായ അളകങ്ങളുടെ തിരിച്ചിലുകൾ കൈയ്കളുടെ സാഹായ്യം ക്രൂടാതെ മുഖംകൊണ്ടുമാത്രം വീണ്ടും വീണ്ടും പരിഹരിക്കപ്പെട്ടു.

72. അന്തരാ വിഹതിമദ്ഭിരുത്ഥിതൈ-
രസ്ഫുടാക്ഷരപദാഭിരുക്തിഭിഃ
ഭങ്ഗ്രൂരൈശ്ച പരിരംഭണോദ്യമൈർ
ഗോകുലം നിഖിലമന്വരഞ്ജയത്.

സഃ = ആ ശ്രീകൃഷ്ണൻ. അന്തരാ = ഇടയ്ക്ക്. വിഹതി-മദ്ഭിഃ = തടസ്സത്തോടുകൂടിയ. ഉത്ഥിതൈഃ = എഴുന്നേൽപ്പുകംകൊണ്ടും. അസ്ഫുടാക്ഷരപദാഭിഃ = അവ്യക്തങ്ങളായ അക്ഷരങ്ങളും വാക്കുകളുമായ. ഉക്തിഭിഃ = പറച്ചിലുകളും കൊണ്ടും. ഭങ്ഗ്രൂരൈഃ = വില്ലത്തോടുകൂടിയ. പരിരംഭണോദ്യമൈഃ ച = ആലിങ്ഗനോത്സാഹങ്ങളുംകൊണ്ടും. നിഖിലം ഗോകുലം = എല്ലാ ഗോപകുലത്തേയും. അന്വരഞ്ജയത് = അനന്തരം പ്രീതിപ്പെടുത്തി.

സാരം :– ആ ശ്രീകൃഷ്ണൻ ഇടയിൽ തടയപ്പെട്ട എഴുന്നേല്പുകംകൊണ്ടും അവ്യക്തങ്ങളായ അക്ഷരങ്ങളും പദങ്ങളും ചേർന്ന കൊഞ്ചലുകംകൊണ്ടും മദ്ധ്യത്തിൽ തടയപ്പെട്ടുപോകുന്ന ആലിങ്ഗനോത്സാഹങ്ങളുംകൊണ്ടും ആ ഗോകുലവാസികളെ ഒന്നാകെ സന്തോഷിപ്പിച്ചു.

73. പശ്യ മാതുലമിതി പ്രദർശിതം
യാമിനീഷു ഗഗനേ യശോദയാ
അജ്ഞഹാവ ലളിതേന പാണിനാ
ശീതഭാനുമരവിന്ദലോചനഃ.

അരവിന്ദലോചനഃ = ശ്രീകൃഷ്ണൻ. യാമിനീഷു = രാത്രികളിൽ. യശോദയാ = യശോദയാൽ. മാതുലം = അമ്മാവനെ. പശ്യ ഇതി = നോക്കൂ എന്ന്. ഗഗനേ = ആകാശത്തിൽ. പ്രദർശിതം = കാണിക്കപ്പെട്ട. ശീതഭാനും = ചന്ദ്രനെ. ലളിതേന പാണിനാ = മനോഹരമായ കൈകൊണ്ട്. ആജുഹാവ = വിളിച്ചു.

സാരം :- ശ്രീകൃഷ്ണൻ ചിലരാത്രികളിൽ അമ്മാവനെ നോക്കൂ എന്നിങ്ങനെ ആകാശത്തിൽ യശോദയാൽ കാണിക്കപ്പെട്ട ചന്ദ്രനെ മാടി വിളിച്ചു.

74. ആത്മനഃ പ്രതികൃതിം വിലോകയൻ
മാതൃഹസ്തമണിദർപ്പണോദരേ
ഏഹി മിത്ര കിമിഹേതി കൃത്രുകാ-
ദ്ധ്യാജഹാര ശതപത്രലോചനഃ.

ശതപത്രലോചനഃ = മുകുന്ദൻ. മാതൃഹസ്തമണിദർപ്പണോദരേ = അമ്മയുടെ കയ്യിലെ രത്നക്കണ്ണാടിയുടെ അന്തർഭാഗത്ത്. ആത്മനഃ = തന്റെ. പ്രതികൃതിം = പ്രതിച്ഛായയെ. വിലോകയൻ = കണ്ട്. ഹേ മിത്ര = അല്ലയോ കൂട്ടുകാരാ. ഏഹി = വരൂ. ഇഹ കിം ഇതി = ഇവിടെ എന്തിന് (ഇരിക്കുന്നു) എന്നിങ്ങനെ. കൃത്രുകാത് = കളകളം കൊണ്ട്. ജ്യാജഹാര = പറഞ്ഞു.

സാരം :- ആ താമരക്കണ്ണൻ അമ്മയാകുന്ന യശോദയുടെ കയ്യിലിരിക്കുന്ന മണിക്കണ്ണാടിയുടെ ഉള്ളിൽ സ്വന്തം

പ്രതിച്ഛായയെ കണ്ടിട്ട് അല്ലയോ ക്രൂരകാരെ! വന്നാലും, ഇവിടെ എന്തിനു് ഇരിക്കുന്നു എന്നിങ്ങനെ കൗതുകത്തോടുകൂടി പറഞ്ഞു.

75. ഗൗരവം കഥമിയം സഹേത മേ
മേദിനീതി കൃപയേവ ചിന്തയൻ
മാധവഃ പതനഭീതിമുദ്വഹൻ
മന്ദമേവ നിദധേ പദാവലിം.

മാധവഃ = ശ്രീകൃഷ്ണൻ. പതനഭീതിം = വീഴുന്നതിൽനിന്നുള്ള ഭയത്തെ. ഉദ്വഹൻ = വഹിക്കുന്നവനായിട്ടു്. ഇയം മേദിനീ = ഈ ഭൂമി. മേ = എന്റെ. ഗൗരവം = ഭാരം. കഥം സഹേത ഇതി = എങ്ങനെ സഹിക്കും എന്നു്. ചിന്തയൻ ഏവ = വിചാരിച്ചിട്ടോ എന്നു തോന്നുമാറു്. പദാവലിം = കാലടികളെ. മന്ദം ഏവ = സാവധാനത്തിൽ തന്നെ, നിദധേ = വച്ചു.

സാരം :- ശ്രീകൃഷ്ണൻ ചീണപോകുമോ എന്ന ഭയേടി കൊണ്ടു് കാലടികളെ സാവധാനമായി ഭൂമിയിൽ വച്ചതു് കണ്ടാൽ ഈ ഭൂമി എന്റെ ഭാരം എങ്ങനെ താങ്ങും എന്നിങ്ങനെ കരുണയോടുകൂടി ചിന്തിച്ചിട്ടപ്രകാരം ചെയ്യുന്നതുപോലെ തോന്നും.

76. ദേവോ നിശാസു ഹരിരങ്കഗതോ ജനന്യാഃ
ശ്രുണ്വൻ കഥാ മധുമഥോ മഹതാദരേണ
മന്ദം തദീയകരപല്ലവതാഡിതോരു-
സ്സുപ്താപ കുമളിതലോചനപുണ്ഡരീകഃ.

നിശാസു = രാത്രികളിൽ. ഹരിഃ ദേവഃ = ശ്രീകൃഷ്ണൻ. ജനന്യാഃ = അമ്മയുടെ. അങ്കഗതഃ = മടിയിൽ കിടന്നു്. മധുമുചഃ = മധുരങ്ങളായ. കഥാഃ = കഥകളെ. മഹതാ ആദരേണ = വലിയ ബഹുമാനത്തോടെ. ശൃണ്വൻ = കേൾക്കുന്നവനായിട്ടു്. മന്ദം = പതുക്കെ. തദീയകരപല്ലവതാഡി-തോഃ = അമ്മയുടെ തളിരുപോലുള്ള കൈകൊണ്ടു് തുടയിൽ അടിക്കപ്പെട്ടവനായി. കുമളിതലോചനപുണ്ഡരികഃ = അടഞ്ഞ ചെന്താമരപോലുള്ള കണ്ണുകളോടുകൂടിയവനായിട്ടു് (കണ്ണടച്ചു്). സുഷ്വാപ = ഉറങ്ങി.

സാരം :- രാത്രികളിൽ ശ്രീകൃഷ്ണൻ അമ്മയുടെ മടിയിൽ കിടന്നു മധുരങ്ങളായ കഥകളെ ആദരപൂർവ്വം കേട്ടു് അമ്മയുടെ കരപല്ലവംകൊണ്ടു തുടക്കുള്ള മൃദുതാഡനങ്ങളേറ്റു കണ്ണടച്ചു് ഉറങ്ങി.

77. കുതുകേന പിതുരഗ്രതോ ഹരേർ-
ധാവതഃ സ്ഖലനമീക്ഷമാണയാ
മോദനിഷ്ഠമനസാ സലജ്ജയാ
ന സ്ഥിതം ന ച ലപിതം യശോദയാ.

കുതുകേന = കുതൂഹലംകൊണ്ടു്. പിതുഃ = അച്ഛന്റെ. അഗ്രതഃ = മുമ്പിൽ. ധാവതഃ = ഓടുന്ന. ഹരേഃ = ശ്രീകൃഷ്ണന്റെ. സ്ഖലനം = വീഴ്ചയെ. ഈക്ഷമാണയാ = കാണുന്നവളും. മോദനിഷ്ഠമനസാ = സന്തോഷപരവശമാനസയും. സലജ്ജയാ =

ലജ്ജാവതിയുമായ. യശോദയാ = യശോദയാൽ. ന സ്ഥിതം = നിൽക്കപ്പെട്ടക എന്നതു് ഉണ്ടായില്ല. ന ചലിതം = നടക്കപ്പെട്ടകയും ഉണ്ടായില്ല.

സാരം :-കളിയിലുള്ളതാത്പര്യംകൊണ്ടു് അച്ഛന്റെ മുമ്പിലേക്കു് ഓടിപ്പോകുമ്പോൾ ഇടയ്ക്കു വീഴുന്ന കുഞ്ഞിനെ നോക്കി സന്തോഷപരവശയും ലജ്ജിതയുമായി നില്ക്കുന്ന യശോദക്കു് അവിടെ നില്ക്കാനോ നടക്കാനോ കഴിഞ്ഞില്ല.

78. മുഖഡിണ്ഡിമവാദിനാ പരീതോ
മധുജിത്കനുകുകിനാ സുഹൃദ്ഗണേന
അധിരോപിതവാരണേന്ദ്രഭാവോ
ലളിതാഭിർഗതിഭിർഗൃഹേഷു രേമേ.

മുഖഡിണ്ഡിമവാദിനാ = മുഖമാകുന്ന ഡിണ്ഡിമം ശബ്ദിക്കുന്നവരും. കനുകിനാ = കനുകമുള്ളവരുമായ. സുഹൃദ്ഗണേന = കൂട്ടകരാൽ. പരീതഃ = ചുറ്റപ്പെട്ട. മധുജിത് = ശ്രീകൃഷ്ണൻ. അധിരോപിതവാരണേന്ദ്രഭാവഃ = ഗജശ്രേഷ്ഠന്റെ മട്ടു് സ്വീകരിച്ചവനായിട്ടു്. ലളിതാഭിഃ = സുന്ദരങ്ങളായ. ഗതിഭിഃ = ഗമനവിശേഷങ്ങൾകൊണ്ടു്. ഗൃഹേഷു = വീടുകളിൽ. രേമേ = കളിച്ചു.

സാരം :- ക്രീഡാതൽപരരും മുഖംകൊണ്ടു വാദ്യഘോഷം മുഴക്കുന്നവരുമായ കൂട്ടകാരാൽ ചുറ്റപ്പെട്ട ശ്രീകൃഷ്ണൻ ഒരു ആനത്തലവന്റെ ഭാവം അഭിനയിച്ചുകൊണ്ടു് ലളിതങ്ങളായ ഗതിവിശേഷങ്ങൾ കൈക്കൊണ്ടു് ആ ഗോപഗൃഹങ്ങളിൽ കളിച്ചു രസിച്ചു.

79. അഥാഭിവൃദ്ധിം പ്രതിപദ്യമാനോ
ദധ്യാദിഷു പ്രീതിമുവാഹ ശൗരിഃ
തത്തത് പ്രദാനേന വശേ വിധാതും-
മാരേഭിരേ ഗോകുലയോഷിതസ്തം.

അഥ = അനന്തരം. അഭിവൃദ്ധിം = വളർച്ചയെ. പ്രതിപദ്യമാനഃ = പ്രാപിച്ച. ശൗരിഃ = ശ്രീകൃഷ്ണൻ. ദധ്യാദിഷു = തൈരു് വെണ്ണ തുടങ്ങിയവയിൽ. പ്രീതിം = സന്തോഷത്തെ. ഉവാഹ = വഹിച്ചു. ഗോകുലയോഷിതഃ = ഗോപസ്ത്രീകൾ. തത്തത് പ്രദാനേന = അതതുകൊടുത്തു്. തം = അവനെ. വശേ = സ്വാധീനത്തിൽ. വിധാതും = ആക്കാൻ. ആരേഭിരേ = തുടങ്ങി.

സാരം :- അതിന്റെ ശേഷം വളർന്നുവന്ന ആ ശ്രീകൃഷ്ണൻ തൈരു് മോരു് വെണ്ണ മുതലായവയിൽ കൊതിയുള്ളവനായിത്തീർന്നു. ഗോപിമാർ അവയെ നല്കി ശ്രീകൃഷ്ണനെ സ്വാധീനമാക്കാനുള്ള ശ്രമം ആരംഭിച്ചു.

80. കൃഷ്ണേതി സാഭ്യർത്ഥനമൂചുഷീണാം
വ്രജാങ്ഗനാനാം സ പുരസ്സലീല-
മുദഞ്ചയാമാസ പദാരവിന്ദം.

ഹേ കൃഷ്ണ! = അല്ലയോ കണ്ണാ! നവനീതമൂല്യം = വെണ്ണയുടെ പ്രതിഫലമായി. ദത്തം = തന്നാൽ. കൃഷ്ണ ഇതി = ചെയ്യ

എന്നിങ്ങനെ. സാഭ്യർത്ഥനം = അപേക്ഷിച്ചു. ഊചുഷീണാം = പറയുന്ന. വ്രജാങ്ഗനാനാം = ഗോപികളുടെ. പുരഃ = മുമ്പിൽ. സഃ = അവൻ. സലീലം = കളിയായി. പദാരവിന്ദം = താമരപ്പൂവുപോലേയുള്ള കാല്. ഉദഞ്ചയാമാസ = ഉയർത്തി.

സാരം :- വെണ്ണക്കു പകരമായി ഒന്നു ഗ്രഹിച്ചു എന്നിങ്ങനെ അഭ്യർത്ഥിച്ചു പറയുന്ന ഗോപസ്ത്രീകളുടെ മുമ്പിൽ ശ്രീകൃഷ്ണൻ കളിയായി കാൽപൊക്കി പിടിച്ചു.

81. താസാം മനഃപ്രീതിവിധാനദക്ഷേ
തഥാ ക്ഷണം തസ്ഥുഷി ശാർങ്ഗപാണൗ
ഏകാംഘ്രിസംസ്പർശവിയോഗമാത്രാ-
ദധന്യമാത്മാനമമന്യതോർവീ.

താസാം = ആ ഗോപിമാരുടെ. മനഃപ്രീതിവിധാനദക്ഷേ = മനസ്സിനു് സന്തോഷമുണ്ടാക്കുന്നതിൽ സമർത്ഥനായ. ശാർങ്ഗപാണൗ = ശ്രീകൃഷ്ണൻ. ക്ഷണം = ക്ഷണനേരം. തഥാ = അങ്ങനെ. തസ്ഥുഷി = നിന്നപ്പോൾ. ഉർവ്വീ = ഭൂമിദേവി. ഏകാംഘ്രിസംസ്പർശവിയോഗമാത്രാത് = ഒരു കാലിന്റെ സംസ്പർശത്തിന്റെ വേർപാടുകൊണ്ടുതന്നെ. ആത്മാനം = തന്നെ. അധന്യം = അധന്യയെന്നു്. അമന്യത = വിചാരിച്ചു.

സാരം :- ആ ഗോപസ്ത്രീകൾക്കു മനസ്സന്തോഷം ഉണ്ടാക്കുന്നതിൽ സമർത്ഥനായ ആ ശ്രീകൃഷ്ണൻ അല്പനേരം

അങ്ങനെ നിന്നപ്പോൾ ഭൂമിദേവി ആ ഒരു കാലിന്റെ സ്പർശമില്ലായ്മകൊണ്ടുമാത്രം താൻ അധന്യയാണു് എന്നു വിചാരിച്ചുപോയി.

82. ഉദഞ്ചിതം തസ്യ വിലോക്യ പാദം
വേധാഃ പുനർവിക്രമശംകിചേതാഃ
കമണ്ഡലും പാണിതലേന ഗൃഹ്ണ-
ന്നഭ്യുദ്യതോ ഭൂദവനേജനായ.

വേധാഃ = ബ്രഹ്മാവു്. തസ്യ = ശ്രീകൃഷ്ണന്റെ. പാദം = ചരണത്തെ. ഉദഞ്ചിതം = ഉയർത്തപ്പെട്ടതായി. വിലോകു = കണ്ടിട്ടു്. പുനർവിക്രമശങ്കിചേതാഃ = വീണ്ടും അളക്കുന്നതിനായിട്ടുള്ള പദവിന്യാസം സംശയിക്കുന്ന മനസ്സോടുകൂടി. പാണിതലേന = കൈത്തലംകൊണ്ടു്. കമണ്ഡലും = കിണ്ടിയെ. ഗൃഹ്ണൻ = എടുക്കുന്നവനായി, അവനേജനായ = കഴുകാൻ വേണ്ടി. അഭ്യുദ്യതഃ = ഒരുങ്ങിയവനായി, അളന്നു് = തീർന്നു.

സാരം:- ബ്രഹ്മാവു് ശ്രീകൃഷ്ണൻ അങ്ങനെ കാലുയർത്തിയതു കണ്ടപ്പോൾ അദ്ദേഹം വീണ്ടും ഭുവനങ്ങളെ അങ്ങനെ അളക്കുവാൻ ഒരുങ്ങുന്നുവോ എന്നു സംശയിച്ചു കയ്യിൽ കിണ്ടിയെ എടുത്തു പാദക്ഷാളനത്തിനു് ഒരുങ്ങിനിന്നു.

83. നൂത്നാമൃതം ഗോകുലയോഷിതസ്തത്
കൃഷ്ണസ്യ നേത്രാഞ്ജലിഭിഃ പിബന്ത്യഃ
പ്രീതിപ്രകർഷസ്മിമിതൈർമനോഭി-
രാലേഖ്യയോഷിത്പ്രതിമാ ബഭൂവുഃ.

ഗോകുലയോഷിതഃ = ഗോപസ്ത്രീകളും. കൃഷ്ണസ്യ = ശ്രീകൃഷ്ണന്റെ. തത് മുഖാംബുജം = ആ മുഖമാകുന്ന സുധയെ. നേത്രാഞ്ജലിഭിഃ = കണ്ണാകുന്ന കരസംപുടങ്ങൾകൊണ്ട്. പിബന്ത്യഃ = കുടിക്കുന്നവരായി. പ്രീതിപ്രകർഷസ്തിമിതൈഃ = സന്തോഷാധിക്യത്താൽ നിശ്ചലങ്ങളായ. മനോഭിഃ (ഉപലക്ഷിതാഃ) = മനസ്സുകളോടുകൂടിയവരായി. ആലേഖ്യയോഷിത് പ്രതിമാഃ = ചിത്രത്തിലെ സ്ത്രീകൾക്ക് തുല്യരായി. ബഭൂവുഃ = ഭവിച്ചു.

സാരം:- ആ ഗോപാംഗനമാർ ശ്രീകൃഷ്ണന്റെ മുഖമാകുന്ന അമൃതത്തെ കണ്ണുകളാകുന്ന കരസംപുടങ്ങൾകൊണ്ട് കുടിച്ചതിനാലുണ്ടായ സന്തോഷാധിക്യംകൊണ്ടു നിശ്ചലങ്ങളായിതീർന്ന മനസ്സുകളോടുകൂടി ചിത്രത്തിലെഴുതി വച്ചിരിക്കുന്ന സ്ത്രീകളെപോലെ നിശ്ചലകളായി നിന്നുപോയി.

84. വിഭുർന്ന തദ്ദർശനപാരവശ്യാ-
ദ്ദാതും കരസ്ഥം നവനീതമേകഃ
വിസ്രസ്യ ഭൂമൗ പതിതം തദന്യാ
ന മേനിരേ പാണിസരോരുഹേഭ്യഃ.

ഏകഃ = ചില സ്ത്രീകൾ. തദ്ദർശനപാരവശ്യാത് = ശ്രീകൃഷ്ണന്റെ ദർശനത്തിലുള്ള പരവശതകൊണ്ട്. കരസ്ഥം നവനീതം = കയ്യിലിരുന്ന വെണ്ണ. ദാതും = കൊടുക്കാൻ. ന വിഭുഃ = ഓർത്തില്ല. അന്യാഃ = മറ്റു ചിലർ. പാണിസരോരുഹേഭ്യഃ =

താമരപ്പൂവുപോലുള്ള കൈകളിൽനിന്നും. വിസ്രസ്യ = വഴുതി. മേ = തന്നെ. പരിതം തത് = വീണ ആ വെണ്ണയെ. ന മേനിരേ = അറിഞ്ഞില്ല.

സാരം :- ആ ഗോപിമാരിൽ ചിലർ ശ്രീകൃഷ്ണന്റെ ദർശനംകൊണ്ടുണ്ടായ പാരവശ്യത്താൽ കയ്യിലിരുന്ന വെണ്ണയെ കൊടുക്കാൻ മറന്നുപോയി. മറ്റു ചിലർ കയ്യിൽ നിന്നും വഴുതി വീണുപോയ വെണ്ണയെപ്പറ്റി അറിഞ്ഞതേ ഇല്ല.

85. അജസ്രമേവം ഭവനേഷു താസാം
ബഭ്രാമ കൃഷ്ണോ നവനീതഭിക്ഷാം
പുരാ കിലാന്യൈരനിവർത്തനീയാ
നിവർത്തിതാ യേന ഹരസ്യ ഭിക്ഷാ.

പുരാ = പണ്ട്. അന്യൈഃ = മറവുള്ളവരാൽ. അനിവർത്തനീയാ = അവസാനിപ്പിക്കാൻ കഴിയാതിരുന്ന. ഹരസ്യ = ശിവന്റെ. ഭിക്ഷാ = യാചനം. യേന = യാതൊരുത്തനാൽ. നിവർത്തിതാ കില = അവസാനിപ്പിക്കപ്പെട്ടുവോ. സഃ കൃഷ്ണഃ = ആ കൃഷ്ണൻ. ഏവം അജസ്രം = ഇപ്രകാരം എല്ലായ്പോഴും. താസാം = ആ ഗോപികളുടെ. ഭവനേഷു = വീടുകളിൽ. നവനീതഭിക്ഷാം കൃത്വാ = വെണ്ണയുടെ യാചനയെ ചെയ്ത് (വെണ്ണ തെണ്ടി). ബഭ്രാമ = ചുറ്റി സഞ്ചരിച്ചു.

സാരം :- പണ്ട് അന്യർക്കാർക്കും അവസാനിപ്പിക്കാൻ കഴിയാത്ത മഹേശ്വരന്റെ ഭിക്ഷ ആരാണോ അവ

സാനിപ്പിച്ചുതു് ആ കൃഷ്ണൻ ഇപ്രകാരം എല്ലാസമയവും ഗോപസ്ത്രീകളുടെ ഗൃഹങ്ങളിൽ നവനീതഭിക്ഷ ചെയ്തു ചുറ്റി സഞ്ചരിച്ചു.

86. ധിഗ്യാചനം ചൗര്യവേസ്യ ഭ്രയാ-
നസ്ത്യംഹസോ നിർഹരണാഭ്യുപായഃ
മതേ-തി നൂനം നവനീതചൗര്യേ
മധോർനിഹന്താ മതിമാഖഖന്ധ.

യാചനം=തെണ്ടൽ. ധിക് = നിന്ദ്യമാണു്. ചൗര്യവേസ്യ= മോക്ഷണംകൊണ്ടുണ്ടാകുന്ന. അംഹസഃ = പാപത്തിനു. നിർഹരണാഭ്യുപായഃ = പ്രശമനമാർഗ്ഗം. ഭ്രയാൻ = വളരെ. അസ്തി ഇതി = ഉണ്ടു് എന്നു്. മത്വാ നൂനം = വിചാരിച്ചാണോ എന്നു തോന്നുമാറു്. മധോഃ നിഹന്താ = മധുരയെവരിയായ ശ്രീകൃഷ്ണൻ. നവനീതചൗര്യേ = വെണ്ണയുടെ മോക്ഷണത്തിൽ. മതിം – ബുദ്ധിയെ. ആഖഖന്ധ = ഉറപ്പിച്ചും

സാരം :- യാചിക്കുന്നതു നിന്ദ്യമാണു് മോഷണം കൊണ്ടുണ്ടാകുന്ന പാപം പരിഹരിക്കുവാൻ പല മാർഗ്ഗങ്ങളുമുണ്ടു് എന്നിങ്ങനെ വിചാരിച്ചിട്ടോ എന്നു തോന്നുമാറു ശ്രീകൃഷ്ണൻ വെണ്ണ മോഷ്ടിക്കുവാൻ നിശ്ചയിച്ചും.

87. നിവാര്യ ദീപം മുഖമാരുതേന
ഹയ്യംഗവീനം നിശി ഹർത്തുമിച്ഛൻ
കൃഷ്ണഃ കടിഭ്രക്ഷണരന്ധഭാസാ
വിഹന്യമാനോ വിഷസാദ ഭ്രയഃ.

നിശി = രാത്രിയിൽ. ദീപം = വിളക്കിനെ. മുഖമാരുതേന = മുഖവായുകൊണ്ട് (ഊതി). നിർവ്വാപ്യ = കെടുത്തിയിട്ട്. ഹയ്യംഗവീനം = തലേന്നാളത്തെ പാലു കടഞ്ഞെടുത്ത വെണ്ണയെ. ഹർത്തും = മോഷ്ടിക്കുന്നതിനു്. ഇച്ഛൻ കൃഷ്ണഃ = ആഗ്രഹിക്കുന്ന ശ്രീകൃഷ്ണൻ. കടീഭൃക്ഷണരത്നഭാസാ = അരയിൽകെട്ടിയിരിക്കുന്ന ആഭരണത്തിലെ രത്നത്തിന്റെ പ്രകാശംകൊണ്ട്. വിഹന്യമാനഃ = വിഘ്നം പ്രാപിച്ചവനായിട്ട്. ഭയഃ = വീണ്ടും. വിഷസാദ = ദുഃഖിച്ചു.

സാരം :- രാത്രിയിൽ ഗോപഗൃഹങ്ങളിൽ ചെന്നു് കത്തിച്ചു വച്ചിരുന്ന വിളക്കു് ഊതി അണച്ചിട്ട് വെണ്ണ മോഷ്ടിക്കുവാൻ ആഗ്രഹിച്ച ശ്രീകൃഷ്ണനു് സ്വന്തം അരയിൽ അണിഞ്ഞിരുന്ന ആഭരണങ്ങളിലേ രത്നങ്ങളിൽ നിന്നും പുറപ്പെട്ട പ്രകാശംകൊണ്ടു് തടസ്സം നേരിട്ടു ദുഃഖിച്ചു.

88. നിപീഡയന്നഗ്രപദേന പൃഥ്വീ-
മുന്നമ്യ ദേഹം ദൃശമൂർധ്വബാഹുഃ
പയോഘടസ്സ്പർശന മശ്നുവാന-
സ്ത്രിവിക്രമോ/ഭ്രത് പരിഹാസപാത്രം.

ത്രിവിക്രമഃ = ശ്രീകൃഷ്ണൻ. അഗ്രപദേന = പാദത്തിന്റെ അഗ്രഭാഗം കൊണ്ടു്. പൃഥ്വീം = ഭൂമിയെ. നിപീഡയൻ = അമർത്തുന്നവനായി. ദേഹം = ശരീരത്തെ. ദൃശം = ഏറെയും ഉന്നമ്യ = ഉയർത്തി. ഊർധ്വബാഹുഃ = കയ്യുംപൊക്കി.

പയോമ്ലടസ്പർശം = പാൽക്കടത്തിന്റെ സ്പർശം. അനശ്നവാനഃ = ലഭിക്കാത്തവനായി, പരിഹാസപാത്രം = അപഹാസത്തിന പാത്രമായി. അഭൂത് = തീർന്നു.

സാരം : ശ്രീകൃഷ്ണൻ പാദാഗ്രംകൊണ്ടു ഭൂമിയെ അമർത്തി ദേഹത്തെ അത്യുധികം ഉയർത്തി കയ്യും പൊക്കി നിന്നിട്ടും പാൽക്കടൽ തൊടുവാൻ കഴിവില്ലാത്തവനായി തീരുകയാൽ അന്യരുടെ പരിഹാസത്തിന പാത്രമായിപ്പോയി.

89. നിയമിതശ്വസിതേ നിദ്രയൈഃ പദൈ-
ന്നിശി കഥഞ്ചന ഗർഭഗൃഹം ഗതഃ
സ തു ഭയാദസമാപ്തമനോരഥോ
നിവവൃതേ നവനീതഹരോ ഹരിഃ.

നവനീതഹരഃ = വെണ്ണമോഷ്ടാവായ. സഃ ഹരിഃ തു = ആ ശ്രീകൃഷ്ണനാകട്ടെ. നിശി = രാത്രിയിൽ. നിയമിതശ്വസിതഃ = ശ്വാസമടക്കി. നിദ്രയൈഃ പദൈഃ = നിശ്ശബ്ദപദവിന്യാസങ്ങളോടെ. കഥഞ്ചന = ഒരുമട്ടു്. ഗർഭഗൃഹം = വീട്ടിനുള്ളിൽ. ഗതഃ = കയറി. ഭയാത് = ഭയംഹേതുവായി. അസമാപ്തമനോരഥഃ = ആഗ്രഹം പൂർത്തിയാക്കാതെ. നിവവൃതേ = മടങ്ങി.

സാരം :- വെണ്ണമോഷ്ടിക്കുന്നതിനായിപ്പോയ ശ്രീകൃഷ്ണൻ രാത്രിയിൽ ശ്വാസമടക്കിക്കൊണ്ടു പതുക്കെ കാലടികൾ വച്ചു് ഒരുമട്ടു് വീട്ടിനുള്ളിൽ കടന്നുകൂടുമെങ്കിലും പേടികൊണ്ടു് അഭിലാഷം നിറവേറാതെ തന്നെ മടങ്ങിപ്പോന്നു.

90. ഹന്ത്രും ഹരേവ്യവസിതസ്യ ഘനേ നിശീഥേ
ഭ്രഷാരവശ്രുതിഭയാദ് വ്രജതോഽതിമന്ദം
അന്തർഗൃഹസ്യ നവനീതവതഃ പ്രവേശാത്
പ്രാഗേവ ഹന്ത പഥി സാ രജനീ വിഭാതാ.

ഘനേ നിശീഥേ = നല്ല ഇരുട്ടുള്ള അർധരാത്രിയിൽ. ഹന്ത്രും = മോഷ്ടിക്കാൻ. വ്യവസിതസ്യ = ഒരുങ്ങിയവനും. ഭ്രഷാരവ–ശ്രുതിഭയാത് = ആഭരണങ്ങളുടെ ശബ്ദത്തിൽനിന്നുള്ള ഭീതി കൊണ്ട്. അതിമന്ദം = വളരെപതുക്കെ. വ്രജതഃ = പോകുന്നവനുമായ. ഹരേഃ = ഹരിക്ക്. നവനീതവതഃ = വെണ്ണയുള്ള. ഗൃഹസ്യ = വീട്ടിന്റെ. അന്തഃ = അകത്ത്. പ്രവേശാത് = പ്രവേശിക്കുന്നതിന്. പ്രാക് ഏവ = മുമ്പുതന്നെ പഥി = വഴിയിൽ വച്ച്. സാ രജനീ = ആ രാത്രി. വിഭാതാ = പുലർന്നുപോയി. ഹന്ത! = കഷ്ടം!

സാരം :– ക്രൂരിരുട്ടുള്ള അർധരാത്രിയിൽ മോഷ്ടിക്കാനായി ഒരുങ്ങി ആഭരണങ്ങളുടെ ശബ്ദം ഉണ്ടാകുമെന്ന ഭയത്തോട് വളരെ പതുക്കെ പുറപ്പെട്ട ശ്രീകൃഷ്ണൻ വെണ്ണ ഇരിക്കുന്ന വീട്ടിന്റെ ഉള്ളിൽ കടക്കുന്നതിനു മുമ്പുതന്നെ നേരം വെളുത്തുപോയി.

91. ഗോപീസമാഗമഭിയാ ച തൃഷാ ച ഗുർവ്യാ
പായും വിഹായ്യമപി ഗോപഗണോഷപജാനൻ
ആഭോരമാദധിഘടഞ്ച ഗതാഗതാനി
കുർവ്വൻ സരോജനയനഃ ശ്രമമേവ ലേഭേ.

ഗോപിസമാഗമഭിയാ ച = ഗോപിയുടെ വരവിലുള്ള ഭയം കൊണ്ടും. ഗുർവ്യാ = വലിയ. തൃഷ്ണാ ച = കൊതികൊണ്ടും. പരം വിഹരണം അപി = കൂടിക്കാനും ഉപേക്ഷിക്കാനും. അജാനൻ = അശക്തനായ (കഴിവില്ലാത്ത). സരോജനയനഃ = ശ്രീകൃഷ്ണൻ. ഗോപഗൃഹേഷു = ഗോപന്മാരുടെ വീടുകളിൽ. ആദ്യാരം = വാതിൽവരെയും. ആദ്യധിഷ്ഠടം ച = തെർക്കുടം വരെയും. ഗതാഗതാനി = ഗമനാഗമനങ്ങളും. കൃവ്വൻ = ചെയ്യ്. ശ്രമം ഏവ = ശ്രമംമാത്രം. ലേഭേ = കിട്ടി.

സാരം :- ഗോപസ്ത്രീകളം വന്നുചേരുമെന്നുള്ള പേടികൊണ്ടും വലിയ കൊതികൊണ്ടും കൂടിക്കുവാനും വിട്ടുപോരുവാനും അശക്തനായ ആ ശ്രീകൃഷ്ണൻ ഗോപഗൃഹങ്ങളിൽ വാതിൽ വരെയും തെർക്കുടം ഇരിക്കുന്നിടം വരെയും പോയും വന്നും ശരീരക്ലേശം മാത്രം നേടി.

92. ഭിത്തിഷു പ്രതിശരീരദർശനാ-
ദുങ്കിതസ്സു നവനീതനിസ്പൃഹഃ
കിഞ്ചിദന്യദിവ തത്ര മാർഗ്ഗയ-
ന്നിർഗ്ഗാമ മണിമന്ദിരോദരാത്.

സഃ = ആ ശ്രീകൃഷ്ണൻ. ഭിത്തിഷു = ചുവരുകളിൽ. പ്രതിശരീരദർശനാത് = പ്രതിബിംബത്തിന്റെ കാഴ്ചകൊണ്ട്. ശങ്കിതഃ = സംശയിക്കുന്നവനായി. നവനീതനിസ്പൃഹഃ = വെണ്ണയിൽ കൊതിയില്ലാത്തവനായി. തത്ര = അവിടെ. അന്യത് കിഞ്ചിത് = മറ്റെന്തോ. മാർഗ്ഗയൻ ഇവ = അന്വേഷിക്കുന്നവനെപ്പോലെ. മണിമന്ദിരോദരാത് = രത്നഗൃഹത്തിന്റെ ഉള്ളിൽനിന്ന്. നിർഗ്ഗാമ = പുറത്തേക്കുപോന്നു.

സാരം :–വെണ്ണ മോഷ്ടിക്കുവാനായി അകത്തു കടന്ന ശ്രീകൃഷ്ണൻ മണിമയങ്ങളായ ഭിത്തികളിൽ തന്റെ പ്രതിബിംബം കണ്ടു് മറ്റു വല്ലവരുമാണോ എന്നു ശങ്കിച്ചു് വെണ്ണയിലുള്ള കൊതി വെടിഞ്ഞു മറേറതോ അന്വേഷിക്കാൻവന്നവനെപ്പോലെ അവിടെനിന്നും പുറത്തുപോന്നു.

93. ജിഹീർഷുരന്തർഭവനേഷു ഗോരസം
ഭിനാന്യനൈഷീത്തദുപായചിന്തയാ
സ ജാഗരൂകശ്ച നിനായ യാമിനീം
മനോഹരാഭിർഹരണപ്രവൃത്തിഭിഃ.

സഃ = ആ ശ്രീകൃഷ്ണൻ. അന്തർഭവനേഷു = അന്തർഗൃഹങ്ങളിൽ. ഗോരസം = തൈരു് പാലു് തുടങ്ങിയതിനെ. ജിഹീർഷുഃ = മോഷ്ടിക്കാൻ ആഗ്രഹിക്കുന്നവനായി. തദുപായചിന്തയാ = അതിനുള്ള മാർഗ്ഗാലോചനകൊണ്ടു്. ഭിനാനി = പകൽ. അനൈഷീത് = കഴിച്ചുകൂട്ടി. ജാഗരൂകഃ = ഉണർന്നിരുന്നു്. മനോഹരാഭിഃ = ചേതോഹരങ്ങളായ. ഹരണപ്രവൃത്തിഭിഃ = മോഷണപ്രവൃത്തികൾകൊണ്ടു്. യാമിനീം ച = രാത്രിയേയും (നയിച്ചു.)

സാരം :–ആ ശ്രീകൃഷ്ണൻ വീട്ടിനുള്ളിൽ കടന്നു് പാൽ മുതലായവ മോഷ്ടിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി അതിനുള്ള ഉപായങ്ങളെക്കുറിച്ചുള്ള ചിന്തകൊണ്ടു് പകൽ കഴിച്ചുകൂട്ടി. രാത്രിയിൽ ഉറക്കമുണർന്നിരുന്നു് മനോഹരങ്ങളായ മോഷണപ്രവൃത്തികൾകൊണ്ടു് രാത്രിയും കഴിച്ചുകൂട്ടി.

94. ദൃഷ്ട്വേപി തത്സവിധസഞ്ചരണേ സ തത്ര
വക്തും നിമിത്തമുചിതം കൃതനിശ്ചയസ്സൻ
അഭ്യേത്യ ഏവ നിദധേ ദധിഭാജനസ്യ
ലീലായിതോപകരണാനി നിജാനി ശൗരിഃ.

സഃ ശൗരിഃ = ആ കൃഷ്ണൻ. തത്സവിധസഞ്ചരണേ = തൈർ
ക്കുടത്തിന്റെ അടുത്തുള്ള സഞ്ചാരം. ദൃഷ്ട്വ അപി = കണ്ടാലും.
ഉചിതം നിമിത്തം = യോഗ്യമായ കാരണം. വക്തും =
പറയുന്നതിന്. കൃതനിശ്ചയഃ സൻ = നിശ്ചയിച്ചുറച്ചവനായിട്ട്.
ദധിഭാജനസ്യ = തൈക്കുടത്തിന്റെ. അഭ്യേത്യ ഏവ =
അടുത്തുതന്നെ. നിജാനി ലീലായിതോപകരണാനി = തന്റെ
കളിക്കോപ്പുകൾ. നിദധേ = വച്ചു.

സാരം :– ആ ശ്രീകൃഷ്ണൻ താൻ തൈക്കുടത്തിന്റെ അടുത്തു സഞ്ചരിക്കുന്നതു വല്ലവരും കാണുന്ന പക്ഷം (അവിടെ എന്തിനുപോയി) എന്നു് അവർ ചോദിച്ചാൽ അതിനു് ഉചിതമായ ഒരു കാരണം പറയുന്നതിനു നിശ്ചയിച്ചിട്ടു് ആ തൈക്കുടത്തിന്റെ അടുത്തുതന്നെ തന്റെ കളിക്കോപ്പുകളെ കൊണ്ടു വച്ചു.

95. വാഹൻ ഗൃഹീതോ നവനിതമച്യുതോ
ഭയേന പാരിപ്ലവനേത്രപങ്കജഃ
പദാ ലിഖൻ ഭ്രമിമവാങ്മുഖസ്ഥിതോ
ജഹാര ചോതോപി ച ഗോപയോഷിതാം.

നവനീതം = വെണ്ണയെ. വാഹൻ = കൈവശം വച്ചുകൊണ്ടി
രിക്കുന്നവായി. ഗൃഹീതഃ = പിടിക്കപ്പെട്ട. അച്യുതഃ = ശ്രീ
കൃഷ്ണൻ. ഭയേന = പേടികൊണ്ടു്. പാരിപ്ലവനേത്രപങ്കജഃ =

ചലിക്കുന്ന താമരപ്പൂപോലുള്ള നേത്രങ്ങളോടുകൂടിയവനായി, അവാങ്മുഖഃ = അധോമുഖനായി (തലതാഴ്ത്തി), പരാ = കാലുകൊണ്ടു്. ഭ്രമിം = ഭ്രമിയെ. ലിഖൻ = ലെഖനം ചെയ്യുന്നവനായി, സ്ഥിതഃ = നിന്നു്, ഗോപയോഷിതാം = ഗോപസ്ത്രീകളുടെ, ചേതഃ അപി ച = മനസ്സിനേയും, ജഹാര = അപഹരിച്ചു.

സാരം :-മോഷണക്കാലത്തു് വെണ്ണയോടുകൂടി തന്നെ പിടിക്കപ്പെട്ട ശ്രീകൃഷ്ണൻ ഭയം കൊണ്ടിളകുന്ന നേത്രാംബുജങ്ങളോടുകൂടി മുഖം കുനിച്ചു് കാലുകൊണ്ടു ഭ്രമിയിൽ വരച്ചുകൊണ്ടു നിന്നു. ആ നിലയിൽതന്നെ ഗോപാംഗനകളുടെ ഹൃദയത്തെ അപഹരിച്ചു.

96. ശപേ പിതൃഭ്യാം ഇത ഊർധ്വമേവം
നാഹം വിധാസ്യേ നവനീതചൗര്യം
വിനിശ്വസന്നിത്യഭിധായ കൃഷ്ണോ
ജഹാര മാതുശ്ച പിതുശ്ച ചേതഃ.

അഹം = ഞാൻ. പിതൃഭ്യാം = അച്ഛനമ്മമാരെക്കൊണ്ടു്. ശപേ = സത്യംചെയ്യുന്നു. ഇതഃ ഊർദ്ധ്വം ഏവം = ഇനിമേൽ ഇങ്ങനെ. നവനീതചൗര്യം = വെണ്ണമോഷണം. അഹം = ഞാൻ. ന വിധാസ്യേ ഇതി = ചെയ്കയില്ല എന്നു്. കൃഷ്ണഃ = ശ്രീകൃഷ്ണൻ. വിനിശ്വസൻ = മീൽശ്വാസത്തോടുകൂടി, അഭിധായ = പറഞ്ഞിട്ടു്. മാതുഃ ച = അമ്മയുടേയും. പിതുഃ ച = അച്ഛന്റേയും. ചേതഃ = മനസ്സിനെ. ജഹാര = വശീകരിച്ചു.

സാരം :- മോഷണത്തിൽ പിടിക്കപ്പെട്ട ശ്രീകൃഷ്ണൻ, ഞാൻ അച്ഛനെക്കൊണ്ടും അമ്മയെക്കൊണ്ടും സത്യം ചെയ്യുന്നു ഇനിമേലിങ്ങനെ ഞാൻ വെണ്ണ മോഷ്ടിക്കുകയില്ല, ഇങ്ങനെ ദീഘ്ശ ാസത്തോടുകൂടി പറഞ്ഞിട്ട് അമ്മയുടെയും അച്ഛന്റെയും മനസ്സിനെ വശീകരിച്ചു.

97. ഏഹി സദ്മ തനയേതി സാദരം
യാചിതോഽപിസ മുഹുർയ്യശോദയാ
ആനനേന നവനീതഗന്ധിനാ
നാജഗാമ വിഹരന്നിവാച്യുതഃ.

സഃ അച്യുതഃ = ആ ശ്രീകൃഷ്ണൻ. ഹേ തനയ ! = കുഞ്ഞേ ! സദ്മ = വീട്ടിലേക്ക്. ഏഹി ഇതി = വരിക എന്ന്. യശോദയാ = യശോദയാൽ. സാദരം = ആദരപൂർവ്വം. മുഹുഃ = വീണ്ടും വീണ്ടും. യാചിതഃ അപി = യാചിക്കപ്പെട്ടവനാണെങ്കിലും. നവനീതഗന്ധിനാ = വെണ്ണമണക്കുന്ന. മുഖേന = വായോടുകൂടിയവനായിട്ട്. (ഉപലക്ഷിതഃ) വിഹരൻ ഇവ = കളിച്ചുകൊണ്ടിരിക്കുന്നവൻ എന്നപോലെ നടിച്ച്. ന ആജഗാമ = വന്നില്ല.

സാരം :- ആ ശ്രീകൃഷ്ണൻ 'അല്ലയോ മകനേ! നീ വീട്ടിലേക്കു വന്നാലും' എന്നിങ്ങനെ ആദരപൂർവ്വം വീണ്ടും വീണ്ടും യശോദ യാചിച്ചാലും വായിൽ വെണ്ണ മണക്കുന്നതുകൊണ്ട് മോഷണത്തെപ്പറ്റി അമ്മ അറിഞ്ഞു പോകുമെന്നുള്ള വിചാരത്താൽ കളിക്കുന്ന മട്ടിൽ അവിടെ നിന്നതല്ലാതെ വീട്ടിലേക്കു വന്നില്ല.

98. ഹൃതം നവം മേ നവനീതമാലയാദ്-
ധൃതം ഘൃതം മേ ദധി മേ ഹൃതം നിശി
ഇതി പ്രഭാതേ വചനാനി യോഷിതാ-
മുവാഹ ശൃണ്വൻ ന മുഖേന വിക്രിയാം.

നിശി = രാത്രിയിൽ. മേ = എന്റെ. ആലയാത് = വീട്ടിൽനിന്നും. നവം നവനീതം = പുതുവെണ്ണ. ഹൃതം = മോഷ്ടിക്കപ്പെട്ടു. മേ = എന്റെ. ഘൃതം = നെയ്യ്. ഹൃതം = അപഹരിക്കപ്പെട്ടു. മേ = എന്റെ. ദധി = തൈര്. ഹൃതം ഇതി = എടുക്കപ്പെട്ടു എന്നിങ്ങനെ. പ്രഭാതേ = രാവിലെ. യോഷിതാം = സ്ത്രീകളുടെ. വചനാനി = വാക്കുകൾ. ശൃണ്വൻ = കേൾക്കുന്ന. സഃ = ആ ശ്രീകൃഷ്ണൻ. മുഖേ = മുഖത്തിൽ. വിക്രിയാം = വികാരത്തെ. ന ഉവാഹ = ധരിച്ചില്ല.

സാരം :- ഇന്നലെ രാത്രി എന്റെ വീട്ടിൽ നിന്നും വെണ്ണ മോഷണം പോയി, എന്റെ നെയ്യ് മോഷണം പോയി, എന്റെ തൈര് മോഷണം പോയി എന്നിങ്ങനെ പുലർകാലത്തു ഗോപസ്ത്രീകൾ പറയുന്നതു കേൾക്കുമ്പോഴും ശ്രീകൃഷ്ണൻ മുഖത്തിൽ ഭാവഭേദമൊന്നും കൂടാതെ നിന്നു.

99. പുത്രം കുലസ്യ ഭുവനസ്യ ച രക്ഷിതാര-
മഭ്യർത്ഥിതോഽപി ഭഗവാനരവിന്ദനാഭഃ
തപ്തം മേ ദഭ്ര വിധിബലാദ് ഭുവനൈകചോര-
മിത്യാഹ കോപമഭിനിയ സുതം യശോദാ.

കുലസ്യ = വംശത്തിന്റെയും. ഭുവനസ്യ ച = ലോകത്തിന്റെയും. രക്ഷിതാരം = പാലകനായ. പുത്രം = പുത്രനെ. അഭ്യർത്ഥിതഃ അപി = അപേക്ഷിക്കപ്പെട്ടവനാണെങ്കിലും.

ഭഗവാൻ അരവിന്ദനാഭഃ = ഭഗവാൻ മഹാവിഷ്ണു. വിധി-ബലാത് = ഭവിതവ്യതയുടെ ശക്തികൊണ്ട്. ഭവതൈകചോരം തവാം = ലോകത്തിലേക്ക് വൻകള്ളനായ നിന്നെ. മേ = എനിക്ക്. ഭവേ ഇതി = തന്നു എന്ന്. യശോദാ = യശോദ. കോപം = കോപം. അഭിനീയ = നടിച്ച്. സുതം = മകനോട്. ആഹ = പറഞ്ഞു.

സാരം:– ലോകവും ലോകവും രക്ഷിക്കുന്നവനായ ഒരു പുത്രനെ യാചിച്ച എനിക്കു ഭഗവാൻ വിഷ്ണു വിധിബലം കൊണ്ട് ലോകൈകതസ്കരനായ നിന്നെത്തന്നെയാണു് ദാനം ചെയ്തതു്—എന്നിങ്ങനെ കോപം അഭിനയിച്ചു കൊണ്ടു യശോദ മകനോടു പറയുകയുണ്ടായി.

100. സ സാന്ത്വനേന പ്രതിപാദനേന
ഭേദേന തീവ്രേണ ച തർജ്ജനേന
നിബധ്യ പൃഷ്ടോഽപി മുഹുർജ്ജനന്യാ
നാംഗീകരോതി സ്മ ഹരിസ്സ്വചൗര്യം.

സഃ ഹരിഃ = ആ ശ്രീകൃഷ്ണൻ. ജനന്യാ = മാതാവിനാൽ. സാന്ത്വനേന = സമാധാനവാക്കുകൊണ്ടും. പ്രതിപാദനേന = ദാനംകൊണ്ടും. ഭേദേന = ഭേദോപായംകൊണ്ടും. തീവ്രേണ തർജ്ജനേന ച = ക്രൂരമായ ഭർത്സനംകൊണ്ടും. മുഹുഃ = വീണ്ടും വീണ്ടും. നിബധ്യ = നിഷ്കർഷിച്ചു. പൃഷ്ടഃ അപി = ചോദിക്കപ്പെട്ടവനാണെങ്കിലും. സ്വചൗര്യം = തന്റെ മോഷണം. ന അംഗീകരോതി സ്മ = ഏറ്റില്ല.

സാരം :– ആ ശ്രീകൃഷ്ണൻ അമ്മ സാമംകൊണ്ടും ദാനംകൊണ്ടും ഭേദംകൊണ്ടും കഠിനമായ ശകാരംകൊണ്ടും പിന്നെയും പിന്നെയും നിർബന്ധപൂർവ്വം ചോദിച്ചിട്ടും സ്വന്തം മോഷണം ഏറ്റില്ല.

101. സംരക്ഷണായ ജഗതാമവതീർയ്യ ഭൂഥ്ര്യാം
ഗോപാലസദ്മസു കൃതാത്മഖിലം മുകുന്ദഃ
ഇത്ഥം നിശമ്യ പരിഹാസവചസ്സുരാണാ-
മന്തർഹസാ ഭഗവാനരവിന്ദനാഭഃ.

ജഗതാം = ലോകങ്ങളുടെ. സംരക്ഷണായ = പാലനത്തിനു വേണ്ടി. ഭൂഥ്ര്യാം = ഭൂമിയിൽ. അവതീർയ്യ = അവതരിച്ചിട്ട്. മുകുന്ദഃ = ശ്രീകൃഷ്ണൻ. ഗോപാലസദ്മസു = ഗോപാലന്മാരുടെ വീടുകളിൽ. അഖിലം = എല്ലാം. കൃതാത്മ = മോക്ഷിക്കുന്ന, ഇത്ഥം = എന്നിങ്ങനെ. സുരാണാം = ദേവന്മാരുടെ. പരിഹാസവചഃ = പരിഹാസ വാക്ക്. നിശമ്യ = കേട്ടിട്ട്. ഭഗവാൻ അരവിന്ദനാഭഃ = ഭഗവാൻ ശ്രീകൃഷ്ണൻ. അന്തഃ = ഉള്ളിൽ. ഹസാ = ചിരിച്ചു.

സാരം :- "ലോകങ്ങളെ രക്ഷിക്കുവാനായി ഭൂമിയിൽ വന്നവതരിച്ച ഭഗവാൻ ശ്രീകൃഷ്ണൻ ഗോപാലഗൃഹങ്ങളിലുള്ള സകലതും മോക്ഷിക്കുന്നു" എന്നിങ്ങനെ ദേവന്മാർ പരിഹസിക്കുന്നതുകേട്ട ശ്രീകൃഷ്ണൻ ഉള്ളുകൊണ്ടു ചിരിച്ചു.

102. കൃഷ്ണസ്യ കേളിസമരേക്ഷണകൗതുകേന
ഗോപീഷു മുക്തഭവനാസു ബഹിഃസ്ഥിതാസു
മിത്രൈഃ പരാജിത ഇവ ദ്രുതമേത്യ ഗേഹം
ബദ്ധ്വാ കവാടമഹരന്നവനീതമന്തഃ.

കൃഷ്ണസ്യ = കൃഷ്ണന്റെ. കേളിസമരേക്ഷണകൗതുകേന = ക്രീഡായുദ്ധം കാണണമെന്നതിലുള്ള കൗതുകംകൊണ്ട്. ഗോപീഷു = ഗോപികമാർ. മുക്തഭവനാസു = വീടുവിട്ട്. ബഹിഃ = വെളിയിൽ. സ്ഥിതാസു = ഇരിക്കുമ്പോൾ. സഃ = ആ ശ്രീകൃഷ്ണൻ. മിത്രൈഃ = കൂട്ടുകാരാൽ. പരാജിതഃ ഇവ = തോല്പിക്കപ്പെട്ടവൻ എന്നപോലെ. ദ്രുതം = പെട്ടെന്ന്. ഗേഹം = വീട്ടിൽ. ഏത്യ = കടന്ന്. കവാടം = വാതിൽ. ബദ്ധ്വാ = അടച്ച്. അന്തഃ = അകത്തുള്ള. നവനീതം = വെണ്ണ. അഹരത് = മോഷ്ടിച്ചു.

സാരം :- ശ്രീകൃഷ്ണന്റെ ക്രീഡായുദ്ധം കാണാനുള്ള കൗതുകംകൊണ്ടു ഗോപസ്ത്രീകൾ വീടുവിട്ടു പുറത്തു വന്നു നില്ക്കുമ്പോൾ ആ ശ്രീകൃഷ്ണൻ കുട്ടുകാരാൽ തോല്പിക്കപ്പെട്ടവനെന്ന ഭാവത്തിൽ ഓടി വീട്ടിനുള്ളിൽ കയറി കതകു് അടച്ചിട്ടു് അകത്തിരിക്കുന്ന വെണ്ണ മോഷ്ടിച്ചു.

103 ത്രിഭുവനമഹനീയൈരഭ്യുപായൈരസംഖ്യൈ-
ന്നിഖിലമിതി സമുന്നൻ ഗോകുലം നന്ദസൂനുഃ
അരമത സവയോഭിസ്തത്ര ഗോപാലപുത്രൈ-
രപര ഇവ ശശാങ്കഃ പ്രാണിനാം പ്രീതിഹേതുഃ.

ത്രിഭുവനമഹനീയൈഃ = മൂന്നു ലോകത്തിലും പൂജ്യങ്ങളായ. അസംഖ്യൈഃ = എണ്ണമില്ലാത്ത. അഭ്യുപായൈഃ = ഉപായങ്ങൾ കൊണ്ടു്, ഇതി = ഈവണ്ണം. ഗോകുലം നിഖിലം = ഗോകുലമൊഴുവൻ. മുന്നൻ = മോഷ്ടിക്കുന്ന. സഃ നന്ദസൂനുഃ = ആ നന്ദഗോപതനയൻ. തത്ര = അവിടെ (ഗോകുലത്തിൽ). സവയോഭിഃ = തുല്യ വയസ്സുകാരായ. ഗോപാലപുത്രൈഃ = ഗോപാലപുത്രന്മാരോടൊത്തു്. അപരഃ ശശാങ്കഃ ഇവ = മറ്റൊരു ചന്ദ്രനെപ്പോലെ. പ്രാണിനാം = ജീവികൾക്കു്. പ്രീതിഹേതുഃ = സന്തോഷത്തിനു കാരണമായി. അരമത = കളിച്ചുല്ലസിച്ചു.

സാരം :- മൂന്നു ലോകത്തിലും പ്രശംസനീയങ്ങളായ അസംഖ്യം ഉപായങ്ങളും കൈക്കൊണ്ടു് ഇങ്ങനെ ഗോകുലത്തെ മുഴുവൻ തന്നെ മോഷണം നടത്തിയ ആ ശ്രീകൃഷ്ണൻ സമവയസ്സുകാരായ ഗോപാലപുത്രന്മാരോടുകൂടി മറ്റൊരു ചന്ദ്രനെപ്പോലെ സകല പ്രാണികൾക്കും ആനന്ദഹേതുവായി അവിടെ കളിച്ചു വാണു.

PG Library & Research Centre

തിരുവിതാംകൂർ ദേവസ്വം ബോർഡ്

പ്രസിദ്ധീകരണങ്ങൾ.

	ര.	ണ.	സ.
1. ശ്രീമദ് ഭഗവദ്ഗീത (കാലിക്കോ ബയൻഡ്)	1	0	0
(പേപ്പർബയൻഡ്)	0	8	0
വ്യാഖ്യാതാ ശ്രീ. പി. ശേഷാദ്രി അയ്യർ.			
2. വിദുരവാക്യം (വ്യാസഭാരതം)	1	0	0
വ്യാഖ്യാതാ കവിതിലകൻ വടക്കുമ്പുർ രാജരാജവർമ്മരാജാ.			
3. ശ്രീരാമായണകഥ	0	4	0
ഗ്രന്ഥകർത്താ ശ്രീ. പി. ബാലകൃഷ്ണപിള്ള.			
4. ഭജനകീർത്തനങ്ങൾ (ഒന്നാംഭാഗം)	0	4	0
സമ്പാദകർ, എഡിറ്റോറിയൽ കമ്മിറ്റി.			
5. ശ്രീമഹാഭാരതം—ശാന്തിപർവ്വം. (മൂന്നു ഭാഗങ്ങൾ)	0	[illegible]	0
വ്യാഖ്യാതാ ശ്രീ. പി. ബാലകൃഷ്ണപിള്ള.			
6. ശൈവകഥകം	0	4	0
ഗ്രന്ഥകർത്താ ശ്രീ. പി. ശേഷാദ്രി അയ്യർ.			
7. ഭജഗോവിന്ദം	0	6	0
വ്യാഖ്യാതാ (തമിഴ്) ചക്രവർത്തി രാജഗോപാലാചാരി അവർകൾ മലയാള വിവർത്തകൻ ശ്രീ. പി. ശേഷാദ്രി അയ്യർ.			
8. ഗീതാപ്രകാശം	0	4	0
ഗ്രന്ഥകർത്താ ശ്രീ. പി. ബാലകൃഷ്ണപിള്ള.			
9. ശ്രീകൃഷ്ണചരിതം മണിപ്രവാളം— (കുഞ്ചൻനമ്പ്യാർ) ഒന്നാം, രണ്ടാം സർഗ്ഗങ്ങൾ സവ്യാഖ്യാനം.	0	5	0
വ്യാഖ്യാതാ ശ്രീ. പി. ബാലകൃഷ്ണപിള്ള.			

	ഗ്രന്ഥകർത്താവ്	ണ.	സ.
10.	ദേവീഭാഗവതകഥകൾ — ഗ്രന്ഥകർത്താ ശ്രീ. കെ. ബാലരാമപ്പണിക്കർ.	0	4 0
11.	മഹാഭാരതകഥകൾ — ഗ്രന്ഥകർത്താക്കൾ ശ്രീ. ജെ. ഭാക്ഷായണി അമ്മ, ശ്രീ. കെ. ബാലരാമപ്പണിക്കർ.	0	4 0
12.	ഭജനകീർത്തനങ്ങൾ – രണ്ടാംഭാഗം – (ലഘുവ്യാഖ്യാനത്തോടുകൂടിയതു്.) സമ്പാദകർ എഡിറ്റോറിയൽ കമ്മിറ്റി.	0	4 0
13.	അദ്ധ്യാത്മരാമായണം (അയോദ്ധ്യാകാണ്ഡം) വ്യാഖ്യാതാ ശ്രീ. പി. ബാലകൃഷ്ണപിള്ള.	0	8 0
14.	സാസ്ഥാനപ്രവേശിക (ഒന്നാംഭാഗം) സമ്പാദകർ എഡിറ്റോറിയൽ കമ്മിറ്റി.	0	8 0
15.	ഭാഗവതകഥകൾ — ഗ്രന്ഥകർത്താ ഡാക്ടർ പി. കെ. നാരായണപിള്ള.		
16.	ഭഗവദ്ഗീതാസാരം — ഗ്രന്ഥകർത്താ ശ്രീ. കെ. ബാലരാമപ്പണിക്കർ.		
17.	ശ്രീകൃഷ്ണവിലാസം കാവ്യം 1-മുതൽ 5-വരെ സർഗ്ഗങ്ങൾ (സവ്യാഖ്യാനം). വ്യാഖ്യാതാ ശ്രീ. കെ. ബാലരാമപ്പണിക്കർ.		

തയാറായി വരുന്നവ.

18. ഭജനകീർത്തനങ്ങൾ – മൂന്നാംഭാഗം – (ലഘുവ്യാഖ്യാനത്തോടുകൂടിയതു്.)
സമ്പാദകർ എഡിറ്റോറിയൽ കമ്മിറ്റി.

19. സനാതനജാതീയം (വ്യാസഭാരതം)
വ്യാഖ്യാതാ കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ.

'BHASKARA PRESS', Trivandrum.